# മതാധിപത്യം
## കത്തോലിക്കാസഭയിൽ

# സമർപ്പണം

കത്തോലിക്കാ സഭാധികാരികളുടെ
മനുഷ്യത്വരഹിതവും ഹൃദയശൂന്യവുമായ
ക്രൂരതകളുടെ ഇരകൾക്ക്...

## ചാക്കോ കളരിക്കൽ

കോട്ടയം ജില്ലയിൽ പാലാ-ഉരുളികുന്നത്ത് ജനനം. ബാംഗ്ലൂർ ധർമ്മാരാം കോളജിൽ നിന്നു തത്ത്വശാസ്ത്രത്തിൽ ഡിപ്ലോമയും മൈസൂർ യൂനിവേഴ്സിറ്റിയിൽനിന്നു സയൻസിൽ ഡിഗ്രിയും അമേരിക്കയിൽ മക്കോം കമ്മ്യൂണിറ്റി കോളജിൽനിന്നു മെറ്റലർജിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും എടുത്തു. മാനുഫാക്ചറിങ് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റത്തിൽ (ISO-9000) സെർട്ടിഫൈഡ് ലീഡ് ഓഡിറ്ററാണ്. 'ഡെയ്മലർ ക്രൈസ്ലർ' എന്ന അമേരിക്കൻ കാർനിർമ്മാണ കമ്പനിയുടെ ക്വാളിറ്റി ഡിപ്പാർട്ട്മെന്റിൽ ദീർഘകാല സേവനത്തിനുശേഷം 2007-ൽ റിട്ടയർ ചെയ്തു. 1977 മുതൽ അമേരിക്കയിൽ മിച്ചിഗൻ സ്റ്റേറ്റിൽ താമസം.

ഭാര്യ: അന്നമ്മ കൊള്ളിക്കുളവിൽ (എരുമേലി-മണിപ്പുഴ). മക്കൾ: ജെയ്മി, ഏമി, മരുമകൾ: ലിൻഡ ജേക്കബ്.

2008 കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയിൽ മികച്ച പുസ്തകനിർമിതിക്കുള്ള പുരസ്കാരം ലഭിച്ച *'ഇടയൻ'* എന്ന നോവലും *'ലൈംഗികതയും പൗരോഹിത്യവും'* എന്ന പഠനഗ്രന്ഥവും രചിച്ചിട്ടുണ്ട്. 'സഭാനവീകരണത്തിലേക്ക് ഒരുവഴി' എന്ന പുസ്തകം ഉടൻ പ്രസിദ്ധീകരിക്കുന്നതുമാണ്.

വിലാസം: 13337 WINDHAM DR, WASHINGTON TWP, MI 48094-3175, USA.
ഇ-മെയിൽ: ckalarickal10@hotmail.com   വെബ്സൈറ്റ്: www.ckalarickal.com

---

*'ഇടയൻ', 'ലൈംഗികതയും പൗരോഹിത്യവും' എന്നീ പുസ്തകങ്ങൾ www.ckalarickal.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

# മതാധിപത്യം
# കത്തോലിക്കാസഭയിൽ

**ചാക്കോ കളരിക്കൽ**

**സ്കൈ**
ബുക് പബ്ലിഷേഴ്സ്

Malayalam Language

**MADHĀTHIPATYAM KATHOLIKKĀ SABHAYIL**

**(Theocracy in the Catholic Church)**

Essays

By **Chacko Kalarickal**

Copyright © *By Chacko Kalarickal*

*First Published : July 2011*

*Cover Design:* MosART

Published by

**SKY BOOK PUBLISHERS**

Mavelikara - 690 101,

Alappuzha Dist, Kerala, India.

Tel : 0479 - 3291414, 2307424

Typesetting & Printing

Mudra Creations, Chengannur.

***No part of this book may be reproduced or transmitted in any form or by any means, without prior written permission of the author.***

ISBN 978-81-903895-2-5

₹ 80.00

$ 10.00

## പ്രസാധകക്കുറിപ്പ്

**ക്രി**സ്തുവിന്റെ ഉദ്ബോധനങ്ങൾ മനുഷ്യസമുദായത്തിലെ എല്ലാവർക്കും സ്വാം ശീകരിക്കാവുന്നവയാണ്. എങ്കിലും ക്രിസ്തു വിഭാവനംചെയ്ത സ്നേഹക്കൂട്ടായ്മ സമ്പത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനങ്ങളിൽപ്പെട്ട് ഒരു ബിസിനസ്സ് സാമ്രാജ്യമായി മാറി. ദൈവരാജ്യം ഭൂമിയിൽ സംജാതമാക്കാൻ എന്തുചെയ്യണമെന്ന് അന്വേഷിക്കുന്നവർക്കായി പുസ്തകങ്ങൾ രചിച്ചുകൊണ്ടിരിക്കുന്ന ഒരു സുമനസ്സാണ് ശ്രീ ചാക്കോ കളരിക്കൽ.

'ഇടയൻ' എന്ന നോവലിലൂടെ സമാരംഭിച്ച ആ സംരംഭത്തിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ പുസ്തകമായ 'ലൈംഗികതയും പൗരോഹിത്യവും' പ്രസിദ്ധീകരിച്ചുകൊണ്ട് സഹകരിക്കാൻ കഴിഞ്ഞ സ്കൈ ബുക്സ് അദ്ദേഹത്തിന്റെ സദുദ്ദേശ്യം മാനിച്ചുകൊണ്ടാണ് ഈ പുസ്തകവും പ്രസിദ്ധീകരിക്കുന്നത്.

ഈ പുസ്തകത്തിന് സമുചിതമായ ഒരവതാരിക എഴുതിത്തന്നിട്ടുള്ളത് പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനനും നവീകരണ ചിന്തകനുമായ, രാഷ്ട്രം പത്മഭൂഷൺ നല്കി ആദരിച്ചിട്ടുള്ള, **ഡോ. എം.വി. പൈലി**യാണ്.

അദ്ദേഹത്തിനും ഗ്രന്ഥകാരനും സ്കൈ ബുക്സിന്റെ കൃതജ്ഞത!

**സി. പ്രസാദ്**

# അവതാരിക

ഈ ഗ്രന്ഥത്തിന്റെ കർത്താവായ ശ്രീ. ചാക്കോ കളരിക്കൽ പ്രത്യക്ഷത്തിൽ ഒരു വൈദികനല്ല. എന്നാൽ പരോക്ഷമായി അദ്ദേഹം ഒരു വൈദികനാണ്; വൈദികശ്രേഷ്ഠനാണ്. അദ്ദേഹം കത്തോലിക്കാസഭയെപ്പറ്റി ആഴത്തിലും പരപ്പിലും പഠിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുള്ള ഒരു പണ്ഡിതനാണ്. ഈ ഗ്രന്ഥം വായിക്കുന്ന ഏതൊരാളും അത് അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

സി.എം.ഐ. സഭയുടെ വത്തിക്കാനായ ധർമ്മാരാം കലാശാലയിൽ നിന്ന് തത്ത്വശാസ്ത്രത്തിൽ ഉന്നതപഠനം പൂർത്തിയാക്കിയശേഷം മൈസൂർ സർവകലാശാലയിൽനിന്ന് സയൻസിൽ ബിരുദവും പിന്നീട് അമേരിക്കയിലെത്തി എഞ്ചിനീയർ ബിരുദവും സമ്പാദിച്ച ഒരു പ്രതിഭാശാലിയാണദ്ദേഹം.

മുപ്പതുവർഷത്തിലധികം കാലത്തെ ഔദ്യോഗിക ജീവിതത്തിനു ശേഷം വിശ്രമജീവിതം നയിക്കുന്ന അദ്ദേഹം കത്തോലിക്കസഭയുടെ ഇന്നത്തെ അപചയത്തിൽ അതീവ ദുഃഖിതനാണ്. സഭയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളെ എങ്ങനെ നിർമാർജനം ചെയ്യാമെന്ന കാര്യത്തിൽ ഗഹനമായി ചിന്തിക്കുകയും പരിഹാരത്തിന് പ്രായോഗിക നിർദേശങ്ങൾ സഭാസ്നേഹികളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുക എന്ന മഹത്തായ ദൗത്യമാണ് അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ഈ കാര്യത്തിൽ അദ്ദേഹം എത്രകണ്ട് വിജയിക്കും? കാത്തിരുന്നു കാണുക.

രണ്ടായിരം വർഷം പഴക്കമുള്ള ഒരു മഹാപ്രസ്ഥാനമാണ് കത്തോലിക്കാസഭ. നാലായിരത്തിലധികം മെത്രാന്മാരും നാലു ലക്ഷത്തിൽപരം വൈദികരും എട്ടു ലക്ഷത്തിലധികം കന്യാസ്ത്രീകളും ലോകമെമ്പാടും മൂവായിരത്തോളം രൂപതകളും അനേകായിരം കോടി ഡോളർ വിലവരുന്ന

സമ്പത്തും കത്തോലിക്കാസഭയിലുണ്ട്. ഇതിന്റെ എല്ലാം പരമാധികാരി യാണ് റോമിൽ വാഴുന്ന മാർപ്പാപ്പാ.

കത്തോലിക്കാസഭയിൽ രാജഭരണമാണ്. മെത്രാന്മാർ രാജാക്കന്മാരും, മാർപ്പാപ്പ ചക്രവർത്തിയും. ലോകത്തിലെ മറ്റേതൊരു ഭരണാധികാരിക്കും ഇല്ലാത്തത്ര അധികാരമാണ് ഇവരുടേത്. അവർക്ക് സ്വയം നിയമം നിർമി ക്കാനും ഭരണം നിർവഹിക്കാനും അപ്പീലില്ലാത്ത ശിക്ഷ വിധിക്കാനും ഉള്ള അധികാരമുണ്ട്.

കത്തോലിക്കാസഭയിൽ ഇന്നും കർക്കശമായ ഒരു 'കാസ്റ്റ് സിസ്റ്റം' കൊടികുത്തിവാഴുന്നുണ്ട്. അതനുസരിച്ച് മെത്രാന്മാർ ബ്രാഹ്മണരും, വൈദികർ ക്ഷത്രിയരും, സന്ന്യസ്തർ വൈശ്യരും, അല്മായർ ശൂദ്രരു മാണ്. ഇവരുടെ എല്ലാം കൂട്ടായ്മയാണ് 'ദൈവജനം' എന്ന് ഭംഗ്യന്ത രേണ പറയുമെങ്കിലും, യഥാർഥത്തിൽ സഭ ഇന്ന് മേല്പറഞ്ഞ ജാതി ഘടനയുടെ ഒരു വികലരൂപം മാത്രമാണ്.

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റയിൻ ക്രിസ്തുമതത്തെ റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി പ്രഖ്യാപിച്ചതോടുകൂടി മാർപ്പാപ്പാക്ക് രാജപദവിയും അധികാരവും ലഭ്യ മായി. അതോടെ സഭയുടെ ക്രിസ്തീയ ചൈതന്യം എന്നന്നേക്കുമായി നഷ്ടപ്പെട്ടു. പിന്നീടുള്ള കാലഘട്ടത്തിൽ സമ്പത്തിനും, അധികാരത്തിനും വേണ്ടിയാണ് സഭ നിലകൊണ്ടത്. സഭാഭരണം പടിപടിയായി അധികാ രശ്രേണികെട്ടിപ്പെടുത്തിട്ടുള്ള ഹയരാർക്കിയൽ ഘടനയായി രൂപപ്പെട്ടു.

പിന്നീടുള്ള ശതാബ്ദങ്ങളിൽ സഭ എത്രമാത്രം അധഃപതിച്ചു എന്നു ള്ളത് വിശദമായി വിവരിക്കുന്ന എത്രയോ ഗ്രന്ഥങ്ങൾ ഇന്ന് പ്രചുര മായി കാണാനാകും. സഭയിൽ സ്വയംവിമർശനം വേണമെന്ന അഭി പ്രായം പ്രകടിപ്പിച്ചിരുന്ന അല്മായനെ അവിശ്വസിക്കുകയും, കമ്മ്യൂണി സ്റ്റായും വൈദിക വിദ്വേഷിയായും താറടിച്ച് അവഹേളിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്നു വൈദികരുടെ തന്ത്രം. സഭയിൽ തീരു മാനമെടുക്കുന്ന കാര്യത്തിൽ മെത്രാനും വൈദികനും മാത്രമേ ഇന്നു പങ്കുള്ളൂ.

ഇന്ന് സഭയെ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. അവ യിൽ പ്രധാനപ്പെട്ടവയാണ് പൗരോഹിത്യത്തിലെ മൂല്യച്യ്യുതി, സ്ത്രീക ളോടുള്ള വിവേചനം, വിവാഹമോചനം, കുമ്പസാരം, ലൈംഗികസദാ ചാരം, സഭാഭരണം, സാമ്പത്തികസുതാര്യത, മെത്രാന്മാരുടെ തിരഞ്ഞെ ടുപ്പ്, വൃദ്ധരായ മെത്രാന്മാരും മാർപ്പാപ്പമാരും, സമൂഹമധ്യത്തിൽ കൊടി കുത്തിവാഴുന്ന അന്ധവിശ്വാസവും അനാചാരങ്ങളും, വൈദിക ബ്രഹ്മ ചര്യം മുതലായവ. ഇങ്ങനെ അനേകമനേകം പ്രശ്നങ്ങൾ ഇന്നും പരി ഹരിക്കപ്പെടാതെ കിടക്കുന്നത് അല്മായരുടെ സഭയിലുള്ള വിശ്വാസം നശിക്കാനും സഭ പരിഹാസപാത്രമാകാനും കാരണമായിട്ടുണ്ട്.

ഇതിനൊക്കെ പരിഹാരം എവിടെ? ഇന്നു കത്തോലിക്കാവിശ്വാസി കൾ എന്നു സഭ പരിഗണിക്കുന്നവരിൽ ബഹുഭൂരിപക്ഷവും നാമമാത്ര

കത്തോലിക്കർ മാത്രമാണ്. ഇതിനെല്ലാം മാറ്റം വരുത്തുവാൻ സാധിച്ചില്ലെങ്കിൽ കത്തോലിക്കാസഭ പേരുകൊണ്ടുമാത്രം അറിയപ്പെടുന്ന ഒരു സംഘടനയായി, അധഃപതനത്തിലേക്കു കൂപ്പുകുത്തുന്ന ഒരു സംഘടനയായി വിനാവിളംബം ലോകമെങ്ങും അറിയപ്പെടും.

ഇത്ര സാരസമ്പുഷ്ടമായ ഒരു ഗ്രന്ഥം രചിച്ച ശ്രീ. കളരിക്കലിനെ എത്ര അഭിനന്ദിച്ചാലും അത് അധികമാകില്ല. അദ്ദേഹത്തിന് എന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ! അദ്ദേഹം വിഭാവനം ചെയ്യുന്ന നവോത്ഥാനം മനുഷ്യഹൃദയങ്ങളിൽ വേരാഴ്ത്തി വളരട്ടെ എന്നു ഞാൻ ഹൃദയപൂർവം ആശംസിക്കുന്നു.

**Emeritus Professor Dr. M.V. PYLEE**
(Padmabhooshan Awardee)

Kochi-683503
18th July 2011

# ആമുഖം

യൂദായിലെ ബേത്‌ലഹേമിൽ ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യോസേഫിന്റെ മകനായി യേശു ജനിച്ചു (മത്താ. 2: 1; ലൂക്കോ. 2: 1–7 ). യാഹ്‌വേ മനുഷ്യനു നല്കിയ ഉടമ്പടിയുടെ പൂർത്തീകരണം യേശുവിന്റെ ആഗമനത്തോടെ ആരംഭിക്കുകയും അവിടുത്തെ കുരിശുമരണം വഴി അത് പൂർത്തീകരിക്കപ്പെടുകയും ചെയ്തു.

യേശു തന്റെ പരസ്യജീവിതകാലത്ത് 12 ശിഷ്യന്മാരെ തെരഞ്ഞെടുത്ത് ദൈവമാർഗം (സമാധാനം, നീതി, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ) അവരെ പഠിപ്പിച്ചു. യേശുശിഷ്യന്മാർ ഈ മാർഗത്തിലധിഷ്ഠിതമായ സഭാകൂട്ടായ്മകൾ ജെറൂസലേമിലും പ്രാന്തപ്രദേശങ്ങളിലും പ്രചരിപ്പിച്ചു. ഈ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ യേശുവിൽ സ്നാപനം സ്വീകരിച്ച ദൈവജനം (People of God) വിശുദ്ധ പള്ളിയുടെ ശിലകളായിത്തീർന്നു. ആ ശിലകളെ കൂട്ടിയിണക്കിയ സിമന്റ് പരസ്പരസ്നേഹമായിരുന്നു. ആ സമൂഹത്തിൽ ഏകാധിപതികളോ സമ്പന്നരുടെ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനമോ ഉണ്ടായിരുന്നില്ല. “വിശ്വാസം സ്വീകരിച്ച എല്ലാവരും ഒരു സമൂഹമായി” ജീവിച്ചു (അപ്പോ. പ്രവ. 2: 44).

സ്ത്രീ–പുരുഷവിവേചനം മറ്റു മതങ്ങളിലെന്നതുപോലെയോ അതിലധികമോ കത്തോലിക്കാസഭയിലുണ്ട്. വിശുദ്ധരുടെ എണ്ണം പരിശോധിച്ചാൽ സ്ത്രീ–പുരുഷസമത്വം ഉണ്ടെന്നു തോന്നാമെങ്കിലും സഭയുടെ വ്യാപാരതാത്പര്യങ്ങളാണ് അതിന്റെ പിന്നിൽ എന്നതാണ് വസ്തുത. സ്ത്രീകളെ രണ്ടാംതരം പൗരരായാണു കാണുന്നതെന്നതിന്റെ ഉത്തമോദാഹരണമാണ് സ്ത്രീപൗരോഹിത്യം അംഗീകരിക്കാൻ സഭാധികാരികൾ ഇന്നും തയ്യാറാകുന്നില്ല എന്നത്. ആദിമസഭയിൽ ഇന്നത്തേതിലേറെ സ്ത്രീസമത്വം ഉണ്ടായിരുന്നു. ഈ വസ്തുതയുടെ അടിസ്ഥാനത്തിലാണ് സ്ത്രീകൾ രണ്ടാംതരം പൗരരോ എന്ന ലേഖനം എഴുതിയിട്ടുള്ളത്.

കത്തോലിക്കാസഭയ്ക്കിന്ന് ഏകദേശം 2000 വർഷത്തെ പ്രായമുണ്ട്. ഈ നീണ്ട കാലയളവിൽ സഭ 'വളർന്ന്' ഒരു ആഗോളസ്ഥാപനമായി മാറി. ആ സ്ഥാപനത്തിന്റെ അനിഷേധ്യനേതാവാണ് മാർപ്പാപ്പാ. അപ്പോസ്തലപ്രമുഖനായ പത്രോസിന്റെ ഇരിപ്പിടം 'കുരണ്ടി'യായിരുന്നിരിക്കാനേ തരമുള്ളു. ഇപ്പോഴത്തെ മാർപ്പാപ്പാ ആരൂഢനായിരിക്കുന്ന സിംഹാസനത്തിൽ ഏതായാലും അദ്ദേഹം ഒരിക്കലും ഇരുന്നിട്ടില്ല. പക്ഷേ, താൻ ആരൂഢനായിരിക്കുന്നത് പത്രോസിന്റെ സിംഹാസനത്തിലാണെന്ന മാർപ്പാപ്പായുടെ അവകാശവാദം ചോദ്യം ചെയ്യാൻ പാടില്ലാത്ത സഭാസിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. പുരോഹിത വരേണ്യവർഗം ക്രിസ്തുവിന്റെ ഉദ്ബോധനങ്ങളെ ശാസനാപരമായ അനേകം സിദ്ധാന്തങ്ങൾകൊണ്ട് വികലമാക്കി ഒരു മതസാമ്രാജ്യം ഉണ്ടാക്കുകയായിരുന്നു. ക്രൈസ്തവധർമം അധഃപതിച്ചുപോയത് അങ്ങനെയാണ്.

21-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭ കറതീർന്ന ഒരു ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ഉടമയാണ്. (രാജ്യത്തിന്റെ അഥവാ വംശത്തിന്റെ, മഹിമയെ വ്യക്തിക്കതീതമായി ഉയർത്തിപ്പിടിച്ച് സ്വേച്ഛാധിപതിയായ ഒരു നേതാവിന്റെ നേതൃത്വത്തിൽ എതിർപ്പുകളെ ബലംപ്രയോഗിച്ച് അടിച്ചമർത്തിക്കൊണ്ട് സാമ്പത്തിക, സാമൂഹിക വിഭാഗീയതകൾ കർശനമായി നടപ്പാക്കുന്ന രാഷ്ട്രീയ തത്ത്വശാസ്ത്രമോ പ്രസ്ഥാനമോ ഭരണമോ ആണ് ഫാസിസം). പട്ടക്കാരല്ലാത്ത സാദാ ക്രിസ്ത്യാനികൾ സഭയിൽ അവകാശങ്ങളൊന്നുമില്ലാത്ത വെറും അല്മായർ മാത്രമാണിന്ന്. ആഴ്വാഞ്ചേരി തമ്പ്രാക്കളെപ്പോലെ വാഴുന്ന സഭാ മേലധ്യക്ഷന്മാർക്ക് രാജഭാഷയും ആചാരഭാഷയുമേ വശമുള്ളൂ. ശുശ്രൂഷകർ ഭരണാധികാരികളായി. സ്നാപനം വഴി ക്രിസ്തുവിൽ മരിച്ചുയിർത്ത, "ക്രിസ്തുവിനോടൊപ്പം മരിച്ചു എങ്കിൽ അവനോടൊപ്പം ജീവിക്കുകയും ചെയ്യും" എന്ന് വിശ്വസിക്കുന്ന (റോമാ. 6: 8), ക്രിസ്തുവിൽ തുല്യരായ വിശ്വാസികളെ പുരോഹിതർ ദാസരാക്കി മാറ്റി. ഹിന്ദുമതത്തിലെ വേദജ്ഞരായ ബ്രാഹ്മണരെപ്പോലെയാണ് ഇന്നു സഭയിൽ സഭാധികാരികൾ. അല്മായർ ദാസവർഗമായ ശൂദ്രരെപ്പോലെയും. യേശുപഠനങ്ങളെ കീഴ്മേൽ മറിച്ചുകൊണ്ടാണ് പുരോഹിതർ പ്രമാണിവർഗമായിരിക്കുന്നത്.

സഭ എന്നു പറയുന്നത് ദൈവജനത്തിന്റെ കൂട്ടായ്മയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിൽ കാണുന്ന പ്രധാന മാതൃക സഭ എന്നത് ദൈവജനമാണ് എന്ന ആശയമാണെന്നാണ് കർദിനാൾ എവരി ഡ്യൂള്ളസിന്റെ (Cardinal Avery Dullas) അഭിപ്രായം. പക്ഷേ, കഴിഞ്ഞ 45 വർഷങ്ങൾകൊണ്ട് സഭ യാഥാസ്ഥിതികതയിൽ മുങ്ങിക്കുളിച്ച് മധ്യകാലത്തിലുണ്ടായിരുന്ന ഇരുണ്ട യുഗങ്ങളിലേക്ക് തിരിച്ചോടുകയാണ്. ഇവിടെയാണ് സഭാനവീകരണത്തിന്റെയും ആഗോളസഭാ മഹായോഗത്തിന്റെയും പ്രസക്തി.

ഇത്തരുണത്തിൽ പേപ്പസി എന്ന സ്ഥാനത്തെയും ദൈവജനമായ അല്മായരെയും സംബന്ധിച്ച് ഉറക്കെ ചിന്തിക്കേണ്ടത് അനിവാര്യമാണെന്ന് എനിക്ക് ബോധ്യപ്പെട്ടതിനാലാണ് ഈ പുസ്തകം എഴുതി പ്രസിദ്ധീകരിക്കുന്നത്.

ചരിത്രപുരുഷനായ യേശുവിനെപ്പറ്റി ഇന്ന് പണ്ടെന്നതിനെക്കാൾ അധികമായി പണ്ഡിതന്മാർ ഗവേഷണങ്ങളും പഠനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ലോകം ശാസ്ത്രീയമായും സാമ്പത്തികമായും ഭരണവിഷയകമായും അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുതിയ പുതിയ അറിവുകളുടെ പ്രേരണയും സഭാധികാരികളുടെ കടുത്ത യാഥാസ്ഥിതിക മനസ്ഥിതിയോടുള്ള അതൃപ്തിയും കാരണം കഴിഞ്ഞ 45 വർഷങ്ങൾക്കിടയിൽ ലക്ഷത്തിലധികം വൈദികരും സന്ന്യസ്തരും കന്യാസ്ത്രീകളുമാണ് സഭാസേവനം ഉപേക്ഷിച്ചുപോയിട്ടുള്ളത്. ഇപ്പോഴും പോയിക്കൊണ്ടിരിക്കുകയാണ്. പുരോഹിതവൃത്തിക്ക് തയ്യാറാകുന്നവരുടെ എണ്ണം നിർണായകമായ രീതിയിൽ കുറഞ്ഞുകൊണ്ടുമിരിക്കുന്നു. 'പുരോഹിത പുറപ്പാട്' (Exodus of Priests) എന്ന അധ്യായം എഴുതാനുണ്ടായ സാഹചര്യമതാണ്.

സഭയുടെ പരമാധികാരികളുടെ അറിവോടെ വത്തിക്കാനിൽ നടന്ന വമ്പിച്ച സാമ്പത്തിക ക്രമക്കേടിന്റെ ചുരുളുകൾ അഴിക്കാൻ വേണ്ടിയാണ് 'വത്തിക്കാനും അംബ്രോസിയാനോ ബാങ്കും' എന്ന അധ്യായം ഇതിൽ ചേർത്തിട്ടുള്ളത്.

കളകൾ കരിഞ്ഞുണങ്ങി നില്ക്കുമ്പോഴായിരിക്കും ഒരു മഴ പെയ്യുക. ആ മഴയിൽ അവ ചീഞ്ഞഴുകുമ്പോൾ ഏതെങ്കിലുമൊരു പക്ഷി അവിടെ വളരേണ്ട വൻ വൃക്ഷത്തിന്റെ വിത്ത് അവിടെ വിതച്ചിട്ടുണ്ടാവും. ആ വിത്തിൽനിന്ന് സ്വാഭാവികമായി മുളച്ച്, ചീഞ്ഞഴുകിയ കളകളിൽനിന്ന് വളം വലിച്ചെടുത്തു വളരുന്ന ആ വൻമരത്തിനു കീഴിൽ കളകൾക്ക് വളരാൻ കഴിയില്ല. ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ എന്ന സ്വർഗീയപക്ഷി സഭയിൽ ഒരു വൻ നവീകരണവൃക്ഷത്തിന്റെ വിത്തു വിതച്ചു കടന്നുപോയി. ആ വിത്ത് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ന മഴയിൽ മുളച്ചുയർന്നു. എങ്കിലും ഒപ്പം മുളച്ചുയർന്ന കളകളെ വെട്ടിക്കളഞ്ഞ കൂട്ടത്തിൽ ആ വൃക്ഷത്തെയുടെയും ശിരസ്സറ്റു. ഇപ്പോഴത്തെ കടുത്ത വേനലിൽ ആരും നിരാശരാകേണ്ടതില്ല. വേരിനു കേടുപെടുകളൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ ഒരു മഴകൂടി പെയ്താൽ ആ ചെടി ഒരു വൻവൃക്ഷമായി വളരും.

ഒരു കുഴിയുണ്ടെങ്കിൽ കുന്നുമുണ്ടാവും. സഭയിൽ ഉണ്ടായിട്ടുള്ള അപചയം കുഴിയാണെങ്കിൽ സഭാനവീകരണമെന്ന കുന്നും അടുത്തുതന്നെയുണ്ട്. കുഴിയുടെ അടിയിൽ നില്ക്കുന്നവർക്ക് ആ കുന്നു കാണാൻ കഴിയണമെന്നില്ല. ദൈവത്തിന്റെ കണ്ണ് കുന്നും കുഴിയും കാണാൻ കഴിയുന്നതാണ്. ദൈവപരിപാലനയിൽ വിശ്വസിക്കുന്നവർക്കും അവ കാണാൻ കഴിയും. രണ്ടാം വത്തിക്കാൻ കൗൺസിലിന്

അനുപൂരകമായ ഒരു ആഗോളസഭാ മഹാസമ്മേളനത്തിന്റെ ആവശ്യകതയും സഭാനവീകരണത്തിൽ ദൈവജനത്തിന്റെ പങ്കാളിത്തവും വിഭാവനം ചെയ്യുന്നതാണ് ഈ പുസ്തകത്തിലെ അവസാന അധ്യായം.

ക്രിസ്തുവിന്റെ ഉദ്ബോധനങ്ങളുടെ അടിസ്ഥാനം ദൈവപരിപാലനയാണ്. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിക്കുന്നതും അയൽക്കാരനെ സ്നേഹിക്കുന്നതും പരസ്പരപൂരകവും ദൈവകല്പനകളുടെ സംഗ്രഹവുമാണ്. അത് മനസ്സിലാക്കുന്ന ക്രിസ്ത്യാനികൾ ഒരിക്കലും അശുഭാപ്തിയിൽ വിശ്വസിക്കുകയില്ല. ദൈവപരിപാലനയിൽ വിശ്വസിക്കുന്നവർക്ക് സഹോദരനെ തന്നെപ്പോലെതന്നെ സ്നേഹിക്കുന്നതുകൊണ്ട് എന്തെങ്കിലും നഷ്ടമുണ്ടാകുമെന്ന വിചാരം ഉണ്ടാവില്ല. അധ്വാനത്തിന് ഫലം തരുന്നത് കർത്താവാണെന്നറിയുന്നവർക്ക് സഹോദരന്റെ സൂക്ഷിപ്പുകാരാകേണ്ടതു സ്വന്തം ഉത്തരവാദിത്വമാണെന്നും നിശ്ചയമുണ്ടാവും. 'താൻ പാതി ദൈവം പാതി' എന്ന പഴഞ്ചൊല്ലിൽ പതിരില്ല എന്ന ബോധ്യത്തോടെയാണ് ഞാൻ ഈ പുസ്തകം എഴുതുന്നത്. ഇതിന്റെ വായനക്കാരും 'അണ്ണാൻകുഞ്ഞും തന്നാലായത്' എന്ന ബോധ്യത്തോടെ, ഞാൻ ഈ പുസ്തകത്തിൽ ആവിഷ്കരിച്ചിട്ടുള്ള ദൈവികമായ ആശയങ്ങളുടെ പ്രചാരകരാകണമെന്ന് അഭ്യർഥിക്കുന്നു. നിങ്ങൾക്ക് അതെങ്ങനെ സാധിക്കുമെന്ന് അവസാന അധ്യായത്തിലുണ്ട്.

രാഷ്ട്രം പത്മഭൂഷൺ നല്കി ആദരിച്ചിട്ടുള്ള, പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും നവീകരണചിന്തകനുമായ **ഡോ. എം.വി. പൈലിയാണ്** ഈ പുസ്തകത്തിന് സമുചിതമായ അവതാരിക എഴുതിത്തന്നിട്ടുള്ളത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) മുൻ വൈസ്-ചാൻസിലറായിരുന്ന അദ്ദേഹത്തിന്, ആദ്യം തന്നെ എന്റെ അകൈതവമായ കൃതജ്ഞത അർപ്പിക്കുന്നു.

ഈ പുസ്തകം ആദ്യന്തം വായിച്ച് തെറ്റുകൾ ചൂണ്ടിക്കാണിച്ചുതന്ന കോട്ടയം (അടിച്ചിറ) സ്നേഹവാണി ഡയറക്ടറായ റവ. ഡോ. ജയിംസ് ഗുരുദാസിനും എഡിറ്റിങ്ങ് നിർവഹിച്ച ജോസാന്റണിക്കും ഈ പുസ്തകത്തിന്റെ പ്രസാധനവും വിതരണവും ഏറ്റെടുത്തിട്ടുള്ള മാവേലിക്കര സ്കൈ ബുക്സിനും എന്റെ ഹൃദയംഗമമായ നന്ദി!

**ചാക്കോ കളരിക്കൽ**

# ഉള്ളടക്കം

1. സ്ത്രീകൾ രണ്ടാംതരം പൗരരോ? ............................ 1
2. കത്തോലിക്കാസഭ ........................................................ 11
3. അല്മായർ ........................................................................ 23
4. പേപ്പസി ........................................................................ 37
5. അറിയപ്പെടേണ്ട മാർപ്പാപ്പാമാർ ............................... 55
6. പുരോഹിത പുറപ്പാട് .................................................. 69
7. വത്തിക്കാനും അംബ്രോസിയാനോ ബാങ്കും ...... 75
8. ആഗോളസഭാ മഹായോഗം ....................................... 83
സൂചിക ............................................................................ 97

# 1

# സ്ത്രീകൾ രണ്ടാംതരം പൗരരോ?

**"പിതാ രക്ഷതി കൗമാരേ**
**ഭർത്താ രക്ഷതി യൗവ്വനേ**
**പുത്രോ രക്ഷതി വാർധക്യേ**
**ന സ്ത്രീ സ്വാതന്ത്ര്യമർഹതി"**

*(സ്ത്രീയെ ബാല്യത്തിൽ അച്ഛനും യൗവ്വനത്തിൽ ഭർത്താവും വാർധക്യത്തിൽ പുത്രനും രക്ഷിക്കണം. സ്ത്രീ സ്വാതന്ത്ര്യമുള്ളവളായി നടക്കരുതെന്നറിക).*[1]

**ലോ**കചരിത്രത്തിൽ സ്തീകൾ രണ്ടാം തരം പൗരരായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഏതു സംസ്കാരത്തിലും ഭാഷയിലും ആൺകോയ്മ കാണാം. ഏതു മതഗ്രന്ഥമെടുത്തു നോക്കിയാലും പുരുഷമേധാവിത്വത്തിന്റെ ഉറവിടം അവിടെ കാണാം. പൗരാണികമതങ്ങളായ ബുദ്ധമതവും ക്രിസ്തുമതവും ഇസ്ലാംമതവുമെല്ലാം പുരുഷന്മാർ വിതച്ച വിത്തിൽനിന്ന് മുളച്ചു വളർന്നതാണ്. ഹിന്ദു, യഹൂദ,ജൈനമതങ്ങളുടെ തലപ്പത്ത് പുരുഷനേതാക്കളില്ലെങ്കിലും ആ മതങ്ങളിലെയും അതികായർ പുരുഷന്മാരാണ്. ശ്രീരാമനും ശ്രീകൃഷ്ണനുമെല്ലാം ഹിന്ദുമതവുമായി അഭേദ്യബന്ധമുള്ളവരാണ്. അബ്രാഹം, ഇസഹാക്ക് യാക്കോബ് തുടങ്ങിയവരെല്ലാം യഹൂദമതത്തിലെ പിതാക്കന്മാരാണ്. ജൈനമതത്തിലെ മഹാവീരനും സിക്കുമതത്തിലെ ഗുരു നാനാക്കുമെല്ലാം മറ്റ് ഉദാഹരണങ്ങളാണ്.

പുരുഷമേധാവിത്വത്തിന്റെ ഉറവിടം ബൈബിളിലെ ഉത്പത്തിയിൽനിന്നാരംഭിക്കുന്നു എന്നാണ് പാശ്ചാത്യരുടെ അഭിപ്രായം. കാരണം ആദാം

ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണ് (ഉൽപ. 1 : 27). ഹവ്വായാകട്ടെ ആദാമിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടത് (ഉൽപ. 2 : 21–22).

ദൈവനിവേശിതമാണ് ബൈബിൾ എന്ന് ഒരാൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ലിംഗഭേദത്തെയും സന്മാർഗത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ഉത്പത്തി പുസ്തകത്തിന് നിർണായക സ്വാധീനമുണ്ട് എന്നതിൽ രണ്ടുപക്ഷമില്ല. ഈ വിഷയത്തിലുള്ള പാശ്ചാത്യ ചിന്താധാരയുടെ ഉറവിടം തന്നെ ആ പുസ്തകമാണ്.

എബ്രായസംസ്കാരത്തിലെ കുലപതിസംവിധാനത്തിന്റെ പശ്ചാത്തലത്തിൽ ആദാം–ഹവ്വാ കഥ ചരിത്രപരമായി കുറെയൊക്കെ വിശദീകരിക്കാൻ സാധിക്കും. എന്നിരുന്നാലും അത് ഒരു ദൈവനിവേശിത സത്യമല്ല. ആ കഥ സ്ത്രീപ്രകൃതിയുടെ അന്തഃസത്ത അനാവരണം ചെയ്യുന്നില്ല. രണ്ടായിരം വർഷങ്ങളായി ഹവ്വാ സ്ത്രീകളുടെ വ്യക്തിത്വത്തെയും താദാത്മ്യത്തെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. അതിനാൽത്തന്നെ പുരുഷന്മാർ സ്ത്രീകളെ സംബന്ധിക്കുന്ന കാര്യങ്ങിലെല്ലാം ഒരുതരം മുൻവിധിയോടെയാണ് കാണുന്നത്. സ്ത്രീ അവളുടെ സ്വഭാവത്തിൽത്തന്നെ ആജ്ഞാനിഷേധിയും കൗശലക്കാരിയും ദുർബലമാനസയും പ്രലോഭനവിധേയയും വിശ്വസിക്കാൻ കൊള്ളാത്തവളും കബളിപ്പിക്കുന്നവളും വഴിപിഴപ്പിക്കുന്നവളും സ്വാർഥയും ഒക്കെയാണെന്ന് പുരുഷന്മാർക്ക് തെറ്റിദ്ധാരണയുണ്ട്.

സ്ത്രീകളെ വിശ്വസിക്കരുത് എന്ന് ഉൽപത്തി പുസ്തകം പുരുഷന്മാർക്കു താക്കീതു നല്കുന്നു. അതോടൊപ്പം സ്ത്രീകൾ മറ്റു സ്ത്രീകളെയും വിശ്വസിക്കരുതെന്ന മുന്നറിയിപ്പും അതു നല്കുന്നുണ്ട്. ഒരു സ്ത്രീ എത്ര സമർഥയായിരുന്നാലും കാര്യക്ഷമതയോടെ കാര്യങ്ങൾ നടത്തിയാലും അവൾക്ക് ഹവ്വായുമായുള്ള സമാനതയിൽനിന്ന് മോചനമില്ല.

പൗലോസ് ശ്ലീഹാ തിമൊത്തെയോസിന്നെഴുതിയ ലേഖനത്തിലെ ഒരു ഭാഗം കാണുക: "സ്ത്രീ നിശ്ശബ്ദയായി പൂർണവിധേയത്വത്തോടെ പഠിക്കട്ടെ. പഠിപ്പിക്കാനോ പുരുഷന്മാരുടെമേൽ അധികാരം പ്രയോഗിക്കാനോ സ്ത്രീയെ ഞാൻ അനുവദിക്കുന്നില്ല. സ്ത്രീ നിശ്ശബ്ദത പാലിക്കണം. ആദ്യം സൃഷ്ടിക്കപ്പെട്ടത് ആദാം ആണല്ലോ. പിന്നീടല്ലേ ഹവ്വാ. ആദാമല്ല വഞ്ചനയിൽപ്പെട്ടതും അതിക്രമം പ്രവർത്തിച്ചതും. എങ്കിലും സ്ത്രീ വിനയത്തോടെ വിശ്വാസത്തിലും സ്നേഹത്തിലും പരിശുദ്ധിയിലും ജീവിതം നയിക്കുന്നപക്ഷം മാതൃത്വത്തിലൂടെ രക്ഷിക്കപ്പെടും" (1 തിമൊ 2 : 11–15). ഈ ലേഖനത്തിന് പൗലോസിന്റെ പേര് കളവായി ചാർത്തിയതാണ് എന്നു വിശ്വസിക്കുന്നവരുണ്ട്. എന്തായാലും ആദിമസഭമുതൽ ഇന്നുവരെ മനുഷ്യവീഴ്ചയുടെ (the Fall of man) കാരണം ഹവ്വായാണെന്നും അതിനാൽ സ്ത്രീകളെല്ലാം സാത്താന് വാതിൽ തുറന്നുകൊടുക്കുന്നവരാണെന്നുള്ള മാനഹാനി പേറിനടക്കുന്നവരാണെന്നും സഭാപിതാക്കന്മാർ കരുതുന്നു. ഹവ്വായെ സംബന്ധിച്ചുള്ള ഈ വീക്ഷണം

(perception) കാരണം സ്ത്രീകൾക്ക് തങ്ങളുടെ ലൈംഗികതയിലധിഷ്ഠിതമായ അസമത്വത്തിൽനിന്നു കരകയറാൻ സാധിക്കുന്നില്ല. യഥാർഥത്തിൽ ആദാമിനെ വീഴ്ത്തിയ മോഹിനിയായിട്ട് ഹവ്വായെ ചിത്രീകരിക്കാൻ സാധിക്കയില്ല. കാരണം, ഉൽപത്തിപുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: "വൃക്ഷത്തിന്റെ കനി തിന്നാൻ നല്ലതും കണ്ണിന്ന് ആനന്ദകരവും ആ വൃക്ഷം ജ്ഞാനപ്രാപ്തിക്കു കാമ്യവുമാണെന്നു കണ്ടപ്പോൾ സ്ത്രീ അതിന്റെ കനി പറിച്ചു തിന്നു. കുറെ ഭർത്താവിനും കൊടുത്തു. അയാളും തിന്നു" (ഉൽപ. 3: 6). താൻ ഭക്ഷിച്ച കനിയുടെ ഒരു ഭാഗം ഭർത്താവിനു നൽകിയ ഔദാര്യപ്രവൃത്തിമൂലം ഹവ്വാ വശീകരണക്കാരിയാണെന്നനുമാനിക്കുന്നത് യുക്തിരഹിതമല്ലേ? പ്രലോഭിപ്പിച്ചു, ചതിച്ചു, വശീകരിച്ചു, പ്രേരിപ്പിച്ചു, ഉപദേശിച്ചു, വഞ്ചിച്ചു, സ്വയം ശത്രുവായി, എന്നെല്ലാമുള്ള അലങ്കാരപദങ്ങളാണ് ഹവ്വായുടെ മഹാമനസ്കതയ്ക്കു ലഭിച്ച സമ്മാനം! ഹവ്വായുടെ ദൈവകല്പന ലംഘനത്തെ ചിത്രീകരിക്കാൻ വിശുദ്ധ ജറോമിന്റെ വുൾഗാത്തായിൽ (Vulgata) സെഡ്യൂക്ത (seducta, പ്രലോഭിപ്പിച്ചു) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പദപ്രയോഗത്തിൽതന്നെ ഹവ്വാ തന്റെ സെക്സിലൂടെ ആദാമിനെ ആകർഷിച്ചു പിഴപ്പിച്ചു എന്ന ധ്വനിയുണ്ട്. സാധാരണ ജനങ്ങളിലെ ഈ മിഥ്യാധാരണ മാറ്റി ഹവ്വായ്ക്കു മാതൃകായോഗ്യമായ ഒരു പ്രതിച്ഛായ സൃഷ്ടിക്കാൻ ഇനി പ്രയാസമാണ്.

ഹവ്വായെയും സ്ത്രീകളെയും സംബന്ധിച്ച നിഷേധാത്മകമായ ഈ കാഴ്ചപ്പാട് പാശ്ചാത്യരാജ്യങ്ങളിൽ വീണ്ടും വീണ്ടും ആഴത്തിലേക്ക് വേരൂന്നി വളർന്നുകൊണ്ടിരുന്നു. മധ്യയുഗത്തിൽ പള്ളിക്കകത്തും പുറത്തും ആദാമിന്റെയും ഹവ്വായുടെയും കഥ നാടകരൂപത്തിൽ അവതരിപ്പിച്ചിരുന്നു. ഹവ്വായുടെ പ്രവൃത്തിയിൽ കലുഷിതനായ ആദാം, വിലപിച്ചു നിലവിളിക്കുന്ന ഹവ്വായുടെ തലമുടിക്കുത്തിനു പിടിച്ചു നിലത്തുകൂടെ വലിച്ചിഴച്ചുകൊണ്ട് തൊഴിക്കുന്ന ഭാഗങ്ങൾ നാടകാവതരണത്തിന്റെ മുഖ്യഭാഗങ്ങളായിരുന്നു. ഹവ്വായുടെയും സ്ത്രീകളുടെയും പ്രകൃതിദത്തമായ അവസ്ഥ ഇപ്രകാരമാണന്നുള്ള തെറ്റായ ആശയം മാനവസംസ്കാരത്തിലേക്കു നുഴഞ്ഞുകയറി. അങ്ങനെ സ്ത്രീകളെ സംബന്ധിച്ച് നിഷേധാത്മകമായ ഒരു പ്രതിച്ഛായ സ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ടു.

പ്രധാനപ്പെട്ട എല്ലാ മതങ്ങളും പുരുഷമേധാവിത്വത്തിലധിഷ്ഠിതമാണ്. ബ്രാഹ്മണമേധാവിത്വമുള്ള ഹിന്ദുമതത്തിൽ പുരുഷന്മാർക്കു മാത്രമേ പൗരോഹിത്യം അനുവദിച്ചിട്ടുള്ളൂ. യഹൂദമതത്തിൽ പൂർണമായ അംഗത്വവും പങ്കാളിത്തവും പുരുഷന്മാർക്കു മാത്രം സംവരണം ചെയ്തിരിക്കയാണ്. വിശുദ്ധസ്ഥലത്തു പ്രവേശിക്കാൻ ലേവ്യരായ പുരോഹിതർക്കേ പാടുള്ളൂ. കത്തോലിക്കാസഭയ്ക്കു രൂപഭാവങ്ങൾ നല്കുന്ന പ്രധാന തീരുമാനങ്ങൾ ബ്രഹ്മചാരികളായ പുരോഹിതർക്ക് മാറ്റിവച്ചിരിക്കുന്നു. ചില ക്രിസ്തീയസഭകൾ അടുത്തകാലത്തായി സ്ത്രീകളെ പൗരോഹിത്യപദവിയിലേക്ക് ഉയർത്തുന്നുണ്ടെങ്കിലും കത്തോലിക്കാസ

ഭയിൽ സ്ത്രീപൗരോഹിത്യം വലിയ തിന്മയായി കാണുന്നു. ഏകദേശം 2500 വർഷങ്ങൾക്കു മുൻപ് ബുദ്ധസന്ന്യാസിനികളുടെ മഠം സ്ഥാപിച്ച പ്പോൾ പുരുഷന്മാരുടെ സന്ന്യാസമഠങ്ങളുടെ അധീനതയിലായിരിക്കണ മെന്ന് നിബന്ധന ഉണ്ടായിരുന്നു. പുരുഷന്മാർക്ക് കീഴ്വഴങ്ങി സന്ന്യാ സിനികൾ ജീവിക്കണമെന്നായിരുന്നു ബുദ്ധമതപഠനം. ഏറ്റവും പ്രായം കൂടിയ സന്ന്യാസിനി (nun) പോലും ഏറ്റവും പ്രായം കുറഞ്ഞ സന്ന്യാ സിയെ (monk) ആദരിക്കണമായിരുന്നു.

ഇസ്ലാംമതത്തിൽ എല്ലാവിധ നൈയാമികതീരുമാനങ്ങളും പുരുഷന്മാ രാണ് എടുക്കുന്നത്. ചില പ്രദേശങ്ങളിൽ മുസ്ലീം പള്ളിയിൽ സ്ത്രീ കൾക്ക് പ്രവേശനം പോലുമില്ല. സ്ത്രീകളെ ബാധിക്കുന്ന കാര്യങ്ങളിൽ അവർക്ക് അഭിപ്രായസ്വാതന്ത്ര്യം പോലുമില്ല.

ആൺകുട്ടികളുടെ ജനനം പെൺകുട്ടികളുടെ ജനനത്തെക്കാൾ ഉത്സാ ഹത്തോടെ ലോകത്തെമ്പാടും ആഘോഷിക്കുന്നു. പുരുഷന്മാരുടെ പ്രവൃത്തികൾ സ്ത്രീകളുടെ പ്രവൃത്തികളെക്കാൾ പ്രധാനപ്പെട്ടതായി കരുതുന്നു. പുരുഷന്മാർ സ്ത്രീകളുടെ സംരക്ഷകരെന്ന നിലയിൽ സ്ത്രീകളുടെ വേഷം, പെരുമാറ്റം, സ്വാതന്ത്ര്യം മുതലായ കാര്യങ്ങളിൽ പരിമിതികൾ വയ്ക്കുന്നു. ആർത്തവം, പ്രസവം മുതലായ സ്ത്രീകളുടെ പ്രകൃതിദത്ത പ്രക്രിയകൾ അവരെ കളങ്കപ്പെടുത്തുന്നു എന്ന ധാരണ പുരുഷന്മാർ വച്ചുപുലർത്തുന്നുണ്ട്. അതാണ് സ്ത്രീ ലൈംഗികതയെയും സ്ത്രീകളെയും നിഷേധഭാവത്തിൽ കാണാൻ പുരുഷന്മാർക്ക് പ്രേരക മാകുന്നത്. പല പാരമ്പര്യങ്ങളിലും ആർത്തവകാലത്ത് വിശുദ്ധസ്ഥലത്തു പ്രവേശിക്കുവാൻ സ്ത്രീകൾക്ക് അനുവാദമില്ല. കുടുംബപ്രതിഷ്ഠാമുറി യിൽ പ്രവേശിക്കാനോ വിശുദ്ധവസ്തുക്കളിൽ തൊടാനോ ഹിന്ദുമതം അവരെ അനുവദിക്കുന്നില്ല. സ്ത്രീകളിൽ ആർത്തവപ്രായത്തിലെ ത്താത്ത പെൺകുട്ടികൾക്കും ആർത്തവം നിലച്ച സ്ത്രീകൾക്കുമേ ശബ രിമലയിൽ പ്രവേശനമുള്ളൂ. മുസ്ലീം സ്ത്രീകൾക്ക് ആർത്തവദിനങ്ങളിൽ അവരുടെ വിശുദ്ധഗ്രന്ഥമായ ഖുറാനിൽ തൊടാനോ മുസ്ലീംപള്ളിയിൽ പ്രവേശിക്കാനോ പാടില്ല. കത്തോലിക്കാസഭയിലും സ്ത്രീകൾക്ക് ആർത്തവസമയത്ത് വിശുദ്ധ സ്ഥലത്ത് പ്രവേശിക്കാൻ അനുവാദമില്ല. പല സമുദായങ്ങളിലും പ്രസവം കഴിഞ്ഞാൽ നിശ്ചിതദിവസങ്ങൾക്കു ശേഷമേ സ്ത്രീകൾക്ക് സമൂഹത്തിലേക്കു തിരിച്ചുവരാൻ അനുവാദ മുള്ളൂ. സ്ത്രീകൾ പ്രസവിച്ച് 40 നാളുകൾക്കു മുമ്പ് വിശുദ്ധകുർബാന സ്വീകരിക്കാൻ പാടില്ലെന്ന് 460-ൽ ലെയോ ചക്രവർത്തി കല്പിച്ചു. നസ്രാ ണിസ്ത്രീകൾ പ്രസവിച്ചാൽ ആൺകുട്ടിയാണെങ്കിൽ 40 ദിവസവും പെൺകുട്ടിയാണെങ്കിൽ 80 ദിവസവും കഴിഞ്ഞേ പള്ളിയിൽ പോകാവൂ എന്ന പാരമ്പര്യം നിലനിന്നിരുന്നു. ഉദയംപേരൂർ സൂനഹദോസാണ് ആ ദുരാചാരത്തിന് വിരാമമിട്ടത്[2].

സ്ത്രീജന്മം വികലമാണെന്നാണ് ഗ്രീക്കുതത്ത്വചിന്തകനായ അരിസ്റ്റോ ട്ടലിന്റെ (Aristotle) അഭിപ്രായം. സ്ത്രീകളോടുള്ള അരിസ്റ്റോട്ടലിന്റെ ഈ

നിഷേധാത്മക സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്യനൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭാപിതാക്കന്മാർ സ്ത്രീകളോടുള്ള അവരുടെ നിലപാട് രൂപീകരിച്ചത്. യേശുവിന്റെ മാതാവായ മറിയം നിത്യകന്യകയാണെന്നുള്ള കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം സ്ത്രീകളുടെ ലൈംഗികതയെ സംബന്ധിച്ച പ്രതിച്ഛായയ്ക്ക് മങ്ങലേല്പിച്ചിട്ടുണ്ട്. സഭയുടെ നോട്ടത്തിൽ കന്യകകളായി മഠങ്ങളിൽ കഴിയുന്ന സ്ത്രീകളുടെ ജീവിതമാണ് ഉത്തമമായ മാതൃക. അതിനു കഴിവില്ലാത്തവരാണ് വിവാഹജീവിതം തെരഞ്ഞെടുക്കുന്നത്. തികച്ചും നിഷേധാത്മകമായ ഈ ചിന്താഗതി വിവാഹിതരായ സ്ത്രീകളെ തരംതാഴ്ത്തി ചിത്രീകരിക്കുന്നു.

ചില മതഗ്രന്ഥങ്ങളിൽ ശക്തരായ സ്ത്രീകളെ അവതരിപ്പിച്ചുകാണുന്നുണ്ട്. ഹിന്ദുപുരാണങ്ങളിലെ കാളിയും സരസ്വതിയും ലക്ഷ്മിയും ഉപനിഷത്തുകളിലെ മൈത്രേയിയും കാത്യായനിയും ഭാരതീയ ഇതിഹാസമായ മഹാഭാരതത്തിലെ ദ്രൗപതിയും ഇസ്ലാം മതത്തിലെ മുഹമ്മദിന്റെ ഒന്നാം ഭാര്യയായ ഖദീജയും അവസാന ഭാര്യയായ ആയിഷയും മകളായ ഫാത്തിമയും ഉദാഹരണങ്ങളാണ്.

ഈ ആധുനികകാലത്ത് യഹൂദമതത്തിലും ബുദ്ധമതത്തിലും ഇസ്ലാം മതത്തിലും മാത്രമല്ല, പല ക്രിസ്തീയ സഭകളിലും സ്ത്രീകളെ സംബന്ധിച്ച സമീപനത്തിൽ ക്രിയാത്മകമായ പല മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്, അതു തുടരുന്നുമുണ്ട്. എന്നാൽ റോമൻ കത്തോലിക്കാസഭയിൽമാത്രം കാര്യമായ മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ സ്ത്രീയും പുരുഷനും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്[3]. എങ്കിലും സ്ത്രീപൗരോഹിത്യവിഷയത്തിൽ അദ്ദേഹം മർക്കടമുഷ്ടി പിടിക്കുകയാണ് ചെയ്തത്. സ്ത്രീകളെ അടിച്ചമർത്തുന്ന കാര്യത്തിൽ പ്രധാന പങ്കുവഹിക്കുന്നത് മതങ്ങളാണ്. സ്ത്രീകളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം മതങ്ങളിൽനിന്നാണ് നാം സ്വീകരിക്കുന്നത്. മതങ്ങൾ ഒരേ സമയം ഈ പ്രശ്നങ്ങളുടെ കാരണവും അവയുടെ നിവാരണ മാർഗവുമാണ്. കാരണം മതഘടന സ്ത്രീകളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നുണ്ടെങ്കിൽത്തന്നെ സ്ത്രീവിമോചനം എങ്ങനെ സാധിക്കും എന്നതിന്റെ ഉൾക്കാഴ്ചയും ആ മതങ്ങളിൽനിന്നുതന്നെ ലഭിക്കും.

ഭാരതത്തിൽ വൈദികകാലഘട്ടത്തിൽ സ്ത്രീകളെ താഴ്ന്നതരം ജീവികളായിട്ടാണ് കണ്ടിരുന്നത്. സതി എന്ന ആചാരവും ബഹുഭാര്യാത്വവും ഹൈന്ദവരുടെ ഇടയിൽ സാധാരണമായിരുന്നു. പഞ്ചപാണ്ഡവന്മാർക്കെല്ലാം കൂടി ദ്രൗപതിയായിരുന്നു ഭാര്യ. സ്ത്രീകളെ വേശ്യകളും അടിമകളും ആയി കണ്ട അതേ മതം തന്നെ സീതയെയും രാമനെയും (സീതാറാം) വിളിച്ചു പ്രാർഥിക്കുന്നു. അതുപോലെ സ്ത്രീകളെ തരംതാഴ്ത്തിക്കാണുന്ന കത്തോലിക്കാസഭ യേശുവിനെയും മറിയമിനെയും വിളിച്ചു പ്രാർത്ഥിക്കുന്നുണ്ട്. സ്നാപനം വഴി സ്ത്രീയും പുരുഷനും യേശുവിൽ ഒന്നാണ്. പക്ഷേ സ്ത്രീകൾക്ക് പട്ടം നൽകുന്നത് വിശ്വാസ

ത്തിനെതിരായ അപരാധവും (crime against faith) ഏറ്റവും ഗുരുതരമായ അപരാധവും (most serious crime) കൂദാശകൾക്കെതിരായ അപരാധവും (crime against sacraments) ആണെന്നാണ് വത്തിക്കാന്റെ നിലപാട്. ഇൻക്വിസിഷന്റെ പിൻഗാമിയായ വിശ്വാസസത്യങ്ങളുടെ തിരുസംഘം (The Congregation for the Doctrine of Faith) ആരെങ്കിലും ഈ വലിയ അപരാധം ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. മെത്രാന്മാർ സ്ത്രീകൾ പ്രസവിച്ചുണ്ടായവരാണ്. എന്തുകൊണ്ട് അവർ സ്ത്രീകളെ താഴ്ന്ന ജീവികളായി കാണുന്നു?

സ്ത്രീകൾതന്നെയാണ് പലപ്പോഴും സ്ത്രീസ്വാതന്ത്ര്യത്തിനും സ്ത്രീപുരോഗമനത്തിനും എതിരായി നില്ക്കുന്നുത്. ഒരുദാഹരണം: നാസി ജർമ്മനിയിലെ പ്രോട്ടസ്റ്റന്റു സ്ത്രീകളിൽ ബഹുഭൂരിപക്ഷവും പെൺകുട്ടികൾ ആൺകുട്ടികളെപ്പോലെ കണക്കും സയൻസും പഠിക്കുന്നതിന് എതിരായിരുന്നു. സ്ത്രീകൾ കുടുംബത്തിലെ കാര്യങ്ങൾ നോക്കി അന്വേഷിച്ച് ജീവിച്ചാൽ മതിയെന്നും രാഷ്ട്രീയത്തിലോ മറ്റു പൊതുകാര്യങ്ങളിലോ ഇടപെടാതെ കുടംബങ്ങളിൽ അടങ്ങിയൊതുങ്ങി ജീവിച്ചാൽ മതിയെന്നുമായിരുന്നു അവരുടെ തീരുമാനം. വത്തിക്കാന്റെ ചെവികൾക്ക് പ്രോട്ടസ്റ്റന്റു സ്ത്രീകൾ അങ്ങനെ മധുരം പകർന്നു. നാസികളുടെ വളർച്ച യ്ക്ക് അതു സഹായകമായി.

മതനിന്ദകരെ സന്തോഷപൂർവം ചുട്ടുകരിച്ചു കൊല്ലുകയും അടിമത്തസമ്പ്രദായത്തെ ആശീർവദിച്ചനുഗ്രഹിക്കുകയും സഭയുടെ വിശ്വാസപ്രമാണത്തോട് അനുകൂലിക്കാത്തവരെ ശപിച്ചുതള്ളുകയും ചെയ്ത ബ്രഹ്മചാരികളായ ഒരുപറ്റം കുലപതികൾക്ക് സ്ത്രീകളോടുള്ള സഭയുടെ ഇപ്പോഴത്തെ പെരുമാറ്റത്തിൽ യാതൊരു തെറ്റും കാണാൻ കഴിയാത്തതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. എന്തൊക്കെപ്പറഞ്ഞാലും മതപരമായ അധികാരവിധേയത്വം അവരുടെ എല്ലാ ചെയ്തികളെയും ന്യായീകരിക്കാൻ സാധിക്കുന്ന ഒരു ഒറ്റമൂലിയാണ്. സ്ത്രീകൾക്ക് സഭയിലുള്ള സ്ഥാനം ഇപ്പോൾ നിലനില്ക്കുന്ന സ്ഥാനം മാത്രമാണ്. അതിനു മാറ്റം വരുത്താൻ സാധ്യമല്ലെന്നുള്ളതും സഭാസിദ്ധാന്തമാണ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അഭിപ്രായത്തിൽ സ്ത്രീകളുടെ കടമ മാതൃത്വം (motherhood) മാത്രമാണ്. അദ്ദേഹം ഉലകം മുഴുവൻ ചുറ്റിനടന്നപ്പോൾ (pilgrimage?) വിമാനത്തിൽ നിന്നിറങ്ങുമ്പോഴെ നിലം ചുംബിക്കും. പിന്നെ സ്ത്രീകളെപ്പറ്റി എന്തു പരാമർശിച്ചാലും അവരുടെ 'കാലിൽ ചവിട്ടി'യിട്ടേ പോകൂ. അതിനുപകരം അദ്ദേഹം നിലത്തുറച്ചു നിന്നു സ്ത്രീകളെ ആലിംഗനം ചെയ്ത് ചുംബിക്കുകയായിരുന്നു വേണ്ടത്.

ധാരാളം സ്ത്രീകൾ ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നവരായിട്ടുണ്ട്. പ്രതിഭാ പാട്ടീൽ, സോണിയാഗാന്ധി, മമതാ ബാനർജി, മായാവതി, ജയലളിത, ഷീലാ ദീക്ഷിത് തുടങ്ങിയ സ്ത്രീകൾ ഇതിന് ഉദാഹരണങ്ങളാണ്. എന്നാൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് വിവരശൂന്യമായി വിളിക്കപ്പെടുന്ന കേരളത്തിന്റെ കാര്യം ആലോചിക്കുക.

നാളിതുവരെ ഒരൊറ്റ സ്ത്രീയെങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രിയായോ? ആയിട്ടില്ല. കാരണം നാം ചിന്തിക്കണം. മതനേതാക്കൾ സ്ത്രീകളെ രാഷ്ട്രീയത്തിൽപോലും അടിച്ചമർത്തിയിരുന്നു. അക്കാമ്മ ചെറിയാനും റോസമ്മ പുന്നൂസും ആനി തയ്യിലുമെല്ലാം മതാധികാരികളുടെ വാളിന് ഇരയായിട്ടുള്ളവരാണ്. 'സ്ത്രീകൾക്ക് മാതൃത്വത്തിൽക്കൂടി നിത്യരക്ഷ പ്രാപിക്കാം' എന്ന ഔദാര്യദൈവശാസ്ത്രം പഠിപ്പിക്കുന്ന സഭയിൽ ജീവിക്കുന്ന സ്ത്രീകൾക്ക് മെത്രാന്മാരെ പ്രസവിക്കുന്നതാണ് വൻകാര്യം. ഭർത്താക്കന്മാർ പറയുന്നതനുസരിച്ച് സ്ത്രീകൾ അടങ്ങിയൊതുങ്ങി ജീവിക്കണമെന്നാണ് സഭയുടെ ഭാഷ്യം. അപ്പോൾപിന്നെ സ്ത്രീകൾക്കെങ്ങനെ നട്ടെല്ലു നിവർത്തി നടക്കാനാകും?

സ്ത്രീവിവേചനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ത്രീകൾക്ക് വോട്ടവകാശം എന്നു കിട്ടി എന്ന് നാം ചിന്തിക്കേണ്ടതാണ്. 1881-ൽ അയൽ ഓഫ് മേൻ (Isle of Man) എന്ന രാജ്യമാണ് ലോകത്താദ്യമായി സ്ത്രീകൾക്ക് വോട്ടവകാശം നൽകിയത്. കുക്ക് അയലൻഡ്സിൽ (Cook Islands) 1883-ലും. 'ഒന്നാം ലോക'മായ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും സ്ത്രീകൾക്ക് വോട്ടവകാശം നല്കുന്നത് ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ്. സ്ത്രീകളെ പുരുഷന്മാർക്കു തുല്യമായി ഈ രാജ്യങ്ങൾ കണ്ടിരുന്നില്ല എന്നതിന്റെ സ്പഷ്ടമായ തെളിവല്ലേ ഇത്? ഉൽപത്തികഥയുടെയും ക്രിസ്തീയസഭാ നേതാക്കന്മാരുടെയും സ്വാധീനമായിരുന്നു രാഷ്ട്രീയത്തിൽപോലും സ്ത്രീകളെ രണ്ടാംതരം പൗരരായി കാണാൻ ഇടയാക്കിയത്. വിദ്യാസമ്പന്നരായ സ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് യാതൊരു വിലയും സഭാധികാരികൾ നല്കിയിരുന്നില്ല. അമേരിക്കയിലെ മൊത്തം കന്യാസ്ത്രീകളിൽ (70,000) അറുപതു ശതമാനത്തിന് മാസ്റ്റേഴ്സ് ഡിഗ്രിയും ഇരുപത്തിയഞ്ചു ശതമാനത്തിന് ഡോക്ടറേറ്റ് ഡിഗ്രിയും ഉണ്ട്. അമേരിക്കയിലെ മൊത്തം മെത്രാന്മാരിൽ (450) ഇരുപത്തിനാലു ശതമാനത്തിനേ മാസ്റ്റേഴ്സ് ഡിഗ്രിയുള്ളൂ, പത്തു ശതമാനത്തിനേ ഡോക്ടറേറ്റ് ഡിഗ്രിയുള്ളൂ. മെത്രാന്മാരെക്കാൾ വിദ്യാഭ്യാസത്തിൽ വളരെയധികം മുന്നിട്ടു നില്ക്കുന്ന കന്യാസ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് ഈ മെത്രാന്മാർ പുല്ലുവിലയേ നല്കുന്നുള്ളു. കാരണം അവരുടെ സെക്സ് 'ഫീമെയിൽ' ആയിപ്പോയി എന്നതുതന്നെ. കത്തോലിക്കാ സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ എല്ലാം പടുത്തുയർത്തി അമേരിക്കയിലെ കത്തോലിക്കാസഭയെ സജീവമാക്കിയ എല്ലാവർക്കും എല്ലാമായ ഈ കന്യാസ്ത്രീകൾ വത്തിക്കാന്റെ അനാവശ്യമായ കടുംപിടുത്തം കാരണം എല്ലാം ഉപേക്ഷിച്ച് മഠത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നു. പോപ്പുമാർ ചിന്തിക്കുന്നത് കന്യാസ്ത്രീകൾ അവരുടെ പാദസേവകരാണെന്നാണ്. അതിനാലാണല്ലോ പോളണ്ടുകാരനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയായപ്പോൾ അദ്ദേഹത്തിന്റെ സോസേജ് (Sausage) പാകം ചെയ്യാൻ പോളീഷ് സിസ്റ്റേഴ്സിനെ വത്തിക്കാനിലേക്ക് ഇറക്കുമതി ചെയ്തത്.

വിദ്യാഭ്യാസത്തിലും കാര്യനിർവഹണത്തിലും അതിവേഗം പുരോഗമിക്കുന്ന സ്ത്രീജനങ്ങൾക്ക് ഇന്നും പുരുഷരോഷത്തിന് അധീനരാകേണ്ടിവരുന്നു. സ്ത്രീകളോടുള്ള പുരുഷന്മാരുടെ ക്രൂരത കാരണം സ്ത്രീകൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു, അവസാനം ആത്മഹത്യയിൽ ചെന്ന് അവസാനിക്കുന്നു. ഇന്ന്, സ്ത്രീകളുടെ ഈ നികൃഷ്ടസ്ഥിതിയിൽനിന്ന് അവരെ കരകയറ്റാൻ മതപരവും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനങ്ങൾ അനിവാര്യമാണ്. സ്ത്രീകളെ മോചിപ്പിക്കാൻ സ്ഥാപിതസഭയല്ലാ (Institutional Church) അവരുടെ ശബ്ദം കേൾക്കുകയും അവരുടെ ബുദ്ധിമുട്ടുകൾ കാണുകയും ചെയ്യുന്ന അനുകമ്പ നിറഞ്ഞ സ്ഥാപനങ്ങളാണ് (Institutions) നമുക്ക് ആവശ്യം. സ്ത്രീകൾക്ക് സംവാദം ചെയ്യാനും അവരുടെ ആശയങ്ങളെയും അവകാശങ്ങളെയും ഉൾക്കൊള്ളാനും തയ്യാറുള്ള ഒരു സഭയെയാണ് ആവശ്യം. സ്ത്രീപുരുഷന്മാർ ഉൾക്കൊള്ളുന്ന ദൈവജനത്തെ സേവിക്കുന്ന വത്തിക്കാനെയാണ് ഇന്ന് ആവശ്യം. മറിച്ച് മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും അല്മായരും വത്തിക്കാനെ സേവിക്കുകയല്ല വേണ്ടത്. ദൈവജനത്തിന്റെ പൊതു അഭിപ്രായത്തെ മാനിക്കുന്ന ഒരു സഭയാണ് നമുക്ക് ഇന്ന് ആവശ്യം.

കാലാനുസൃതമായി പുനർവിചിന്തനം ചെയ്യാൻ സാധിക്കുമെന്നതാണ് ക്രിസ്തുപഠനങ്ങളുടെ സൗന്ദര്യം. സ്ത്രീകളുടെ പ്രതീക്ഷകൾ ക്രിസ്തീയരീതിയിൽ സഫലമായാലേ രക്ഷാകരകർമത്തിന്റെ പുനർജീവിതം ആരംഭിക്കുകയുള്ളൂ. പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകളുടെ വിവാഹശതമാനം കുത്തനെ താഴ്ന്നുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നെഞ്ചിടിപ്പിന്റെ പ്രത്യക്ഷാടയാളമാണിത്. മുപ്പത്തൊമ്പതു ശതമാനം ഭാര്യമാർ ജോലി ചെയ്ത് ഭർത്താക്കന്മാരെക്കാൾ വരുമാനമുണ്ടാക്കുമ്പോൾ ആ കുടുംബത്തിലെ കിടപ്പുമുറിവരെ അതു പ്രതിധ്വനിക്കും. മുപ്പതുവർഷങ്ങൾക്കു മുൻപ് ഒരു സ്ത്രീക്ക് ഒറ്റിയാധാരം (mortgage deed) കിട്ടുകയില്ലായിരുന്നു. അപ്പന്റെയോ ഭർത്താവിന്റെയോ ഒപ്പാവശ്യമായിരുന്നു. അന്നൊക്കെ അവൾ അപ്പന്റെ മകൾ; ഭർത്താവിന്റെ ഭാര്യ. യൂണിവേഴ്സിറ്റികൾ ആണുങ്ങൾക്കു വേണ്ടിയായിരുന്നു. കാലം മാറി. സ്ത്രീകൾ പ്രധാനമന്ത്രിമാരാകുന്നു. ആണുങ്ങൾക്കു പെണ്ണുങ്ങൾ ഇന്നൊരു ഭീഷണിപോലെയാണ്. പുത്തൻരീതിയിലുള്ള ഒരു കുടുംബജീവിതം ആണുങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. എന്നാൽ പള്ളിക്കാര്യത്തിൽ സ്ത്രീകൾക്ക് ഇന്നും അവഗണനതന്നെയാണ്. റോമൻ കാര്യാലയത്തിന് "എലി തുമ്മിയാൽ മല മറിയുമോ?" എന്ന മട്ടാണ്. കഴുത ചുമടു ചുമക്കുന്നതുപോലെ ജീവിതഭാരം മുഴുവൻ പേറി, ജനിച്ച കുടുംബത്തിന്റെ പേരുപോലും സ്വന്തം പേരിനോടു ചേർക്കാനാവാതെ, ഭർതൃകുടുംബത്തിൽ ലയിച്ച്, ഓരോ നിമിഷവും ഇഞ്ചിഞ്ചായി മരിച്ച് ആ ദീപം അണയുന്നു. സ്ത്രീ ഉദ്യോഗമുള്ളയാളാണെങ്കിൽ ഉദ്യോഗം കൂടാതെ

വീട്ടിലെ തൊണ്ണൂറു ശതമാനം ജോലികളും ചെയ്യണം. കുട്ടികളെ പ്രസവിച്ചു വളർത്തണം. ഭർത്താവിന്റെ ഇഷ്ടം മുഴുവൻ സാധിച്ചുകൊടുക്കണം. നികൃഷ്ടനായ ഭർത്താവാണെങ്കിൽ അയാളുടെ ഇടിയും തൊഴിയും കൊള്ളണം. അഭിമാനം കാരണം മറ്റുള്ളവരോട് ഒന്നും പറയാൻ പാടില്ല. പള്ളീലച്ചനോട് ആവലാതിപ്പെട്ടാൽ "ഒരു നല്ല കുടുംബിനിയായി ജീവിക്കാൻ നോക്ക്. ഞാൻ പ്രാർഥിക്കാം" എന്ന മറുപടി. പ്രാർഥിക്കുന്നതിന് പൈസ മുടക്കില്ലല്ലോ. സ്ത്രീവിവേചനത്തിന് ഗ്ലോബലൈസേഷന്റെ ആവശ്യമില്ല. ലോകാരംഭം മുതൽ ലോകമാസകലം ഉള്ളതാണത്. പുരുഷന്മാർ ഈ ഭൂമുഖത്തുള്ളിടത്തോളം കാലം സ്ത്രീവ്യക്തിത്വത്തെ കുരുതി കഴിക്കാൻ സ്ത്രീകളുടെ തലയിൽ അവർ ബുർക്കാ (burka) ധരിപ്പിക്കും. പൗലോസ്ശ്ലീഹാ പറഞ്ഞത് സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെയെന്നാണ്. 'കാര്യങ്ങൾ വല്ലതും അറിയണമെങ്കിൽ വീട്ടിലിരുന്ന് ഭർത്താവിനോട് ചോദിക്ക്' എന്നും അദ്ദേഹം നിർദേശിച്ചു. സ്ത്രീകൾക്ക് എന്തു വ്യക്തിത്വമാണിവിടെ?

മിടുക്കന്മാരായ ആണുങ്ങൾ പേടിച്ച് സ്ഥലം വിട്ടപ്പോൾ കുരിശിൻചുവട്ടിൽ നില്ക്കാൻ ഏതാനും സ്ത്രീകളേ ഉണ്ടായിരുന്നുള്ളൂ. ഉയിർപ്പിന്റെ മഹിമ പ്രഖ്യാപിക്കാൻ മഗ്ദലനമറിയമിനു ഭാഗ്യം ലഭിച്ചു. കർത്താവിന്റെ ശുശ്രൂഷാവേലയിൽ സഹകരിച്ച സ്ത്രീകൾക്ക് സഭയിൽ ഉന്നതസ്ഥാനങ്ങളൊന്നും ലഭിച്ചിട്ടില്ല. പൗലോസിനെപ്പോലുള്ള തീവ്രവാദികളായ സ്ത്രീവിരോധികൾ ക്രിസ്തുവിന്റെ പഠനങ്ങളെ തട്ടിക്കൊണ്ടുപോയി പുരുഷമേധാവിത്വത്തെ സ്ഥാപിച്ചെടുത്തു. ഈ 21-ാം നൂറ്റാണ്ടിലും സ്ത്രീകളെ സഭ കാണുന്നത് അവരുടെ കഴിവനുസരിച്ചല്ല, ലിംഗാടിസ്ഥാനത്തിലാണ്. സഭയിൽ സ്ഥാനമൊന്നുമില്ലാതെ സഭയ്ക്ക് ഉപകാരമുള്ള സാധനമായി സ്ത്രീയെ കാണുന്നത് അധാർമികമല്ലേ? ലിംഗവിവേചനം കൊണ്ട് സ്ത്രീകളെ വിശുദ്ധഗ്രന്ഥ പ്രഘോഷണം ചെയ്യാനോ കർത്താവിന്റെ അന്ത്യ അത്താഴവിരുന്നിന്റെ ഓർമയാചരണ മേശയിൽ അധ്യക്ഷത വഹിക്കാനോ സഭ അനുവദിക്കുന്നില്ല. ശുശ്രൂഷാ പൗരോഹിത്യത്തിൽ നിന്നു സ്ത്രീകളെ മാറ്റിനിർത്തിയിരിക്കുന്നത് ദൈവനീതിക്കെതിരായ പ്രവൃത്തിയാണ്. ക്രിസ്തുവിന്റെ മഹത്വത്തിൽ സ്ത്രീയും തുല്യ അവകാശികളെങ്കിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും അവർ തുല്യ അവകാശികളാണ്. നീതിരഹിതമായ നിയമവും (പൗരസ്ത്യസഭകളുടെ കാനോനകൾ: കാനോന 754)[4] സ്ത്രീവിവേചനവും ദൈവതിരുമുമ്പിൽ തെറ്റാണ്. ഭാവിയിലെങ്കിലും ഈ തെറ്റ് സഭ തിരുത്തുമെന്ന് നമുക്ക് വിശ്വസിക്കാം.

# 2

# കത്തോലിക്കാസഭ

**"മാമ്മോദീസാ മുങ്ങി സത്യമായ ഒരു വിശ്വാസം അനുസരിച്ചു റോമാമാർപ്പാപ്പായ്ക്കു കീഴ്വഴങ്ങിയിരിക്കുന്ന വിശ്വാസികളുടെ കൂട്ടം വിശുദ്ധപള്ളിയാകുന്നു."** [1]

യഹൂദമതവും ക്രിസ്തുമതവും ഇസ്ലാംമതവും പ്രവാചകനും കുലപതിയുമായ അബ്രാഹമിലാണ് വേരൂന്നി നില്ക്കുന്നത്. ഈ മൂന്നു മതങ്ങളിലൊന്നായ ക്രിസ്തുമതത്തിലെ മുഖ്യ വിഭാഗങ്ങളാണ് റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, പൗരസ്ത്യഓർത്തഡോക്സ് സഭകൾ.

കത്തോലിക്കാസഭയ്ക്ക് ഇന്ന് 100 കോടിയിൽപരം അംഗസഖ്യയുണ്ട്. മൊത്തം ക്രിസ്ത്യാനികളിൽ നേർപകുതി. ലോകജനതയുടെ ആറിലൊന്നിൽ കുടുതൽ. ലത്തീൻ കത്തോലിക്കാസഭയും 21 പൗരസ്ത്യകത്തോലിക്കാസഭകളും ഉൾപ്പെട്ടതാണ് റോമൻ കത്തോലിക്കാസഭ.

അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവർ പഴയനിയമത്തിലെ പിതാക്കന്മാരാണ്. ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, ആവർത്തനം എന്നീ പഴയ നിയമഗ്രന്ഥങ്ങൾ 1250 ബി.സി. യിൽ ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്ന മോശെ എഴുതി എന്ന് വിശ്വസിക്കപ്പെടുന്നു. (മോശെയല്ല ഗ്രന്ഥകർത്താവെന്ന കാര്യത്തിൽ ഇന്നാർക്കും സംശയമില്ല. സ്വന്തം ശവസംസ്കാരത്തിന്റെ കാര്യം മോശെ വിവരിക്കുകയില്ലല്ലോ)! മോശെ ഈജിപ്തിലെ ഫറവോന്റെ കൊട്ടാരത്തിലാണ് വളർന്നത്. അദ്ദേഹം ഇസ്രായേൽ ജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു രക്ഷപ്പെടുത്തി കനാൻദേശത്ത് എത്തിച്ചു.

ദാവീദിന്റെ മകൻ സോളമൻ രാജാവ് ജെറുശലേമിൽ ദൈവത്തിന്റെ ആലയം പണിയിച്ചു. അദ്ദേഹം 950 ബി.സി. യിൽ ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്നു.

ദൈവം മനുഷ്യനു നല്കിയ ഉടമ്പടിയുടെ പൂർത്തികരണം ക്രിസ്തുവിന്റെ ആഗമനത്തോടെ ആരംഭിച്ചു. ഗലീലിയിലെ ഒരു നഗരമായ നസ്രത്തിൽ ദാവീദിന്റെ ഗോത്രത്തിൽപെട്ട യോസേഫിന്റെ പ്രതിശ്രുതവധുവായ കന്യകാമറിയമിൽനിന്നു രക്ഷകനായ യേശു ജനിച്ചു (ലൂക്കോ. 1: 26-32). യേശുവിന്റെ പരസ്യജീവിതകാലത്ത് 12 ശ്ലീഹന്മാരെ തെരഞ്ഞെടുത്തു. ദൈവമാർഗം അവരെ പഠിപ്പിച്ചു. അവസാനം തന്റെ കുരിശുമരണത്തിലൂടെ ക്രിസ്തു മനുഷ്യവർഗത്തെ വീണ്ടെടുത്തു.

യേശുവിന്റെ കുരിശുമരണത്തിനും സ്വർഗാരോഹണത്തിനും ശേഷം ശിഷ്യരും മറ്റ് ക്രിസ്തു അനുയായികളും ക്രിസ്തുവിന്റെ ഉദ്ബോധനങ്ങൾ ജെറുശലേമിലും പരിസരപ്രദേശങ്ങളിലും പ്രസംഗിച്ചു. പൗലോസ് അപ്പോസ്തലന്റെ രംഗപ്രവേശനത്തോടുകൂടി ആദിമസഭ വിജാതീയരുടെ ഇടയിലും വളർന്നു. ക്രൈസ്തവസഭ അങ്ങനെ ഒന്നാം നൂറ്റാണ്ടിൽതന്നെ രൂപംകൊണ്ടു.

ആദ്യനൂറ്റാണ്ടുകളിൽതന്നെ സഭയിൽ പല പാഷണ്ഡതകളും ഉടലെടുത്തു. മിഥ്യാപ്രതിഭാസവാദം (Docetism), ജ്ഞാനമാത്രവാദം (Gnosticism), ആര്യനിസം (Arianism) തുടങ്ങിയ സിദ്ധാന്തങ്ങളാണ് അവയിൽ പ്രധാനപ്പെട്ടവ. 250-336 എ.ഡി. വരെയുള്ള കാലഘട്ടത്തിലാണ് ഈ പാഷണ്ഡതകൾ രൂപംകൊണ്ടത്.

ബാബിലോണിയക്കാരനായ മാനിയുടെ (എ.ഡി. 216-276) ആധ്യാത്മികമായതെല്ലാം നല്ലതും ശാരീരികമായതെല്ലാം ദുഷിച്ചതുമാണെന്ന സിദ്ധാന്തം (Manicheism) മൂന്നാം നൂറ്റാണ്ടുമുതൽ ഏഴാം നൂറ്റാണ്ടുവരെ പുഷ്ടിപ്രാപിച്ചിരുന്നു. മനിക്കേയൻ അനുയായികളുടെ പേർഷ്യൻ കുരിശായിരിക്കാം മാർത്തോമ്മാകുരിശായി സീറോ-മലബാർ കത്തോലിക്കാസഭ ഇന്ന് വണങ്ങുന്നത്. എ.ഡി. 325-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുകൂട്ടിയ നിക്യാ (Nicea) സൂനഹദോസിൽ വച്ച് മനിക്കേയിസത്തെ സഭ ശപിച്ചുതള്ളി.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന നെസ്തോറിയസ് (എ.ഡി. 428-431) യേശുവിന്റെ അമ്മയായ മറിയത്തെ തെയൊത്തൊക്കോസ് (Theotokos - Mother of God) എന്ന് അഭിസംബോധന ചെയ്യുന്നത് തെറ്റാണെന്ന് ഒന്നാം എഫേസൂസ് കൗൺസിലിൽവച്ച് (എ.ഡി. 431) വാദിച്ചു. സൂനഹദോസ് അദ്ദേഹത്തിന് സഭാഭ്രഷ്ടു കല്പിച്ചു. എ.ഡി. 451-ൽ കൂടിയ കാൽസിഡോൺ കൗൺസിലിൽവച്ച് (Council of Chalcedon) നെസ്തോറിയൻസഭ കത്തോലിക്കാസഭയിൽനിന്ന് വേർപെട്ടുപോയി. മേൽ വിവരിച്ച അബദ്ധസിദ്ധാന്തങ്ങളെയെല്ലാം അതിജീവിച്ച് സഭ വളർന്നു.

എ.ഡി. 325-ൽ കുടിയ നിക്യാസൂനഹദോസ് സഭയുടെ വിശ്വാസപ്രമാണം പ്രഖ്യാപിച്ചു. അതിൽ മുഖ്യമായി 12 പ്രമാണങ്ങളാണുള്ളത്.

യേശു യഥാർഥ മനുഷ്യനും യഥാർഥ ദൈവവുമാണെന്ന് നിക്യാസൂന ഹദോസ് ഈ വിശ്വാസപ്രമാണം വഴി അസന്ദിഗ്ധമായി തീർപ്പു കല്പിച്ചു. എഴുതപ്പെട്ട വചനവും (വേദപുസ്തകം) സഭാപാരമ്പര്യങ്ങളുമാണ് വിശ്വാസത്തിനാധാരം എന്ന് പ്രഖ്യാപിച്ചു. വെളിപാട്, ദിവ്യജ്ഞാനം എന്നിവയും വിശ്വാസത്തിന്റെ ഘടകങ്ങളാണ്. സഭയുടെ വിശ്വാസപ്രമാണം വഴി അത് വ്യക്തമാക്കിയിരിക്കുന്നു. സഭയുടെ വേദപാഠത്തിൽ അത് വിശദമായി പഠിപ്പിക്കുന്നു[2].

കോൺസ്റ്റന്റൈൻ ചക്രവർത്തി എ.ഡി. 313-ൽ മിലാൻ പ്രഖ്യാപനം (Edict of Milan) വഴി ക്രിസ്തുമതത്തെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമാക്കി. അന്നത്തെ മാർപ്പാപ്പാ ആയിരുന്ന സിൽവസ്റ്റർ ഒന്നാമന് ലാറ്ററൻ കൊട്ടാരവും വമ്പിച്ച സ്വത്തും ചക്രവർത്തി ദാനമായി നല്കി. ക്രിസ്ത്യാനികളിൽനിന്ന് റോമാക്കാർ അനധികൃതമായി പിടിച്ചെടുത്ത സ്വത്തുവകകൾ സഭയ്ക്ക് തിരിച്ചു നല്കി. സഭ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായതോടെ അധഃപതനത്തിലേക്കു വഴുതി വീഴാൻ തുടങ്ങി. ലളിതമായ ക്രിസ്തീയകൂട്ടായ്മ സാമ്രാജ്യത്തിലെ സംഘടിതസഭയായി മാറി. കർത്താവിന്റെ മേശയാചരണം ബലിയായി രൂപാന്തരപ്പെട്ടു. മേലന്വേഷകരുടെയും മൂപ്പന്മാരുടെയും ശുശ്രൂഷകരുടെയും കൂട്ടായ്മശുശ്രൂഷാജീവിതരീതി മാറ്റി രാജകീയ അധികാരത്തോടെ വിശ്വാസികളെ ഭരിക്കാൻ തുടങ്ങി. അനാഡംബരമായ വേഷം മാറ്റി രാജകീയ വേഷധാരികളായി. ദരിദ്രസഭ സമ്പത്ത് സമാഹരിക്കാൻ തുടങ്ങി.

ഷാർള്മാഞ്ഞ് (Charlemagne) ചക്രവർത്തിയുടെ പിതാവ് പെപ്പിൻ (Pepin) 754-ൽ അന്നത്തെ മാർപ്പാപ്പായ്ക്ക് മധ്യഇറ്റലിയിൽ 16,000 ചതുരശ്രമൈൽ വിസ്തീർണമുള്ള ഭൂപ്രദേശം ദാനമായി നല്കി. അങ്ങനെ പാപ്പാ സംസ്ഥാനം സ്ഥാപിതമായി. വത്തിക്കാൻ സിറ്റി ഈ പാപ്പാസംസ്ഥാനത്തിന്റെ ഒരു ഭാഗമായിരുന്നു. 1870-ൽ ഇറ്റലി ഏകീകൃതമായപ്പോൾ പോപ്പിന്റെ സിവിലിയൻ ഭരണം അവസാനിച്ചു.

അപ്പോസ്തലരും മൂപ്പന്മാരും കൂടി നടത്തിയ ഒന്നാമത്തെ ജെറുശലേം സമ്മേളനമാതൃകയിൽ എക്യുമെനിക്കൽ കൗൺസിൽ (Ecumenical Council) കൂടി സഭാസിദ്ധാന്തങ്ങൾ (doctrines/dogmas) തീരുമാനിച്ചിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി മാർപ്പാപ്പാമാർ അവരുടെ അപ്രമാദിത്വ അധികാരം (Infallibility) ഉപയോഗിച്ചും പുതിയ സിദ്ധാന്തങ്ങൾ നിർവചിക്കാറുണ്ട്. മറിയം ഉത്ഭവപാപം കൂടാതെ ജനിച്ചവളാണെന്ന് (Immaculate Conception) 9-ാം പീയൂസ് മാർപ്പാപ്പാ 1854-ൽ പ്രഖ്യാപിച്ചതും (Ineffabilis Deus) മറിയം മരണശേഷം ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു (Assumption of Mary) എന്ന് 12-ാം പീയൂസ് മാർപ്പാപ്പാ 1950-ൽ പ്രഖ്യാപിച്ചതും (Munificentissimus Deus) ഇതിന് ഉദാഹരണങ്ങളാണ്. വെളിപ്പെടുത്തപ്പെട്ട സത്യത്തെ സഭ ആധികാരികമായി പ്രഖ്യാപിക്കുമ്പോഴാണ് അതൊരു ചോദ്യംചെയ്യാൻ പാടില്ലാത്ത സിദ്ധാന്തമായി മാറുന്നത്.

രണ്ടായിരം കൊല്ലത്തെ പഴക്കമുള്ളതിനാൽ ലോകത്തിലെ ഏറ്റവും പുരാതനവും വിപുലവുമായ ഒരു സ്ഥാപനമാണ് കത്തോലിക്കാസഭ. കത്തോലിക്കാസഭ ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവും ആണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും[3] പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താൽ നിത്യരക്ഷ മറ്റ് ക്രിസ്തീയ സഭകളിൽകൂടിയും ലഭിക്കുമെന്നതിനെ സഭ നിരാകരിക്കുന്നില്ല (രണ്ടാം വത്തിക്കാൻ കൗൺസിലിലെ സഭൈക്യത്തെ സംബന്ധിച്ച ഡിക്രി കാണുക).

കത്തോലിക്കാസഭയ്ക്ക് സ്വന്തമായ പാരമ്പര്യം, ചരിത്രം, സിദ്ധാന്തം, സംസ്കാരം, ആരാധനക്രമം, ധർമശാസ്ത്രം, പൂജ, ഭക്തി, ദൈവശാസ്ത്രം, ആധ്യാത്മികത, പ്രാർഥനകൾ, കാനോൻനിയമം തുടങ്ങിയവ ഉണ്ട്. ദൈവതിരുമനസ്സറിഞ്ഞ്, അതിനെ അനുദിനം ആശ്ലേഷിച്ച് ജീവിക്കുക എന്ന പ്രതിജ്ഞാബദ്ധതയാണ് കത്തോലിക്കാ ക്രിസ്തീയ ജീവിതത്തിന്റെ കാതൽ.

വിശുദ്ധഗ്രന്ഥം ദൈവനിവേശിതമാണെന്നും തെറ്റുപറ്റാത്തതാണെന്നും കത്തോലിക്കർ വിശ്വസിക്കുന്നു. മാമ്മോദീസാ എന്ന കൂദാശ വഴി ഒരാൾ കത്തോലിക്കനാകുന്നു. യാഹ്‌വെ മോശയ്ക്കു നല്കിയ പത്തുപ്രമാണങ്ങൾ വിശ്വാസികളുടെ ധർമാധർമ വിവേചനത്തിന് അതിരുകൾ നല്കുന്നു. പരിശുദ്ധ ത്രിത്വത്തിലും ശരീരവും ആത്മാവുമായുള്ള യോജിപ്പിലും ക്രിസ്തുവിലൂടെയുള്ള പരിത്രാണത്തിലും അവർ വിശ്വസിക്കുന്നു. അർഹിക്കപ്പെടാത്ത ഒരു ദൈവദാനമാണ് ദൈവകൃപ (Grace) എന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു.

വളരെ വിപുലമായ ഒരു അധികാരഘടന കത്തോലിക്കാസഭയ്ക്കുണ്ട്. ആ അധികാരഘടനയാണ് സഭയെ മുമ്പോട്ടു നയിക്കുന്നത്.

രാഷ്ട്രീയ കാര്യങ്ങൾ, സാമ്പത്തിക കാര്യങ്ങൾ, ശാസ്ത്രീയ കാര്യങ്ങൾ, വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ എന്നുവേണ്ട, ഒരു വ്യക്തിയെയും സമൂഹത്തെയും സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും സഭയുമായി സംയോജിപ്പിച്ചിരിക്കുന്നു. സഭയിലെ അംഗങ്ങൾ പല തട്ടിലുള്ളവരാണ്. പോപ്പ്, പാത്രിയർക്കീസുമാർ, കർദിനാളന്മാർ, ശ്രേഷ്ഠ മെത്രാപ്പോലീത്താമാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വികാരിജനറാളന്മാർ, മോൺസിഞ്ഞോറന്മാർ, വൈദികർ, ഡീക്കന്മാർ, സന്ന്യാസികൾ, കന്യാസ്ത്രീകൾ, അല്മായർ.

പരിശുദ്ധ കുർബാന അഥവാ ദിവ്യബലി (Eucharist) എന്ന കൂദാശ പരികർമമാണ് സഭയുടെ ഔദ്യോഗികമായ ദൈവാരാധന. സഭയ്ക്ക് ഏഴു കൂദാശകളാണുള്ളത്. അതിൽ ഒന്നാണ് കുർബാന അഥവാ ദിവ്യകാരുണ്യം. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, കുമ്പസാരം, രോഗീലേപനം, പട്ടം, വിവാഹം എന്നിവയാണ് മറ്റു കൂദാശകൾ.

പട്ടം മൂന്നിനമുണ്ട് : മെത്രാൻ പട്ടം (Bishop), വൈദിക പട്ടം (Priest), ശ്മംശാനാ പട്ടം (Deacon).

ഓരോ സഭാസ്ഥാനികൾക്കും അവരുടെ സ്ഥാനത്തെ സൂചിപ്പിക്കുന്ന പ്രത്യേകനിറമുള്ള ളോഹയാണ് ഉപയോഗിക്കുന്നത്.

| | | |
|---|---|---|
| മാർപ്പാപ്പാ | - | വെള്ളനിറം (white) |
| കർദ്ദിനാൾ | - | ചുവപ്പുനിറം (red) |
| മെത്രാന്മാർ | - | കരിഞ്ചുവപ്പുനിറം (purple) |
| വൈദികർ | - | കറുപ്പുനിറം (black) |

സീറോ-മലബാർ സഭയിലെ വൈദികർ സാധാരണയായി വെള്ളളോഹയാണ് ഉപയോഗിക്കുന്നത്.

റോമൻ കത്തോലിക്കാസഭയുടെ പരമാധികാരി മാർപ്പാപ്പയാണ്. മാർപ്പാപ്പായ്ക്ക് വിശ്വാസസത്യങ്ങളെയും സന്മാർഗികതയെയും സംബന്ധിച്ച കാര്യങ്ങളിൽ അപ്രമാദിത്വമുണ്ടെന്ന് 1870-ൽ ഒന്നാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുകയുണ്ടായി.

കത്തോലിക്കാസഭ പട്ടം കിട്ടിയവരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും ഒരു സമൂഹമാണ്. ഈ സമൂഹത്തിന്റെ പ്രധാന ദൗത്യം ക്രിസ്തുപഠനങ്ങളെ ലോകം മുഴുവൻ പ്രസംഗിക്കുകയും കൂദാശാജീവിതം നയിക്കുകയുമാണ്.

കത്തോലിക്കാസഭയിൽ നാലായിരത്തോളം മെത്രാന്മാരും നാലുലക്ഷത്തിൽപരം വൈദികരും എട്ടുലക്ഷത്തിൽപരം കന്യാസ്ത്രീകളുമുണ്ട്. ലോകത്തെമ്പാടുമായി കത്തോലിക്കാസഭയിൽ 2008-ൽ 2795 രൂപതകൾ ഉണ്ടായിരുന്നു.

കത്തോലിക്കാസഭയുടെ കാനോൻ നിയമമനുസരിച്ച് റോമൻ മാർപ്പാപ്പയോട് അനുസരണ പ്രഖ്യാപിച്ചിട്ടുള്ള ഒരു മെത്രാൻ "തനിക്കു ഭരമേൽപിച്ചിരിക്കുന്ന രൂപതയെ നിയമനിർമാണ (legislative), ഭരണനിർവഹണ (executive), നീതിന്യായ (judicial) അധികാരത്തോടുകൂടി ഭരിക്കുന്നു".[4] ലോകത്തിലെ മറ്റേതൊരു ഭരണാധികാരിക്കുമില്ലാത്ത വിപുലമായ അധികാരമാണ് മെത്രാന്മാർക്കുള്ളത്. മെത്രാന്മാർ എല്ലാ അഞ്ചുവർഷം കൂടുമ്പോഴും മാർപ്പാപ്പയെ സന്ദർശിക്കണം. മെത്രാന്റെ അധികാര ഇരിപ്പിടമായ കസേര (Cathedra) ഉള്ള പള്ളിയാണ് കത്തീഡ്രൽ പള്ളി. റോമിന്റെ മെത്രാനായ മാർപ്പാപ്പായുടെ കത്തീഡ്രൽ വിശുദ്ധ ജോൺ ലാറ്ററൻ പള്ളിയാണ്.

ഒരു നല്ല കത്തോലിക്കൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിരിക്കണം:

1. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിയിൽ സംബന്ധിക്കണം.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ച് പാപമോചനം നേടി പരിശുദ്ധ കുർബാന സ്വീകരിക്കണം.
3. പള്ളിയുടെ പ്രമാണങ്ങൾ (കാനോൻ നിയമങ്ങളും രൂപതാചട്ടങ്ങളും) അനുസരിക്കണം.

4. വിവാഹനിയമങ്ങൾ പാലിക്കണം.
5. പള്ളിയ്ക്ക് സാമ്പത്തിക സഹായം ചെയ്യണം.

ഒരു കത്തോലിക്കൻ പല വിധിനിയമങ്ങളെ അനുസരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു:

1. യാഹ്വെ മോശയ്ക്കു നൽകിയ 10 പ്രമാണങ്ങൾ (10 Commandments)
2. പ്രകൃതിപരമായ സദാചാരനിയമങ്ങൾ (natural moral laws-റോമ. 2: 14-15)
3. സഭയുടെ നിയമങ്ങൾ (Canon laws + diocesan statutes)
4. സിവിൽ നിയമങ്ങൾ (Civil laws)

സഭയുടെ ഭരണം ജനാധിപത്യപരമല്ല. രാജഭരണം പോലെയുള്ള ഹയരാർക്കിയൽ ഭരണമാണ് സഭയിൽ നടക്കുന്നത്. പോപ്പിനെ കർദിനാളന്മാർ കൂടി തിരഞ്ഞെടുക്കുന്നു. കർദിനാളന്മാരെ മാർപ്പാപ്പാ തെരഞ്ഞെടുക്കുന്നു. മെത്രാന്മാരെ മാർപ്പാപ്പാ നിയമിക്കുന്നു.

## സഭ രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പ്:

രണ്ടു ലോകമഹായുദ്ധങ്ങൾ നടന്നു. നാസികൾ വളർന്നു വളർന്ന് അവസാനം നശിച്ചു. കമ്മ്യൂണിസം ശക്തിപ്പെട്ടു. അമേരിക്കയും സോവിയറ്റുയൂണിയനും വൻശക്തികളായി. ഇൻഡ്യയ്ക്ക് 1947-ൽ സ്വാതന്ത്ര്യം ലഭിച്ചു.

1957-ൽ സോവിയറ്റ് യൂണിയൻ 83 കിലോ മാത്രം തൂക്കമുള്ള സ്പുട്നിക്ക് (Sputnik) എന്നു പേരായ ഒരു ഉപഗ്രഹം ശൂന്യാകാശത്തിലേക്ക് വിക്ഷേപിച്ചു.

ലോകത്തിലാദ്യമായി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മ്യൂണിസ്റ്റു മന്ത്രിസഭ കേരളസംസ്ഥാനത്ത് ഭരണം നടത്തി (1957-1959). 1959-ൽ ഈ മന്ത്രിസഭയ്ക്കെതിരായി വിമോചനസമരം നടത്തി. അതിന്റെ ഫലമായി കേന്ദ്രഗവൺമെന്റ് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പിരിച്ചുവിട്ടു. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ചരിത്രം സൃഷ്ടിച്ച സംഭവമായിരുന്നു അത്. പക്ഷേ, വിമോചന സമരത്തിന്റെ പരിണതഫലമായി ഉണ്ടാകുവാനിരുന്ന വിദൂരവിപത്ത് അന്നത്തെ അല്മായർ മനസ്സിലാക്കിയിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി സമൂഹത്തിൽ ശാസ്ത്രീയവും സാങ്കേതികവുമായ വലിയ മാറ്റങ്ങൾ അനുദിനം സംഭവിച്ചു കൊണ്ടിരുന്നു. പത്രമാസികകൾ ധാരാളം പ്രസിദ്ധീകരിച്ചു തുടങ്ങി. റേഡിയോ നൂതനമാധ്യമമായി സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടു. ജനങ്ങളുടെ നേരംപോക്കിനായി ചലച്ചിത്രങ്ങളും പ്രദർശിപ്പിച്ചു തുടങ്ങി.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നസ്രാണി കർഷകകുടുംബങ്ങൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിച്ചിരുന്നു. വടക്കൻ

മലബാറിലേക്കും കിഴക്കൻമലകളിലേക്കും കൃഷിക്കായി അവർ കുടിയേറി. ഓരോ കുടുംബത്തിനും അന്ന് എട്ടും പത്തും കുട്ടികൾ ഉണ്ടായിരുന്നു. സെമിനാരികളിലേക്കും മഠങ്ങളിലേക്കും അർഥികളെ ലഭിക്കാൻ അന്ന് യാതൊരു പ്രയാസവുമില്ലായിരുന്നു. അന്നു വൈദികവിദ്യാർഥികളെ തെരഞ്ഞെടുത്തിരുന്നത് നല്ല പുരാതന കുടുംബങ്ങളിൽ നിന്നായിരുന്നു. അതിലധികവും സാമ്പത്തികസ്ഥിതിയിൽ ഇടത്തരക്കാരായ കൃഷിക്കാരുടെ മക്കളായിരുന്നു.

ഇടവകപ്പള്ളികളോടനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിതമായി. പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം കോളേജുകളും പണിതു തുടങ്ങി. തിരുവനന്തപുരം ആസ്ഥാനമാക്കി മലയാളനാട്ടിൽ കത്തോലിക്കാസഭയ്ക്ക് പുതിയ ഒരു റീത്തുകൂടി ഉണ്ടായി. സീറോ-മലങ്കരറീത്ത്. സീറോ-മലബാർ സഭയ്ക്ക് അന്ന് നാലു രൂപതകൾ - തൃശൂർ, എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി. വിശ്വാസികൾ മെത്രാന്മാരെ രാജാക്കന്മാർക്കു തുല്യരായി കരുതി. അവർ താമസിച്ചിരുന്ന വീട് കൊട്ടാരസദൃശമായ അരമനകളായിരുന്നു. ഇന്നും അങ്ങനെതന്നെ.

വിശ്വാസികൾ വൈദികരെ ആധ്യാത്മിക രണശൂരന്മാരായി കരുതി അവരെ ബഹുമാനിച്ചു. ആ അന്തസ്സിന് സംഭവിക്കാൻ പോകുന്ന മാറ്റങ്ങൾ അന്നാരും ഗ്രഹിച്ചിരുന്നില്ല.

സുറിയാനി ഭാഷയിൽ ദിവ്യബലിയും മറ്റ് ആരാധനക്രമങ്ങളും നടത്തിയിരുന്നു. അർഥം മനസ്സിലായിരുന്നില്ലെങ്കിലും വിശ്വാസികൾ ഭക്തിപൂർവം അതിൽ സംബന്ധിച്ചിരുന്നു. ദിവ്യബലി സമയത്ത് അമ്മൂമ്മമാർ കൊന്ത എത്തിച്ച് പ്രാർഥിച്ചു! ജനങ്ങളുടെ വിശ്വാസം ശക്തവും ഉന്മേഷകരവുമായിരുന്നു. പള്ളിയിൽ പോകുന്നവരുടെ എണ്ണം ആ കാലഘട്ടത്തിൽ ഏറ്റവും കൂടുതലായിരുന്നു. പ്രാർഥന പള്ളിയിൽ മാത്രമായിരുന്നില്ല. കുടുംബങ്ങളിലെ സന്ധ്യാനമസ്കാരവും പുണ്യവാന്മാരുടെ വണക്കമാസങ്ങളും നിർബന്ധമായ കാര്യങ്ങളായിരുന്നു.

മനുഷ്യവർഗത്തോടുള്ള ദൈവത്തിന്റെ വെളിപാടാണ് വേദപുസ്തകം, നിത്യരക്ഷ ക്രിസ്തുവിലൂടെ ദൈവജനത്തിന് പ്രാപ്യമായി തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങളിലുള്ള വിശ്വാസത്തിൽ കത്തോലിക്കർ ഒറ്റക്കെട്ടായിരുന്നു. മെത്രാൻ എന്ന സ്ഥാനം സുപ്രധാനമായ ഈ വിശ്വാസസത്യങ്ങൾ മൗലികസത്യങ്ങളായി വിശ്വാസികളിൽ അരക്കിട്ടുറപ്പിക്കാൻ കാര്യക്ഷമതയോടെ ഉപയോഗിച്ചു. എങ്കിലും പള്ളിജീവിതം വിശ്വാസികൾക്ക് വളരെ ലളിതമായി അനുഭവപ്പെട്ടു. സങ്കീർണമായ കാര്യങ്ങൾ സംബന്ധിച്ച് വാദപ്രതിവാദങ്ങളിൽ ഏർപ്പെടാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. കേരളത്തിലെ കാര്യങ്ങളുടെ സ്ഥിതി അന്നങ്ങനെയായിരുന്നെങ്കിലും സഭയിലും സമുദായത്തിലും സമൂഹത്തിലും വമ്പിച്ച മാറ്റങ്ങൾ സംഭവിക്കുവാൻ തുടങ്ങിയിരുന്നു. കാരണം, ലോകമറിയാത്ത അനേകം കാര്യങ്ങൾ സഭയിലുണ്ടായിരുന്നു.

## സഭയും പരിവർത്തനവും:

1958 ശരത്കാലത്ത് 12-ാം പീയൂസ് മാർപ്പാപ്പായുടെ മരണത്തെതുടർന്ന് ഒരു പുതിയ മാർപ്പാപ്പാ തെരഞ്ഞെടുക്കപ്പെട്ടു. പോപ്പ് ജോൺ 23-ാമൻ (Angelo Giuseppe Roncalli). ചുരുങ്ങിയ മാസങ്ങൾക്കകം അദ്ദേഹം കത്തോലിക്കരുടെയും അകത്തോലിക്കരുടെയും ഹൃദയവും മനസ്സും കവർന്നെടുത്തു. സഭ ഉപേക്ഷിച്ചുപോയ വളരെ യധികം വിശ്വാസികൾ കത്തോലിക്കാക്കൂട്ടായ്മയിലേക്ക് ആ കാലഘട്ടത്തിൽ തിരിച്ചു വന്നു. സഭയെ ആനുകാലികമാക്കുന്നതിനു വേണ്ടി (aggiornamento), വത്തിക്കാന്റെ ജനാലകൾ തുറക്കാൻ അദ്ദേഹം ആഗ്രഹിച്ചു. കർദിനാളന്മാരുടെയും റോമൻ കാര്യാലയങ്ങളുടെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട് പരിശുദ്ധ റൂഹായുടെ ദിവ്യജ്ഞാനത്താൽ പ്രേരിതനായി ഈ പുത്തൻ പാപ്പാ 1962 ഒക്ടോബർ മാസത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടി. റോമൻ കാര്യാലയങ്ങളിലുണ്ടായിരുന്നവർ സഭയുടെ അപ്പോഴത്തെ സ്ഥിതിയിൽ സന്തുഷ്ടരായിരുന്നു. സഭയിൽ മാറ്റങ്ങൾ വരുത്തുന്നതിനെ വിദ്വേഷത്തോടെയാണ് അവർ കണ്ടത്. പക്ഷേ, മാർപ്പാപ്പായുടെ ഈ തീരുമാനത്തെ നിരുത്സാഹപ്പെടുത്താനോ തടസ്സപ്പെടുത്താനോ അവർക്കു കഴിഞ്ഞില്ല. ജോൺ 23-ാമൻ മാർപ്പാപ്പാ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും സ്നേഹിക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട പ്രതിഭാശാലിയായ മാർപ്പാപ്പാ ആയിരുന്നു.[5]

മുക്കുവന്റെ കസേരയിൽ ഈ മാർപ്പാപ്പാ വെറും നാലു വർഷവും ഏഴു മാസവുമേ ഇരുന്നുള്ളൂ. എങ്കിലും, കടലുപോലെ ഇടയ്ക്കിടെ ഇളകിമറിയുന്ന കത്തോലിക്കാസഭയുടെ ചരിത്രത്തിൽ പ്രശാന്തസുന്ദരമായ വർഷങ്ങളായി ആ അഞ്ചു വർഷത്തെ ജനങ്ങൾ കണ്ടു. സഭയുടെ മുഖമുദ്രതന്നെ പാടേ മാറി. തൊടുന്നതിനെല്ലാം കുറ്റം വിധിക്കുന്ന സ്വഭാവമുള്ള സഭ ലോകത്തോടു സംസാരിച്ചു. ജനം കേൾക്കാൻ ശ്രമിച്ചു. കത്തോലിക്കാസഭയുടെ സിദ്ധാന്തഭ്രാന്തിന്റെ (dogmatism) നാരായവേര് അറക്കപ്പെട്ടതു പോലെ തോന്നി.

9-ാം പീയൂസ് മാർപ്പാപ്പാ ലോകം മുഴുവനെയും ഭരിക്കുന്നതിനുള്ള ആവേശമാണ് കാണിച്ചതെങ്കിൽ ജോൺ 23-ാമൻ മാർപ്പാപ്പാ സത്യത്തെയും നന്മയെയും മുറുകെപ്പിടിച്ച് ഒരു നല്ലയിടനാകാൻ ആഗ്രഹിച്ചു. ഉല്ലാസഭരിതനും നല്ല സ്വഭാവക്കാരനും തമാശക്കാരനുമായിരുന്നു ഈ മാർപ്പാപ്പാ. ഇദ്ദേഹത്തിന്റെ ആചാര്യനടുത്ത ലളിതമായ സമീപനത്തിന്റെ കഥകൾ ലോകർ കേട്ടുകൊണ്ടിരുന്നു. പിറവിത്തിരുന്നാളിന്റെ അവധിക്കാലത്ത് ആശുപത്രികളും ജയിലുകളും സന്ദർശിക്കാനായിരുന്നു ഈ ദൈവികമനുഷ്യന്റെ ആഗ്രഹം.

ജോൺ 23-ാമൻ മാർപ്പാപ്പായുടെ പ്രസിദ്ധമായ ചാക്രികലേഖനങ്ങളാണ് 'മാതാവും ഗുരുനാഥയും' (Mater et Magistra - 1961), 'ഭൂമിയിൽ സമാധാനം' (Pacem in Terris) എന്നിവ. ഈ രണ്ട് ഉദ്ബോധനങ്ങളും സാമൂഹിക നീതിയെ സംബന്ധിച്ചതായിരുന്നു.

അപ്രമാദിത്വത്തിന്റെ വരം എനിക്കുണ്ടെങ്കിലും ഞാൻ ഒരിക്കലും അതു പയോഗിക്കയില്ലെന്ന് ഈ മഹാപുരോഹിതൻ തന്റെ സ്നേഹിതരോട് പറയുമായിരുന്നു. മരണക്കിടക്കയിൽ വച്ച് അദ്ദേഹം പറഞ്ഞു: "എന്റെ ഭാണ്ഡം ഞാൻ മുറുക്കിക്കഴിഞ്ഞു; ഞാൻ പോകാൻ സന്നദ്ധനാണ്".

ആ കാലഘട്ടത്തിൽ പുരോഹിതാകുന്നത് ചെറുപ്പക്കാർക്ക് ഒരു ഹരമായിരുന്നു. പത്രങ്ങൾ വഴിയും റേഡിയോവഴിയും കൗൺസിലിന്റെ ഒരുക്കങ്ങളെ സംബന്ധിച്ചും സഭയിൽ സംഭവിക്കാൻ പോകുന്ന പരിവർത്തനങ്ങളെക്കുറിച്ചും ലോകജനത അപ്പപ്പോൾ അറിഞ്ഞുകൊണ്ടിരുന്നു. ദിവ്യബലി ഇനി മുതൽ സുറിയാനി ഭാഷയിലല്ല; മറിച്ച് മലയാളത്തിലാണ് അർപ്പിക്കുവാൻ പോകുന്നതെന്ന് കൊവേന്ത ഇടനാഴികകളിൽ ശെമ്മാശന്മാർ അടക്കം പറഞ്ഞുതുടങ്ങി. ദുർഘടം പിടിച്ച ഈ സുറിയാനി പഠനം ഒന്നവസാനിക്കുമല്ലോയെന്ന് ഈ ഗ്രന്ഥകാരനും വിചാരിച്ചു. ലത്തീൻ പഠനം അതിലും കഷ്ടം. പക്ഷേ ആഗ്രഹം നടന്നില്ല. സുറിയാനി പഠിച്ചു. തത്ത്വശാസ്ത്രം ലത്തീനിൽത്തന്നെ പഠിച്ചു!

'ദൈവവിളി' വർധിച്ചുകൊണ്ടിരുന്നു. ദൈവത്തിനെന്തോ പുതിയ പദ്ധതികൾ ഉണ്ടെന്ന് ഞാൻ വിചാരിച്ചു. എവിടെ നോക്കിയാലും സഭയിൽ പുതിയ കെട്ടിടങ്ങളുടെ പണിയാണ്. കത്തോലിക്കാസഭ ഒരു ശക്തമായ സഭയാണെന്ന് ശെമ്മാശന്മാർക്കൊക്കെ തോന്നി. ഒരൊറ്റ വിശ്വാസി പോലും സഭയ്ക്കെതിരായി ശബ്ദിക്കാൻ നാവനക്കിയില്ല. ലോകരുടെ മുമ്പിൽ സഭയെപ്പറ്റി നല്ല ഒരഭിപ്രായം ഉണ്ടായി.

റോമിന്റെ സഹായത്തോടെ സീറോ-മലബാർ സഭയുടെ വളർച്ച വളരെ ധൃതഗതിയിലായിരുന്നു. 1962-ൽ കേരളത്തിനു വെളിയിൽ ആദ്യമായി സീറോ-മലബാർ സഭയ്ക്ക് ഒരു മിഷൻരൂപത ലഭിച്ചു - ചാന്ദാമിഷൻ. അതൊരു മാലപ്പടക്കത്തിന്റെ ആരംഭമായിരുന്നു. ഇന്ന് കേരളത്തിലും അമേരിക്ക ഉൾപ്പെടെ കേരളത്തിനു വെളിയിലുമായി 29 രൂപതകൾ സീറോ മലബാർ സഭയ്ക്കുണ്ട്.

1963-ൽ ജോൺ 23-ാമൻ മാർപ്പാപ്പാ അന്തരിച്ചു. മാർപ്പാപ്പയായി തിരഞ്ഞെടുത്തപ്പോൾത്തന്നെ അദ്ദേഹത്തിന് 77 വയസ്സ് പ്രായമുണ്ടായിരുന്നു. ഈ മാർപ്പാപ്പാ ഒരു താത്കാലിക പാപ്പായാണെന്ന് വത്തിക്കാന്റെ ഉള്ളറകൾ അറിയാവുന്നവർ കരുതി. പക്ഷേ, അവരെയെല്ലാം വിഡ്ഢികളാക്കിക്കൊണ്ട് ഈ മഹാമനുഷ്യൻ കത്തോലിക്കാസഭയുടെ ചിത്രം മൊത്തം മാറ്റിവരച്ച് ആധുനികയുഗത്തിലെ ഏറ്റവും സ്വാധീനശക്തിയുള്ള പ്രഗല്ഭ കത്തോലിക്കാ നേതാവായിത്തീർന്നു. 1963-ൽ പോൾ ആറാമനെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു. ആ വർഷം നവംബറിൽ കത്തോലിക്കനായ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി (John F. Kennedy) വെടിയേറ്റു മരിച്ചു.

1965 ഡിസംബർ 8-ന് രണ്ടാംവത്തിക്കാൻ കൗൺസിൽ അവസാനിച്ചു. രണ്ടു മാർപ്പാപ്പാമാരുടെ കാലത്തായി മൂന്നു വർഷങ്ങൾക്കിടെ നാലു

സമ്മേളനങ്ങൾ നടത്തിയ കൗൺസിൽ 16 പ്രമാണ രേഖകൾ പുറപ്പെടുവിച്ചു. ആരാധനക്രമ പരിഷ്കരണം, സാർവലൗകിക ക്രിസ്തീയ സഭകളുടെ ഐക്യം, സഭ ആധുനികലോകത്തിൽ തുടങ്ങിയ രേഖകളായിരുന്നു അവയിൽ പ്രധാനപ്പെട്ടവ. (എന്റെ അടുത്ത പുസ്തകമായ 'സഭാനവീകരണത്തിലേക്ക് ഒരു വഴി'യിൽ ഈ വിഷയങ്ങളെ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നതാണ്).

വിശുദ്ധ കുർബാനയും മറ്റു കൂദാശകളും തദ്ദേശഭാഷകളിൽ അർപ്പിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി അല്മായർക്ക് ഈ തിരുക്കർമങ്ങളിൽ അർഥം മനസ്സിലാക്കി പങ്കെടുക്കാൻ സാധിച്ചു. ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിനുള്ള പ്രസക്തി ഈ കൗൺസിലിന്റെ ഫലമായി സാധാരണ വിശ്വാസികൾ മനസ്സിലാക്കാൻ തുടങ്ങി. സഭയെ എപ്രകാരം നോക്കിക്കാണണമെന്നുള്ള ദൈവശാസ്ത്രപഠനത്തിന് കൗൺസിൽ പിതാക്കന്മാർ പുതിയ വീഥികൾ വെട്ടിത്തുറന്നു. മതവൈവിധ്യത്തെ ബഹുമാനിക്കുക, കത്തോലിക്കാ ആരാധനകളെ ശക്തിപ്പെടുത്തുക, മതസ്വാതന്ത്ര്യം അനുവദിക്കുക ഇവയൊക്കെ അതിൽ ഉൾപ്പെടുന്നതാണ്.[6]

സഭ എന്നു പറയുന്നത് ദൈവജനത്തിന്റെ (People of God) കൂട്ടായ്മയാണെന്ന് കൗൺസിൽ പ്രഖ്യാപിച്ചു. എങ്കിലും, കത്തോലിക്കാസഭ മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ, പുരോഹിതർ, ശെമ്മാശന്മാർ തുടങ്ങിയ സ്ഥാനികളുടെ അധികാരശ്രേണിയാണെന്ന കാര്യം നിരാകരിച്ചില്ല. ഈ കൗൺസിൽ പ്രകാരം സഭയുടെ സ്വഭാവത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ ദൈവജനത്തിന്റെ കൂട്ടായ്മ എന്ന ആശയത്തിനാണ് പ്രാധാന്യം. കാർഡിനൽ ഏവറി ഡള്ളസിന്റെ (Avery Dulles) അഭിപ്രായത്തിൽ വത്തിക്കാൻ രണ്ടിന്റെ രേഖകളിൽ കാണുന്ന പ്രധാന സഭാമാതൃക എന്നത് ദൈവജനം എന്നതാണ്. അതിനാൽ സഭ ചരിത്രത്തിലൂടെയുള്ള തീർഥാടന യാത്ര തുടരുന്നു. ദൈവത്തിന്റെ രക്ഷയുടെ ചരിത്രം അല്പാല്പമായി അനാവരണം ചെയ്യപ്പെടുന്നു.[7]

കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷ ഇല്ലായെന്ന് പഠിപ്പിച്ചിരുന്ന സഭ മനുഷ്യവർഗത്തിന്റെ ഐക്യത്തിനും സമാധാനപരമായ പരസ്പരബന്ധത്തിനും മതസ്വാതന്ത്ര്യം അനിവാര്യമാണെന്നും ഓരോ മനുഷ്യനും സ്വതന്ത്രമായി തന്റെ മതവിശ്വാസത്തിലൂടെ ജീവിക്കാൻ കടപ്പെട്ടവരാണെന്നും ഈ കൗൺസിൽ വഴി പഠിപ്പിച്ചു.[8] ജനങ്ങളുടെ ആത്മാർഥമായ മതാത്മക താത്പര്യത്തെ മാനിക്കുന്നവർ ഭരണഘടന വഴി അത് ഉറപ്പാക്കണമെന്ന് കൗൺസിൽ നിർദേശിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം അല്മായർ മുകളിൽ നിന്നുള്ള കല്പനകൾക്ക് നോക്കിയിരിക്കുകയല്ലാ വേണ്ടത്; മറിച്ച്, അവർക്ക് നയിക്കാനും മാർഗദർശനം ചെയ്യാനും സഭയെ വേണ്ടിവന്നാൽ തിരുത്താനുമുള്ള മുഖ്യമായ കടമയുണ്ട്. സഭയുടെ നന്മയ്ക്കുവേണ്ടി അറിവും കാര്യക്ഷമതയും അധികാരവും ഉപയോഗിക്കാൻ ചിലപ്പോൾ

അല്മായരും കടപ്പെട്ടവരാണെന്ന് സഭയെ സംബന്ധിച്ച പ്രമാണരേഖ യിൽ ഊന്നിപ്പറയുന്നുണ്ട്.[9] ഡീക്കന്മാർ അവിവാഹിതരായിരിക്കണമെന്ന നിയമം റദ്ദാക്കി. സ്ഥിരഡീക്കന്മാരെ ഇടവകജീവിതത്തിൽ പ്രധാന പങ്കാ ളികളാക്കി. മാമ്മോദീസാ, വിവാഹം മുതലായ കൂദാശകൾ പരികർമം ചെയ്യാൻ സ്ഥിരഡീക്കന്മാരെ നിയോഗിച്ചു. ഇത്തരം കാലോചിതമായ തീരുമാനങ്ങൾ കൗൺസിൽ സ്വീകരിച്ചപ്പോൾ കൂടുതൽ മാറ്റങ്ങൾ ഭാവി യിൽ സഭയിൽ സംഭവിക്കുമെന്ന് കത്തോലിക്കരിലും അകത്തോലിക്ക രിലും ശുഭാപ്തിവിശ്വാസം ഉണ്ടായി.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ജോൺ 23-ാം മാർപ്പാപ്പാ നടത്തിയ ശ്രദ്ധേയമായ പ്രഭാഷണത്തിൽ ചില കാര്യങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്: "ഈ കൗൺസിലിന്റെ പ്രകാശത്താൽ പ്രശോഭിതമായിട്ട് അധ്യാത്മിക സമ്പത്തിൽ സഭ വളർച്ച പ്രാപിക്കുമെ ന്നാണ് നമ്മുടെ ദൃഢമായ വിശ്വാസം. അങ്ങനെ നവമായൊരു ചൈത ന്യവും ശക്തിയുമാർജിച്ച് ഭീതിരഹിതയായി അവൾ ഭാവിയെ പ്രതീക്ഷി ച്ചിരിക്കും."[10] സൂനഹദോസിന്റെ നിർദേശങ്ങൾ ഉൾക്കൊണ്ട് പരിണാമ പ്പെട്ട വ്യത്യസ്തമായ ഒരു സഭയെയാണ് മാർപ്പാപ്പാ വീക്ഷിച്ചതെന്ന് ഈ അഭിപ്രായപ്രകടനത്തിൽ നിന്നു വ്യക്തമാണ്.

എന്നാൽ കൗൺസിലിനുശേഷം സഭാധികാരത്തിലെ യാഥാസ്ഥിതി കർ ശക്തിപ്പെട്ട് സഭയെ ആനുകാലി മാക്കുക എന്ന ആശയത്തെ ഞെക്കി ക്കൊന്നു. സഭ ഇന്ന് സുപ്രധാനങ്ങളായ പല ചോദ്യത്തിനും ഉത്തരം നല്കാൻ മടിച്ച് കണ്ണുമടച്ചിരിക്കുകയാണ്. വിവാഹമോചനം സിവിൽകോ ടതിയിൽ നിന്നും നേടിയവരുടെ കാര്യമെന്ത്? വൈദികർ അവിവാഹിത രായിരിക്കണമെന്ന നിയമം ഓരോ വ്യക്തിയുടെയും താത്പര്യത്തിന് വിട്ടു കൊടുക്കുമോ? സ്ത്രീകളെ നേതൃസ്ഥാനത്തേക്ക് എങ്ങനെ കൊണ്ടു വരും? കൃത്രിമജനനനിയന്ത്രണം അനുവദിക്കുമോ? പള്ളിയുടെ ഭൗതിക ഭരണം അല്മായരെ ഏല്പിച്ചുകൊടുക്കുമോ? ആധുനിക കത്തോലിക്കാ സഭ പല മാറ്റങ്ങൾക്കും മുറവിളികൂട്ടുന്നുണ്ട്.

കൗൺസിലിന്റെ പഠനങ്ങളെ അവഗണിച്ചുകൊണ്ടുള്ള സഭയുടെ ഇന്നത്തെ പോക്ക് വിശ്വാസികളുടെ ഇടയിൽ ഉതപ്പുണ്ടാക്കുന്നുണ്ട്. കൂടാതെ സഭയിലുള്ള വിശ്വാസവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വാ സികൾ ഇന്ന് ആശയറ്റവർ എന്നു പറഞ്ഞാൽ അതൊരു ന്യൂനോക്തി (understatement) ആയിരിക്കാം.

അടുത്ത ആഗോളസഭാ മഹായോഗത്തിനുള്ള സമയമായി.

# 3

# അല്മായർ

**"It has often seemed that for Catholics obedience is the only virtue just as the sin of the flesh is the only vice"**
- Yves Cardinal Congar

**ക്രി**സ്തുശിഷ്യനായ പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ വ്യക്തമാക്കുന്ന പ്രധാനകാര്യം ഇതാണ്: "ക്രിസ്ത്യാനികൾ തങ്ങളെ വിളിച്ചവന്റെ അത്ഭുതപ്രവൃത്തികൾ പ്രഖ്യാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർഗവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാകുന്നു" (1 പത്രോ. 2: 9).

രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായർ ആരാണെന്ന് വിശദീകരിച്ചിട്ടുണ്ട്: "തിരുപ്പട്ടം സ്വീകരിക്കുന്നവരോ സഭ അംഗീകരിച്ചിട്ടുള്ള സന്ന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളുമാണ് അല്മായർ എന്ന നാമത്താൽ വിവക്ഷിക്കുന്നത്. മാമ്മോദീസാവഴി അവർ ക്രിസ്തുവിനോട് ചേർന്ന് ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു."[1]

അപ്പോൾ 'പട്ടസുഖം' ഇല്ലാത്തവരും സന്ന്യാസസഭകളിൽ പെടാത്തവരുമാണ് അല്മായർ.

അല്മായദൈവശാസ്ത്രം ഇന്നും ശൈശവദശയിലാണ്. കാരണം അല്മായരെ സംബന്ധിച്ചുള്ള ദൈവവിജ്ഞാനീയം സഭയിലെ വരേണ്യവർഗത്തിന് അപ്രധാനമായിപ്പോയി. കൂടുതൽ പഠനങ്ങൾക്ക് അവർ

തയ്യാറായില്ല. ഫ്രഞ്ച് ഡൊമിനിക്കൻ ദൈവശാസ്ത്രജ്ഞനായ കാർഡിനൽ കോൺഗർ (Cardinal Congar, 1904-1995) ആണ് അല്മായ ദൈവശാസ്ത്രത്തിന്റെ ആഴങ്ങളിലേക്കിറങ്ങിയത്. അദ്ദേഹത്തിന്റെ അല്മായർ സഭയിൽ (Lay People in the Church) എന്ന പുസ്തകം രണ്ടാം വത്തിക്കാൻ കൗൺസിലിൽ അല്മായരെപ്പറ്റി പ്രതിപാദിക്കുന്ന ഡിക്രികൾക്ക് രൂപംനല്കാൻ വളരെ സഹായകമായിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭ, അല്മായപ്രേഷിതത്വം, സഭ ആധുനിക ലോകത്തിൽ എന്നീ ഡിക്രികളിലാണ് അല്മായരെപ്പറ്റി കാര്യമായി പരാമർശിച്ചിട്ടുള്ളത്. 1994-ൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ വേദപാഠം (Catechism of the Catholic Church) എന്ന പുസ്തകത്തിലെ അല്മായ വിശ്വാസികൾ (The Lay Faithful) എന്ന ശീർഷകത്തിൽ അല്മായരുടെ കടമകളും അവകാശങ്ങളും ചുരുക്കമായി പ്രതിപാദിക്കുന്നുണ്ട്.[2] രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ചില പാശ്ചാത്യ അല്മായർ ഏതാനും ചില പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക യുണ്ടായി. നമ്മുടെ നാട്ടിൽ 'അസ്സീസി' മാസികയിൽ അല്മായരെ സംബന്ധിച്ച് ചില ലേഖനങ്ങൾ പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ പ്രസിദ്ധീകരിച്ചു കണ്ടു.

പാശ്ചാത്യനാടുകളിൽ സാധാരണ ഉപയോഗിക്കുന്ന ലെയ്റ്റി (Laity) എന്ന പദത്തിന് നാം ഇന്നുദ്ദേശിക്കുന്ന അർത്ഥം പുതിയ നിയമത്തിൽ കാണുവാൻ സാധിക്കുകയില്ല. ലാവോസ് (Laos) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ലെയ്റ്റി എന്ന പദം ഉണ്ടായത്. ലാവോസ് എന്ന പദത്തിനർത്ഥം തെരഞ്ഞെടുക്കപ്പെട്ട ജനം (ഇസ്രായേൽ) എന്നാണ്. പുതിയ നിയമ ത്തിൽ പുരോഹിതൻ, പ്രധാന പുരോഹിതൻ എന്ന സംജ്ഞകൾ യേശുവിനെമാത്രം ഉദ്ദേശിച്ചാണ് ഉപയോഗിച്ചിട്ടുള്ളത് (എബ്രാ. 4: 14). വിശുദ്ധ പുരോഹിതജനവും (1 പത്രോ. 2: 5) രാജകീയ പുരോഹിത ഗണവും (1 പത്രോ. 2: 9) സഭയിൽ വർഗവ്യത്യാസമില്ലാത്ത ദൈവജന മാണ്.

ക്രിസ്തുവിന്റെ പൗരോഹിത്യം അവിടത്തെ കുരിശുമരണം വഴിയുള്ള ബലിയും ഉത്ഥാനവുമാണ്. ക്രിസ്തു തന്റെ സഹനത്തിലൂടെ അനുസരണം അഭ്യസിച്ചുകൊണ്ട് പരിപൂർണ്ണനായി; മൽക്കീസെദെ കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനായി (എബ്രാ. 5: 8-10). ഒരു പുരോഹിതനേയുള്ളൂ. അത് ക്രിസ്തുവാണ്. ഒരു പൗരോഹിത്യ മേയുള്ളു. അത് ക്രിസ്തുവിന്റേതാണ്. ക്രിസ്തുവിന്റെ പൗരോഹിത്യ ത്തിൽ ഓരോ വിശ്വാസിയും പങ്കാളിയാകുന്നത് സ്നാപനത്തിലൂടെ ക്രിസ്തുവിനോടൊപ്പം മരിച്ച് സംസ്കരിക്കപ്പെട്ട് പുതുജീവിതത്തിൽ ക്രിസ്തുവിനോടുകൂടി ഉയിർപ്പിക്കപ്പെടുമ്പോഴാണ് (റോമ. 6: 3-4). അപ്പോൾ സ്നാപനത്തിലൂടെ ലഭിക്കുന്ന ഈ പൗരോഹിത്യമാണ് ഒരു ക്രിസ്ത്യാനിക്ക്, പട്ടക്കാരനെന്നോ അല്മായനെന്നോ ഉള്ള വ്യത്യാസ മില്ലാതെ, മൗലികമായ അന്തസ്സു നല്കുന്ന പൗരോഹിത്യം.

പുതിയ നിയമകാലത്ത് സഭയിൽ പലവിധ ഔദ്യോഗിക ചുമതലകൾ ഉണ്ടായിരുന്നു. ക്രിസ്തു തെരഞ്ഞെടുത്ത 12 അപ്പോസ്തോലന്മാർ 12 ഇസ്രയേൽ ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുകയും (മത്താ. 19: 27–28) കർത്താവിന്റെ പരസ്യജീവിതത്തിന്നും കുരിശുമരണത്തിന്നും പുനരുത്ഥാനത്തിന്നും സ്വർഗാരോഹണത്തിന്നും സാക്ഷികളാവുകയും ചെയ്തു (അപ്പോ. പ്രവ. 1: 22). കൂടാതെ വിവിധങ്ങളായ വരങ്ങളും ശുശ്രൂഷകളും ജോലികളും ആദിമസഭയിൽ ഉണ്ടായിരുന്നു (1 കോറി. 12: 4–6). ഇവയിൽ ചിലത് താത്കാലികവും മറ്റു ചിലത് സ്ഥിരമായിട്ടുള്ളതുമായിരുന്നു. വിവിധങ്ങളായ ഈ വരങ്ങളും ശുശ്രൂഷകളും ജോലികളും ആത്യന്തികമായി സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിച്ചിരുന്നു (1 കോറി. 14: 12). ഇതു കൂടാതെ ആദിമസഭയിൽ മേലന്വേഷകരും (bishops) (1 തിമൊ. 3: 1–3) മൂപ്പന്മാരും (priests) (1 തിമൊ. 5: 17) ശുശ്രൂഷകരും (deacons) (1 തിമൊ. 3: 8–12) ശുശ്രൂഷികമാരും (deaconesses) (റോമ. 16: 1) ഉണ്ടായിരുന്നു. പുതിയനിയമത്തിലെ മേല്പറഞ്ഞ മെത്രാൻ, പുരോഹിതൻ, ഡീക്കൻ എന്നീ സംജ്ഞകൾ ഇന്നത്തെ മെത്രാൻ, പുരോഹിതൻ, ഡീക്കൻ സംജ്ഞകളുമായി തുലനംചെയ്യാൻ സാധിക്കയില്ല. കാരണം ക്ലേർജി എന്ന വർഗം ആദിമസഭയിൽ ഇല്ലായിരുന്നു. എല്ലാ ക്രിസ്ത്യാനികളും സ്നാപനത്തിലൂടെ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ ഒന്നുപോലെ പങ്കാളികളായിരുന്നു.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ സഭ കൂടുതൽ കൂടുതൽ സംഘടിതമാകുന്ന സമയത്ത് കോറിന്തിലെ സഭയിൽ അധികാര വടംവലി ഉണ്ടായി. ആ അവസരത്തിലാണ് 'ലെയ്' (lay) എന്ന സംജ്ഞ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. റോമാസഭയിലെ നായകരിലൊരാളായ ക്ലെമന്റ് (Clement) തർക്കപരിഹാരാർഥം കോറിന്തുകാർക്ക് ഒരു കത്തയച്ചു. സഭയ്ക്ക് വ്യത്യസ്തങ്ങളായ ജോലികളുണ്ടെന്നും അവൾക്ക് നിർവഹണസംബന്ധമായ ചുമതലകളുണ്ടെന്നും 'ലെയ്റ്റിയെ സംബന്ധിച്ച പ്രത്യേകനിയമങ്ങൾ' അവർ അനുസരിക്കയാണ് വേണ്ടതെന്നും ആ കത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്.[3] നിയമങ്ങളെ അനുസരിക്കുക എന്ന നിഷേധാർഥകമായ രീതിയിലല്ലാതെ ലെയ്റ്റിക്ക് സ്പഷ്ടമായ മറ്റൊരു റോൾ ഇവിടെ കാണുന്നില്ല.

രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അല്മായപ്രമുഖരായിരുന്നു ജസ്റ്റിനും തെർത്തുല്യനും (Justin and Tertullian). സമറിയാക്കാരനായ (Samaria) ജസ്റ്റിൻ (100–165) അന്റോണിയൂസ് പീയൂസ് ചക്രവർത്തിയെ (Emperor Antonius Pius) അഭിസംബോധന ചെയ്തുകൊണ്ടെഴുതിയ അപ്പോളജിയിൽ (Apology) സ്നാപനം വഴി എല്ലാ ക്രിസ്ത്യാനികളും പുരോഹിതരാണെന്ന് സമർഥിക്കുന്നുണ്ട്. ശുശ്രൂഷാപൗരോഹിത്യം (Ministerial priesthood) സഭയിൽ ഉള്ളതായി സൂചിപ്പിക്കുന്നില്ല.[4] ദിവ്യബലി ആഘോഷത്തിൽ അധ്യക്ഷത വഹിക്കുന്നയാൾ പട്ടം കിട്ടിയ

വ്യക്തിയാകണമെന്നോ സ്ത്രീയാകരുതെന്നോ ചൂണ്ടിക്കാണിക്കുന്നില്ല. മേലന്വേഷകൻ, മൂപ്പൻ തുടങ്ങിയ സ്ഥാനങ്ങളെക്കാൾ അവരുടെ സേവനത്തിനാണ് ജസ്റ്റിൻ പ്രാധാന്യം നല്കിയതെന്ന് തോന്നുന്നു. ആഫ്രിക്കക്കാരനായ തെർത്തുല്യൻ (160–220) സഭയിലെ രണ്ടു വർഗത്തെ അല്മായർ/പട്ടക്കാർ എന്നു വേർതിരിച്ചറിഞ്ഞിരുന്നെങ്കിലും ശുശ്രൂഷാപൗരോഹിത്യം ഉള്ളവരുടെ അഭാവത്തിൽ ദിവ്യബലി എന്ന കൂദാശ ഒരു സാധാരണ വിശ്വാസിക്കും ചെയ്യാമെന്നും ചെയ്യണമെന്നും ഉറപ്പിച്ചു പറയുന്നുണ്ട്. അതിന് അദ്ദേഹം പറയുന്ന കാരണം അല്മായനും സ്നാപനം വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിലെ പങ്കുകാരാണെന്നുള്ളതാണ്.

മൂന്നാം നൂറ്റാണ്ടോടുകൂടി കൈവയ്പു വഴിയുള്ള ശുശ്രൂഷാപൗരോഹിത്യം സ്ഥാപിതമായതോടെ അല്മായർ സഭയിൽ രണ്ടാം തട്ടിലായി.

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ (Constantine, 272-339) ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി. അതോടെ സഭയുടെ ആത്മാവ് നഷ്ടപ്പെടാൻ ആരംഭിച്ചു. അന്നുവരെ അല്മായർക്കു തുല്യരായിരുന്നുകൊണ്ട് ശുശ്രൂഷാവേല ചെയ്തിരുന്ന മേലന്വേഷകരും മൂപ്പന്മാരും ശുശ്രൂഷകരും ഒരു സുപ്രഭാതത്തിൽ രാഷ്ട്രീയമായും സാമ്പത്തികമായും പ്രത്യേക അവകാശങ്ങളും അധികാരങ്ങളുമുള്ള സാമ്രാജ്യത്തിലെ ഒരു പ്രത്യേക സാമൂഹ്യവർഗമായി മാറി. സഭയിൽ മൂന്നു നൂറ്റാണ്ടുകൾ ദീർഘിച്ച അല്മായരുടെ പ്രവർത്തനരംഗം ഗുരുതരമായ രീതിയിൽ കുറഞ്ഞുപോയി. ക്ലേർജികൾക്ക് സാമ്പത്തിക സഹായം ചെയ്യുകയായിരുന്നു അല്മായരുടെ പ്രധാന ചുമതല. അല്മായർക്ക് അനുവദിച്ചിരുന്ന മതപരമായ ചടങ്ങുകൾ വിധവകൾക്കും കന്യകകൾക്കും നിരോധിക്കപ്പെട്ടു. ധിക്കാരികളായ ക്ലേർജികൾക്ക് നല്കിയിരുന്ന ആത്യന്തികമായ ശിക്ഷ അല്മായവർഗത്തിലേക്ക് തരംതാഴ്ത്തലായിരുന്നു. അങ്ങനെ അല്മായർ എന്ന അവസ്ഥ ഏറ്റവും താണ ഒരവസ്ഥയായി.

ക്രിസ്തുമതത്തെ ലൗകികമാക്കിയതിൽ (സാമ്രാജ്യമതമാക്കിയതിൽ) അല്മായർ വളരെ അസന്തുഷ്ടരായി. ആ നീക്കത്തോടു പൊരുതുന്നതിനും ക്രിസ്തീയ പരിപൂർണത പ്രാപിക്കുന്നതിനുംവേണ്ടി നാലാം നൂറ്റാണ്ടിന്റെ പകുതിയോടെ അവർ സന്ന്യാസജീവിതരീതിക്ക് പ്രാരംഭം കുറിച്ചു. കാലക്രമേണ ക്ലേർജികളും സന്ന്യാസജീവിതരീതി തെരഞ്ഞെടുക്കാൻ ആരംഭിച്ചു. അങ്ങനെ ക്രിസ്തീയ സന്ന്യാസികളിൽ പുരോഹിതരും മെത്രാന്മാരും വർധിച്ചുവന്നു. സന്ന്യാസജീവിതത്തിന്റെ ഭാഗമായി അവർ ബ്രഹ്മചര്യവും പാലിച്ചുതുടങ്ങി.

അഞ്ചുനൂറ്റാണ്ടുകൾകൊണ്ട് അല്മായ ജീവിതാവസ്ഥയെ ക്ലെറിക്കൽ ജീവിതാവസ്ഥയിൽനിന്ന് തരംതാഴ്ത്തി. അന്നുമുതൽ ഇന്നുവരെ ആ അവസ്ഥ തുടർന്നുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തെ തിരുത്തിക്കുറിക്കാനെന്താണ് മാർഗം? പുതിയനിയമ കാലഘട്ടത്തിലെ

ഉൾക്കാഴ്ചയും പ്രവർത്തനശൈലിയും ഉൾക്കൊണ്ടുകൊണ്ട് ആധുനികസഭ പുനർവ്യാഖ്യാനിക്കപ്പെടണം.

ക്ലേർജിയായാലും വേണ്ടില്ല അല്മായരായാലും വേണ്ടില്ല, പുതിയ നിയമ ദൈവശാസ്ത്രത്തിലെ അടിസ്ഥാനപരമായ കാഴ്ചപ്പാട് സ്നാപന പൗരോഹിത്യമാണ്. ഒരു വ്യക്തിയെ ക്രിസ്ത്യാനിയാക്കുന്നത് അതാണ്. സ്നാപന പൗരോഹിത്യത്തിലൂടെ എല്ലാ ക്രിസ്ത്യാനികളും തുല്യരാണ്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുക എന്നതാണ് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഉന്നതമായ അന്തസ്സ്. സഭയിൽ അതിനുപരിയായ ഒരു പൗരോഹിത്യമില്ല. വിശുദ്ധിയും മാഹാത്മ്യവുമുള്ള വേറൊരു ക്രിസ്തീയജീവിതവുമില്ല. സഭയിലെ എല്ലാ പ്രവർത്തനങ്ങളും പരിപാടികളും ഈ സ്നാപക പൗരോഹിത്യത്തെ ഉന്നം വച്ചുള്ളതായിരിക്കണം.

**ഇന്നത്തെ ഹയരാർക്കിയൽ പിരമിഡ് (hierarchial pyramid)**

മാർപ്പാപ്പാ
മെത്രാന്മാർ
പുരോഹിതർ
ഡീക്കന്മാർ
അല്മായർ

**ക്രിസ്തുവിന്റെ പഠനങ്ങളെയും ആദിമസഭയുടെ പാരമ്പര്യങ്ങളെയും അടിസ്ഥാനപ്പെടുത്തി സഭയിലെ ഹയരാർക്കി ആയിരിക്കേണ്ട വിധം:**

സ്നാപനം വഴി ക്രിസ്തുവിൽ പുരോഹിതരായ ദൈവജനം - അല്മായർ
ഡീക്കന്മാർ
പുരോഹിതർ
മെത്രാന്മാർ
മാർപ്പാപ്പാ

പൊതുപൗരോഹിത്യത്തിനാണ് ഏറ്റവുമധികം മാന്യതയും ഔന്നത്യവും നിലയുമുള്ളത്. പൊതുപൗരോഹിത്യത്തിന്റെ ഉപവർഗമാണ് (subgenus) ശുശ്രൂഷാപൗരോഹിത്യം. ചുരുക്കത്തിൽ അല്മായർക്കും ഡീക്കനും പുരോഹിതനും മെത്രാനും മാർപ്പാപ്പായ്ക്കും ക്രിസ്തീയമായ അന്തസ്സു നല്കുന്നത് മാമ്മോദീസായോടെ ലഭിക്കുന്ന പുരോഹിതസ്ഥാനമാണ്. അതാണ് ക്രിസ്തുസഭയിൽ ഏവരും തുല്യരാകാൻ കാരണം. പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതുന്നു: "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവപുത്രരായിത്തീർന്നിരിക്കുന്നു. ക്രിസ്തുവിൽ സ്നാപനമേറ്റ നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ, അടിമയെന്നോ സ്വതന്ത്ര

നെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ല; നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്" (ഗലാ. 3: 26–28). ക്രിസ്തുവിൽ സ്നാപനമേറ്റതുവഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരായി. അല്മായനും ഡീക്കനും പുരോഹിതനും മെത്രാനും മാർപ്പാപ്പായും വ്യത്യസ്ത ശുശ്രൂഷകരാണ്. അതേസമയം തുല്യരാണ്. എല്ലാവരും അവരുടെ സ്നാപക പൗരോഹിത്യത്തിലധിഷ്ഠിതമായ അനുഷ്ഠാനങ്ങൾ ചെയ്യുന്നു. അത്രമാത്രം. സ്നാപകപൗരോഹിത്യത്തിന്റെ സേവനത്തിനുവേണ്ടിയാണ് ശുശ്രൂഷാപൗരോഹിത്യമെന്ന് കത്തോലിക്കാസഭയുടെ വേദപാഠം പഠിപ്പിക്കുന്നു.[5] രണ്ടാം വത്തിക്കാൻ കൗൺസിലിലെ തിരുസ്സഭയെ സംബന്ധിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ വിശ്വാസികൾക്കു ലഭിച്ചിട്ടുള്ള പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും കാര്യത്തിൽ രണ്ടാണെന്ന് വ്യക്തമാക്കുന്നുണ്ട്.[6] പൊതുപൗരോഹിത്യമില്ലെങ്കിൽ ശുശ്രൂഷാപൗരോഹിത്യത്തിന് സ്ഥാനമില്ല. അക്കാരണത്താൽത്തന്നെ ശുശ്രൂഷാപൗരോഹിത്യത്തെക്കാൾ കാര്യത്തിൽ ശ്രേഷ്ഠമാണ് പൊതുപൗരോഹിത്യം.

സ്നാപകപൗരോഹിത്യമുള്ള ഓരോ വിശ്വാസിക്കും ദൈവത്തിന്റെ നീതികൊണ്ട് വിശ്വാസത്തിൽ തുല്യ അനുഗ്രഹം ലഭിക്കുന്നുണ്ട് (2 പത്രോ. 1: 1). ക്രിസ്തുവിന്റെ മൗതികശരീരത്തെ വളർത്തിക്കൊണ്ടുവരാൻ സ്നാപകപൗരോഹിത്യം ലഭിച്ച എല്ലാവിശ്വാസികൾക്കും യഥാർഥത്തിൽ തുല്യമായ അവകാശവും കടമയുമുണ്ട്. സ്നാപകപൗരോഹിത്യത്തിന്റെ സഫലീകരണത്തിനുള്ള ഒരു സംവിധാനമാണ് ശുശ്രൂഷാപൗരോഹിത്യം. സ്നാപക പൗരോഹിത്യത്തിന് എന്തോ കുറവുള്ളതിനാൽ ശുശ്രൂഷാപട്ടം എന്തോ കൂട്ടിച്ചേർക്കുന്നുവെന്നു കരുതരുത്. സാധാരണ വിശ്വാസികളുടെ ധാരണ പോലെ ശുശ്രൂഷാപട്ടം സ്വീകരിക്കുന്ന വ്യക്തിക്ക് സ്നാപകപൗരോഹിത്യത്തെ അപേക്ഷിച്ച് ഒരു പ്രത്യേക സ്ഥാനവലിപ്പം ദൈവമുമ്പിൽ ലഭിക്കുന്നില്ല. താത്ത്വികമായി പറഞ്ഞാൽ സ്നാപകപൗരോഹിത്യം അന്ത്യവും ശുശ്രൂഷാപൗരോഹിത്യം മാർഗവുമാണ്. ബലി അർപ്പിക്കുന്ന പുരോഹിതനും ആ ബലി ആഘോഷത്തിൽ പുരോഹിതനോടൊത്ത് പങ്കുചേരുന്ന അല്മായരും ഒരേ ബലിയർപ്പണമാണ് നടത്തുന്നത്. രണ്ടു കൂട്ടരും ദൈവത്തിന്റെ മുമ്പിൽ ഒരേ തലത്തിൽ നില്ക്കുന്നവരാണ്. അക്കാരണത്താൽ അല്മായർ പുരോഹിതരുടെ സേവകരല്ല, മറിച്ച്. പുരോഹിതർ അല്മായരുടെ സേവകരാണ്. സ്നാപകപൗരോഹിത്യത്തിന്റെ അടിസ്ഥാനപരമായ വൈശിഷ്ട്യംകൊണ്ട് അല്മായരും പുരോഹിതരും പരസ്പരസേവകരാണ്.

അല്മായർ (സ്ത്രീകളും പുരുഷന്മാരും) ഇന്ന് സഭയിലെ എല്ലാ തലങ്ങളിലും – ഇടവക, രൂപത, ദേശീയം, വത്തിക്കാൻ – സേവനം ചെയ്യേണ്ടതാണ്. എങ്കിൽമാത്രമേ ക്ലേർജികൾക്ക് അല്മായരുമായി ബഹുമാനപൂർവം ബന്ധപ്പെടാനും ഉത്തരവാദിത്വപൂർവം ഒരുമിച്ച് പ്രവർത്തിക്കാനും

സാധിക്കൂ. എങ്കിൽ മാത്രമേ അല്മായർ സഭ സ്വീകരിക്കുവാൻ പോകുന്ന തീരുമാനപ്രക്രിയകളിൽ ക്രിയാത്മകമായി പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. എങ്കിൽ മാത്രമേ സഭ അലട്ടപ്പെടുന്ന ഈ ആധുനികകാലഘട്ടത്തിൽ നവീകരണത്തിന് സാധ്യതകൾ ഉണ്ടാകൂ. എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ മുഖം അനാവരണം ചെയ്യപ്പെടുകയുള്ളൂ.

പാശ്ചാത്യ ലത്തീൻസഭയിലെ മേലാള്, കീഴാള് എന്ന കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമായ ഒരു കാഴ്ചപ്പാടായിരുന്നു മാർത്തോമ്മാ നസ്രാണികളുടേത്. ഉദയമ്പേരൂർ സൂനഹദോസിൽ വച്ച് പോർച്ചുഗീസുകാർ അതു തകിടം മറിച്ചു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ എന്ന പുസ്തകത്തിൽ ഇങ്ങനെ കാണുന്നു:

“ലോകത്തിലെ മറ്റൊരു ക്രൈസ്തവ സമൂഹത്തിലും നിലവിലില്ലാതിരുന്ന എണങ്ങ് എന്ന സങ്കല്പനമായിരുന്നു നസ്രാണികളുടെ കേരളീയത്തനിമ. എണങ്ങിന്റെ പശിമ സാഹോദര്യമായിരുന്നു, അതിലെ കൂട്ടാളികൾ എണങ്ങർ. എണങ്ങിന്റെ അനുപേക്ഷണീയ സംവിധാനങ്ങളായിരുന്നു പ്രതിപുരുഷയോഗങ്ങൾ. അത്തരം പ്രതിപുരുഷ യോഗങ്ങളെ മറികടന്നു നസ്രാണി സമുദായത്തിൽ കടന്നുകയറാൻ നിർവാഹമില്ലെന്ന് ബോധ്യം വന്നതുകൊണ്ടാണ് പോർത്തുഗീസുകാർ ഏറെ പണിപ്പെട്ട് സൂനഹദോസ് എന്ന പേരിൽ നസ്രാണി പ്രതിപുരുഷയോഗം ഉദയംപേരൂരിൽ വിളിച്ചു കൂട്ടിയത്. പക്ഷേ അവിടം മുതൽ പാശ്ചാത്യക്രൈസ്തവ മാതൃകയിലുള്ള മേലാള കീഴാള ബന്ധവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും നസ്രാണി സമുദായത്തിൽ ശക്തിപ്രാപിച്ചു. പട്ടക്കാർ അച്ചന്മാരായി. പാലിയത്തച്ചൻ, തോമ്മാച്ചൻ, കുരങ്ങച്ചൻ എന്നിങ്ങനെ അച്ചൻ പലതരമുണ്ടെങ്കിലും നാഥൻ എന്നതാണ് കേന്ദ്രാർഥം. എണങ്ങർ, സൂനഹദോസു കഴിഞ്ഞപ്പോൾ അല്മേനികളായി. ലൗകികനായ അവിദഗ്ദ്ധനാണ് അല്മേനി. അതായത് അടിയാളൻ! നസ്രാണികളായ എണങ്ങരെ പാശ്ചാത്യമാതൃകയിലുള്ള അല്മേനികളാക്കി (laity) മാറ്റിക്കളഞ്ഞു.”[7]

ഭാഷയിൽ ഇത്തരം പദമാറ്റങ്ങൾ മൂലാർഥത്തെ മാറ്റിമറിക്കാറുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിവരെ മെത്രാന്മാരെ ‘മെത്രാൻ’, ‘മെത്രാനച്ചൻ’ എന്നായിരുന്നു അഭിസംബോധന ചെയ്തിരുന്നത്. 19-ാം നൂറ്റാണ്ടിൽ പാലാക്കുന്നേൽ വല്യച്ചൻ എഴുതിയ നാളാഗമത്തിൽ മെത്രാന്മാരെപ്പറ്റി പരാമർശിക്കുമ്പോൾ മെത്രാൻ എന്ന പദം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഉദാഹരണത്തിന്: “1876 ഇടവം 30-ന് ലിയോ മൗറീൻ മെത്രാൻ വിശിത്തദോർ ആയിട്ടുവന്നു. മാന്നാനത്തു ഗുവേന്തയിൽ 1-ാമതു സംഘം കൂടി.”[8] ആ നാളാഗമത്തിന്റെ അവതാരികയിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ ജോസഫ് പൗവ്വത്തിൽ മെത്രാനു പകരം പിതാവെന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. “ലവീഞ്ഞു പിതാവിന്റെ കാലത്തു മദ്യവർജനം സഭ നിർത്തലാക്കിയത് ചങ്ങനാശ്ശേരിയിൽ കള്ളുകുടിയന്മാർ വർദ്ധിക്കാൻ കാരണമായി എന്ന് വല്ല്യച്ചൻ വിലയിരുത്തുന്നു.”[9]

എന്റെ ചെറുപ്പകാലത്ത് വേദപാഠം പഠിക്കുമ്പോൾ ആറാമത്തെ കൂദാശ 'പട്ട'മായിരുന്നു. ഇന്ന് പട്ടം കേൾക്കാനും കാണാനുമില്ല. 'തിരുപ്പട്ട'മായി അത് രൂപാന്തരപ്പെട്ടിരിക്കുന്നു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ പട്ടക്കാർ എന്നേ കാണുന്നുള്ളൂ. തിരുപ്പട്ടക്കാർ എന്ന പ്രയോഗം കാണുന്നില്ല.

വിവാഹം എന്തുകൊണ്ട് തിരുവിവാഹമായില്ല എന്ന സംശയവും നില നില്ക്കുന്നു.

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ പട്ടക്കാർ എന്ന് ഇരുനൂറോളം പ്രാവശ്യവും എണങ്ങർ എന്ന് മുപ്പത്തിനാലു പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ടെന്ന് സ്കറിയാ സക്കറിയ പ്രസ്താവിച്ചിട്ടുണ്ട്.[10]

പാശ്ചാത്യസഭയിൽ ലെയ്റ്റിയും ക്ലേർജിയും തമ്മിലുണ്ടായിരുന്ന കീഴാള്-മേലാള് അന്തരം നസ്രാണിസഭയിൽ എണങ്ങരും പട്ടക്കാരും തമ്മിൽ ഉണ്ടായിരുന്നില്ല. ഉദയമ്പേരൂർ സൂനഹദോസിലൂടെയാണ് പോർത്തുഗീസുകാർ അത് സാധിച്ചെടുത്തത്. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ എന്ന പുസ്തകത്തിലെ ചിലഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ:

"പുരോഹിതർ വിമാന്യമായി പെരുമാററുത് എന്ന് കല്പിക്കുന്ന ഭാഗത്തു അല്മേനിയെക്കുറിച്ചുള്ള പരാമർശം ശ്രദ്ധിക്കുക:

'രാമാനത്തുംകൽ അവുടെ അവുടെ നടക്കരുത. തങ്ങടെ കൊലം മാറ്റി കളിക്കയും അരുത. ചെതം ഇല്ലാത്ത പാട്ട പാടുകയും അരുത. അല്മെനികളൊടുകൂടെ കളിക്കയും ചിരിക്കയും അരുത.'

എണങ്ങനിൽനിന്ന് അല്മേനിയിലേക്കുള്ള മാറ്റം കേവലം ഭാഷാപരിണാമമല്ലെന്നും അധീശത്വപരവും ശ്രേണീബദ്ധവുമായ അധികാരഘടനയുടെ കടന്നു കയറ്റമാണെന്നും വെളിവാകുന്നു. ശുശ്രൂഷാനിയോഗങ്ങൾ എന്ന സങ്കല്പനം തകർത്ത് പട്ടക്കാരെ എണങ്ങരിൽനിന്ന് വ്യത്യസ്തരും ശ്രേഷ്ഠരുമാക്കി ചിത്രീകരിച്ച് അവരെ അധീശവർഗ്ഗത്തിന്റെ അധികാരവിഭ്രാന്തികളിൽ അകപ്പെടുത്തി ഒരു പ്രത്യേക വർഗ്ഗമാക്കാനുള്ള പാശ്ചാത്യസമ്മർദ്ദം ഒട്ടും മറവില്ലാതെ കാനോനകളിൽ കണ്ടെത്താം.

'പട്ടക്കാരർക്കും അൽമെനികൾ തങ്ങൾക്കും ഭെതം ഒണ്ട എന്ന പൊലെ ഔവണ്ണം തന്നെ ചമയത്തിനും ഭെദം ഉണ്ടായിരിക്കണം' എന്നും മറ്റുമുള്ള തീരുമാനങ്ങൾ ഇതിനുദാഹരണങ്ങളാണ്.'

തങ്ങളുടെ ഭരണത്തിനു സന്തോഷപൂർവ്വം വഴങ്ങുന്നവരും മറ്റുള്ളവരെ കീഴടക്കി ഭരിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്നവരുമായ ഒരു മധ്യമവർഗ്ഗത്തെ വാർത്തെടുത്തുകൊണ്ടാണ് കൊളോണിയലിസം പരമ്പരാഗത സമൂഹങ്ങളിൽ പ്രതിഷ്ഠ നേടുന്നതെന്ന് പ്രധാ ചാറ്റർജി എഴുതിയിരിക്കുന്നതിന് (1994) ദൃഷ്ടാന്തമാണ് പോർത്തുഗീസുകാർ നസ്രാണി പട്ടക്കാരുടെ കാര്യത്തിൽ അവലംബിച്ച നയം.

പട്ടക്കാർ ഉദയമ്പേരൂർ സൂനഹദോസിലെ തീരുമാനങ്ങളിലൂടെ ഒറ്റയടിക്കു മെത്രാന്റെ കീഴാളരും അല്മേനികളുടെ മേലാളരുമായി മാറി."[11]

ഉദയമ്പേരൂർ സൂനഹദോസിന്റെ പരിണിതഫലമായി നമ്മുടെ സഭയിലെ പട്ടക്കാരും കാലക്രമേണ വരേണ്യവർഗമായി മാറി.

നാലാം നൂറ്റാണ്ടുമുതൽ പാശ്ചാത്യസഭയിൽ അല്മായരും അവരോടൊപ്പമുണ്ടായിരുന്ന പരിശുദ്ധാരൂപിയും അവഗണിക്കപ്പെട്ടുപോയി. പ്രാർഥിക്കുക, പണം കൊടുക്കുക, അനുസരിക്കുക എന്നീ മൂന്നു ചുമതലകൾ മാത്രമുള്ളവരായി അല്മേനിവർഗം അധഃപതിച്ചുപോയി. ഭരിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ മൂന്നവകാശങ്ങളുമായി ക്ലേർജിവർഗം സഭയിൽ വരേണ്യരായി. ദൈവശാസ്ത്രജ്ഞർ അവരെപ്പറ്റി എഴുതിക്കൂട്ടിയിരിക്കുന്ന ദൈവവിജ്ഞാനീയത്തിന്റെ ആഴവും പരപ്പും വ്യാപ്തിയും ഒരു സാധാരണ വിശ്വാസിയെ അത്ഭുതപ്പെടുത്തും. അത്രയും ബ്രഹത്താണത്. എന്നാൽ അല്മേനിയെ സംബന്ധിച്ചുള്ള ദൈവശാസ്ത്രം തുലോം തുച്ഛം. മൗനത്തിന്റെ ചരിത്രത്തോട് അതിനെ തുലനം ചെയ്യാം.

ഉറങ്ങിക്കിടന്നിരുന്ന അല്മേനി പിന്നീടുണരുന്നത് പതിനാറു നൂറ്റാണ്ടുകൾക്കുശേഷം രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. അല്മായർ സഭയിലെ കേന്ദ്രീകൃത ഭരണസമ്പ്രദായത്തെ ഇന്ന് എതിർക്കുന്നുണ്ട്. അവരുടെ മൗലികമൂല്യം സ്വാതന്ത്ര്യമാണ്. അത്തരം മൂല്യങ്ങൾ ദോഷകരമാണെന്ന് വത്തിക്കാൻ പണ്ടേ അല്മേനിക്ക് താക്കീതു നല്കിയിട്ടുള്ളതാണ്. അല്മേനിക്ക് കാതോലികമായി സംഘടിക്കാൻ പോലും സഭാധികാരികളുടെ മുമ്പിൽ പ്രതിജ്ഞയെടുത്ത് അനുവാദം വാങ്ങേണ്ടതുണ്ട്.[12]

'അസ്സീസി' മാസികയിൽ പ്രഫ. കെ.ടി. സെബാസ്റ്റ്യൻ എഴുതിയിരിക്കുന്നതുകാണുക: "1918-ൽ 'കത്തോലിക്കാ മഹാജനസഭ' എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ അല്മായസംഘടനയായി കത്തോലിക്കാ കോൺഗ്രസ് രൂപം കൊണ്ടപ്പോൾ 'സഭാകാര്യങ്ങളിലോ വൈദികകാര്യങ്ങളിലോ സംഘടന ഇടപെടുകയില്ലെ'ന്ന് അന്നത്തെ രൂപതാദ്ധ്യക്ഷന്റെ മുമ്പിൽ സംഘടനാപ്രവർത്തകനായി മുന്നോട്ടുവന്ന അല്മായ പ്രമുഖൻ മുട്ടിന്മേൽ നിന്ന് സത്യം ചെയ്യേണ്ടതായിവന്നു. മുട്ടിന്മേൽനിന്ന് സത്യം ചെയ്യിച്ച മെത്രാനും ഇതിന് വിധേയനായ അല്മായ നേതാവും വളരെ നല്ല മനുഷ്യരായിരുന്നു. എന്തുചെയ്യാം? അതായിരുന്നു അന്നത്തെ സഭ! വത്തിക്കാൻ സൂനഹദോസിന് 40 വർഷം മുമ്പുള്ള അവസ്ഥയാണിത്".[13] വത്തിക്കാൻ കൗൺസിൽ അവസാനിച്ചിട്ട് 45 വർഷങ്ങൾ കഴിഞ്ഞെങ്കിലും അല്മേനിയുടെ അവസ്ഥയ്ക്കു മാറ്റങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. വിശ്വാസികൾക്ക് കൂട്ടമായി പ്രാർഥിക്കണമെങ്കിലും സഭാധികാരത്തിന്റെ അനുവാദം വേണമത്രെ! "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുമ്പോൾ, അവരുടെ ഇടയിൽ ഞാൻ ഉണ്ടായിരിക്കും" (മത്താ. 18: 20). അതാണ് കർത്താവിന്റെ വാഗ്ദാനം; കർത്താവിന്റെ സഭ. പക്ഷേ, കുറെ വിശ്വാസികൾ ഒരു കുടുംബത്തിൽ ഒരുമിച്ചു കൂടി പ്രാർഥിക്കുന്നതിനും വികാരിയച്ചന്റെ അനുവാദം ആവശ്യമെങ്കിൽ സംഘടനയുടെമേൽ ഉള്ള

നിയന്ത്രണത്തെക്കാൾ എത്രയോ കൂടിയ നിയന്ത്രണമാണ് നമ്മുടെ സഭയിൽ ഇന്നുള്ളത്!

സഭ ധാർമികമായി അധഃപതിക്കുമ്പോൾ അല്മായരാണ് രക്ഷപ്പെടുത്താനെത്തുക. അല്മായരുടെ സഭാനവീകരണ സഫലതയാണ് 13-ാം നൂറ്റാണ്ടിൽ ഡൊമിനിക്കൻ മൂന്നാം സഭ (lay Dominicans) സ്ഥാപിക്കൽ.

ആധുനിക ചിന്താഗതിക്കെതിരായി ഏകാധിപത്യപരമായ കുലപതി ഭരണം ഇന്നും സഭയിൽ നടക്കുന്നു. അതിന് ഏറ്റവും പുതിയ ഉദാഹരണമാണ് 'അല്മായയുഗം' എന്ന പൊളിവാക്കുകൾകൊണ്ട് അല്മേനിയുടെ കണ്ണിൽ തിമിരം പിടിപ്പിച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾക്ക് കടകവിരുദ്ധമായി പേപ്പസിയെയും ഹയരാർക്കിയൽ ഭരണസമ്പ്രദായത്തെയും കൂടുതൽ അരക്കിട്ടുറപ്പിച്ചത്. പാശ്ചാത്യസഭകളുടെ കാനോൻ നിയമസംഹിതയും (1983) പൗരസ്ത്യസഭകളുടെ കാനോൻനിയമസംഹിതയും (1991) മറ്റു രണ്ട് ഉദാഹരണങ്ങളാണ്. പൗരസ്ത്യസഭകളുടെ കാനോനകളിൽ പതിനൊന്നു കാനോനകൾ മാത്രമേ അല്മേനികളെ സംബന്ധിച്ചുള്ളൂ. (അല്മായരെക്കുറിച്ചു പ്രതിപാദിക്കുന്ന പതിനൊന്നാം ശീർഷകത്തിന്റെ ആമുഖത്തിൽ (പേജ് 334) 'പത്തു കാനോനകൾ മാത്രമേയുള്ളു' എന്നു കൊടുത്തിരിക്കുന്നത് തെറ്റാണ്). സഭയുടെ ഭൗതികവസ്തുക്കളെപ്പറ്റി പ്രതിപാദിക്കാൻ 45 കാനോനകൾ വേണ്ടിവന്നു. സഭയുടെ ഭൗതികവസ്തുക്കളെ ഭരിക്കുകയും കാത്തുസൂക്ഷിക്കുകയുമാണ് അല്മേനിയുടെ ക്ഷേമത്തെക്കാൾ സഭയ്ക്കു പ്രധാനമെന്ന് തോന്നിപ്പോകുന്നു. ഇന്ന് സഭാവസ്തുക്കളുടെ നടത്തിപ്പ് പൂർണമായും രൂപതാമെത്രാന്റെ പിടിയിലാണ്.

പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന ദൈവജനം ഒക്കെയും വിശ്വാസവും സന്മാർഗവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ അവർക്ക് തെറ്റു പറ്റുകയില്ലെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ട്.[14] അല്മേനിയെ മാത്രം ബാധിക്കുന്ന കുടുംബാസൂത്രണം എന്ന സന്മാർഗകാര്യത്തിൽ ദൈവജനത്തിന്റെ പൊതുവായ അഭിപ്രായം ആരാഞ്ഞിട്ടാണോ പോൾ ആറാമൻ മാർപ്പാപ്പാ 'ഹുമാനെ വീത്തെ' (Humanae Vitae, of Human Life) എന്ന ചാക്രികലേഖനം വഴി ജനനനിയന്ത്രണം നിരോധിച്ചത്. അതിനു നിയോഗിച്ച കമ്മറ്റിയുടെ തീരുമാനം പോലും മാർപ്പാപ്പാ തള്ളിക്കളയുകയാണ് ചെയ്തത്. 20-ാം നൂറ്റാണ്ടിലെ പ്രഗല്ഭനായ ദൈവശാസ്ത്രജ്ഞൻ ഫാദർ ചാൾസ് കറൻ (Fr. Charles Curran) മാർപ്പാപ്പയുടെ ആ ചാക്രികലേഖനത്തിന് വിയോജനക്കുറിപ്പെഴുതി. അത് പിൻവലിക്കണമെന്ന് വത്തിക്കാൻ ശഠിച്ചു. ഫാദർ കുറാൻ അതിനു വിസമ്മതിച്ചതിനാൽ ദൈവശാസ്ത്രം പഠിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ ലൈസൻസ് റോം റദ്ദാക്കി. ഒരു കത്തോലിക്കാ ദൈവശാസ്ത്രജ്ഞന് സഭയുടെ ആധികാരിക പഠനത്തെ സംബന്ധിച്ച് (അപ്രമാദിത്വപ്രഖ്യാപനമല്ല) ഭിന്നാഭിപ്രായം ഉണ്ടാകുന്നതിൽ തെറ്റുണ്ടോയെന്നാണ് അദ്ദേഹം

ചോദിക്കുന്നത്. കൗൺസിൽ പ്രഖ്യാപനങ്ങളും മാർപ്പാപ്പായുടെയും വത്തിക്കാൻ കാര്യാലയങ്ങളുടെയും നടപടിക്രമങ്ങളും എണ്ണയും വെള്ളവും പോലെ വേർപെട്ടുനില്ക്കുന്നു.

അല്മേനി കൗൺസിലിനു മുൻപും പിൻപും അല്മേനി തന്നെ; മെത്രാൻ തിരുമേനിയായി. അല്മേനികൾക്ക് സഭയിൽ ധാരാളം കടമകളുണ്ട്; പള്ളിയിൽ അവകാശങ്ങൾ കുറവ്. മാർത്തോമ്മാ നസ്രാണി സഭയെ സംബന്ധിച്ചിടത്തോളം തോമ്മായുടെ നിയമപ്രകാരം എണങ്ങർക്ക് ഒരു വ്യക്തിത്വമുണ്ടായിരുന്നു. എണങ്ങരുടെ വ്യക്തിത്വത്തെ നമ്മുടെ തദ്ദേശമെത്രാന്മാർ പരിപോഷിപ്പിച്ചില്ല. നമ്മുടെ പള്ളിഭരണം എണങ്ങരുടെ കൈയിൽനിന്നെടുത്ത് മെത്രാന്മാരുടെ കൈയിലൊതുക്കി. എണങ്ങരെ വെറും അല്മേനിയാക്കി. പോർച്ചുഗീസുകാരോടു നമുക്ക് ക്ഷമിക്കാം. അവർക്ക് മാർത്തോമ്മാ ക്രിസ്ത്യാനികളെപ്പറ്റി തെറ്റോ ശരിയോ ആയ കുറെ ധാരണകൾ ഉണ്ടായിരുന്നു. അവർ നമ്മെ പോപ്പുമതത്തിന്റെ കുടക്കീഴിലാക്കാൻ ശ്രമിച്ചു. പക്ഷേ, വിദ്യാസമ്പന്നരായ നമ്മുടെ മെത്രാന്മാർ നമ്മെ മൊത്തത്തിൽ റോമിനു വിറ്റത് നമുക്കെങ്ങനെ ന്യായീകരിക്കാൻ കഴിയും? അല്മായർ നിഷ്ക്രിയരാണെന്ന് വെളിച്ചത്ത് വിലപിക്കുന്ന ഇവർ അല്മായരെ മൊത്തമായി പള്ളിഭരണത്തിൽനിന്ന് തൊഴിച്ചിറക്കി ഇരുട്ടത്ത് ചിരിക്കുകയാണ്. സമ്പത്തും അധികാരവും അതിന് മേമ്പൊടിയായി ഗർവും കൂടി ആയപ്പോൾ കാലഘട്ടത്തിന്റെ അടയാളങ്ങളെ അവർ കാണാതെ പോകു ന്നു. 'My way or no way' എന്ന നിലപാടാണ് മെത്രാന്മാരുടെ കൈമുതൽ.

ഇന്ന് കത്തോലിക്കാസഭയിൽനിന്ന് മറ്റ് ക്രിസ്തീയ കൂട്ടായ്മകളിലേക്ക് ലക്ഷക്കണക്കിന് വിശ്വാസികൾ മാറിപ്പോകുന്നുണ്ട്. പാശ്ചാത്യനാടുകളിൽ 1960-കളിൽ എഴുപത്തഞ്ചു ശതമാനം വിശ്വാസികൾ ഞായറാഴ്ചകളിൽ പള്ളിയിൽ പോയിരുന്നു. അത് ഇന്ന് ഇരുപതു ശതമാനം ആയി കുറഞ്ഞിരിക്കുകയാണ്. സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക് കർശനമായ നിയമങ്ങളുള്ള പള്ളികൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. ഫാ. മാത്യു വെള്ളാനിക്കലിന്റെ കത്തോലിക്കരെ സംബന്ധിച്ചുള്ള സ്വയം വിമർശനത്തിലെ ഒരു ഭാഗം കാണുക: "കത്തോലിക്കാസഭയിൽ പൊതുവെ അല്മായർക്ക് ഭാഗഭാഗിത്വവും അജപാലനപരമായ ഉത്തരവാദിത്വങ്ങളും കൂട്ടുത്തരവാദിത്വത്തോടുകൂടിയ പ്രവർത്തന സാദ്ധ്യതകളുമൊക്കെ വളരെ പരിമിതമായേ ലഭ്യമാകുന്നുള്ളു. അതേസമയം ഇങ്ങനെയുള്ള ശുശ്രൂഷകളിൽ അല്മായർക്ക് പൂർണമായ ഭാഗഭാഗിത്വവും പ്രവർത്തനസാധ്യതകളുമുണ്ട്."[15] അല്മായർക്ക് പൂർണമായ ഭാഗഭാഗിത്വവും പ്രവർത്തന സാധ്യതകളുമുണ്ടാകാൻ കത്തോലിക്കാധികാരം എന്തു നീക്കങ്ങളാണ് നടത്തിയിട്ടുള്ളത്? പുരോഹിതരും അല്മായനുമായുള്ള വിടവു വർധിക്കുന്നതേയുള്ളു. ആ വിടവ് അരക്കിട്ടുറപ്പിക്കാനാണ് സഭാനേതൃത്വം ഇന്നും പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്.

'ആരാധനക്രമപരമായ അജ്ഞത'[16] അല്മായർക്കുണ്ട്. എന്നാൽ അതിൽ പ്രവീണരായ മെത്രാന്മാർ അതേച്ചൊല്ലി തമ്മിലടിക്കുന്നതു കാണുന്ന വിശ്വാസികളിൽ ചിലരെങ്കിലും കത്തോലിക്കാസഭ വിട്ട് മറ്റ് ക്രിസ്തീയ കൂട്ടായ്മയിലേക്ക് മാറിപ്പോകുന്നുണ്ട്. അതിനവരെ നാം എന്തിനു പഴിക്കണം? 'സഭാവിരുദ്ധ ഗ്രൂപ്പ്' എന്നു പറഞ്ഞ് മറ്റു ക്രിസ്തീയ കൂട്ടായ്മയെ നാം എന്തിന് അധിക്ഷേപിക്കണം? കുറെ ആംഗ്ലിക്കൻ (Anglican) മെത്രാന്മാരും ക്ലേർജികളും അല്മായരും കത്തോലിക്കാസഭയിൽ ചേരാൻ ഉദ്ദേശിക്കുന്നു. ഇപ്പോഴത്തെ മാർപ്പാപ്പാ അവരെ രണ്ടു കൈയും നീട്ടി സ്വീകരിക്കും. അവരുടെ ക്ലേർജികൾ വിവാഹിതരാണെങ്കിലും യാതൊരു പ്രശ്നവുമില്ല. കുടുംബസമേതം സ്വീകരിക്കും. വെള്ളാനിക്കലച്ചന്റെ ഭാഷയിൽ പറഞ്ഞാൽ ആംഗ്ലിക്കൻസഭയ്ക്ക് സഭാവിരുദ്ധഗ്രൂപ്പാണ് കത്തോലിക്കാസഭ ഇന്ന്.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് അല്മായർക്ക് അവർ അർഹിക്കുന്ന സ്ഥാനം സഭയിൽ നല്കുകയാണ് കരണീയമായ കാര്യം.

സഭയിൽ സ്വയംവിമർശനം വേണം. വിമർശിക്കുന്ന വിശ്വാസിയെ അവിശ്വാസിയും കമ്യൂണിസ്റ്റുകാരനും നാമമാത്ര കത്തോലിക്കനും സഭാദ്രോഹിയും വൈദികവിരോധിയും സെമിനാരി ചാടിയവനും അച്ചൻപണി ഉപേക്ഷിച്ച് കന്യാസ്ത്രീയെ തട്ടിക്കൊണ്ടു പോയവനും മറ്റുമായി അവഹേളിക്കുന്ന പുരോഹിതതന്ത്രം അക്രൈസ്തവമാണ്. അതവസാനിപ്പിക്കണം. സഭ സ്വയം നന്നാകാൻ ശ്രമിക്കണം. പരിച്ഛേദനവാദത്തിൽ പൗലോസ് പത്രോസിനെ എതിർത്തു. ഉടനെ പത്രോസ് പൗലോസിനെ എക്സ്കമ്മ്യൂണിക്കേറ്റ് ചെയ്യുകയല്ല ചെയ്തത്. ജെറുശലേം സമ്മേളനം കൂടി പരിശുദ്ധാത്മാവിന്റെ നിറവിൽ സഭയ്ക്കനുകൂലമായ തീരുമാനത്തിലെത്തുകയാണ് ചെയ്തത്.

സഭാകാര്യങ്ങളിലെ മുൻഗണനകൾ, സഭയിൽ സംഭവിക്കേണ്ട സ്വരലയം, സാമ്പത്തിക കാര്യങ്ങളിലെ നടത്തിപ്പ്, പുതിയ സഭാസിദ്ധാന്തങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അല്മേനിയുടെ സ്വാധീനം ഉണ്ടായിരിക്കണം. സഭയിലെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ അല്മായരും ഭാഗഭാക്കാകണമെന്നു ചുരുക്കം. അല്മായ നേതാക്കൾ വിശ്വാസത്തിന്റെ വീര്യം കുറയ്ക്കുന്നവരല്ല; മറിച്ച് അവർ പുരോഹിതരെപ്പോലെതന്നെ ഉത്സാഹഭരിതരാണ്. ഇതു സഭാധികാരികൾ തിരിച്ചറിയണം. യഥാർഥത്തിൽ, പുരോഹിതരെ അപേക്ഷിച്ച് അല്മായർ വിദഗ്ധാഭിപ്രായം അന്വേഷിക്കുന്നവരും കൂടിയാലോചനക്കാരും സുതാര്യതാപ്രിയരും അധികാരവിധേയത്വ വിമുഖരുമാണ്. പരമ്പരാഗതസഭ മുകളിൽനിന്ന് താഴേക്കുള്ളവരെ ഭരിക്കുന്ന സഭയാണ്. ആ പരിശീലനമാണ് ഓരോ പുരോഹിതനും ലഭിച്ചിട്ടുള്ളത്. പരമ്പരാഗത സഭാഭരണരീതി ഈ 21-ാം നൂറ്റാണ്ടിൽ പട്ടാളത്തിൽപോലും നടക്കുകയില്ല. "പാരമ്പര്യമാകുന്ന ജലത്തിൽ നീന്തുന്നതു നല്ലതാണ്, എന്നാൽ അതിൽ മുങ്ങുന്നത്

ആത്മഹത്യയാണ്”[17] എന്നാണ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്. സഭ രണ്ടായാലും വേണ്ടില്ല, സഭയിൽ മാറ്റങ്ങൾ വരുത്തുകയില്ലെന്നുള്ള നിശ്ചയദാർഢ്യത്തിലും വെല്ലുവിളിയിലുമാണ് പാരമ്പര്യവാദികൾ. സഭയുടെ ഭാവി അല്മായരെ ആശ്രയിച്ചാണിരിക്കുന്നതെന്ന കാര്യം അവർ മനസ്സിലാക്കുന്നില്ല. ഇത് പോപ്പിന്റെയോ മെത്രാന്റെയോ പുരോഹിതന്റെയോ പള്ളിയല്ല, ക്രിസ്തുവിൽ വിശ്വസിച്ച് അവനിൽ സ്നാപനം സ്വീകരിച്ച എല്ലാവരുടെയും പള്ളിയാണ്. പള്ളിയോടുള്ള സ്നേഹം അല്മായർ പ്രകടിപ്പിക്കേണ്ടത് മൗനത്തിലൂടെയല്ല; മറിച്ച്, തെറ്റിനെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. ഒരു അല്മേനിയുടെ പരമപ്രധാന മായ കടമയുംകൂടിയാണത്.

1906-ൽ ഫ്രാൻസ് സഭയും രാഷ്ട്രവും തമ്മിലുള്ള വിഭജനനിയമം (Separation of Church and State) പാസ്സാക്കി. അത് വലിയ ഒരു അത്യാപത്താണെന്നും തികച്ചും തെറ്റാണെന്നും കാണിച്ചുകൊണ്ട് ഒരു ചാക്രികലേഖനം (Vehementer nos) പത്താം പീയൂസ് മാർപ്പാപ്പാ പ്രസിദ്ധം ചെയ്തു. വിധേയത്വമുള്ള ഒരു ക്രിസ്തീയസംഘമായി തങ്ങളുടെ പാസ്റ്റേഴ്സിനെ അനുഗമിക്കുകയാണ് അല്മായരുടെ കടമയെന്നാണ് മാർപ്പാപ്പാ ആ ചാക്രികലേഖനത്തിലൂടെ 105 വർഷങ്ങൾക്കു മുമ്പ് പഠിപ്പിച്ചത്.[18] അത് വ്യക്തിസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം തുടങ്ങിയവ വിലക്കപ്പെട്ട കാലമായിരുന്നു. ഇന്നും വിധേയത്വമുള്ള കുഞ്ഞാടുകളാണ് അല്മായർ. എങ്കിലും “വിമോചന ശബ്ദങ്ങൾ പുറപ്പെടുവിക്കുക എന്നതാണ് അല്മായർ എന്ന വികൃതിപ്പേരിൽ അറിയപ്പെടുന്ന ദൈവമക്കളുടെ വിളി”[19] എന്ന സ്കറിയാ സക്കറിയായുടെ നിരീക്ഷണം എത്രയോ ശരി.

# 4

# പേപ്പസി

**'The foolish and the dead never change their opinions'**
- James R. Lowell

**ഒ**രു ലോകം, ഒരു റോം, ഒരു തിരുസ്സഭ, ഒരു പത്രോസ്, ഒരു പോപ്പ്.

ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന റോമൻ കത്തോലിക്കാസഭയുടെ പരമാധികാരിയാണ് റോമിൽ വാഴുന്ന മാർപ്പാപ്പാ. അദ്ദേഹത്തിന്റെ അധികാരത്തെയും പീഠത്തെയും സ്ഥാനത്തെയും ഭരണകൂടത്തെയുമെല്ലാം സൂചിപ്പിക്കുന്ന സംജ്ഞയാണ് പേപ്പസി.

റോമിലെ സിറിസിയൂസ് (Sirisius) മെത്രാനാണ് (384–399) ആദ്യമായി പോപ്പ് (Papa) എന്ന് വിളിക്കപ്പെട്ടത്. ക്രിസ്തുവധത്തിന് റോമൻ അധികാരികൾ ഉപയോഗിച്ച കുരിശിന്റെ അടയാളം പോലെ, ഏറ്റവുമധികം കാണപ്പെടുന്നതും പ്രസിദ്ധിയാർജിച്ചിട്ടുള്ളതുമായ ഒരു കത്തോലിക്കാ അടയാളമാണ് പേപ്പസി.

മാർപ്പാപ്പാ സഭയുടെ തലവനാണ്; ക്രിസ്തുവിന്റെ വികാരിയാണ്; കത്തോലിക്കാസഭയുടെ പ്രധാന പുരോഹിതനാണ്; റോമിലെ പ്രധാനാചാര്യനാണ്; ക്രൈസ്തവലോകത്തിന്റെ ആദ്യ ധർമോപാധ്യായനാണ്. റോമിന്റെ മെത്രാനുംകൂടിയായ പോപ്പ് വത്തിക്കാൻ രാഷ്ട്രത്തിന്റെ തലവനാണ്.

ഒരുകാലത്ത് മാർപ്പാപ്പാ രാജാക്കന്മാരുടെ രാജാവായിരുന്നു. സീസറിന്റെ ലൗകികമായ ആധിപത്യവും അപ്പോസ്തലന്മാരുടെ ആധ്യാത്മിക അധികാരവും പോപ്പിൽ ഒന്നുചേർന്നിരുന്നതിനാൽ ഭൂമിയിൽ ഒരു ഭരണകർത്താവേ ഉണ്ടായിരുന്നുള്ളൂ. അത് പോപ്പായിരുന്നു. പത്രോസിന്റെ

പിൻഗാമിയായിരുന്നതിനാൽ സീസറിന്റെ പിൻഗാമി എന്നതിലും വലിയ വനായി. ഒന്ന് പോപ്പിന് ഭൂമി നല്കി; മറ്റത് അദ്ദേഹത്തിന് സ്വർഗം നല്കി. ഒന്ന് അദ്ദേഹത്തെ രാജാവാക്കി; മറ്റത് അദ്ദേഹത്തെ രാജാധിരാജനാക്കി. ഒന്ന് അദ്ദേഹത്തിന് പട്ടാളശക്തിയും വാളും നല്കി; മറ്റത് അദ്ദേഹത്തിന് സ്വർഗവാതിലിന്റെ താക്കോൽ നല്കി. ഒന്ന് അദ്ദേഹത്തിന് സംരക്ഷ കരെയും സേവകരെയും അംബാസഡർമാരെയും മന്ത്രിമാരെയും ഉപ ദേശകരെയും കൂടാതെ നികുതിവരവും നല്കി; മറ്റത് അദ്ദേഹത്തിന് ആധ്യാത്മികനിധിയുടെ അക്ഷയപാത്രം നല്കി. ഈ മഹാചാര്യന്റെ ദ്വിവി ധമായ അധികാരം അദ്ദേഹത്തിന്റെ ഒരു കാല് ഭൂമിയിലും മറ്റത് സ്വർഗ ത്തിലുമാക്കി. അങ്ങനെ സീസറിന്റെയും പത്രോസിന്റെയും പിൻഗാമി യായ പോപ്പ് ഒരു കാലത്ത് ഭൂസ്വർഗങ്ങളുടെ അധിപനായിരുന്നു. പോപ്പിൽനിന്നാണ് രാജാക്കന്മാർ അവരുടെ കിരീടവും മെത്രാന്മാർ അവ രുടെ ശിരോലങ്കാരവും സ്വീകരിച്ചിരുന്നത്. ഏവരും അവരുടെ ഉത്തരവാ ദിത്വത്തിന്റെ കണക്ക് അദ്ദേഹത്തെ കേൾപ്പിക്കണം. പോപ്പിന് ഈ ഭൂമി യിൽ ആരെയും ഒരു കണക്കും കേൾപ്പിക്കുകയും വേണ്ട.

ഒരുകാലത്ത് യൂറോപ്പിലെ രാജാക്കന്മാരും ഏകാധിപതികളും പ്രഭു ക്കളും മാർപ്പാപ്പായെ അനുസരിച്ചിരുന്നു.

പോപ്പ് ഇന്നും സീസറിന്റെ പീഠത്തിൽ ഉപവിഷ്ടനായിരിക്കുന്നു. ഇഹ ലോകത്തിന്റെയും പരലോകത്തിന്റെയും ഇരുതലവാളും പിടിച്ച് (ഒമ്പതാം പീയൂസ് മാർപ്പാപ്പായെ ഓർമിക്കുക) വാഴുന്നു. എന്തൊരു വിരോധാ ഭാസം! ഈ പേപ്പസി ദൈവദത്തമാണെന്നുള്ളത് ധിക്കാരപരമായ അവ കാശപ്പെടലാണ്. കപടാഭിനയം വഴിയാണ് റോമിലെ മെത്രാൻ പണ്ടു കാലത്ത് പ്രാഥമികസ്ഥാനം കരസ്ഥമാക്കിയത്. പത്രോസ് റോമിലെ മെത്രാനോ റോമൻസഭയുടെ സ്ഥാപകനോ അല്ല. താൻ ഒരു കൂട്ടുമൂപ്പ നാണെന്ന് പത്രോസ്തന്നെ സാക്ഷിക്കുന്നുണ്ട് (1 പത്രോ. 5: 1). പൗലോസ് തന്റെ പല ലേഖനങ്ങളും റോമിലിരുന്നാണ് എഴുതിയത്. അതിൽ ഒന്നിൽപ്പോലും പത്രോസിന്റെ ക്ഷേമം അന്വേഷിക്കുന്നില്ല. മുപ്പതോളം കൂട്ടുശുശ്രൂഷകർക്ക് അഭിവാദനങ്ങൾ പൗലോസ് നേരുന്നുണ്ട്. പക്ഷേ, പത്രോസിന്റെ പേര് അതിൽ കാണുന്നില്ല. പത്രോസിന്റെ പ്രഥമസ്ഥാനം വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിലുള്ളതോ സഭാസംബന്ധിയായ ചരിത്രവ സ്തുതയോ അല്ല. അപ്പോസ്തലന്മാർ പത്രോസിനെ ശമരിയായ്ക്ക് വേദം പ്രസംഗിക്കാനയച്ചു (അപ്പോ. പ്രവ. 8: 14). പത്രോസ് പ്രഥമനായിരുന്നെ ങ്കിൽ കരണീയമായ ഒരു കാര്യമാണോ അത്? ഇന്ന് കർദിനാളന്മാർകൂടി പോപ്പിനെ മതം പ്രസംഗിക്കാൻ ആഫ്രിക്കയ്ക്കയക്കുമോ? പരിച്ഛേദന വാദം രൂക്ഷമായപ്പോൾ അപ്പോസ്തലന്മാരും മൂപ്പന്മാരും ഒരുമിച്ചുകൂടി. ആ സൂനഹദോസിന്റെ അധ്യക്ഷൻ കർത്താവിന്റെ സഹോദരനായ ചെറിയ യാക്കോബ് (James the Less) ആയിരുന്നു. പത്രോസ് പ്രഥമ നായിരുന്നെങ്കിൽ എന്തുകൊണ്ടദ്ദേഹം അധ്യക്ഷസ്ഥാനം വഹിച്ചില്ല?

തന്നെയുമല്ല, പൗലോസ് ഗലാത്തിയാക്കാർക്കെഴുതിയ ലേഖനത്തിൽ കേപ്പായെ വിമർശിക്കുന്നത് ശ്രദ്ധിക്കുക. "പക്ഷേ, കേപ്പാ അന്തിയോഖ്യയിൽ വന്നപ്പോൾ, അയാളുടെ മുഖത്തുനോക്കി ഞാൻ എതിർത്തു. കാരണം, അയാൾ കുറ്റക്കാരനായിരുന്നു. വിജാതീയരോടൊപ്പം ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കേപ്പാ, യാക്കോബിന്റെ അടുക്കൽനിന്നു ചില ആളുകൾ വന്നപ്പോൾ, പരിച്ഛേദനവാദികളെ ഭയന്ന് അതിൽനിന്നു പിന്മാറി അകന്നുനിന്നു. മറ്റു യഹൂദസഹോദരരും പത്രോസിനോടൊത്ത് ആത്മാർഥതയില്ലാതെ മാറിനിന്നു; ബർണബാസ് പോലും ഈ കാപട്യത്തിന് വഴിപ്പെട്ടു. സുവിശേഷസത്യത്തിന് അനുസൃതമായ നേർവഴിയിൽകൂടിയല്ല അവർ സഞ്ചരിക്കുന്നതെന്ന് ബോധ്യമായപ്പോൾ ഞാൻ എല്ലാവരുടെയും സമക്ഷം കേപ്പായോടു ചോദിച്ചു: 'യഹൂദനായ താങ്കൾ യഹൂദനെപ്പോലെയല്ലാതെ, വിജാതീയനെപ്പോലെയാണു ജീവിക്കുന്നത്. വിജാതീയർ യഹൂദരെപ്പോലെ ജീവിക്കണം എന്നു നിർബന്ധിക്കാൻ താങ്കൾക്ക് എങ്ങനെ കഴിയും?' നാം ജന്മനാ യഹൂദരാണ്; വിജാതീയരായ പാപികളല്ല'' (ഗലാ. 2: 11–15). ഇന്ന് ഏതെങ്കിലും ഒരു മെത്രാൻ മാർപ്പാപ്പായുടെ മുഖത്തുനോക്കി ഇപ്രകാരം വിമർശിക്കുമോ?

ഒരു അപ്പോസ്തലനും അദ്ദേഹത്തിന്റെ വേദപ്രചാരണ വേലയുടെ റിപ്പോർട്ട് പത്രോസിന് സമർപ്പിച്ചിട്ടില്ല. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് പോയപ്പോൾ പത്രോസ് ആരെയും പകരമായി നിയമിച്ചില്ല. നൂറ്റിയിരുപതോളം സഹോദരരും പത്രോസുംകൂടി മത്തിയാസിനെ നറുക്കിട്ടു തെരഞ്ഞെടുക്കുകയാണ് ചെയ്തത്. (അപ്പോ. പ്രവ. 1: 15–26). ആദിമസഭയിൽ പത്രോസിന് ഔദ്യോഗികമായി യാതൊരു ശ്രേഷ്ഠസ്ഥാനവും ഉണ്ടായിരുന്നില്ല. പത്രോസോ പൗലോസോ മറ്റ് അപ്പോസ്തലരോ അവരുടെ ഇടയിൽ പത്രോസിന് ഒന്നാംസ്ഥാനമുണ്ടെന്ന് പറയുന്നില്ല. ആരാണ് തങ്ങളിൽ വലിയവനെന്ന തർക്കംവരെ ഉണ്ടായിട്ടുണ്ട് (ലൂക്കോ. 22: 24–27). പത്രോസ് പുരോഹിതനോ മെത്രാനോ റോമാക്കാരനോ റോമാവാസിയോ പോപ്പോ പോന്റിഫോ സാർവത്രികസഭയുടെ തലവനോ അപ്രമാദിത്വവരം ഉള്ളവനോ ഒന്നുമല്ലായിരുന്നു. ഗലിലിയായിലെ ബേദ്സെയ്ദായിൽ യോനായുടെ പുത്രനായി ജനിച്ച ശിമയോൻ വിദ്യാവിഹീനനായ ഒരു മുക്കുവനായിരുന്നു എന്നതാണു വസ്തുത. മിശിഹാ ആയിരുന്നു സഭയുടെ അടിസ്ഥാനവും മൂലക്കല്ലും (1 പത്രോ. 2: 6).

പോപ്പുമാരുടെ പരമ്പര ചോദ്യംചെയ്യപ്പെട്ടിട്ടുള്ളതാണ്. കാരണം വഞ്ചന, തട്ടിപ്പ്, ചതിപ്രയോഗം, കോഴകൊടുക്കൽ, അക്രമം, കൊലപാതകം തുടങ്ങിയവ ചെയ്താണ് നിരവധി പാപ്പാമാർ പത്രോസിന്റെ കസേരയിൽ ആരൂഢരായിട്ടുള്ളത്. ഇക്കാരണത്താൽ റോം രക്തപ്രളയത്തിലായിട്ടുണ്ട്. പാഷണ്ഡികളെന്ന് താറടിക്കപ്പെട്ടിട്ടുള്ള മാർപ്പാപ്പാമാർ വേറെ. പേപ്പസി വിലയ്ക്കു വിറ്റ ബനഡിക്റ്റ് ഒമ്പതാമൻ മാർപ്പാപ്പാ മൂന്നു പ്രാവശ്യം (1032–1044, 1045, 1047) മാർപ്പാപ്പായായി. അല്മായരായ അഞ്ചു പോപ്പുമാ

രിൽ ഒരാളായിരുന്നു, ബനഡിക്റ്റ് ഒമ്പതാമൻ മാർപ്പാപ്പാ. (അല്മായരായ മറ്റു മാർപ്പാപ്പാമാർ: 1 BC-യിൽ ജനിച്ച് AD 67-ൽ റോമൻ അധികൃത രാൽ കൊല്ലപ്പെട്ട വി. പത്രോസ്, വി. ഫബിയാൻ (236–250), ബനഡിക്റ്റ് എട്ടാമൻ (1012–1024), ജോൺ പത്തൊമ്പതാമൻ (1024–1032)).

എതിരാളിയെ ഭ്രഷ്ടു കല്പിച്ച് പള്ളിക്കു പുറത്താക്കുക, എതിർ പോപ്പ് അതു നിരാകരിച്ച് തിരിച്ച് ഭ്രഷ്ടുകല്പിക്കുക. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന അതിക്രൂരന്മാരായിരുന്നു ക്രിസ്തുവിന്റെ വികാരിമാർ. 60 ലക്ഷ ത്തിലേറെ യഹൂദരെ നിഷ്കരുണം കൊന്നൊടുക്കിയ നികൃഷ്ടനും കത്തോലിക്കനുമായ അഡോൾഫ് ഹിറ്റ്ലറെ (Adolf Hitler) എന്തുകൊണ്ട് 12–ാം പീയൂസ് മാർപ്പാപ്പാ മഹറോൻ ചൊല്ലിയില്ല? വേണ്ട, ഒരൊറ്റ നാസി കത്തോലിക്കനെയെങ്കിലും സഭാഭ്രഷ്ടു കല്പിച്ച് സഭയ്ക്കു പുറത്താ ക്കിയോ?[1] ഈ പാപ്പാ കത്തോലിക്കരായ കമ്മ്യൂണിസ്റ്റ് അനുഭാവികളെ ഒറ്റയടിക്ക് മൊത്തത്തിൽ സഭാഭ്രഷ്ടരാക്കി. ക്യൂബയിലെ ഫീഡൽ കാസ്ട്രോ ഉൾപ്പെടെ ഏഴുലക്ഷത്തിൽ കൂടുതൽ കത്തോലിക്കർ അങ്ങ നെ പള്ളിഭ്രഷ്ടിലായി. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ കൂട്ടത്തോ ടെയുള്ള ഏറ്റവും വലിയ എക്സ്കമ്മ്യൂണിക്കേഷനായിരുന്നു അത്.[2] അപ്പോൾ ഈ പരിശുദ്ധ പിതാക്കന്മാർ പക്ഷപാതികളുമാണ്.

ഇൻഡ്യയിലെ ശ്രീബുദ്ധനും ചൈനയിലെ കൺഫ്യൂഷ്യസുമെല്ലാം പാഷണ്ഡികളാണെന്നും അവരുടെ ദുഷിച്ച സ്വാധീനം യൂറോപ്യൻ കത്തോലിക്കരുടെ നാഗരികതയെ തകർക്കുമെന്നും പാപ്പാമാർ കരുതി യിരുന്നു.

പോപ്പുമാർ ചിന്തിക്കുന്നത് അവരാണ് എപ്പോഴും ശരിയെന്നാണ്. എതിരാളികൾ തെറ്റുപറ്റിയവർ. മാർട്ടിൻ ലൂഥറും (1483–1546) നവീകര ണപ്രസ്ഥാനക്കാരും ക്രിസ്ത്യാനികളുടെ വ്യക്തിസ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സാമ്പത്തികസ്വാതന്ത്ര്യം തുടങ്ങിയ സ്വാത ന്ത്ര്യങ്ങൾക്കുവേണ്ടിയാണ് പോരാടിയത്. പക്ഷേ, അവരെ തൂക്കിലിടുന്ന ശ്രമത്തിലായിരുന്നു പോപ്പുമാർ.

അതികഠിനമായ മതപീഡനകാലമായിരുന്ന ആദിമകാലത്തുണ്ടായി രുന്ന മൂപ്പന്മാർ വിശ്വാസികളുടെ ഇടയന്മാരായിരുന്നു. പോപ്പും കർദിനാ ളന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഇന്ന് വലിയ കൊട്ടാര ങ്ങളിൽ കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും പ്രശസ്തരായ സാഹിത്യകാരന്മാരാലും പണ്ഡിതന്മാരാലും ദൈവശാസ്ത്രജ്ഞരാലും കാനോൻനിയമവിദഗ്ധരാലും വലയംചെയ്യപ്പെട്ടിരിക്കുന്നു.

ദൈവദൂഷണപരവും സ്വേച്ഛാധിപത്യപരവുമായ ഈ അധികാരം മുക്കു വന്റെ കസേരയിലാരൂഢരായ പോപ്പുമാർ കൗശലപൂർവം വളരെക്കാലം കൊണ്ട് സങ്കീർണമായി മെടഞ്ഞെടുത്തതാണ്. ബനഡിക്റ്റൻ ഓർഡർ പോലുള്ള സന്ന്യാസസഭകളിലെ പുരോഹിതർ പോപ്പിനെ പൂർണമായി അനുസരിക്കണമെന്ന് പണ്ടുകാലത്ത് യൂറോപ്പുമുഴുവൻ ധാർമിക ഉദ്ബോ ധനം നടത്തി നടന്നിരുന്നു.

എ.ഡി 607-ൽ ബൊനിഫസ് മൂന്നാമൻ മാർപ്പാപ്പയെ ദൈവപൈതൃകത്തിന്റെ യജമാനനും സാർവത്രികസഭയുടെ മെത്രാനുമായി നിഷ്ഠൂരനായ ഫോക്കസ് (Phocas) ചക്രവർത്തി ഉയർത്തി എന്ന് പറയപ്പെടുന്നു. അപ്രകാരം സഭാസംബന്ധിയായ പരമാധികാരം റോമാസാമ്രാജ്യാതിർത്തിയിലുള്ള സഭയുടെമേൽ പോപ്പിനു ലഭിച്ചു. നിത്യനഗരത്തിൽ നിന്നു സീസർ പോയപ്പോൾ പോപ്പ് നിത്യസഭയുടെ തലവനായി. അങ്ങനെ റോമിലെ മെത്രാൻ പത്രോസിന്റെ പിൻഗാമിയായി; പത്രോസാകുന്ന പാറമേൽ ക്രിസ്തുവിന്റെ പള്ളി പണിതു എന്നത് ചോദ്യം ചെയ്യാൻ പാടില്ലാത്ത മൗലികസിദ്ധാന്തമായി! ദൈവത്തിന്റെ വികാരി എല്ലാവരുടെയും വിധികർത്താവായി. ഒരു വ്യക്തിക്കോ ഭരണകൂടത്തിനോ മാർപ്പാപ്പായെ വിധിക്കാൻ അവകാശവുമില്ല. 'പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ' എന്ന കാനോൻ നിയമപുസ്തകത്തിൽ ഇപ്രകാരം കൊടുത്തിരിക്കുന്നു: "ദൈവമല്ലാതെ, മാർപ്പാപ്പായ്ക്കു മുകളിൽ മറ്റൊരു അധികാരി ഇല്ലാത്തതിനാൽ മാർപ്പാപ്പായുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ കൊടുക്കുവാൻ ആർക്കും സാധിക്കുകയില്ല. മാർപ്പാപ്പായെ വിധിക്കുവാൻ മറ്റൊരു അധികാരിക്കും കഴിയില്ല."[3] അപ്പോൾ കാനോൻനിയമപ്രകാരം മാർപ്പാപ്പായാണ് ലോകത്തിലെ പരമാധികാരി. കൂട്ടുമൂപ്പൻ എന്ന സ്ഥാനം മാറി സഭയിലെ പരമാധികാരിയായി; ഒന്നാംസ്ഥാനം (Primacy) മാറി സർവാധികാരിയായി (Sovereign)! മെത്രാന്മാരും വൈദികരും സന്ന്യാസീസന്ന്യാസിനികളും അല്മേനികളും അദ്ദേഹത്തെ അനുസരിക്കണം.

കുരിശുയുദ്ധങ്ങൾ (1095–1272) വഴി ലക്ഷങ്ങളെ കൊന്നൊടുക്കി. എന്തിനുവേണ്ടി? പോപ്പുമാരുടെ നിലനില്പിനുവേണ്ടി. മതദ്രോഹവിചാരണ (Inquisition, 1231-1834) നടത്തി ലക്ഷങ്ങളെ മാനസികവും ശാരീരികവുമായി പീഡിപ്പിച്ചു, വികലാംഗരാക്കി, കാരാഗൃഹത്തിലടച്ചു, എരിയുന്ന തീയിൽ ജീവനോടെ എറിഞ്ഞ് ചുട്ടുകരിച്ചു കൊന്നു! എന്തിനുവേണ്ടി? പോപ്പിന്റെ കരബലം കാണിക്കാൻ, ബലിയാടായവരുടെ സ്വത്തിനുവേണ്ടി. യക്ഷികളെന്ന് മുദ്രയടിച്ച് (Witchcraft, 1300-1749) യൂറോപ്പിലുടനീളം സ്ത്രീകളെ തീയിലെറിഞ്ഞ് ചുട്ടുകരിച്ചു കൊന്നു. എന്തിനുവേണ്ടി? സ്ത്രീസ്വാതന്ത്ര്യത്തെ നിഷേധിക്കാൻ, സ്ത്രീകൾ സമ്പത്ത് സമാഹരിക്കാതിരിക്കാൻ.

സാമ്രാജ്യത്തിന്റെ ജീർണതയ്ക്കും പതനത്തിനും സാമൂഹിക പരിവർത്തനത്തിനും നൂതനരാജ്യങ്ങളുടെ ഉത്പത്തിക്കും ജീവിതശൈലിയിലും ആചാരങ്ങളിലും നിയമങ്ങളിലുമുള്ള മാറ്റങ്ങൾക്കും തത്ത്വശാസ്ത്രം, കല, സാഹിത്യം തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനുമെല്ലാം പേപ്പസിയുടെ ചരിത്രവുമായി ബന്ധമുണ്ട്. പേപ്പസിയുടെ വളർച്ച മനുഷ്യപ്രകൃതിയുടെ ദുഷിപ്പാണ്. ക്രിസ്തീയത പരിശുദ്ധമാണ്. പക്ഷേ, അതിന്റെ സൂക്ഷിപ്പുകാർ വികലരാണ്. സ്വധർമപരിത്യാഗം ഏദൻതോട്ട

ത്തിൽ ആരംഭിച്ചു. ക്രിസ്തുവിന്റെ വികാരിമാരാൽ റോമിൽ അത് പൂർത്തീകരിക്കപ്പെട്ടു.

ഈ പോപ്പുമാർ ലളിതമായ ക്രിസ്തീയവിശ്വാസത്തെ വിഗ്രഹാരാധനയുടെ ഉത്സവമാക്കി. രക്തസാക്ഷികളുടെ അസ്ഥികളെ തിരുശേഷിപ്പാക്കി. വിഗ്രഹാരാധകരുടെ ആശയത്തെ അങ്ങനെ ദത്തെടുത്ത് ദൈവികോപാസന രക്തസാക്ഷികൾക്കു നല്കുന്നു. അവിശ്വാസികളുടെ അമ്പലങ്ങളിലെ വിളക്കും കലശവും (Kalasha) സുഗന്ധദ്രവ്യധൂപവും മെഴുകുതിരികളും പുഷ്പങ്ങളും സുഗന്ധ വസ്തുക്കളും കണ്ണഞ്ചിക്കുന്ന പുറംകുപ്പായങ്ങളും മാത്രമല്ല, സ്വർണവും വെള്ളിയും പൂശിയ കുരിശ്, യാനപാത്രം, തലത്തൊപ്പി, വടി, മോതിരം എന്നിവയും ഇന്ന് പള്ളികളിൽ ഉപയോഗിക്കുന്നുണ്ട്.

പുതിയ ഉടമ്പടിയാൽ (new covenant) സ്വതന്ത്രരായ ദൈവജനത്തെ, ക്രിസ്ത്യാനികളെ, എന്നന്നേക്കുമായി അടിമകളാക്കാൻ പറ്റിയ വിധത്തിൽ നൂറ്റാണ്ടുകൾകൊണ്ട് രൂപാന്തരപ്പെടുത്തി ഉണ്ടാക്കിയിട്ടുള്ളതാണ് പാപ്പായുടെ ഭരണകൂടത്തിന്റെ നിയമസംഹിതയായ കാനോൻ നിയമം. എല്ലാ അധികാരവും പോപ്പിൽ നിക്ഷിപ്തമാക്കപ്പെട്ട രീതിയിലാണതിന്റെ ഘടന. ഒരു ഉത്തമ വിശ്വാസിയാകാൻ പാപത്തിൽ നിന്ന് ഒഴിഞ്ഞുജീവിക്കുകയോ ഹൃദയപരിവർത്തനം വരുത്തുകയോ വിശുദ്ധിയിൽ വളരുകയോ ഒന്നും ആവശ്യമില്ല. പള്ളിനിയമങ്ങളോടുള്ള വിധേയത്വമാണ് സുപ്രധാന പുണ്യം. പള്ളിനിയമങ്ങളെ 'പരിശുദ്ധ കാനോനകൾ' എന്നാണ് പരിശുദ്ധ പിതാവുതന്നെ വിശേഷിപ്പിച്ചിട്ടുള്ളത്.[4]

ഒരു മെത്രാന് പോപ്പിന്റെ തീരുമാനങ്ങളെയും നയങ്ങളെയും പ്രഖ്യാപനങ്ങളെയുംപറ്റി വിമർശനപരമായി അഭിപ്രായം പ്രകടിപ്പിക്കാൻ മനഃശാസ്ത്രപരമായി ബുദ്ധിമുട്ടുണ്ട്. കാരണം, മെത്രാന്മാരെ നിയമിക്കുന്നത് മാർപ്പാപ്പായാണ് അദ്ദേഹത്തെ അനുസരിച്ചു കൊള്ളാ മെന്ന് മെത്രാൻപട്ടം കിട്ടുമ്പോൾ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. തന്നെയുമല്ല, മെത്രാന്മാരെ നിലയ്ക്കു നിർത്താൻ റോമൻ കാര്യാലയ ങ്ങൾക്ക് നിഷ്പ്രയാസം സാധിക്കുകയും ചെയ്യും. ഇതിന് നൂറുകണക്കിന് ഉദാഹരണങ്ങൾ മുൻപോട്ടുവയ്ക്കാനുണ്ട്. ഇവിടെ ഒന്നുമാത്രം കുറിക്കട്ടെ. സാൻഫ്രാൻസിസ്കോ അതിരൂപതയുടെ മെത്രാപ്പോലീത്ത ആയിരുന്ന ജോൺ ക്വിൻ (John Quinn) 1996 ജൂൺ മാസത്തിൽ ഓക്സ്ഫോർഡിൽ പേപ്പൽ പ്രൈമസിയെപ്പറ്റി ഒരു പ്രഭാഷണം നടത്തുകയുണ്ടായി. റോമൻ കാര്യാലയത്തിന് ആ പ്രസംഗത്തിലെ ചില ആശയങ്ങളോട് എതിർപ്പും അതൃപ്തിയും തോന്നി. അതിനുശേഷം അമേരിക്കൻ ബിഷപ്സ് കോൺഫറൻസിനെ പ്രതിനിധീകരിച്ച് റോമിൽ നടക്കുവാൻ പോകുന്ന മെത്രാൻ സിനഡിലേക്ക് മറ്റു ചില മെത്രാന്മാരോ ടൊപ്പം ആർച്ച് ബിഷപ്പ് ക്വിന്നിനെ അമേരിക്കൻ മെത്രാന്മാർ തെരഞ്ഞെടുത്തു. എങ്കിലും വത്തിക്കാൻ മനഃപൂർവം ക്വിന്നിനെ സിനഡിലേക്ക് ക്ഷണിച്ചില്ല.

ആർച്ചുബിഷപ്പ് കിൻ യു.എസ്. കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സിന്റെ 1977-1980 കാലത്തെ പ്രസിഡന്റായിരുന്നു.

മെത്രാന്മാരും മാർപ്പാപ്പായും ക്രിസ്തുവിന്റെ ശുശ്രൂഷാവേലയിലെ സഹോദരന്മാരാണ്. പക്ഷേ, ഇന്ന് മാർപ്പാപ്പാമാർ ഏകാധിപതികളായി പള്ളിയെ ഭരിക്കുന്നു. എന്റെ ഈ അഭിപ്രായത്തിന് ഒരു മെത്രാനും എതിരുപറയുമെന്ന് എനിക്കു തോന്നുന്നില്ല. നമ്മുടെ ദിവംഗതനായ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ വർക്കി വിതയത്തിൽതന്നെ അദ്ദേഹത്തിന്റെ 'ഹൃദയത്തിൽ നിന്നു നേരെ' (Straight from the Heart) എന്ന പുസ്തകത്തിൽ റോമൻ കാര്യാലയങ്ങളോടുള്ള ഇടപാടുകൾ സംബന്ധിച്ച് പല സ്ഥലങ്ങളിലും ആവലാതികളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അസംതൃപ്തിയും പ്രകടിപ്പിച്ചിരിക്കുന്നതു കാണാം.[5] നമ്മുടെ സഭ സ്വയംഭരണാധികാരമുള്ള സഭയാണെന്നോർക്കണം. എന്നിട്ടും ഗതി ഇതുതന്നെ. രണ്ടാം വത്തിക്കാൻ കൗൺസിലിൽ പ്രഖ്യാപിക്കപ്പെട്ട കൊളെജിയാലിറ്റിക്ക് എന്തുപറ്റി? കർദ്ദിനാളന്മാർ രണ്ടു മുട്ടും കുത്തിനിന്നു കൊണ്ട് മാർപാപ്പയുടെ മോതിരം മുത്തുന്നതാണ് ലോകത്തിലെ ഏറ്റവും വലിയ ഷോ എന്നാണെനിക്കു തോന്നുന്നത്. ഇതാണോ കൂട്ടുമൂപ്പൻ? ഇതാണോ പ്രഥമൻ? ഇതാണോ സൗഹൃദ സഖ്യം? "മെത്രാന്മാരുടെയും മാർപ്പാപ്പായുടെയും സംഘാതാത്മകതയുടെ (Collegiality) നിർവചനം ഈ ഡിക്രിയുടെ വൈജയന്തിയാണ്."[6] നിർവചനം വൈജയന്തിതന്നെ. പക്ഷേ, 45 വർഷങ്ങൾ കഴിഞ്ഞിട്ടും നിർവചനംകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായോ?

മെത്രാന്മാർ മെത്രാന്മാരായിരിക്കട്ടെ. അവർ അവരുടെ ദൈവജനത്തെ ശുശ്രൂഷിക്കട്ടെ. അവർ അവരുടെ രൂപതയിലെ ക്രിസ്തുവിന്റെ വികാരിമാരായിരിക്കട്ടെ. പോപ്പിന്റെ പ്രഥമസ്ഥാനം (Primacy) പരമാധി കാരമായി (Sovereignity) കരുതുന്നതാണ് തെറ്റ്. അപ്പോൾ മാർപ്പാപ്പയ്ക്ക് ഏതു റീത്തിന്റെ മേലും ഏതു രൂപതയുടെ കാര്യത്തിലും ഏത് ഇടവകപ്പള്ളിയുടെ കാര്യത്തിലും ഇടപെടാം എന്നുള്ള അവസ്ഥയിലേക്ക് പേപ്പസി അധഃപതിച്ചുപോകുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ എന്ന പുസ്തകത്തിൽ കൊടുത്തിരിക്കുന്നതിപ്രകാരമാണ്: "നൂറ്റാണ്ടുകളായി മാർപ്പാപ്പമാർ മഹാരാജാക്കന്മാരായും മെത്രാന്മാർ രാജാക്കന്മാരായും ഗണിക്കപ്പെട്ടുപോന്നു"[7]. ന്യായതീർപ്പിന്റെ അധികാരമുള്ള രാജവാഴ്ച മനഃസ്ഥിതി റോം മാറ്റണം. രാജകീയ തീവണ്ടിയിൽ നിന്നിറങ്ങണം.

മാർപ്പാപ്പാമാർക്കറിയാം ഓർത്തഡോക്സ്, പ്രോട്ടസ്റ്റന്റ് സഭകളും കത്തോലിക്കാസഭയുമായുള്ള യോജിപ്പ് നടപ്പിലാകാൻ പോകുന്നില്ലാ എന്ന്. ദൈവശാസ്ത്രപരമായ കാര്യങ്ങളെക്കാൾ പോപ്പിന്റെ പരമാധികാരവും സഭാഭരണകാര്യങ്ങളുമാണ് ഇന്നും ഈ യോജിപ്പിന് വിഘാതമായി നിലകൊള്ളുന്നത്. പോപ്പിന്റെ പരമാധികാരം കളഞ്ഞു കുളിക്കാൻ

പോപ്പു സമ്മതിക്കുമോ? അതല്ലെങ്കിൽ, ക്രിസ്തുവിന്റെ സഭയെ രക്ഷിക്കാൻ ഫ്രാൻസീസ് അസീസിയേപ്പോലുള്ള ഒരു മാർപ്പാപ്പാ ഉണ്ടാകണം.

പേപ്പസി റോമൻ കത്തോലിക്കാ സഭയിലെ പ്രധാനപ്പെട്ട ഒരു കീറാമുട്ടി പ്രശ്നമാണ്. പേപ്പസിയും മെത്രാന്മാരുമായുള്ള വടംവലികൾ വളരെ വ്യക്തമാണ്. ദൈവശാസ്ത്രജ്ഞരും വത്തിക്കാനുമായുള്ള യുദ്ധങ്ങളും നാം കാണാറുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിലെ പലവിധ വിഷയങ്ങളിൽ വിശേഷവിജ്ഞാനമുണ്ടായിരുന്ന ഹാൻസ് കുങ് (Hans Kueng) മാർപ്പാപ്പയുടെ അപ്രമാദിത്വത്തിലെ ചില പ്രശ്നങ്ങൾ ച്രൂണ്ടിക്കാണിച്ചതിനാൽ റോമൻ കാര്യാലയം അദ്ദേഹത്തിന് ദൈവശാസ്ത്രം പഠിപ്പിക്കുവാനുള്ള ലൈസൻസ് റദ്ദാക്കി.[8] ലിബറേഷൻ തിയോളജിയുമായി രംഗത്തുവന്ന ശ്രീലങ്കയിലെ ഫാദർ റ്റിസാ ബാലസൂര്യ (Fr. Tissa Balasuriya) ഉൾപ്പെടെ എത്രയെത്ര ദൈവശാസ്ത്രജ്ഞരെ റോം നിശ്ശബ്ദരാക്കി.[9]

മാർപ്പാപ്പാ പത്രോസിന്റെ പിൻഗാമിയെങ്കിൽ മെത്രാന്മാർ മറ്റ് അപ്പോസ്തലരുടെ പിൻഗാമികളാണ്. യേശു പള്ളി പണിയാൻ തെരഞ്ഞെടുത്ത പാറമേൽ ഉറച്ച അടിസ്ഥാനമിടണമെങ്കിൽ ചില്ലറ തിരുത്തലുകളും ആവശ്യമായിരുന്നു. ഗലാത്തിയാക്കാർക്ക് പൗലോസ് എഴുതിയ വാക്യങ്ങൾ (ഗലാ. 2: 11–15) വളരെ ശ്രദ്ധേയമാണ്. നിസ്സാരമായ അഗ്രചർമ്മത്തിന്റെ പേരിൽ പൗലോസിന്റെ പുതുക്രിസ്ത്യാനികളായ പുറജാതിക്കാർക്ക് ക്രിസ്തുവിലുള്ള വിശ്വാസം നഷ്ടപ്പെടാൻ അദ്ദേഹം സമ്മതിച്ചില്ല. ഈ തർക്കത്തിൽ പത്രോസ് പിന്നോട്ടു വലിഞ്ഞു. പക്ഷേ, ഇതു തെളിയിക്കുന്നത് ആദിമസഭയിൽ വിവാദങ്ങൾക്കു തീർപ്പു കല്പിച്ചിരുന്നത് അപ്പോസ്തലർ എല്ലാവരും മറ്റ് മൂപ്പന്മാരും കൂടിയിരുന്ന് ആലോചിച്ചായിരുന്നു എന്നാണ് (അപ്പോ. പ്രവ. 15: 1–31).

നിങ്ങൾ സഭയെ സ്നേഹിക്കുന്നെങ്കിൽ നിങ്ങൾ സഭാധികാരികളെ വിമർശിക്കുകയില്ലെന്നാണ് കർദ്ദിനാൾ അൻജെലോ സൊഡാനോ (Cardinal Angelo Sodano) പറഞ്ഞിരിക്കുന്നത്. സത്യം അതല്ല. സഭയെ സ്നേഹിക്കുന്നവർ സഭയിൽ കാണുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കും. വി. ബർനാർഡ് ചെയ്തതതാണ്. 600 വർഷങ്ങൾക്കു മുൻപ് സഭ അഴിമതിയുടെ കൂത്തരങ്ങായിരുന്നു. സിയന്നായിലെ വി. കാത്തറിൻ (St. Catherine of Siena) സഹികെട്ട് അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ഗ്രിഗരി പതിനൊന്നാമന് എഴുതിയതിപ്രകാരമാണ്: "റോമൻ കാര്യാലയത്തിന്റെ പാപത്തിന്റെ ദുർഗന്ധം മൂലം ലോകം ഓക്കാനിക്കുകയും സ്വർഗത്തിന് ദീനമുണ്ടാകുകയും ചെയ്യുന്നു."[10]

മാർപ്പാപ്പാമാർ സ്ഥിരമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് അവരുടെ അധികാരം ഉറപ്പിച്ചെടുക്കുന്നതിനാണ്. പോപ്പ് മെത്രാൻ കൗൺസിലിനും, എന്നുവച്ചാൽ സാർവത്രിക സൂനഹദോസിനും, മുകളിലാണെന്നുള്ള അവകാശവാദമാണ് ഇവിടെ അപകടകരം. കോൺസ്റ്റൻസ് കൗൺസിൽ

(1414-1418) തൃപ്തിപ്പെട്ടത് കൗൺസിൽ പോപ്പിന്റെ മുകളിലാണെന്ന് സ്ഥാപിച്ചെടുത്താണ്. എന്നാൽ കാലാന്തരത്തിൽ ഈ ആശയത്തെ ആക്ഷേപരൂപത്തിൽ തള്ളി 180 ഡിഗ്രി തിരിച്ച് കൗൺസിലിനും മുകളി ലാണ് പോപ്പ് എന്ന് സ്ഥാപിച്ചെടുത്തു. അത് പോപ്പിനെ പരിശുദ്ധ പിതാവും ആരാധ്യനുമാക്കി. കൂടാതെ അദ്ദേഹത്തോട് പരിപൂർണമായ അനുസരണയും വേണ്ടിവന്നു. പത്രോസിനെ എത്ര അപ്പോസ്തലന്മാർ അനുസരിച്ചുകാണും?

ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഇഹലോകത്തിന്റെയും പരലോകത്തി ന്റെയും അധികാരിയായി ഇരുതലവാളും പിടിച്ചുവാണു. 1870-ൽ ഒന്നാം വത്തിക്കാൻ കൗൺസിലിൽ വച്ച് പോപ്പ് തെറ്റാവരമുള്ളവനാ ണെന്ന സിദ്ധാന്തവും സ്ഥാപിച്ചെടുത്തു. വിശുദ്ധ ആഗസ്തീനോസിന് എല്ലാ മെത്രാന്മാരും തുല്യരായിരുന്നു. എല്ലാവരും സഭാശുശ്രൂഷ കരായിരുന്നു.[11]

പോപ്പ് ലോകത്തെമ്പാടുമുള്ള മെത്രാന്മാരുമായി ആലോചിച്ച് സുപ്രധാന തീരുമാനങ്ങൾ സ്വീകരിക്കുക എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഡിക്രി മാർപ്പാപ്പാമാരുടെ പരമാധികാരത്തിന് ഒരു നിയന്ത്രണമായിരുന്നു. പക്ഷേ, പോൾ ആറാമൻ മാർപ്പാപ്പായും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായും ഇപ്പോൾ വാണരുളുന്ന ബനഡി ക്ട് പതിനാറാമൻ മാർപ്പാപ്പായും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങളെ മാനിച്ച് മുമ്പോട്ടു പോകുന്നതിനു പകരം അതൊക്കെ കാറ്റിൽ പറപ്പിച്ച് പുറകോട്ടു പോവുകയാണ് ചെയ്യുന്നത്. സഭയെ അത് സാരമായി ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നതിന് യാതൊരു സംശയവുമില്ല, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കത്തോലിക്കാസഭ യുടെ പോക്കു കണ്ടാൽ.

മെത്രാന്മാരുമായി കൂടുതൽ ആലോചനകൾ നടത്തണമെന്ന് ചില കർദിനാളന്മാർ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായെ ഉപദേശിച്ചു. അദ്ദേഹം ശരി മൂളി തലകുലുക്കിയതല്ലാതെ പ്രവൃത്തിയിൽ ഒന്നും കൊണ്ടുവന്നില്ല. പോപ്പുമാരിലെ പ്രിൻസസ് ഡയാനയായിരുന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയെ വിമർശന നിരൂപണം ചെയ്താൽ അദ്ദേഹത്തെ തെളിവില്ലാത്ത സ്വാഭിപ്രായത്തിന്റെ (dogmatism) വക്താവ്, ഇടുങ്ങിയ മനഃസ്ഥിതിക്കാരൻ (narrow mindedness), മർക്കടമുഷ്ടി ക്കാരൻ, എയ്ഡ്സ് (AIDS) രോഗം പകരാതിരിക്കാൻ പോലും ദമ്പതികൾ കോൺഡം ഉപയോഗിക്കാൻ അനുവദിക്കാത്തയാൾ, അൾത്താര ബാലന്മാരെ പീഡിപ്പിച്ച വൈദികരുടെ സംരക്ഷകൻ, മെത്രാന്മാരുമായി സൗഹൃദസഖ്യത്തിന് കൂട്ടാക്കാത്തയാൾ, റോമൻ കുരിയാകളുടെ അധികാരം വർധിപ്പിച്ചയാൾ, ലിബറേഷൻ തിയോളജിയുമായി രംഗത്തു വന്നവർക്ക് കർശനമായി ഔദ്യോഗിക ശിക്ഷ നൽകിയ ആൾ, റിക്കാർഡ് സൃഷ്ടിച്ച 104 ലോക പര്യടനങ്ങൾ (തീർഥാടനങ്ങൾ?) നടത്തി കോടികൾ ചിലവഴിച്ചയാൾ, 482 ആത്മാക്കളെ വിശുദ്ധരായി പ്രഖ്യാപിച്ച് റിക്കാർഡ്

സൃഷ്ടിച്ചയാൾ എന്നൊക്കെയായിരിക്കും സഭാപണ്ഡിതന്മാർ വിലയിരുത്തുന്നത്. ഇന്നത്തെ ചെറുപ്പക്കാർക്ക് ഈ പരിശുദ്ധപിതാവ് ഒരു റോൾ മോഡൽ (role model) ആണോ?

പോപ്പിനും റോമൻ കാര്യാലയത്തിനും അമിതമായ അധികാരവും നിയന്ത്രണശക്തിയുമാണിന്നുള്ളത്. പത്രോസ് ദൈവജനത്തിന്റെ അഭിലാഷങ്ങൾക്ക് മുകളിലല്ലെന്ന് പൗലോസ് പഠിപ്പിച്ചു (ഗലാ. 2: 11–15). പത്രോസ്തന്നെ അദ്ദേഹം ഒരു കൂട്ടുമൂപ്പനാണെന്ന് ഏറ്റുപറയുന്നു (1 പത്രോ. 5: 1). പക്ഷേ അതുകൊണ്ടൊക്കെ എന്തു കാര്യം? വത്തിക്കാ നിന്ന് സംഘടിതമാണ്. റോമിൽ സംഘാധിപനുമുണ്ട്. രണ്ടാം വത്തി ക്കാൻ കൗൺസിലിൽ തിരുസ്സഭയെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷനിൽ സംഘാധിപനെപ്പറ്റി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "അജപാലക ന്മാരുടെയും വിശ്വാസികളുടെയുംമേൽ മാർപ്പാപ്പായ്ക്കുള്ള പരമാധികാരം അന്യൂനവും അഭംഗുരവുമായി നിലനില്ക്കുന്നു. സർവതാത്മക സഭയുടെ ഇടയനും ക്രിസ്തുവിന്റെ പ്രതിപുരുഷനുമെന്ന നിലയിൽ വഹിക്കുന്ന ഉദ്യോഗത്തിന്റെ ശക്തിയാൽ സഭയിൽ സമ്പൂർണവും പരമവും സർവതാ ത്മകവുമായ അധികാരം റോമാ മാർപ്പാപ്പായ്ക്കുണ്ട്."[12] ഇതിൽപ്പരം ശക്തിമത്തായ ഒരു ഭാഷയിൽ പോപ്പിന്റെ അധികാരത്തെ എങ്ങനെ വർണിക്കാൻ കഴിയും!

വിവിധ മെത്രാൻസംഘങ്ങൾ മാർപ്പാപ്പായുടെ അധികാരത്തിനും റോമൻ കാര്യാലയങ്ങളുടെ പ്രവർത്തനത്തിനും ഒരു ഭീഷണിയാ ണെന്നാണ് റോം ചിന്തിക്കുന്നത്. ഇടയ്ക്കിടെ മെത്രാൻ സംഘത്തിന്റെ സമ്മേളനങ്ങൾ വത്തിക്കാനിൽവച്ച് കൂടണമെന്ന് റോം നിർദ്ദേശിക്കുന്നതു തന്നെ സഭയുടെ ശക്തി റോമിൽ കേന്ദ്രീകരിക്കാൻ വേണ്ടിയാണ്. ഏഷ്യൻ മെത്രാന്മാർ അവരുടെ പ്രത്യേക സംസ്കാരസവിശേഷതകളെ സഭാജീവിതത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി വത്തിക്കാനുമായി സ്ഥിരസമരത്തിലാണ്. റോമിന്റെ ഇത്തരം കേന്ദ്രീകൃതനിയന്ത്രണം ആത്യന്തികമായി നിയന്ത്രണം നഷ്ടപ്പെടലിലായിരിക്കും ചെന്നവസാനി ക്കുക.

മെത്രാന്മാർ ഇന്ന് വത്തിക്കാനോടും പോപ്പിനോടുമുള്ള തങ്ങളുടെ ഭക്തിവിശ്വാസമല്ല (Profession of devotion) റോമിനെ അറിയിക്കേണ്ടത്. മറിച്ച്, സഭാനവീകരണത്തിനുള്ള മുറവിളിയുടെ ശബ്ദമാണയ യ്ക്കേണ്ടത്. മെത്രാന്മാർ റോമിനെ രഹസ്യമായി കുറ്റം പറയാറുണ്ട്. ചിലപ്പോഴൊക്കെ ക്ഷമനശിച്ച് അവർ പരസ്യമായി അതൃപ്തി പ്രകടിപ്പി ക്കാറുമുണ്ട്. പക്ഷേ, സംഘടിതമായി അവർ റോമിന്റെ തേർവാഴ്ചയ്ക്കെ തിരായി ശബ്ദിക്കാറില്ല. സംഘാതാത്മകതയ്ക്ക് തീർപ്പുകല്പിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ അവസാനിച്ച് രണ്ടു വർഷം കഴിഞ്ഞപ്പോൾ പോൾ ആറാമൻ മാർപ്പാപ്പാ മെത്രാന്മാരോട് ഒട്ടുംതന്നെ ആലോചിക്കാതെ ലത്തീൻസഭയിലെ വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്ന് തീർപ്പു

കല്പിച്ച് ചാക്രിക ലേഖനം (Sacerdotalis Caelibatus, Celibate Priesthood, 1967) പ്രസിദ്ധം ചെയ്തു. അതിനുശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ 1968-ൽ കൃത്രിമ ജനനനിയന്ത്രണം വിശ്വാസികൾ അഭ്യസിക്കാൻ പാടില്ലെന്നു വിലക്കിയുള്ള മറ്റൊരു ഔദ്യോഗികപഠനം ഹൂമാനെ വീത്തെ എന്ന ചാക്രികലേഖനത്തിൽക്കൂടി പുറത്തുവിട്ടു. ഈ ചാക്രികലേഖനം വത്തിക്കാൻതന്നെ നിയമിച്ച കമ്മീഷന്റെ പഠന റിപ്പോർട്ടിന് വിപരീതമാ യിരുന്നു. അങ്ങനെ കൊളേജിയാലിറ്റി ഡിക്രിയെ അവഗണിച്ചും അവഹേളിച്ചും പോൾ ആറാമൻ മാർപ്പാപ്പാ പഴഞ്ചൻ സമ്പ്രദായത്തിലേക്ക് പോയിട്ട് മെത്രാന്മാർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മാർപ്പാപ്പയോട് നിരുപാധികം അനുസരണ പ്രതിജ്ഞ എടുത്തിട്ടുള്ള പിതാക്കന്മാർ വായും പൊത്തിയിരുന്നു. നിരുപാധികം അനുസരണ സ്രഷ്ടാവിനോടു മാത്രമേ ആകാവൂ. ഒരു സൃഷ്ടിയോട് അതു പാടില്ല. നല്ലപിള്ള ചമയുന്നതിനായി ഈ സത്യം മെത്രാന്മാർ മറന്നുപോകുന്ന തായി നടിക്കുന്നു. ആരാധനക്രമത്തെ സംബന്ധിച്ചുപോലും മെത്രാൻ കൗൺസിലുകളുടെ തീരുമാനങ്ങളെ മറികടന്ന് മാർപ്പാപ്പാമാർ ഏകാധി പതികളെപ്പോലെ സ്വന്തം തീരുമാനങ്ങൾ ഇന്നും അടിച്ചേല്പ്പിക്കാറുണ്ട്.

മാർപ്പാപ്പായുടെ വികാരിയാത്തുകളായി എപ്പിസ്കോപ്പേറ്റിനെ തരംതാഴ്ത്തിയിരിക്കയാണെന്നാണ് കാർഡിനൽ മാനിംഗ് (Cardinal Manning) അഭിപ്രായപ്പെട്ടിരിക്കുന്നത്.[13] പേപ്പസിയെ പരസ്യമായി ഗുണ ദോഷനിരൂപണം ചെയ്യാൻ (വി. പൗലോസ് ചെയ്തതുപോലെ) ഒരു മെത്രാന് കടമയുണ്ട്. അത്തരം നിരൂപണങ്ങൾ ആ മെത്രാന്റെ ആത്മാർഥ തയും ആർജവവുമാണ് വെളിപ്പെടുത്തുന്നത്.

കാലത്തിന്റെ ചുവരെഴുത്തുകൾ സഭാനേതാക്കൾക്ക് കാണാൻ സാധിക്കുന്നില്ല. വിശ്വാസികൾ കത്തോലിക്കാസഭയിൽനിന്ന് ഒലിച്ചു പോകുംവിധം അധികാരതിമിരം ബാധിച്ചിരിക്കയാണവർക്ക്. വത്തി ക്കാന്റെ വാദങ്ങൾ റോമൻ കത്തോലിക്കാസഭയിലുള്ള ദൈവജനത്തിന്റെ വിശ്വാസം വ്രണപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിന് സഭാനേതാക്കൾ ചെയ്യുന്നത് സഹായമല്ല, തടസ്സമാണ്.

## ഇതെല്ലാം ഒഴിവാക്കാൻ ചില നിർദേശങ്ങൾ:

60 വയസ്സു തികഞ്ഞ ഒരു വ്യക്തിയെയും മാർപ്പാപ്പാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കാതിരിക്കുക. കഴിഞ്ഞ 10 മാർപ്പാപ്പാമാർ (ഇപ്പോഴത്തെ ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പാ ഉൾപ്പെടെ) തിരഞ്ഞെടുക്ക പ്പെട്ടപ്പോൾ അവരുടെ ശരാശരി പ്രായം 66 വയസ്സാണ്. മരിക്കുമ്പോൾ ഒമ്പതു മാർപ്പാപ്പാമാരുടെ ശരാശരി പ്രായം 81 വയസ്സാണ്. ഇത്രയും സുപ്രധാനവും ലോകം മുഴുവൻ പടർന്നുകിടക്കുന്നതും 130 കോടി അംഗങ്ങളുമുള്ള ഈ വൻ സംഘടനയെ വൃദ്ധന്മാർ നയിക്കുന്നത് അപലപനീയമാണ്. പ്രായാധിക്യത്താലുള്ള ശാരീരികക്ഷീണം കാരണം

ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പാ ദിവ്യബലി സമയത്ത് ഇരുന്നുറങ്ങിപ്പോയി. അദ്ദേഹത്തെ തട്ടി ഉണർത്തുന്നത് ടി.വിയിലൂടെ ലോകം മുഴുവൻ കാണാനിടയാകുന്നത് ശോചനീയമാണ്. ഇന്ന് സഭയിലെ അന്തസ്സും പ്രശസ്തിയുമുള്ള സുപ്രധാനസ്ഥാനങ്ങൾ കൈയടക്കിവച്ചിരിക്കുന്നത് കർദിനാളന്മാർ, പാത്രിയാക്കീസുമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ എന്നിവരാണ്. അവരിൽ 90 ശതമാനവും 60 വയസ്സിൽ കൂടിയവരാണ്. അനുദിനം പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹവുമായി പ്രായമായവർക്ക് അനുരൂപപ്പെട്ടുപോവുക പ്രയാസമാണ്. ഈ തലമുറ വിടവാണ് സഭയെ ആധുനീകരിക്കാൻ സാധിക്കാതെ പോകുന്നതിന്റെ മുഖ്യ കാരണം.

പോൾ ആറാമൻ മാർപ്പാപ്പാ പ്രായാധിക്യം വന്ന സഭാനേതാക്കൾ റിട്ടയർ ചെയ്യണമെന്നുള്ള ആശയക്കാരായിരുന്നു. ആധുനിക പേപ്പസിക്കനുസൃതമായി മുമ്പോട്ടു പോകാൻ 75 വയസ്സു പ്രായമുള്ള ഒരു വ്യക്തിക്ക് അപൂർവമായേ സാധിക്കൂ എന്നദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. മിലാനിലെ കർദിനാൾ ജിയൊവാനിയോട് (Cardinal Giovanni) ഒരിക്കൽ മാർപാപ്പാ ഈ കാര്യം പറയുകയുണ്ടായി.[14] പ്രായാധിക്യത്താൽ ദുർബലരായ മാർപ്പാപ്പാമാർ തീരുമാനങ്ങൾ എടുക്കാൻ അമാന്തം കാണിക്കുന്നു; യഥാസ്ഥിതിക ചിന്തകൾക്ക് അടിമകളാകുന്നു; നടക്കേണ്ട കാര്യങ്ങൾ വേണ്ട സമയത്ത് വേണ്ടവിധ ത്തിൽ നടക്കാതെ പോകുന്നു; സുപ്രധാന കാര്യങ്ങളിലെ തീരുമാനങ്ങൾ അടുത്ത പോപ്പ് കൈകാര്യം ചെയ്യട്ടെ എന്ന നിലപാട് സ്വീകരിക്കുന്നു. 1975-ൽ പോൾ ആറാമൻ മാർപ്പാപ്പാ 75 വയസ്സായ മെത്രാന്മാർ പോപ്പിന് രാജി നൽകണമെന്നും 80 വയസ്സിൽ ക്കൂടിയ കർദ്ദിനാളന്മാർക്ക് മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ വോട്ടവകാശമില്ലെന്നുമുള്ള തീരുമാനമെങ്കിലും എടുത്തു. പക്ഷേ, അപ്പോൾ 80 വയസ്സു പ്രായമുണ്ടായിരുന്ന കാർഡിനൽ ആൽഫ്രെഡോ ഒട്ടവിയാനി (Cardinal Alfredo Ottaviani) മാർപ്പാപ്പയുടെ ഈ തീരുമാനത്തെ എതിർത്തുകൊണ്ട് ഇറ്റാലിയൻ ടി.വിയിൽ പ്രത്യക്ഷപ്പെട്ടു എന്നത് ശ്രദ്ധേയമാണ്.[15]

ഇന്ന് 25 വയസ്സു പ്രായമാകുമ്പോഴേക്കും ഒരാൾ തന്റെ പ്രൊഫഷനിൽ ഉന്നതവിദ്യാഭ്യാസം നേടിക്കഴിയും. വൻകിട കമ്പനികളെല്ലാംതന്നെ മിടുക്കരായ ചെറുപ്പക്കാരെ ജോലിക്കെടുത്ത് ആവശ്യമായ പരിശീലനം നല്കുന്നു. അതിൽ പ്രതിഭാശാലികളായവരെ തെരഞ്ഞെടുത്ത് മാനേജ്മെന്റ് പരിശീലനവും മറ്റും നല്കി കൂടുതൽ കൂടുതൽ ഉത്തരവാദിത്വമുള്ള പദവികളിലേക്ക് അവരെ ഉയർത്തുന്നു. ആ വ്യക്തി 50 വയസ്സാകുമ്പോഴേക്കും സാരമായ കാര്യനിർവഹണം ആ കമ്പനിയ്ക്കുവേണ്ടി ചെയ്തിരിക്കും. 60 വയസ്സോടെ അയാൾ റിട്ടയർ ചെയ്യുന്നു. ഇൻഡ്യയിൽ ഇന്ന് 55-നും 60-നും വയസ്സിനിടെ റിട്ടയർ ചെയ്യണം. മിക്ക യൂറോപ്യൻ രാജ്യങ്ങളിലും സാധാരണ 60 വയസ്സാണ് റിട്ടയർ

മെന്റ് പ്രായം. അമേരിക്കയിൽ 65 വയസ്സ്. വിമാനം പറപ്പിക്കുന്ന ഒരു പൈലറ്റ് 60 വയസ്സിൽ റിട്ടയർ ചെയ്യണം. പ്രായം കൂടിവരുന്നതോടെ ഭരണനിർവഹണത്തിനും സുപ്രധാന തീരുമാനങ്ങൾ താമസം വിനാ എടുക്കുന്നതിനുമുള്ള ബുദ്ധിമുട്ടുകളാണ് റിട്ടയർമെന്റിനുള്ള പ്രായപരിധി വയ്ക്കാൻ മുഖ്യകാരണം. സാധാരണ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്യുന്ന പ്രായമാകുമ്പോഴാണ് സഭയിൽ ഇന്ന് പോപ്പ്, കർദിനാൾ, മെത്രാപ്പോലീത്ത തുടങ്ങിയ പദവികളിലേക്ക് ഉയർത്തപ്പെടുന്നത്. പിന്നെ മരിക്കുന്നതുവരെ രാജവാഴ്ചയാണ്. മനുഷ്യൻ സൃഷ്ടിച്ച, തിരുത്തപ്പെടാവുന്ന, ഒരു പ്രശ്നമാണിത്. വിശ്വാസസത്യങ്ങളിൽപ്പെടുന്ന വകുപ്പല്ല.

വൻകിട കമ്പനികൾ അവരുടെ സി. ഇ. ഒ. മാരെ ദീർഘകാലത്തേക്ക് നിയമിക്കുകയില്ല. പുതിയ ആശയങ്ങൾ യുവരക്തങ്ങളിൽക്കൂടി ഉരുത്തിരിഞ്ഞു വരേണ്ടത് കമ്പനിയുടെ വളർച്ചയ്ക്ക് ആവശ്യമാണ് എന്നുള്ളതാണിതിനു കാരണം. കത്തോലിക്കാസഭ ചെറുപ്പക്കാരായ വൈദികർക്ക് സഭയിൽ ഉന്നതസ്ഥാനങ്ങളൊന്നും നല്കുന്നില്ല. ചെറുപ്പക്കാരായ വൈദികരോടു കാണിക്കുന്ന വിവേചനമാണിത്. ചെറുപ്പക്കാർക്ക് പക്വത ഇല്ലെന്നായിരിക്കും വിവക്ഷ. 35 വയസ്സായ ഒരു വൈദികന്റെ പക്വത സഭയുടെ വളർച്ചയ്ക്ക് സഹായകമായ പക്വതയായിരിക്കും. 65 വയസ്സായ ഒരു വൈദികന്റെ പക്വത സഭയുടെ വളർച്ചയ്ക്ക് ദോഷകരവുമായിരിക്കും. താടിയും നരച്ച് മുടിയും പോയി തവളവയറുമുള്ളവർക്കേ സഭയിൽ അന്തസ്സുള്ള സ്ഥാനം ലഭിക്കൂ. അതാണു സഭയുടെ പെരുമാറ്റച്ചട്ടം.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രായാധിക്യവും പാർക്കിൻസൺസ് (Parkinson's) രോഗവും കാരണം പല വർഷങ്ങൾ പേപ്പസി എന്ന ഓഫീസിന്റെ ഗൗരവതരമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ സാധിക്കാതെ മരിക്കുന്നതുവരെ കഴിഞ്ഞു. ഒരു മാർപ്പാപ്പാ പരിപൂർണമായി തന്റെ ഉദ്യോഗനിർവഹണത്തിന് കഴിയാത്ത സ്ഥിതിയിലെത്തിയാൽ (വൈദ്യം പുരോഗമിച്ചിരിക്കുന്ന ഈ ആധുനിക കാലത്ത് ഒരു മാർപ്പാപ്പാ ലൈഫ് സപ്പോർട്ട് മിഷ്യന്റെ സഹായത്തോടെ മാസങ്ങളോളം ബോധരഹിതനായി കഴിഞ്ഞെന്നുവരാം) കാനോനികമായി എന്തു ചെയ്യണമെന്ന് കാനോൻ നിയമത്തിൽ വകുപ്പില്ല. 1983-ലെ പുതുക്കിയ ലത്തീൻ കാനോൻ നിയമത്തിൽ ഈ പ്രശ്നത്തിന് ഒരു ഉപാധി കണ്ടുപിടിക്കാമായിരുന്നു. കർത്താവീശോമിശിഹായ്ക്ക് ആ കാര്യം വിട്ടുകൊടുത്തിരിക്കുകയായിരിക്കും മാർപ്പാപ്പാമാർ. ആധുനിക ലോകത്തിലെ യാഥാർഥ്യങ്ങളുമായി ഈ വന്ദ്യതിരുമേനിമാർ പൊരുത്തപ്പെട്ടു പോകുന്നില്ലെന്നുള്ളതിന് ഇതൊരു ഉത്തമ ഉദാഹരണമാണ്. അല്മേനിയെ സംബന്ധിച്ചിടത്തോളം സഭ എത്രയായാലും അത്ര നന്നായിട്ടല്ല നയിക്കപ്പെടുന്നത്.

ചെറുപ്പക്കാരായ വൈദികർ മെത്രാൻസ്ഥാനം കാംക്ഷിക്കേണ്ട. ഭാവിയിൽ മെത്രാനാകാൻ ആഗ്രഹിക്കുന്ന കൊച്ചച്ചന്മാർ പോപ്പിനെയോ

മെത്രാനെയോ വിമർശിക്കാൻ പാടില്ല. മെത്രാനോട് പരിപൂർണ്ണ അനുസരണയും ഭക്തിവിശ്വാസവും ഉള്ളവനായിരിക്കണം. വൈദിക ബ്രഹ്മചര്യത്തിന്റെ വക്താവായിരിക്കണം. ഹുമാനെ വീത്തെയിലെ പഠനങ്ങൾ ചോദ്യം ചെയ്യാതെ പരിപൂർണ്ണമായി സമ്മതിക്കണം. പോപ്പിന്റെ അപ്രമാദിത്വസിദ്ധാന്തത്തോട് ബൗദ്ധികമായി യോജിക്കാൻ സാധിച്ചില്ലെങ്കിലും വാക്കാലും പ്രവൃത്തിയാലും യോജിക്കണം. പൂർണ്ണ യാഥാസ്ഥിതിക വാദിയായിരിക്കണം. കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് ബിരുദം എടുത്താൽ ഏറ്റവും നന്ന്! ചുരുക്കത്തിൽ, കൂട്ടത്തിൽ കൂട്ടാൻ പറ്റിയ രീതിയിൽ അനുരൂപപ്പെടണം. പുണ്യത്തിൽ വളരുകയോ വിശുദ്ധിയിൽ ശോഭിക്കുകയോ അത്യാവശ്യ കാര്യങ്ങളല്ല. അല്മേനി കളോട് തട്ടിക്കയറുന്ന ശീലം വളർത്തിയെടുക്കേണ്ടതുമാണ്!

അമേരിക്കയിലെ ബോസ്റ്റൺ അതിരൂപതയിലെ (അൾത്താര ബാലന്മാരെ പീഡിപ്പിച്ചതിന് പ്രസിദ്ധിയാർജിച്ച രൂപതയാണല്ലോ ബോസ്റ്റൺ അതിരൂപത) രണ്ടു ഡസൻ ലൈംഗികകേസ്സുകൾ വത്തിക്കാൻ കാര്യാലയത്തിൽ രണ്ടു വർഷത്തോളം തീരുമാനമൊന്നുമെടുക്കാതെ കിടന്നു. റോമിൽ നിന്നു തീരുമാനം ഒന്നും ഉണ്ടാകാതിരുന്നതിനാൽ അവിടത്തെ പുതിയ മെത്രാപ്പോലീത്ത ഷോൺ ഒമാലി (Sean O'Malley) ഇച്ഛാഭംഗം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം പരാതി പറയുന്നത് വത്തിക്കാൻ എന്തെങ്കിലും ഒരു തീരുമാനം അദ്ദേഹത്തെ അറിയിക്കാത്ത വിഷയത്തിലാണ്[16]. ഒരു രൂപതയ്ക്കോ ഒരു മെത്രാൻ സംഘത്തിനോ വത്തിക്കാന്റെ 'ഇംപ്രിമാത്തൂർ' ഇല്ലാതെ ഒരു തീരുമാനവും സ്വീകരിക്കാൻ പാടില്ലായെന്നത് റോമിന്റെ ദുർഭരണമല്ലേ?

ലോകത്തിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ശാസ്ത്രീയവും സാന്മാർഗികവുമായ മാറ്റങ്ങൾ ഗ്രഹിക്കാൻ പ്രായം കൂടിയ ക്ലേർജികൾക്ക് പ്രയാസമാണ്. അവർ ചെറുപ്പത്തിൽ പഠിച്ചുവച്ചതിനെ പൂജ്യമായി കരുതുന്നു. പ്രായത്തിനൊപ്പിച്ച് രക്തധമനികളിൽ പ്ലാക് (Plaque) പിടിക്കുന്നതുപോലെ വയോവൃദ്ധരായ ഈ വന്ദ്യപിതാക്കന്മാരുടെ മാറ്റങ്ങൾക്കുള്ള മനസ്സും പ്ലാക് പിടിച്ച് അടഞ്ഞുകൊണ്ടിരിക്കുകയാണ്. കാലത്തിന്റെ അടയാളങ്ങളെ കാണാൻ അവർ അപ്രാപ്തരാകുന്നു. അപ്പോൾ പ്രായമായ സഭാനേതാക്കന്മാരുടെ വീക്ഷണമല്ല പള്ളിക്കകത്തിരിക്കുന്ന ചെറുപ്പക്കാരുടെ (അവർ പള്ളിയിൽ വരുന്നുണ്ടെങ്കിൽ) വീക്ഷണം. പക്ഷേ, വത്തിക്കാനെ സംബന്ധിച്ചിടത്തോളം ദൈവജനാഭിലാഷം അപ്രധാനവും അവരുടെ അധികാരം പരമപ്രധാനവുമാണ്. റോമൻ കാര്യാലയ ചട്ടവട്ടങ്ങൾ വൃദ്ധന്മാർ അടക്കി ഭരിക്കുകയാണ്. വൃദ്ധന്മാരുടെ രക്തധമനികൾക്ക് കടുപ്പം കൂടുന്നതുപോലെ (Sclerosis) വൃദ്ധന്മാർ നയിക്കുന്ന കാര്യാലയങ്ങൾക്കും അതേ അസുഖം കയറിപ്പിടിക്കുന്നു. അതാണീ യാഥാസ്ഥിതികാവസ്ഥ. അപ്പോൾ സങ്കീർണമായ പ്രശ്നങ്ങളിൽ

വ്യക്തവും ഉചിതവും വിവേകപൂർണവുമായ തീരുമാനത്തി ലെത്താൻ സാധിക്കാതെ പോകുന്നു. അവിവാഹിതാവസ്ഥ പ്രതിജ്ഞ ചെയ്തിട്ടു ള്ളവരും ലൈംഗികതയിൽ അനുഭവജ്ഞാനം ഇല്ലാത്ത വരുമായ (?) പുരുഷവൃദ്ധസമൂഹത്തിന് സാധാരണക്കാരന്റെ ലൈംഗികതയെപ്പറ്റിയും കുടുംബജീവിതത്തെപ്പറ്റിയും വ്യക്തമായ ഒരു തീരുമാനം എടുക്കാൻ സാധിക്കാതെ പോകുന്നതിൽ അത്ഭുതപ്പെടാനില്ല. രഹസ്യത്തിൽ പള്ളിക്കാര്യങ്ങൾ നടത്തുന്ന സമ്പ്രദായവും ഒട്ടും സഹായകമാകുന്നില്ല.

ശാസ്ത്രീയമായ പുരോഗതിയ്ക്ക് സഭാനേതാക്കന്മാർ എക്കാലവും എതിരാണ്. വൈദ്യശാസ്ത്ര സംബന്ധമായ പല പല പുതിയ കണ്ടുപിടു ത്തങ്ങളെയും സഭ എതിർക്കുന്നുണ്ട്. സ്റ്റെംസെൽ റിസേർച്ചിനെ (Stem Cell Research) സഭ നഖശിഖാന്തം ഇന്ന് എതിർക്കുകയാണ്. മാർപ്പാപ്പാ മാരും കർദിനാളന്മാരും 80-ഉം 90-ഉം വയസ്സുവരെയാണ് ഇന്ന് ജീവിച്ചിരി ക്കുന്നത്. കർദിനാൾ എർസിലിഒ ടൊനിനിക്ക് (Cardinal Ersilio Tonini) 2010 ജൂലൈ 20-ന് 96 വയസ്സു പ്രായമായി. വൈദ്യശാസ്ത്രത്തിന്റെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങൾ ദീർഘായുസ്സിനുവേണ്ടി ഇവർ ഉപയോഗിക്കുന്നു. അതിനുള്ള സാമ്പത്തികശേഷിയും ഭദ്രതയും ഇവർ ക്കുണ്ട്. ഇന്നെതിർക്കുന്ന സ്റ്റെംസെൽ റിസെർച്ചിൽ കണ്ടുപിടിക്കപ്പെടുന്ന ചികിത്സകൾ ഈ ബഹുമാന്യ പരിശുദ്ധ പിതാക്കന്മാർ ഭാവിയിൽ യാതൊരു ഉളുപ്പും കൂടാതെ ഉപയോഗിക്കുമെന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയ പുകില്.

സാമ്പത്തികമാന്ദ്യം, തൊഴിലില്ലായ്മ, സ്റ്റോക്ക് മാർക്കറ്റിന്റെ ഇടിവ്, ബാങ്ക് പൊട്ടൽ, മോർട്ട്ഗേജ് അടയ്ക്കാൻ സാധിക്കാതെ വീട് നഷ്ടപ്പെടുക, വൈദ്യസഹായത്തിനുള്ള വമ്പിച്ച ചിലവ്, ഭീകരരിൽ നിന്നുള്ള രാജ്യരക്ഷ തുടങ്ങിയ അതിപ്രധാനവും രൂക്ഷവുമായ വിഷയങ്ങളായിരുന്നു 2008-ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടു പ്പിലെ വിഷയങ്ങൾ. അമേരിക്കൻ ബിഷപ്സ് കോൺഫറൻസിന് ഈ സുപ്രധാനവിഷയങ്ങളൊന്നും വിഷയങ്ങളായിരുന്നില്ല. സ്റ്റെം സെൽ റിസേർച്ച്, ഗർഭച്ഛിദ്രം – ഇതു രണ്ടുമായിരുന്നു അവരുടെ വിഷയം. ഈ രണ്ടു വിഷയങ്ങൾക്ക് എതിരായി പ്രസംഗിക്കാത്ത വൈസ് പ്രസിഡന്റ് സ്ഥാനാർഥി ജോ ബൈഡന് (അദ്ദേഹം 36 വർഷം യു.എസ്. സെനറ്ററായിരുന്നു എന്നോർക്കുക) വിശുദ്ധ കുർബാന നല്കാമോ എന്നതായിരുന്നു മൂന്നാമത്തെ വിഷയം!

ആധുനികവൈദ്യചികിത്സ നേടി ആയുസ്സു നീട്ടി പ്രവർത്തനശേഷി ഇല്ലാതെ കഴിയുന്ന ഈ മാർപ്പാപ്പാമാരെയും കർദ്ദിനാളന്മാരെയുംകൊണ്ട് ഓടിക്കുന്ന സഭ കുളത്തിലെ കെട്ടിക്കിടക്കുന്ന മലിനജലം പോലെ യായിരിക്കും. കൂടാതെ, ദുഷിച്ച മാർപ്പാപ്പാമാരുടെ കൊള്ളരുതാത്ത പ്രവൃത്തികൾ കാരണം മാലിന്യം നിറഞ്ഞതാണ് ആ ജലം എന്നു കൂടി ഓർമിക്കുക. കഴിഞ്ഞ 16 നൂറ്റാണ്ടുകളിലെ പേപ്പസി എടുത്താൽ വളരെ

അധികം വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. റോമിന്റെ സിദ്ധാന്തങ്ങളെ എതിർത്തവരെ പീഡിപ്പിച്ചു; യഹൂദരെയും മുസ്ളീങ്ങളെയും മതപീഡനത്തിന് ഇരയാക്കി; കുരിശുയുദ്ധങ്ങൾ നടത്തി; ഇൻക്വിസിഷൻ വഴി ലക്ഷങ്ങളെ കൊന്നു; യക്ഷികളെന്നു മുദ്രയടിച്ച് ആയിരങ്ങളെ ചുട്ടുകരിച്ചു കൊന്നു; വേദപുസ്തകം തദ്ദേശഭാഷയിലേക്ക് വിവർത്തനം ചെയ്തവരുടെ കഴുത്തുവെട്ടി; പുസ്തകങ്ങൾ വിലക്കി കത്തിച്ചുകളഞ്ഞു; ജനായത്തഭരണസമ്പ്രദായത്തെ എതിർത്തു; രാഷ്ട്രീയവും മതപരവുമായ സ്വാതന്ത്ര്യത്തെ വിലക്കി. പട്ടിക അങ്ങനെ നീണ്ടു നീണ്ടു പോകുന്നു. ഈ ദുഷ്പ്രവൃത്തികളെല്ലാം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതും ദൈവകല്പനയുമാണെന്ന് കരുതി. അനർഹനായ 10-ാം പീയൂസിനെ പുണ്യവനാക്കി. 9-ാം പീയൂസും 12-ാം പീയൂസും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലായി. 9-ാം പീയൂസ് മാതാപിതാക്കളിൽ നിന്ന് ഒരു കുട്ടിയെ തട്ടിക്കൊണ്ടുവന്ന് വത്തിക്കാനിൽ വളർത്തിയ കുറ്റത്തിന് വധശിക്ഷയ്ക്കുപോലും അർഹനാണ്. പല മാർപ്പാപ്പാമാരും പ്രാഥമിക മര്യാദ പോലും ഉള്ളവരായിരുന്നില്ല. അമേരിക്കയിലെ ഒരു ശരാശരി പ്രസിഡന്റ് ഒരു ശരാശരി മാർപ്പാപ്പായെക്കാൾ ഭേദപ്പെട്ട മനുഷ്യനാണ്.

എല്ലാ ഭരണകൂടങ്ങളും ഒരളവുവരെ ദുഷിച്ചതായിരിക്കും. അതുപോലെ കത്തോലിക്കാസഭാ ഭരണകൂടത്തിലും ദുഷിപ്പുകൾ കടന്നുകൂടുന്നു. പക്ഷേ, ദൈവത്തെ പ്രതിനിധീകരിക്കുന്ന ഭരണകൂടത്തിന് ദുഷിപ്പുണ്ടാകാൻ പാടില്ലെന്ന് ഒരു വിശ്വാസി ധരിച്ചാൽ അത് തെറ്റാണെന്ന് പറയുവാൻ സാധിക്കുകയില്ല. പേപ്പസി ദുഷിച്ചതെങ്കിൽ പേപ്പസി ഇല്ലാത്ത സഭയിലേക്ക് ചേക്കേറാമല്ലോയെന്ന് ചോദിച്ചേക്കാം. അത് പ്രശ്നപരിഹാരമാർഗമല്ല.[17] സഭയുടെ ആരംഭകാലത്തും സഭയിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പത്രോസും പൗലോസും തമ്മിൽ രസക്കേടുണ്ടായിരുന്നു. അവരെ ക്രിസ്ത്യാനികൾ തന്നെയാണ് നീറോ ചക്രവർത്തിക്ക് കൊല്ലാൻ വിട്ടുകൊടുത്തത്. ഹെലനിസ്റ്റുകളും (Hellenist) യഹൂദക്രിസ്ത്യാനികളും തമ്മിൽ അഭിപ്രായവ്യത്യാസത്തിലായിരുന്നു. ഇഗ്നേഷ്യസിനെ അന്തിയോഖ്യൻ പള്ളിയിൽനിന്നു പുറത്താക്കി. കർത്താവിന്റെ കാലത്തുതന്നെ അപ്പോസ്തലന്മാർ പരസ്പര മത്സരത്തിലായിരുന്നു. ചുരുക്കത്തിൽ പരിപൂർണവും പരിശുദ്ധവുമായ ഒരു സഭയെയാണ് അന്വേഷിക്കുന്നതെങ്കിൽ നാം മറ്റു വല്ല ഗ്രഹത്തിലും തിരയേണ്ടിയിരിക്കുന്നു.

പല മാർപ്പാപ്പാമാരും യഹൂദരെ പീഡിപ്പിച്ചിട്ടുണ്ട്. യഹൂദർ ശപിക്കപ്പെട്ട ജനതയാണെന്നും അകത്തോലിക്കർക്ക് രക്ഷയില്ലാ എന്നും പഠിപ്പിച്ച സഭ ആ അഭിപ്രായം മാറ്റിയെഴുതി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ യഹൂദരുമായി സൗഹൃദത്തിലായിരുന്നു. സഭയ്ക്ക് പുറത്തും രക്ഷയുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചു. സഭാസിദ്ധാന്തങ്ങൾ ഒരിക്കലും മാറ്റപ്പെടുകയില്ലെന്ന് 10-ാം പീയൂസ് പാപ്പാ പറഞ്ഞു.

പക്ഷേ, പോൾ ആറാമന്റെ പേപ്പസി ആ അഭിപ്രായം അംഗീകരിക്കുന്നില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനംവരെ മെത്രാന്മാരെ രാജാക്കന്മാരൊക്കെയായിരുന്നു തെരഞ്ഞെടുത്തിരുന്നത്. ഇന്ന് മെത്രാന്മാരെയെല്ലാം മാർപ്പാപ്പയാണ് നിയമിക്കുന്നത്. അതായത്, പേപ്പസി കാലത്തിനനുസരിച്ച് കുറെയൊക്കെ മാറിക്കൊണ്ടിരിക്കുന്നു.

മാർഗദർശിയായ പരിശുദ്ധാത്മാവിനെയാണ് ക്രിസ്തു സഭയ്ക്ക് വാഗ്ദാനം ചെയ്തത്. മാറ്റങ്ങൾ സംഭവിക്കാത്ത സഭയെയല്ല.

കാലാകാലങ്ങളിലുള്ള പേപ്പസിയുടെ പഠനങ്ങൾ (നിസ്സാരങ്ങളായ ഉദാഹരണങ്ങൾ: വെള്ളിയാഴ്ചകളിൽ മാംസം വർജിക്കുക, കൃത്രിമ ജനനനിയന്ത്രണോപാധികൾ ഉപയോഗിക്കാതിരിക്കുക, പണം പലിശയ്ക്ക് കൊടുക്കാതിരിക്കുക തുടങ്ങിയവ) ഒന്നും അപ്രമാദിത്വമുള്ള ഉദ്ബോധനങ്ങളല്ല. പേപ്പസിയുടെ സാരാംശം (essence) പത്രോസിന്റെ സ്ഥാനത്തു നിന്നുകൊണ്ട് അനുയായികളിൽ സ്വാധീനം ചെലുത്തി അവരെ നയിക്കുന്നതാണ്. മാർപ്പാപ്പാ അവിഞ്ഞോണിലേക്ക് (Avignon) പോയ കാലത്തും റോമിൽ പത്രോസിന്റെ പൂജ്യസ്ഥലത്ത് വിശ്വാസികൾ കൂട്ടംകൂടി പ്രാർഥിച്ചിരുന്നു. കാരണം പാപ്പാസ്ഥാനം അപ്പോസ്തലിക സഭയുടെ പ്രതീകമാണ്. അക്കാരണത്താൽത്തന്നെ പേപ്പസി എന്ന സ്ഥാനത്തിന്റെ ദുർവിനിയോഗത്തിൽ അതൃപ്തി ഉള്ളവർ പേപ്പസി ഇല്ലാത്ത സഭ അന്വേഷിച്ചു പോകുന്നത് യുക്തിരഹിതമാണ്. പേപ്പസി ആവശ്യമാണ്, അനുഗ്രഹമാണ്. സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാകണമെങ്കിൽ പേപ്പസി കൂടിയേതീരൂ. പേപ്പസി കാരണം സഭയിൽ വളരെ ദുഷിപ്പുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും പേപ്പസി ഇല്ലാത്ത ഒരു സഭയായിരുന്നു കത്തോലിക്കാസഭയെങ്കിൽ ഇന്ന് ഈ സഭ ഇതിലും കൂടുതൽ ദുഷിക്കുമായിരുന്നു. സഭ നന്നാകണമെങ്കിൽ, പേപ്പസി പുനരുദ്ധരിക്കപ്പെടണമെങ്കിൽ, സഭയെയും പേപ്പസിയെയും നന്നാക്കുകയാണ്, ലൂഥറിനെയും കാൽവിനെയും (Luther or Calvin) പോലെ സഭ വിട്ടുപോവുകയല്ല വേണ്ടത്. പോപ്പുള്ള സഭ പോപ്പിനെക്കാൾ വലുതാണ്. പോപ്പുള്ള സഭ വിശ്വാസസത്യങ്ങളെ കാര്യക്ഷമതയോടെ സംരക്ഷിക്കുന്നു (ജന്മപാപം, ജ്ഞാനസ്നാനം, ക്രിസ്തുവിന്റെ അവതാരം, ദിവ്യബലി, അന്ത്യവിധി തുടങ്ങിയവ). ഈ സത്യങ്ങളൊന്നും മാർപ്പാപ്പാമാരുടെ സൃഷ്ടിയല്ല. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളാണ്. അതിനാൽ എല്ലാ സഭകളും പത്രോസാകുന്ന പ്രതീകത്തിന്റെ ചുറ്റിലുമാണ് സംയോജിക്കപ്പെടേണ്ടത്. അതിനു യുക്തമായ രീതിയിൽ പേപ്പസി നവീകരിക്കപ്പെടണം.

പേപ്പസിയുമായി ഒരു വിശ്വാസിക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് പ്രേമബദ്ധരായവരുടെ അഭിപ്രായവ്യത്യാസംപോലെ ആയിരിക്കണം. ഒരു നേതാവിനെ ഇഷ്ടമില്ലെന്നു വിചാരിച്ച് ക്രിസ്തു സ്ഥാപിച്ച

പത്രോസിന്റെ സഭ വിട്ടു പോകുന്നത് ആധ്യാത്മിക ആത്മഹത്യയ്ക്ക് തുല്യമാണ്.

സഭയുടെ പുരോഗതിക്ക് വിലങ്ങുതടിയായി നില്ക്കുന്ന മാർപ്പാപ്പായെയും റോമൻ കാര്യാലയങ്ങളെയും നിലയ്ക്കു നിർത്താൻ ഒരേ ഒരു മാർഗമേയുള്ളൂ. മറ്റൊരു ആഗോള സഭാകൗൺസിൽ അഥവാ അടുത്ത ആഗോളസഭാ മഹായോഗം. ആ മഹായോഗത്തിൽ ഇംഗ്ലണ്ടിലെ ജോൺ രാജാവിനെതിരായി 1215-ൽ കൊണ്ടു വന്ന മാഗ്നകാർട്ട (Magna Carta - Great Charter) പോലെ പോപ്പിന്റെ അധികാരത്തെ നിയന്ത്രിക്കുന്ന പുതിയ നിയമങ്ങൾ നിർമിക്കണം. ആ മഹാകൗൺസിലിന്റെ ഫലമായി സഭയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി ഈ പുതിയ നൂറ്റാണ്ടിൽ സഭയ്ക്ക് ആത്മവിശ്വാസത്തോടെയും ഭയമില്ലാതെയും മുന്നേറുവാൻ സാധിക്കും. പുതിയ നൂറ്റാണ്ടിൽ പുതിയ തലമുറയുടെ അഭിലാഷങ്ങൾ അംഗീകരിക്കപ്പെടും. സഭ വൃദ്ധന്മാരുടെ സ്മാരകമണ്ഡപങ്ങൾ ആകാതാകും. അവർ താലോലിക്കുന്ന ആശയങ്ങൾക്ക് ഒരു അറുതി വരും.

# 5

# അറിയപ്പെടേണ്ട മാർപ്പാപ്പാമാർ

**"വ്യാജപ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ. അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീപിക്കും. എന്നാൽ അവർ അകത്തു ദുരനിറഞ്ഞ ചെന്നായ്ക്കളാണ്. ഫലങ്ങൾ കൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം. മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ?"** (മത്താ. 7: 15-16).

## സുപ്രസിദ്ധ മാർപ്പാപ്പാമാർ

### 1. ജോൺ ഇരുപത്തിമൂന്നാമൻ (John XXIII) 1958-1963

ജോൺ 23-മൻ മാർപ്പാപ്പാ ഇറ്റലിയിലെ സോറ്റോ ഇൽ മോൻത്ത (Sotto il Monte) എന്ന സ്ഥലത്ത് 1881 നവംബർ 25-ാം തീയതി 14 മക്കളുള്ള കുടുംബത്തിലെ നാലാമത്തെ മകനായി ജനിച്ചു. ആൻജെലൊ ഗ്യുസേപ്പേ റൊങ്കോളി (Angelo Guiseppe Roncalli) എന്നായിരുന്നു പേര്. തന്റെ വല്യപ്പനും തലതൊട്ടപ്പനുമായിരുന്ന സവെറൊയിൽ (Zavero) നിന്നാണ് ആൻജെലൊ മതസംബന്ധമായ ബാലപാഠങ്ങൾ പഠിച്ചത്.

14 വയസ്സുപ്രായമുള്ളപ്പോൾ ആൻജെലൊ സെമിനാരിയിൽ ചേർന്നു. അന്നുമുതൽ ആൻജെലൊ തന്റെ ആധ്യാത്മിക കുറിപ്പുകൾ എഴുതിത്തുടങ്ങി. മരിക്കുന്നതുവരെ അദ്ദേഹം അതു തുടർന്നു. ജേണൽ ഓഫ് എ സോൾ (Journal of a Soul) എന്ന പേരിൽ അത് അറിയപ്പെടുന്നു. 1896-ൽ അദ്ദേഹം സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡറിൽ (Secular

Franciscan Order) ചേർന്നു. പിറ്റേവർഷംതന്നെ ആ ഓർഡറിന്റെ നിയമങ്ങൾ പാലിച്ചുകൊള്ളാമെന്ന് പറഞ്ഞൊപ്പു (പരസ്യ പ്രഖ്യാപനം) ചെയ്തു. 1901 മുതൽ 1905 വരെ റോമിലെ പൊന്തിഫിക്കൽ സെമിനാരിയിൽ പഠിച്ചു. 1904-ൽ പട്ടമേറ്റ് വൈദികനായി. 1905-ൽ ബെൽഗാമൊ (Bergamo) രൂപതയുടെ മെത്രാനായിരുന്ന ഗിയക്കോമൊ മരിയ റെഡിനി തെദേസ്കിയുടെ (Giacomo Maria Radini Tedeschi) സെക്രട്ടറിയായി നിയമിതനായി. അതേസമയം തന്നെ അദ്ദേഹം സെമിനാരിയിൽ പഠിപ്പിക്കുകയും ചെയ്തു. അറിയപ്പെടുന്ന ഒരു ധ്യാനഗുരുവായിരുന്നു ഫാദർ ആൻജെലൊ.

1915-ൽ ഇറ്റലി ഒന്നാംലോകമഹായുദ്ധത്തിൽ കക്ഷിചേർന്നപ്പോൾ പട്ടാള ചാപ്ളിനായി ഫാദർ ആൻജെലൊ സേവനം ചെയ്തു. പിന്നീട് ശെമ്മാശന്മാരുടെ ആദ്ധ്യാത്മിക ഗുരുവായിരിക്കെ 1921-ൽ വത്തിക്കാനിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു. 1925-ൽ 11-ാം പിയൂസ് മാർപ്പാപ്പാ ഫാദർ ആൻജെലൊയെ മെത്രാനാക്കി, ബൾഗേറിയായുടെ (Bulgaria) അപ്പോസ്തലിക് വിസിറ്റേറ്ററായി (Apostolic Visitator) നിയമിച്ചു. 1935 -ൽ അദ്ദേഹം തുർക്കിയുടെയും (Turkery) ഗ്രീസിന്റെയും (Greece) അപ്പോസ്റ്റലിക് ഡെലഗേറ്റ് ആയി (Apostolic Delegate) നിയമിതനായി. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഗ്രീസിലായിരുന്ന ബിഷപ് ആൻജെലൊ യഹൂദർ രക്ഷപെടാൻ ആവശ്യമായ ട്രാൻസിറ്റ് വീസകൾ (Transit Visas) നൽകി അവരെ സഹായിച്ചു. 1944-ൽ 12-ാം പീയൂസ് മാർപ്പാപ്പാ ബിഷപ് ആൻജെലൊയെ ഫ്രാൻസിലെ ന്യൂൻഷിയൊ ആയി (Nuncio of France) നിയമിച്ചു. 1953-ൽ കർദിനാൾ പദവി ലഭിച്ചതു കൂടാതെ വെനീസിലെ (Venice) പാത്രീയാർക്കീസുമായി. 12-ാം പിയൂസിന്റെ മരണത്തെ തുടർന്ന് 1958 ഒക്ടോബർ 28-ാം തീയതി കർദിനാൾ റൊങ്കോളിയെ 261-ാമത്തെ മാർപ്പാപ്പയായി തിരഞ്ഞെടുത്തു. ജോൺ 23-ാമൻ എന്ന പേര് അദ്ദേഹം സ്വീകരിച്ചു.

ജോൺ 23-മൻ മാർപ്പാപ്പയുടെ ഭരണകാലം വെറും നാലുവർഷവും ഏഴുമാസവുമേ നീണ്ടുനിന്നുള്ളു. തിരഞ്ഞെടുക്കുമ്പോൾതന്നെ അദ്ദേഹത്തിന് 79 വയസ്സ് പ്രായമുണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ചുരുങ്ങിയ ഭരണകാലത്ത് കത്തോലിക്കാസഭയുടെ മുഖച്ഛായ അപ്പാടെ മാറ്റിവരച്ചു. സർവലോകരുടെയും മുമ്പിൽ അദ്ദേഹം ഒരു നല്ല ഇടയന്റെ യഥാർഥ പ്രതിച്ഛായ ഈ ചുരുങ്ങിയ കാലംകൊണ്ട് സൃഷ്ടിച്ചു. ശ്രേഷ്ഠകുലജാതനും ലളിതമനസ്കനും ശാന്തനും വിനീതനും മൃദുലഹൃദയനുമൊക്കെയായിരുന്ന അദ്ദേഹം നിർഭയനും കർമോദ്യുക്തനുമായിരുന്നു. തടങ്കലിൽ കിടക്കുന്നവരെയും രോഗികളെയും അനാഥരെയും അദ്ദേഹം കൂടെക്കൂടെ സന്ദർശിച്ചിരുന്നു. രാത്രികാലങ്ങളിൽ അദ്ദേഹം വത്തിക്കാനിൽ നിന്നിറങ്ങി റോമിലെ പൊതുവീഥികളിൽക്കൂടി നടക്കുമായിരുന്നു. അതിനാൽ റോമാവാസികൾ 'ജോണിവാക്കർ' [Johnnie Walker (Scotch

Whisky)] എന്ന പേര് അദ്ദേഹത്തിനു നൽകി. മാർപ്പാപ്പായുടെ രൂപതയായ റോമായിലെ പള്ളികൾ അദ്ദേഹം സന്ദർശിക്കുമായിരുന്നു. ദൈവികനന്മയുടെ പ്രതിച്ഛായയായി അദ്ദേഹം വർത്തിച്ചു. നല്ല പാപ്പാ (Good Pope) എന്ന പേരിൽ അദ്ദേഹം അറിയപ്പെടുകയും ചെയ്തു.

'ഭൂമിയിൽ സമാധാനം' (Pacem in Terris) 'അമ്മയും ഗുരുനാഥയും' (Mater et Magistra) എന്നീ രണ്ട് ലോകപ്രസിദ്ധ സാമൂഹ്യ ചാക്രികലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം റോമൻ സിനഡ് (Roman Synod) വിളിച്ചുകൂട്ടുകയും കാനോൻ നിയമപരിഷ്കരണത്തിനായി പുതിയ ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്തു. സഭാനവീകരണത്തിനായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടി. (കൂടുതൽ വിവരത്തിന് ഈ പുസ്തകത്തിലെ 18-19 പേജുകൾ കാണുക).

## 2. ജോൺപോൾ ഒന്നാമൻ (John Paul I) ഓഗസ്റ്റ് 26, 1978 - സെപ്റ്റംബർ 28, 1978

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ വെറും 33 ദിവസം മാത്രം മാർപ്പാപ്പയായിരുന്ന ജോൺ പോൾ ഒന്നാമൻ ഒക്ടോബർ 17, 1912-ൽ വടക്കൻ ഇറ്റലിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പേര് അൽബിനൊ ലുച്ചിയാനി (Albino Luciani) എന്നായിരുന്നു. 20-ാം നൂറ്റാണ്ടിൽ ജനിച്ച ആദ്യത്തെ മാർപ്പാപ്പായാണ് ജോൺ പോൾ ഒന്നാമൻ. അദ്ദേഹത്തിന് രണ്ടു സഹോദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു.

1923-ൽ മൈനർ സെമിനാരിയിൽ (Minor Seminary) ചേർന്നു. പിന്നീട് ഈശോസഭയിൽ (Jesuit Order) ചേരണമെന്നാഗ്രഹിച്ചെങ്കിലും പ്രവേശനം ലഭിച്ചില്ല. 23 വയസ്സ് തികയുന്നതിനു മുമ്പ് 1935 ജൂലൈ 17-ാം തീയതി പട്ടമേറ്റ് വൈദികനായി. സെമിനാരി റെക്ടറും പ്രൊഫസറുമായി കുറെക്കാലം സേവനം ചെയ്തു. 1941-ൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് പഠനം ആരംഭിച്ച് പ്രശസ്തമായ രീതിയിൽ പഠനം പൂർത്തിയാക്കി. 1949-ൽ ഗിറൊലെമൊ ബോർലിഞ്ഞോൻ ബിഷപ്പിന്റെ (Bishop Girolamo Borlignon OFM Cap) കീഴിൽ വികാരി ജനറാളായി സേവനം ചെയ്തു. 1958-ൽ ഫാദർ ലൂച്ചിയാനിയെ വിറ്റോറിയോ വെനെറ്റൊ (Vittorio Veneto) രൂപതയുടെ മെത്രാനായി ജോൺ 23-മൻ മാർപ്പാപ്പ നിയമിച്ചു. മെത്രാഭിഷേക ചടങ്ങിന്റെ മുഖ്യകാർമികൻ മാർപ്പാപ്പ തന്നെയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ (1962-1965) ബിഷപ് ലൂച്ചിയാനി പരിപൂർണമായി പങ്കെടുത്തു. പോൾ ആറാമൻ മാർപ്പാപ്പാ ലൂച്ചിയാനിയെ വെനീസ്സിന്റെ പാത്രിയാർക്കീസായി നിയമിച്ചു. വെനീസ്സിലെ മെത്രാപ്പോലീത്തായായിരിക്കെ 1973-ൽ കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടു. പോൾ ആറാമൻ മാർപ്പാപ്പയുടെ മരണത്തെതുടർന്ന് 1978 ഓഗസ്റ്റ് 26-ാം തീയതി കർദിനാൾ ലൂച്ചിയാനിയെ മാർപ്പാപ്പായായി തിരഞ്ഞെടുത്തു. ജോൺ പോൾ ഒന്നാമൻ എന്ന പേര് അദ്ദേഹം സ്വീകരിച്ചു. പേപ്പസിയുടെ ചരി

ത്രത്തിൽ രണ്ട് ഒന്നാം പേരുള്ള (ജോൺ, പോൾ) ആദ്യത്തെ മാർപ്പാപ്പ യാണദ്ദേഹം.

രാജഭാഷയായ നാം (We) നു പകരം ഞാൻ (I) ഉപയോഗിച്ച ആദ്യ ത്തെ മാർപ്പാപ്പയാണ് ജോൺ പോൾ ഒന്നാമൻ. കൂടാതെ പഴയ പാരമ്പ ര്യങ്ങളായ കിരീടധാരണം (Papal Coronation) റ്റിയാറ കിരീടം (Tiara) മുതലായവ സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. പകരം അദ്ദേഹ ത്തിന്റെ പേപ്പസിയുടെ ആരംഭത്തെ അനുസ്മരിച്ചുകൊണ്ട് ആഘോഷ മായ ദിവ്യബലി അർപ്പിച്ചു. വളരെ വിനീതനായ ഈ മാർപ്പാപ്പാ സുസ്മേ രവദനനായിരുന്നു (The Smiling Pope). അദ്ദേഹം ഒന്നാംതരം വാഗ്മിയു മായിരുന്നു.

1978 സെപ്റ്റംബർ 29-ാം തീയതി പുലർച്ചയ്ക്ക് അല്പം മുൻപ് സ്വന്തം കിടക്കയിൽ മാർപ്പാപ്പാ മരിച്ച നിലയിൽ ഇരിക്കുന്നതായി കണ്ടു എന്ന താണ് വത്തിക്കാന്റെ റിപ്പോർട്ട്. ഹൃദയസ്തംഭനമാണ് ഈ 66-കാരൻ മാർപ്പാപ്പായുടെ മരണകാരണമെന്ന് വത്തിക്കാൻ ഔദ്യോഗികമായി സ്ഥിരീകരിക്കുന്നുണ്ടെങ്കിലും വത്തിക്കാനിലെ അന്തേവാസികളിൽ ചില രുടെ ഗൂഢാലോചനവഴി മാർപ്പാപ്പാ കൊല്ലപ്പെട്ടു എന്നും പറയപ്പെടുന്നു. (ഈ പുസ്തകത്തിലെ 'വത്തിക്കാനും അംബ്രോസിയാനോ ബാങ്കും' എന്ന 7-ാം അധ്യായം കാണുക).

# കുപ്രസിദ്ധ മാർപ്പാപ്പാമാർ

## 1. സ്റ്റീഫൻ ഏഴാമൻ [Stephen (VI) VII] 896-897

ജനനത്തീയതി അറിയില്ല. 897 ഓഗസ്റ്റിൽ കൊല്ലപ്പെട്ടു. റോമാക്കാര നായ, സ്റ്റീഫൻ ജോൺ എന്ന പേരുള്ള ഒരു പുരോഹിതന്റെ മകനായി രുന്നു. സ്റ്റീഫന്റെ ആഗ്രഹത്തിനു വിപരീതമായി ഫൊർമോസസ് (Formosus) പാപ്പാ അദ്ദേഹത്തെ അനാഗ്നിയിലെ (Anagni) മെത്രാനാക്കി. മെയ് 896-ൽ മാർപ്പാപ്പായായി.

ലാംബർട്ട് (Lambert) ചക്രവർത്തിയുടെയോ അദ്ദേഹത്തിന്റെ മാതാവ് അഗൽട്രൂഡയുടെയോ (Ageltruda) നിർബന്ധത്താൽ പ്രേരിതനായി മുൻഗാമിയായ ഫൊർമോസസ് പാപ്പായുടെ അടക്കം ചെയ്ത ശരീരം മാന്തിയെടുത്ത്, വിസമ്മതം പ്രകടിപ്പിച്ച റോമൻ പുരാഹിതരുടെ സിന ഡിൽവച്ച്, ഒരു പരിഹാസവിചാരണ നടത്തി. ഫൊർമോസസിനെ പ്രതി നിധീകരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഒരു ഡീക്കനെയും നിയോ ഗിച്ചിരുന്നു. വിചാരണക്കുശേഷം ഫൊർമോസസ് കുറ്റക്കാരനായിട്ട് വിധി ക്കപ്പെട്ടു. ശവശരീരത്തിൽനിന്ന് തിരുവസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി. സാധാ

രണ ക്രിസ്ത്യാനിയുടെ വേഷം ധരിപ്പിച്ചു. വലതുകൈയിലെ രണ്ടു വിരലുകൾ വെട്ടിമാറ്റി. പിന്നീട് റൈബർനദിയിലേക്ക് (Tiber) എറിഞ്ഞുകളഞ്ഞു.

ഫൊർമോസസ് പാപ്പാ പട്ടം നൽകിയ വളരെയധികം പുരോഹിതരെ നിർബന്ധിച്ച് പുരോഹിതവൃത്തിയിൽനിന്ന് രാജിവെപ്പിച്ചു. അധികം ദുഷ്പ്രവൃത്തികൾ ചെയ്യുന്നതിനുള്ള സമയം ലഭിക്കാതെ സ്റ്റീഫൻ പാപ്പാ ശ്വാസം മുട്ടിച്ച് കൊല്ലപ്പെട്ടു.

ചില ചരിത്രകാരന്മാർ ഇദ്ദേഹത്തെ സ്റ്റീഫൻ ആറാമൻ എന്നും വിളിക്കാറുണ്ട്.

## 2. ഉർബാൻ രണ്ടാമൻ (Urban II) 1088-1099

ജനനത്തീയതി കൃത്യമായി അറിയില്ലെങ്കിലും 1042-നോടടുത്ത് ഫ്രാൻസിലെ ഒരു പ്രസിദ്ധ കുടുംബത്തിൽ ജനിച്ചു. ഓട്ടോ (Otto, Otho, or Odo) എന്നപേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം റെയ്മ്സിലെ (Reims) പഠനശേഷം ആർച്ചുഡീക്കനായി. ആബട്ട് ഓഫ് സെന്റ് ഹ്യൂഗ് (Abbot of St. Hugh) ഗ്രിഗറി ഏഴാമൻ മാർപ്പാപ്പായുടെ ഉപദേശകനായി ഓട്ടോയെ റോമിലേക്കയച്ചു. 1078-ൽ അദ്ദേഹം കർദിനാളായി. ഹെൻട്രി നാലാമൻ ചക്രവർത്തി 1083-ൽ അദ്ദേഹത്തെ ജയിലിലടച്ചു. അധികം കഴിയാതെ ജയിൽ മോചിതനായി. 1088 മാർച്ച് 12-ാം തീയതി മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു.

ആന്റിപോപ്പായ (Antipope) റാവന്നായിലെ (Ravenna) ഗ്വിബർട്ടിനെ (Guibert) മൂന്നു ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ തോല്പിച്ചു വിജയിയായി സെന്റ് പീറ്റേഴ്സിൽ ആദ്യമായി പ്രവേശിച്ചു. 1089-ൽ പുരോഹിതർ (Clergy) വിവാഹിതരാകാൻ പാടില്ലെന്ന് പ്രഖ്യാപിച്ചു.

ഗ്വിബർട്ട് വീണ്ടും റോം പിടിച്ചെടുത്തു. ഉർബാൻ മൂന്നു വർഷത്തോളം നാടുകടത്തപ്പെട്ടവനായി തെക്കേ ഇറ്റലിയിൽ ചുറ്റിനടന്നു. ഫ്രഞ്ച് ആബട്ടായ വെൻഡോമിലെ ഗ്രിഗറിയുടെ (Gregory of Vendome) സാമ്പത്തിക സഹായംകൊണ്ട് ഉർബാൻ ലാറ്ററൻ കൊട്ടാരം (Lateran Palace) വിലയ്ക്കു വാങ്ങി. സന്ന്യാസാശ്രമത്തിലെ വസ്തുവകകൾ വിറ്റാണ് ഗ്രിഗറി ഉർബാനെ സാമ്പത്തികമായി സഹായിച്ചത്. അതിന് പ്രത്യുപകാരമായി ഗ്രിഗറിയെ കർദിനാളായി ഉർബാൻ ഉയർത്തി. എന്തായാലും മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട് ആറു വർഷങ്ങൾക്കുശേഷം ഉർബാൻ അങ്ങനെ പാപ്പായുടെ സിംഹാസനത്തിൽ (Papal Throne) ഉപവിഷ്ടനായി.

1095-ലെ സിനഡിൽ വച്ച് ആദ്യമായി ഉർബാൻ കുരിശുയുദ്ധം പ്രഖ്യാപിച്ചു. കൂടാതെ കുരിശുയുദ്ധത്തിൽ പങ്കെടുക്കുന്നവർക്ക് സമ്പൂർണ ദണ്ഡവിമോചനം (Plenary Indulgence) അനുവദിച്ചു. 'ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന സഹോദരങ്ങളുടെ രക്തം കുരിശുയുദ്ധ

ത്തിൽ പങ്കെടുക്കുന്നവരുടെ ആയുധങ്ങളിൽക്കൂടി ഒഴുകട്ടെ' എന്ന് അദ്ദേഹം ഫ്രാൻസിൽ ഉടനീളം ചുറ്റിസഞ്ചരിച്ച് പ്രസംഗിച്ചു. കുരിശുയുദ്ധത്തിന് ആവേശവും പ്രചരണവും നൽകുന്നതിനായി ഉപദേശികളെ യൂറോപ്പു മുഴുവൻ അയച്ചു. കുരിശുയുദ്ധത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ഉർബാൻ ആരെയും അനുവദിച്ചില്ല. 1099 ജൂലൈ 15-ന് ജെറുശലേം കുരിശുയുദ്ധക്കാർക്ക് കീഴടങ്ങി. പക്ഷേ, ആ വാർത്ത അറിയുന്നതിനുമുമ്പ് ഉർബാൻ 1099 ജൂലൈ 29-ന് ദിവംഗതനായി.

ഗിബർട്ടിന്റെ അനുയായികൾ ഉർബാനെ ലാറ്ററൻ കൊട്ടാരത്തിൽ സംസ്കരിക്കാൻ വിസമ്മതിച്ചതിനാൽ സെന്റ് പീറ്റേഴ്സിൽ അഡ്രിയാൻ ഒന്നാമന്റെ ശവക്കല്ലറയ്ക്കടുത്ത് അദ്ദേഹത്തെ അടക്കം ചെയ്തു.

ഉർബാൻ രണ്ടാമൻ മരിച്ച് 782 വർഷങ്ങൾക്കുശേഷം 1881-ൽ ലെയോ പതിമൂന്നാമൻ (Leo XIII) മാർപ്പാപ്പാ ഈ 'കുരിശുയുദ്ധപ്പാപ്പാ'യെ 'വാഴ്ത്തപ്പെട്ടവൻ' (Blessed) ആയി പ്രഖ്യാപിച്ചു!

## 3. ഗ്രിഗറി ഒമ്പതാമൻ (Gregory IX) 1227-1241

1145 നോടടുത്ത് അനാണിയിൽ (Anagni) ജനിച്ചു. ഉഗലീനോ (Ugolino) എന്നായിരുന്നു പേര്. പാരീസ് യൂണിവേഴ്സിറ്റിയിൽ പഠിച്ചു. ഇന്നസെന്റ് മൂന്നാമൻ (Innocent III) മാർപ്പാപ്പാ തന്റെ ഭാഗിനേയനായ ഉഗലിനോയെ പേപ്പൽ ചാപ്ലിനായി നിയോഗിച്ചു. 1208-ൽ ഓസ്റ്റിയയിലെ (Ostia) കാർഡിനൽ ബിഷപ്പ് ആയി. 1227-ൽ ഉഗലിനോയെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു. അദ്ദേഹം ഗ്രിഗറി ഒമ്പതാമൻ എന്ന പേര് സ്വീകരിച്ചു.

മാർപ്പാപ്പായായി മൂന്നു ദിവസം കഴിഞ്ഞപ്പോൾ, കുരിശുയുദ്ധത്തിൽ നിന്ന് ഒഴിഞ്ഞു മാറിനിന്ന ഫ്രെഡറിക് രണ്ടാമൻ ചക്രവർത്തിയോട് വിശുദ്ധനാട്ടിലേക്ക് യുദ്ധത്തിനായി പുറപ്പെടാൻ ആജ്ഞാപിച്ചു. യുദ്ധത്തിന് പുറപ്പെട്ട് മൂന്നുദിവസം കഴിഞ്ഞപ്പോൾ ഗൗരവതരമായ അസുഖം പിടിപ്പെട്ട ചക്രവർത്തി തിരിച്ചുപോരേണ്ടിവന്നു. വിവരമറിഞ്ഞ മാർപ്പാപ്പാ ചക്രവർത്തിക്ക് പള്ളിമുടക്ക് കല്പിച്ചു. പോപ്പിനാണോ ഫ്രെഡറിക് ചക്രവർത്തിക്കാണോ സാമ്രാജ്യത്തിന്മേലുള്ള അധികാരം എന്ന തർക്കവും അതിനോടനുബന്ധിച്ചുള്ള യുദ്ധങ്ങളും പോപ്പു മരിക്കുന്നതുവരെ തുടർന്നുകൊണ്ടിരുന്നു.

1241 ഓഗസ്റ്റ് 22-ാം തീയതി ഏകദേശം നൂറുവയസ്സിനോടടുത്തപ്പോൾ ഗ്രിഗറി നിര്യാതനായി.

ഗ്രിഗറി അവിശ്വാസികളെ വഞ്ചകരായി കണ്ട് ക്രൂരമായി ശിക്ഷിച്ചു. അദ്ദേഹം ലെംബാർഡിയിലെ പേപ്പൽപ്രതിനിധി ആയിരിക്കുമ്പോൾ, ഫ്രെഡറിക് രണ്ടാമൻ ചക്രവർത്തി പാഷണ്ഡികളെ തീയിൽ കത്തിച്ചു കൊല്ലുവാൻ രാജ്യനിയമപ്രകാരം തീരുമാനിച്ചതിനെ, ശരിവച്ചു. ഫ്രാൻസിലെ ലൂയീസ് ഒമ്പതാമൻ രാജാവിന്റെ അഭ്യർഥനപ്രകാരം ഗ്രിഗറി കർദിനാൾ റൊമാനസിനെ ഫ്രാൻസിലേക്കയച്ചു. കർദിനാളിന്റെ കല്പന

പ്രകാരം അവിശ്വാസികളെയും അവരുടെ സഹചാരികളെയും (Abottors) പിടിച്ച് അവരെ ശിക്ഷിക്കുന്നതിനായി മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി. സാധാരണയായി തീയിൽ ചുട്ടുകരിച്ചു കൊല്ലുന്ന ശിക്ഷയായിരുന്നു വിധിച്ചിരുന്നത്.

പോപ്പ് ഗ്രിഗറി 1228 മുതൽ 1231 വരെ റോമിൽനിന്ന് നിർബന്ധമായി മാറി താമസിക്കേണ്ടി വന്നു. ആ കാലഘട്ടത്തിൽ റോമിലുള്ള അവിശ്വാസികൾ സ്വതന്ത്രരായിരുന്നു. 1231-ൽ പോപ്പ് റോമിലുള്ള അവിശ്വാസികളെ മുഴുവൻ കുറ്റവാളികളായി കണ്ട് ഒരു നിയമം പാസ്സാക്കി. അവരെല്ലാം തീയിൽ കൊല്ലപ്പെടണം. ഈ നിയമപ്രകാരം ധാരാളം പറ്ററീനികൾ (Patarini) തീയിൽ എറിഞ്ഞ് കൊല്ലപ്പെട്ടു. ധാരാളം പേരെ ബനഡിക്റ്റൻ ആശ്രമങ്ങളിൽ തടങ്കലിൽ പാർപ്പിച്ചു.

പോപ്പ് ഗ്രിഗറിയുടെ കാലത്താണ് മൊണാസ്റ്റിക് ഇൻക്വിസിഷൻ (Inquisition) സ്ഥാപിതമായത് (1233 ഏപ്രിൽ 13, 20, 22 -ലെ ബൂളകൾ). അതിനുമുമ്പ് പാഷണ്ഡികളെ തേടിപ്പിടിച്ച് ശിക്ഷിക്കുന്ന ചുമതല മെത്രാന്മാരുടേതായിരുന്നു. ഫ്രാൻസിലെ രൂപതകളിലെ ഇൻക്വിസിഷന്റെ ചുമതല മുഴുവൻ ഡൊമിനിക്കൻ സഭക്കാർക്കായിരുന്നു. പിന്നീടാണ് സ്പാനിഷ് ഇൻക്വിസിഷൻ ആരംഭിച്ചത്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന ക്രൂരമായ ഇൻക്വിസിഷന്റെ സ്ഥാപകൻ ഗ്രിഗറി ഒൻപതാമൻ പാപ്പായാണ്!

ഗ്രിഗറിയുടെ ഭാഗിനേയൻ സേണിയിലെ റെയ്നാൾഡിനെ (Raynald of Segni) കർദിനാളായി ഉയർത്തി. അദ്ദേഹം പിന്നീട് അലക്സാണ്ടർ ആറാമൻ എന്ന പേരിൽ പോപ്പായി.

## 4. സിക്സ്റ്റസ് നാലാമൻ (Sixtus IV) 1471-1484

ദരിദ്രരായ മാതാപിതാക്കളിൽനിന്ന് 1414 ജൂലൈ 21-ാം തീയതി അബിസോളയ്ക്കടുത്ത് (Abisola) ജനിച്ചു. പേര് ഫ്രാൻസിസ്കോ (Francisco). ചെറുപ്പത്തിലേ ഫ്രാൻസിസ്കൻ സഭയിൽ ചേരാൻ നിയോഗിക്കപ്പെട്ടു. പാദുവാ യൂണിവേഴ്സിറ്റിയിൽ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. അതിനുശേഷം ഇറ്റലിയിലെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിൽ അധ്യാപകവൃത്തി നടത്തി. പിന്നീട് ഫ്രാൻസിസ്കൻ സഭയുടെ ധനകാര്യസ്ഥനും പ്രൊവിൻഷ്യാളുമായി. 1467-ൽ പോൾ രണ്ടാമൻ മാർപ്പാപ്പാ ഇദ്ദേഹത്തെ കർദിനാളായി ഉയർത്തി. പോൾ രണ്ടാമൻ മരിച്ചപ്പോൾ ഫ്രാൻസിസ്കോയെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു. സിക്സ്റ്റസ് നാലാമൻ എന്ന പേര് അദ്ദേഹം സ്വീകരിച്ചു.

മാർപ്പാപ്പായായ ഉടൻതന്നെ അദ്ദേഹം ഓട്ടമൻ തുർക്കികൾക്കെതിരായി (Ottoman Turks) ഒരു പുതിയ കുരിശുയുദ്ധം പ്രഖ്യാപിച്ചു. ഇരുപത്തഞ്ചോളം തുർക്കി യുദ്ധതടവുകാരെയുംകൊണ്ട് റോമിലെ തെരുവീഥികളിൽക്കൂടി വിജയാട്ടഹാസം മുഴക്കി പ്രകടനം നടത്തിയതൊഴിച്ചാൽ ഈ കുരിശുയുദ്ധം തികച്ചും പരാജയമായിരുന്നു.

സിക്സ്റ്റസ് പാപ്പാ സ്വജനപക്ഷപാതത്തിന് അടിമയായിരുന്നു. അർഹതയില്ലാത്ത ബന്ധുക്കൾക്കുപോലും അതിരില്ലാത്ത സ്വത്തും ആനുകൂല്യങ്ങളും ചെയ്തുകൊടുത്ത അദ്ദേഹം തന്റെ രണ്ടു ഭാഗിനേയരെ കർദിനാൾ സ്ഥാനത്തേക്കുയർത്തി.

ഭാഗിനേയനായ കർദിനാൾ റഫയേൽ റിയാറിയോ (Rafael Riario) ഫ്ളോറൻസിലെ മേദിച്ചിയെ (Medici) പരാജയപ്പെടുത്താൻ ഗൂഢാലോചന നടത്തി. സിക്സ്റ്റസ് പാപ്പായും അതിൽ പങ്കുചേർന്നു. മേദിച്ചി ക്രൂരമായി വധിക്കപ്പെട്ടു. ഫ്ളോറൻസിനുവേണ്ടി പാപ്പാ രണ്ടുവർഷത്തോളം യുദ്ധംനടത്തി.

അദ്ദേഹം റോമിൽ വ്യഭിചാരശാലകൾക്ക് ലൈസൻസ് നല്കി. ഇതുവഴി പ്രതിവർഷം 30,000 ഓളം സ്വർണനാണയങ്ങൾ (Ducats) സമ്പാദിച്ചു. വെപ്പാട്ടികളുണ്ടായിരുന്ന പുരോഹിതരിൽനിന്നു നികുതി ഈടാക്കി. ശുദ്ധീകരണസ്ഥലത്തെ തീയിൽ കിടന്ന് വേദനിച്ചു പിടയുന്ന ആത്മാക്കൾക്ക് ആശ്വാസം ലഭിക്കാൻ ബന്ധുമിത്രാദികളിൽനിന്നു പൈസ വാങ്ങി ദണ്ഡവിമോചനം വിറ്റു.

ഈ പോപ്പ് 1484 ഓഗസ്റ്റ് 12-ാം തീയതി ഇഹലോകവാസം വെടിഞ്ഞു.

ഇദ്ദേഹത്തിന്റെ കാലത്ത് 1478-ൽ സ്പാനിഷ് ഇൻക്വിസിഷനും ആരംഭിച്ചു. സിക്സ്റ്റസ് നല്കിയ ഈ അധികാരത്തിന്റെ പേരിൽ ഫെർഡിനാൻഡും ഇസബെല്ലയുംകൂടി (Ferdinand and Isabella) സ്പെയിനിനെ ഒന്നിപ്പിക്കാൻ 'നാഷണൽ സാൽവേഷൻ' എന്നപേരിൽ ഇൻക്വിസിഷൻവഴി ആയിരങ്ങളെ ചുട്ടുകരിച്ചു.

## 5. ഇന്നസെന്റ് എട്ടാമൻ (Innocent VIII) 1484-1492

1432-ൽ ജനോവായിൽ (Genova) ഒരു റോമൻ സെനറ്ററുടെ മകനായി ജനിച്ചു. ചെറുപ്പകാലത്തെ അയഞ്ഞ ജീവിതത്തിനിടെ രണ്ടു കുട്ടികൾ നിയമപ്രകാരമല്ലാതെ അദ്ദേഹത്തിനു ജനിച്ചു. അതിനുശേഷം വൈദികനായി. 1467-ൽ സവോനയിലെ (Savona) മെത്രാനായി. 1473-ൽ കർദിനാളായി ഉയർത്തപ്പെട്ടു. 1484 ഓഗസ്റ്റ് 29-ാം തീയതി മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു.

മാർപ്പാപ്പായായ ഉടൻതന്നെ അദ്ദേഹം തന്റെ 13 വയസ്സുമാത്രം പ്രായമുള്ള പൗത്രന് കർദിനാൾ പദവി നല്കി. സാമ്പത്തിക ബുദ്ധിമുട്ടു തീർക്കാൻ പുതിയ പുതിയ ഔദ്യോഗിക സ്ഥാനങ്ങൾ സൃഷ്ടിച്ച് അവ ലേലം ചെയ്തു വിറ്റു. കള്ള ബൂളകൾ (Forged Bulls) മാർപ്പാപ്പായുടെ പേരിൽ ഉണ്ടാക്കി വിറ്റ ഉദ്യോഗസ്ഥർക്ക് ഇന്നസെന്റ് വധശിക്ഷ നല്കി. നൊർവിജിയാക്കാർക്ക് (Norwegians) വീഞ്ഞുകൂടാതെ കുർബാന അർപ്പിക്കാൻ അനുവദിക്കുന്ന കള്ളപ്രമാണമായിരുന്നു അതിലൊന്ന്.

1484 ഡിസംബർ അഞ്ചാം തീയതി വിച്ച്ക്രാഫ്റ്റിനെതിരായി 'Summis desiderantes affectibus' എന്ന പേരിൽ ഒരു പേപ്പൽ ബൂള ഇറക്കി.

ജർമനിയിലെ വിച്ചസിനെയെല്ലാം തേടിപ്പിടിച്ച് പീഡിപ്പിച്ചു കൊല്ലാനുള്ള ഇൻക്വിസിഷൻ സ്ഥാപിക്കാൻ ഇത് കാരണമായി.

ഈ ബുൾ അസാധാരണമായ രീതിയിൽ ദുർവിനിയോഗം ചെയ്യപ്പെടുകയും നിരപരാധികൾ നിഷ്കരുണം തീയിൽ എറിയപ്പെടുകയും ചുട്ടു കരിച്ച് കൊല്ലപ്പെടുകയും ചെയ്തു.

## 6. അലക്സാണ്ടർ ആറാമൻ (Alexander VI) 1492–1503

സ്പെയിനിൽ വലേൻസിയയ്ക്കടുത്ത് (Valencia) 1431 ജനുവരി ഒന്നിന് ജനിച്ചു. റോദ്രിഗോ ബോർജ (Rodrigo Borja) എന്നായിരുന്നു പേര്. ബോർജ (Borja) എന്ന കുടുംബപ്പേര് പിന്നീട് ഇറ്റലീകരിച്ച് ബോർജിയ (Borjia) എന്നാക്കിമാറ്റി. കർദിനാൾ അൽഫോൻസോ ബോർജയുടെ (Alfonso Borja) സഹോദരിയായിരുന്നു റോദ്രിഗോയുടെ മാതാവ്. കർദിനാൾ അൽഫോൻസോ ബോർജ പിന്നീട് കല്ലീക്സ്റ്റസ് (Callixtus) മൂന്നാമൻ എന്ന പേരിൽ മാർപ്പാപ്പായായി.

കല്ലീക്സ്റ്റസ് പാപ്പായുടെ കുടുംബത്തിലേക്ക് റോദ്രിഗോയെ ദത്തെടുത്തു. ഒരു പുരോഹിതനാകുക എന്ന ചിന്ത റോദ്രിഗോയ്ക്ക് അശേഷം ഇല്ലായിരുന്നു. കർദിനാൾ ബോർജയുടെ നിർബന്ധപ്രകാരം റോദ്രിഗോ കുറെ കാലത്തേക്ക് ബൊളോന (Bologna) യൂണിവേഴ്സിറ്റിയിൽ നിയമം പഠിച്ചു. 25-ാം വയസ്സിൽ റോദ്രിഗോ കർദിനാൾ ഡീക്കനായി. 1468-ൽ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. 1471-ൽ കർദിനാൾ ബിഷപ്പായി. റോമൻ ചർച്ചിന്റെ വൈസ്ചാൻസിലറായി റോമൻ കുരിയായിൽ 1457 മുതൽ അഞ്ച് മാർപ്പാപ്പമാരുടെ കീഴിൽ (Callixtus III, Pius II, Paul II, Sixtus IV, Innocent VIII) പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ നടത്തിയ സമ്പാദ്യംകൊണ്ട് അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ ധനവാന്മാരിൽ ഒരാളായിത്തീർന്നു.

1492 ഓഗസ്റ്റ് 11-ാം തീയതി തന്റെ വോട്ടുംകൂടി നിക്ഷേപിച്ച് മൂന്നിൽ രണ്ട് ഭൂരിപക്ഷം ഉണ്ടാക്കി ബോർജിയ അലക്സാണ്ടർ ആറാമൻ എന്ന പേരിൽ മാർപ്പാപ്പായായി. മൂന്നിൽ രണ്ട് വോട്ട് സമ്പാദിക്കാൻ കർദിനാളന്മാർക്ക് കനത്ത കോഴയും സ്ഥാനമാനങ്ങളും കൊടുത്തെന്നാണ് പൊതുവിലുള്ള വിശ്വാസം. സമകാലികരുടെ നാളാഗമത്തിൽനിന്നു മനസ്സിലാകുന്നതും അതാണ്.

അലക്സാണ്ടർ മാർപ്പാപ്പായ്ക്ക് പല വെപ്പാട്ടികളും അനേകം മക്കളുമുണ്ടായിരുന്നു. ജിറൊലാനോ (Girolano) ഇസബല്ല (Isabella) പേദ്രോ ലൂയിസ് (Pedro Luis) എന്ന മക്കളുടെ മാതാക്കൾ ആരൊക്കെയെന്ന് കൃത്യമായി അറിയില്ല. ബോർജിയ കർദിനാളായിരിക്കുമ്പോൾ ജിറൊലാനോയെ സ്പെയിനിലെ ഒരു പ്രഭുവിന് വിവാഹം ചെയ്തുകൊടുത്തു.

ധനവാനും ചെറുപ്പക്കാരനുമായ കർദിനാൾ റോദ്രിഗോ പരസ്യമായി പെണ്ണും പിടിച്ച് കുടിച്ചുകൂത്താടി ചൂതും കളിച്ച് നടന്നിരുന്നു. പിയൂസ്

രണ്ടാമൻ പാപ്പാ അദ്ദേഹത്തിന്റെ ദുർനടപ്പിന് താക്കീതു നല്കിയെങ്കിലും ഭരണകാര്യങ്ങളിൽ കൂടുതൽ സ്ഥാനങ്ങൾ നല്കി അനുഗ്രഹിക്കുക യാണ് ചെയ്തത്.

കർദിനാൾ ബോർജിയ വിവാഹിത ആയിരുന്ന ഒരു റോമൻ ലേഡി വനോസാ കററനേയിയുമായി (Vanozza Catanei) ആയി 1470 മുതൽ സ്നേഹബന്ധത്തിൽ ഏർപ്പെടാൻ തുടങ്ങി. അങ്ങനെ കർദിനാളിന് അവ ളിൽ നാലു കുട്ടികൾ (Juan 1474, Cesare 1476, Lucrezia 1480, Joffre 1482) ജനിച്ചു. മൂത്തമകൻ യുവാൻ പട്ടാള മേധാവിയായി പ്രവർത്തിച്ചു. അനുജൻ ചെസാരെ അതിൽ അസൂയാലു ആയിരുന്നു. 1497 ജൂണിൽ യുവാന്റെ കഴുത്തു ഛേദിക്കപ്പെട്ട ജഡം ടൈബർ നദിയിൽ കണ്ടെത്തി. അലക്സാണ്ടർ പാപ്പായായി ഒരാഴ്ച കഴിഞ്ഞപ്പോൾ 17 വയസ്സുള്ള ചെസാരെയെ വെലെൻസിയയുടെ (Velencia) ആർച്ചുബിഷപ്പായി നിയ മിച്ചു. എന്നാൽ ചെസാരെ പട്ടം സ്വീകരിക്കുകയോ വെലെൻസായ്ക്ക് പോവുകയോ ചെയ്തില്ല. സുന്ദരിയായ മകൾ ലുക്രേസിയായ്ക്ക് 13 വയസ്സ് പ്രായമായപ്പോഴേക്കും രണ്ട് ഒത്തുകല്യാണങ്ങൾ നടത്തിയെങ്കിലും വിവാഹം നടന്നില്ല. മാർപ്പാപ്പാ ആയശേഷം അലക്സാണ്ടർ രാഷ്ട്രീ യവും സാമ്പത്തികവുമായ നേട്ടങ്ങൾ മുൻകണ്ടുകൊണ്ട് 1493-ൽ ലുക്രേസിയായെ ജ്യോവാനി സ്ഫോർസ (Giovanni Sforza) പ്രഭുവിന് വിവാഹം ചെയ്തുകൊടുത്തു. അതീവ ആഡംബരങ്ങളോടുകൂടി പോപ്പിന്റെ സാന്നിധ്യത്തിൽ വത്തിക്കാനിൽ വച്ചായിരുന്നു അവരുടെ വിവാഹം.

അലക്സാണ്ടർ പാപ്പാ തന്റെ സഹോദരീപുത്രൻ കർദിനാൾ ജ്യോവാനി ബോർജിയയെ (Giovanni Borjia) കർദിനാൾ സംഘത്തിന്റെ പേപ്പൽ പ്രതിനിധിയായി നിയമിച്ചു. 1493-ൽ രണ്ടാമത്തെ മകൻ ചെസാ രെയെ കർദിനാൾ ഡീക്കനാക്കി. ചെസാരെയ്ക്ക് അന്ന് വയസ്സ് 17. ചെസാ രെ ഡീക്കൻ പട്ടം സ്വീകരിച്ചു. ജേഷ്ഠൻ ജ്യോവാനി ടൈബർ നദിയിൽ കൊല്ലപ്പെട്ട രീതിയിൽ കണ്ടെത്തിയശേഷം (1497) ജേഷ്ഠന്റെ സ്ഥാനം ഏറ്റെടുത്ത് യുദ്ധത്തിൽ പങ്കെടുക്കുവാൻ വേണ്ടി ചെസാരെ കർദിനാൾ സ്ഥാനം വേണ്ടന്നുവച്ച് അതിൽനിന്നും മോചനം നേടി. ഫ്രഞ്ച് സൗഹൃദം നേടാൻ വേണ്ടി അലക്സാണ്ടർ പാപ്പാ നേപ്പിൾസുകാരനായ സഹോദ രീഭർത്താവ് ജ്യോവാനിയെ പേപ്പൽ അപ്പാർട്ടുമെന്റിൽ വച്ച് ചെസാ രെയുടെ ഗൂഢാലോചനയിൽ ശ്വാസം മുട്ടിച്ച് കൊലചെയ്യിച്ചു. ലുക്രേസി യായെ രാഷ്ട്രീയ ബന്ധങ്ങൾ ഉറപ്പിക്കുവാൻ വേണ്ടി പിന്നീട് രണ്ടുപ്രാ വശ്യം കൂടി വിവാഹം ചെയ്യിപ്പിച്ചു.

അതിനുശേഷം അലക്സാണ്ടർ മാർപ്പാപ്പാ വിവാഹിതയായിരുന്ന ഗ്വീ ലിയാ ഫാർനെസേ (Giulia Farnese) എന്ന സ്ത്രീയുമായി വീണ്ടും പുതിയ ഒരു ബന്ധത്തിലാവുകയും ലോറ (Laura) എന്ന പെൺകുട്ടി 1492-ൽ ജനിക്കുകയും ചെയ്തു. ഗ്വീലിയായ്ക്ക് രണ്ടു മൂന്നു കുട്ടികൾ

കൂടി ഉണ്ടായിരുന്നു. കുട്ടികളുടെ അപ്പൻ പോപ്പാണോ അതോ അവ ളുടെ ഭർത്താവാണോ എന്ന കാര്യത്തിൽ ചരിത്രകാരന്മാർ പല അഭി പ്രായക്കാരാണ്. ഏതായാലും റോദ്രിഗോ കർദിനാളായിരുന്നപ്പോഴും മാർപ്പാപ്പാ ആയിരുന്നപ്പോഴും അനേകം കുട്ടികൾക്ക് പിതൃത്വം നല്കി. ഗ്വീലിയായുടെ സഹോദരൻ അലസാൻദ്രോയെ (Alessandro) കർദിനാ ളാക്കി ഉയർത്തി. 1497-1498 കാലഘട്ടത്തിൽ അലക്സാണ്ടർ മാർപ്പാപ്പാ മറ്റു സ്ത്രീകളുമായിയുള്ള ബന്ധത്തിൽ കൂടുതൽ കുട്ടികളെ ജനിപ്പിച്ചു എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്.

റോദ്രിഗോ കർദിനാൾ പല കുട്ടികളുടെയും അപ്പനാണന്നുള്ള വിവരം മറ്റ് എല്ലാ കർദിനാളന്മാർക്കും അറിയാമായിരുന്നു. ആ സ്ഥിതിക്ക് റോദ്രിഗോ കർദിനാളിനെ പുതിയ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട ശേഷം അദ്ദേഹം പുരുഷനാണെന്ന് പരിശോധിച്ചുറപ്പിക്കാൻ തന്റെ ലിംഗ ശക്തി മറ്റു കർദിനാളന്മാർക്ക് കാണിച്ചുകൊടുത്തപ്പോൾ റോദ്രിഗോ ചിരിച്ചുപോയിരിക്കണം. (പതിമൂന്നാം നൂറ്റാണ്ടിൽ 'Pope Joan' ഒരു സ്ത്രീ ആയിരുന്നു എന്ന അപകീർത്തി സഭയ്ക്ക് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെടുന്ന ആൾ ലിംഗപരിശോധനയ്ക്ക് വഴങ്ങിക്കൊടുക്കണമെന്ന് സഭയിൽ ഒരു പാരമ്പര്യമുണ്ട്).

ഈ ഭൂമുഖത്ത് ജീവിച്ചിരുന്നിട്ടുള്ള മാർപ്പാപ്പാമാരിൽ വച്ച് ഏറ്റവും കുപ്രസിദ്ധനും സ്വജനപക്ഷപാതിയും അത്യാഗ്രഹിയും നിർഭയനും നിർദ യനും കൊലപാതകിയും വ്യഭിചാരിയുമാണ് അലക്സാണ്ടർ ആറാമൻ മാർപ്പാപ്പാ!

## 7. ലിയോ പത്താമൻ (Leo X), 1513-1521

1475 ഡിസംബർ 11-ാം തീയതി ഫ്ളോറൻസിൽ (Florence) ജനിച്ചു. ജ്യോവാനി ദെ മേദിച്ചി (Giovanni de Medici) എന്നായിരുന്നു പേര്. ഇന്ന സെന്റ് എട്ടാമൻ (Innocent VIII) പാപ്പാ പതിമ്മൂന്നു വയസ്സുമാത്രം പ്രായ മുള്ള ജ്യോവാനിയെ കർദിനാളാക്കി. 1513 ഫെബ്രുവരി 21-ാം തീയതി ജൂലിയസ് രണ്ടാമൻ (Julius II) പാപ്പാ മരിച്ചതിനെത്തുടർന്ന് 38 വയസ്സു മാത്രം പ്രായമുള്ള ജ്യോവാനിയെ 1513 മാർച്ച് 11-ാം തീയതി പാപ്പായായി തെരഞ്ഞെടുത്തു.

കാഴ്ചയ്ക്ക് യാതൊരു ചന്തവുമില്ലായിരുന്ന ഈ പാപ്പാ നിരന്തരം വിയർത്ത് ഒലിക്കുമായിരുന്നു. അദ്ദേഹം തുടർച്ചയായി വിയർപ്പ് തുടയ്ക്കു ന്നത് കാഴ്ചക്കാരിൽ അരോചകത്വം സൃഷ്ടിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ അമിതച്ചെലവുള്ള ജീവിതശൈലി കാരണം മാർപ്പാ പ്പയായി രണ്ടുവർഷം കൊണ്ട് പേപ്പൽ ഖജനാവ് ശൂന്യമായി. അദ്ദേഹ ത്തിന്റെ ഭരണകാലത്ത് 45 ലക്ഷം സ്വർണനാണയങ്ങൾ (Ducats) ചെല വാക്കി. നാലുലക്ഷം സ്വർണനാണയങ്ങൾ കടവും വരുത്തി. "Let us enjoy the Papacy since God has given it to us" എന്നായിരുന്നു അദ്ദേഹ

ത്തിന്റെ അഭിപ്രായം. തന്റെ ധാരാളിത്വം നിറഞ്ഞ ജീവിതരീതി നില നിർത്താനായി പള്ളിവക ഉദ്യോഗങ്ങളും (മെത്രാൻ, മെത്രാപ്പോലീത്ത, കർദിനാൾ, ആബട്ട് തുടങ്ങിയ സ്ഥാനങ്ങൾ) മരിച്ചവർക്കായുള്ള ദണ്ഡ വിമോചനങ്ങളും വിറ്റു. വ്യഭിചാരശാലകൾക്ക് ലൈസൻസ് വിറ്റു കിട്ടിയ സ്വർണനാണയങ്ങളായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ വരുമാനമാർഗം. റോമൻ നഗരവാസികളിൽ ഏഴിൽ ഒന്ന് ആൾക്കാർ വ്യഭിചാരവൃത്തി യിൽ ഏർപ്പെട്ടിരുന്നു, അക്കാലത്ത്.

അദ്ദേഹം തുർക്കികൾക്കെതിരായി കുരിശുയുദ്ധം പ്രഖ്യാപിച്ചു. ജർമ നിയിൽ ആകമാനം കുരിശുയുദ്ധം പ്രസംഗിച്ചു.

തന്റെ പാപ്പാസ്ഥാനം ഉറപ്പിക്കാനും സ്വർണനാണയങ്ങൾ സമ്പാദി ക്കാനുമായി ഒറ്റയടിക്ക് അദ്ദേഹം 31 കർദിനാളന്മാരെ വാഴിച്ചു. മെത്രാ പ്പോലീത്ത ആക്കി ഉയർത്തിയതിന്റെ പേരിൽ ജർമനിയിലെ മാഗ്ഡെ ബർഗ് (Magdeburg) മെത്രാപ്പോലീത്താ 10,000 സ്വർണനാണയങ്ങളാണ് റോമിന് ടാക്സായി കൊടുക്കേണ്ടിവന്നത്. സ്വർണനാണയങ്ങൾ ഉണ്ടാ ക്കാൻ വേണ്ടി മരിച്ചവർക്കായി ദണ്ഡവിമോചനം വിൽക്കാൻ അദ്ദേഹ ത്തിന് അനുവാദം നല്കി. പകുതി പത്രോസിന്റെ ബസിലിക്കയ്ക്കും പകുതി മെത്രാപ്പോലീത്തായ്ക്കും എന്നായിരുന്നു കരാർ! ഇത്തരം ദുഷ്പ്ര വൃത്തികളും അഴിമതികളും മൂലമാണ് മാർട്ടിൻ ലൂഥർ (Martin Luther) വിറ്റൻബർഗ് (Wittenberg) ദേവാലയകവാടത്തിൽ തന്റെ 95 തീസിസ് (Theses) തറച്ചതും അങ്ങനെ പ്രോട്ടസ്റ്റന്റ് റിഫോർമേഷനു തുടക്കം കുറി ച്ചതും.

## 8. പോൾ മൂന്നാമൻ (Paul III) 1534–1549

1468 ഫെബ്രുവരി 28–ാം തീയതി റോമിലെ പ്രസിദ്ധമായ ഫാർനസേ (Farnese) കുടുംബത്തിൽ ജനിച്ചു. പേര് അലസാൻഡ്രോ ഫാർനസേ (Alessandro Farnese).

അലസാൻഡ്രോയുടെ സുന്ദരിയും വിവാഹിതയുമായിരുന്ന സഹോ ദരി ജ്യൂലിയ അലക്സാണ്ടർ ആറാമൻ മാർപ്പാപ്പായുടെ പല വെപ്പാട്ടി കളിൽ അവസാനകാലത്തിലെ ഒരു വെപ്പാട്ടിയായിരുന്നു. അതിനെത്തുടർന്നാണ് അലക്സാണ്ടർ ആറാമൻ അലസാൻഡ്രോയെ കർദിനാൾ ഡീക്കനാക്കിയത്.

കർദിനാൾ അലസാൻഡ്രോ വലിയ ധനവാനായിരുന്നു. അദ്ദേഹത്തിന് സിൽവിയ റുഫിനി (Silvia Ruffini) എന്ന സ്ത്രീയിൽ നാല് ജാര സന്ത തികൾ ജനിച്ചു; (Pier Luigi, Constanza, Paul, Ranuceio). അവർ ‘Bastard sons of the pope’ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പിയർ (Pier) പട്ടാള ത്തലവനും അറുവഷളനും കൊലപാതകിയും സ്വവർഗരതിക്കാരനും ബലാൽസംഗക്കാരനുമൊക്കെയായിരുന്നു. അദ്ദേഹം 44–ാം വയസ്സിൽ കൊല്ലപ്പെട്ടു.

1534 ഒക്ടോബർ 12-ാം തീയതി അലസാൻഡ്രോയെ മാർപ്പാപ്പയായി തെരഞ്ഞെടുത്തു. പോൾ മൂന്നാമൻ എന്ന പേര് അദ്ദേഹം സ്വീകരിച്ചു. അദ്ദേഹം തന്റെ രണ്ട് പൗത്രന്മാരെ അലസാൻഡ്രോ ഫാർനേസേ (Alessandro Farnese, 14 വയസ്സ്, Pier Luigi-യുടെ മകൻ) ഗ്വീഡൊ അസ്ക്കാനിയ സ്ഫോർസ (Guido Ascanio Sforza, 16 വയസ്സ്, Constanza-യുടെ മകൻ) കർദിനാളന്മാരായി ഉയർത്തി.

15 വർഷത്തോളം ഇദ്ദേഹം മാർപ്പാപ്പായായിരുന്നു. മകൻ പിയർ ലൂയിജി കൊലചെയ്യപ്പെട്ട് അധികം കഴിയുന്നതിനു മുമ്പ് 82-ാം വയസ്സിൽ 1549 നവംബർ 10-ന് പോൾ മൂന്നാമൻ പാപ്പാ നിര്യാതനായി.

## 9. ജൂലിയസ് മൂന്നാമൻ (Julius III) 1550–1555

പ്രസിദ്ധനായ ഒരു നിയമപണ്ഡിതന്റെ മകനായി 1487 സെപ്റ്റംബർ 10-ന് റോമിൽ ജനിച്ചു. ജ്യമ്മാരിയ ചിയോച്ചി ദെൽ മോൺദെ (Giammaria Ciocchi Del Monte) എന്നായിരുന്നു പേര്. നിയമവും ദൈവശാസ്ത്രവും പഠിച്ചു. 25-മത്തെ വയസ്സിൽ സിപോൺതോയുടെ (Siponto) മെത്രാപ്പോലീത്തായായി. പോൾ മൂന്നാമൻ പാപ്പാ ഇദ്ദേഹത്തെ കർദിനാളായി ഉയർത്തി.

പോൾ മൂന്നാമൻ 1549 നവംബർ 10-ന് മരിച്ചു. പുതിയ പാപ്പായുടെ തിരഞ്ഞെടുപ്പിന് 48 കർദിനാളന്മാർ ഉണ്ടായിരുന്നു. അവർ തിരഞ്ഞെടുപ്പിൽ മൂന്നു ചേരിയായി തിരിഞ്ഞു. കോൺക്ലേവ് അതുകാരണം നീണ്ടുപോയി. അവസാനം നീണ്ട പത്താഴ്ചത്തെ കോൺക്ലേവിനുശേഷം ഒത്തുതീർപ്പു സ്ഥാനാർഥി എന്ന നിലയ്ക്ക് ദെൽ മോൺദെയെ 1550 ഫെബ്രുവരി 7-ാം തീയതി മാർപ്പാപ്പയായി തിരഞ്ഞെടുത്തു. ജൂലിയൂസ് മൂന്നാമൻ എന്ന പേരു സ്വീകരിച്ചു.

മാർപ്പാപ്പയാകുന്നതിന് ഏതാനും വർഷങ്ങൾക്കു മുമ്പ് ദെൽ മോൺദെ പാർമയിലെ (Parma) തെരുവിൽ കൂടി നടക്കുമ്പോൾ തെരുവുതെണ്ടിയായി നടന്നിരുന്ന ഇന്നസെൻസൊ (Innocenso) എന്ന പേരുള്ള ഒരു പയ്യനെ കൂട്ടിക്കൊണ്ടുപോന്നു. ദെൽ മോൺദെയുടെ ജേഷ്ഠൻ അയാളെ ദത്തെടുത്തു. ആ ചെറുപ്പക്കാരനുമായി ദെൽ മോൺദെയ്ക്ക് അവിഹിത ബന്ധം ഉണ്ടായിരുന്നെന്ന് പറയപ്പെടുന്നു. ഏതായാലും ദെൽ മോൺദെ മാർപ്പാപ്പയായ ഉടനെ അന്ന് 17 വയസ്സുമാത്രം പ്രായമുള്ള അനർഹനായ ആ ചെറുപ്പക്കാരനെ കർദിനാളാക്കി ഉയർത്തി.

ഫ്രാൻസിലെ ചാൾസ് അഞ്ചാമനുമായി കൂട്ടുചേർന്നെങ്കിലും ജൂലിയസിന്റെ രാഷ്ട്രീയനീക്കങ്ങൾ പരാജയത്തിൽ കലാശിച്ചു. അതിൽ നിരാശനായി നിഷ്ക്രിയനായി അദ്ദേഹം ആഡംബരം നിറഞ്ഞ ജ്യൂലിയ വില്ലയിൽ സുഖമായി ജീവിച്ചു.

ഇദ്ദേഹം സ്വജനപക്ഷപാതക്കാരനും സുഖലോലുപനും ഭക്ഷണപ്രിയനും നട്ടെല്ലില്ലാത്തവനും ചൂതുകളിക്കാരനുമായിരുന്നു. 1555 മാർച്ച് 23-ാം തീയതി ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## 10. പിയൂസ് പന്ത്രണ്ടാമൻ (Pius XII) 1939-1958

ഹിറ്റ്ലേഴ്സ് പോപ്പ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഇദ്ദേഹം 1876 മാർച്ചുമാസം രണ്ടാം തീയതി റോമിൽ പച്ചേളി (Pacelli) എന്നറിയപ്പെടുന്ന കുലീന കുടുംബത്തിൽ ജനിച്ചു. പേര് യുജേനിയോ (Eugenio) എന്നായിരുന്നു. വല്യപ്പനും അപ്പനും വത്തിക്കാനിലെ മുന്തിയ ഉദ്യോഗസ്ഥരായിരുന്നു. 1894-ൽ വൈദികനാകാനായി സെമിനാരിയിൽ ചേർന്നു. 1899 ഏപ്രിൽ രണ്ടാം തീയതി വൈദികപട്ടം സ്വീകരിച്ചു.

1904 മുതൽ 1916 വരെ കർദിനാൾ ഗസ്പാറിയുടെ (Cardinal Gasparri) സഹായിയായി സേവനം ചെയ്തു. 1917-ൽ ബനഡിക്റ്റ് പതിനഞ്ചാമൻ മാർപ്പാപ്പാ പച്ചേളിയെ ബവേറിയായുടെ (Bavaria) പേപ്പൽ ന്യൂൺഷ്യോ ആയി നിയമിച്ചയച്ചു. 1929-ൽ അദ്ദേഹം കർദിനാളായി. 1930-ൽ പതിനൊന്നാം പിയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ കർദിനാൾ സെക്രട്ടറി ഓഫ് സ്റ്റേറ്റായി നിയമിച്ചു. കിഴക്കും പടിഞ്ഞാറും യൂറോപ്പിന്റെ എല്ലാ രാഷ്ട്രീയ തന്ത്രങ്ങളും മൂന്നു പതിറ്റാണ്ടുകാലത്തെ നയതന്ത്രജ്ഞനായുള്ള അനുഭവത്തിൽകൂടി പഠിച്ചിരുന്ന കർദിനാൾ പച്ചേളിയെ 1939 മാർച്ച് രണ്ടാം തീയതി (പച്ചേളിയുടെ 63-ാം ജന്മദിനം) 260-ാമത്തെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു.

കമ്മ്യൂണിസത്തെ തകർക്കാൻ വേണ്ടി ഫാസിസ്റ്റുകളുമായി അദ്ദേഹം കൂട്ടുചേർന്നു. 1930-കളിലെ അദ്ദേഹത്തിന്റെ നയതന്ത്രപരാജയമാണ് ഹിറ്റ്ലർ അധികാരത്തിൽ വരാനുള്ള ഒരു കാരണം. ഹോളോകോസ്റ്റിന്റെ മൂർധന്യദശയിൽ ലോകനേതാക്കൾ ആവശ്യപ്പെട്ടിട്ടുപോലും പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ മൗനം പാലിക്കുകയാണ് ചെയ്തത്. ഇത് കത്തോലിക്കാ മനസ്സാക്ഷിയുടെ മുമ്പിൽ എന്നും ഒരു ചോദ്യചിഹ്നമായി മാറി. ഇക്കാരണത്താൽ ചരിത്രകാരന്മാരിൽ ചിലർ അദ്ദേഹം റെയ്സിസ്റ്റും ആന്റിസെമറ്റിക്കുമാണെന്ന് ആരോപിക്കുന്നു.

ഈ പാപ്പാ കത്തോലിക്കരായ കമ്മ്യൂണിസ്റ്റ് അനുഭാവികളെ ഒറ്റയടിക്ക് സഭാഭ്രഷ്ടരാക്കി. ഏഴു ലക്ഷത്തിൽ കൂടുതൽ കത്തോലിക്കരെ അങ്ങനെ സഭയ്ക്കു പുറത്താക്കി. (ഈ പുസ്തകത്തിലെ 40-ാം പേജ് കാണുക).

അപ്രമാദിത്വവരം (Infallibility) വിശ്വാസസത്യമായി പ്രഖ്യാപിച്ച ഒമ്പതാം പിയൂസ് മാർപ്പാപ്പാ ഒഴികെ ആ ഇൻഫാലിബിലിറ്റി ഉപയോഗിച്ച് വിശ്വാസസത്യപ്രഖ്യാപനം (മാതാവിന്റെ സ്വർഗാരോപണം) നടത്തിയിട്ടുള്ള ഏക മാർപ്പാപ്പാ പന്ത്രണ്ടാം പിയൂസ് മാത്രമാണ്.

വളരെ അധികം എതിർപ്പുകൾ ഉണ്ടായിട്ടും ഈ പാപ്പായെ 'വാഴ്ത്തപ്പെട്ടവൻ' എന്ന പദവിയിലേക്ക് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഉയർത്തി.

# 6

# പുരോഹിത പുറപ്പാട്
## (Exodus of Preists)

**"അതുകൊണ്ട്, നിങ്ങളുടെ സ്വർഗീയ പിതാവു പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കണം"** (മത്താ. 5: 48).

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം അന്നത്തെ തലമുറയിൽ നിന്ന് ഇന്നത്തെ തലമുറയിലേക്ക് വിശ്വാസം പിൻതുടർന്നിട്ടുണ്ട്. വിശ്വാസിസമൂഹം വളർന്നുകൊണ്ടാണിരിക്കുന്നത്. പക്ഷേ, ഈ വിശ്വാസികളിലെ നല്ല ശതമാനവും വെറും നാമമാത്രവിശ്വാസികളാണ്. ശക്തമായ സുവിശേഷവത്കരണം പൂർവകാലങ്ങളെ അപേക്ഷിച്ച് ഇന്ന് ആവശ്യമായി വന്നിരിക്കുകയാണ്. സഭയുടെ നിലപാടിൽ ഒരു സ്വരഭേദം ആവശ്യമായിവന്നിരിക്കുന്നുവെന്നർഥം. ക്രിസ്തു സ്ഥാപിച്ച സഭയിലേക്ക് വിശ്വാസികളെ തിരിച്ചു കൊണ്ടുവരാൻ സഭാധികാരികൾ യേശുസാന്നിധ്യത്തെ മനുഷ്യഹൃദയങ്ങളിൽ സ്ഥായിയായി പുനസ്ഥാപിക്കണം. ജോൺ 23-ാം മാർപ്പാപ്പാ അതു സാധിച്ചെടുത്തത് രണ്ടാം വത്തിക്കാൻ വിളിച്ചുകൂട്ടിയതിന്റെ ഫലമായിട്ടാണ്. സുവിശേഷത്തിലെ ധൂർത്തപുത്രന്റെ ഉപമയും (ലൂക്കോ. 15: 11-32) നഷ്ടപ്പെട്ട ആടിന്റെ ഉപമയും (ലൂക്കോ. 15: 1-7) ഇന്ന് സഭാനേതാക്കന്മാർ കാര്യമായി പഠിക്കേണ്ട പാഠങ്ങളാണ്. കുടുംബസ്വത്തിൽ എല്ലാ മക്കൾക്കും അവകാശമുണ്ട്. കാരുണ്യത്തിന്റെയും ഉപവിയുടെയും നിറവിൽ ദൈവമക്കൾക്ക് അത് അർഹമാക്കേണ്ടതാണ്. അവർ സ്വഭവനങ്ങളിലേക്ക് തിരിച്ചുവരാനുള്ള തുറന്ന വഴികൾ വചനത്തിന്റെ കാത്തുസൂക്ഷിപ്പുകാർ വെട്ടിത്തുറക്കണം. മകൻ തിരിച്ചുവരാൻ പിതാവ് അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു. ആ പിതാവാണു ദൈവം.

വിശ്വാസം എന്നു പറയുന്നതു വിശ്വാസസത്യസമുച്ചയങ്ങളോ വെളിപാടുകളോ മെത്രാന്മാരുടെ പ്രബോധനാധികാരങ്ങളോ അല്ല. മറിച്ച്, ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടുള്ള ഒരു ജീവിതശൈലിയാണ്. നിർഭാഗ്യമെന്നു പറയട്ടെ, ക്രിസ്തുവിന്റെ സുവിശേഷത്തിലെ കൂട്ടായ്മയും റോമൻ കത്തോലിക്കാ സംഘടിതസഭയും കാതലായ രീതിയിൽ വ്യത്യസ്തമാണ്. ഇന്ന് കത്തോലിക്കാ സഭാധികാരികൾ വിശ്വാസികളെ അടിച്ചോടിക്കയാണ്. അത് അവസാനിക്കണം.

സഭയിലെ നേതാക്കന്മാർ സഭയിലെ ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റി പഠിക്കണം. വൈദികക്ഷാമം അതീവ ഗുരുതരമായ ഒരു പ്രശ്നമാണ്, സഭയിൽ ഇന്ന്. കാലത്തിന്റെ ചുവരെഴുത്തുകളെ കാണണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' (Gaudium et Spes) എന്ന പ്രമാണരേഖ വ്യക്തമാക്കുന്നത്.

സീറോമലബാർ സഭയിൽ ഇന്നു വൈദികക്ഷാമം ഇല്ല. മാത്രമല്ല, യൂറോപ്പിലും വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും ആഫ്രിക്കയിലുമെല്ലാം നമ്മുടെ വൈദികർ സേവനം ചെയ്യുന്നുമുണ്ട്. എന്നിരുന്നാലും പാശ്ചാത്യരാജ്യങ്ങളിൽ ഇന്നനുഭവപ്പെടുന്ന വൈദികക്ഷാമം 25 വർഷങ്ങൾക്കകം സീറോമലബാർ സഭയിലും അനുഭവപ്പെടുമെന്നുള്ളത് തീർച്ചയായ കാര്യമാണ്. അതുപോലെതന്നെ സന്ന്യസ്തരുടെയും കന്യാസ്ത്രീകളുടെയും എണ്ണം നിർണായകമായി കുറയും.

യൂറോപ്പിലും അമേരിക്കയിലും വൈദികക്ഷാമം രൂക്ഷമായ പ്രതിസന്ധിഘട്ടത്തിലെത്തിയിരിക്കയാണ്. 50 വർഷങ്ങൾക്കു മുമ്പ് 500 വിശ്വാസികൾക്ക് ഒരു വൈദികൻ എന്ന അനുപാതമായിരുന്നെങ്കിൽ ഇന്ന് അത് 2000 വിശ്വാസികൾക്ക് ഒരു വൈദികൻ മാത്രമാണ് ഉള്ളത്. ഇതൊരു യാഥാർഥ്യമാണ്, കെട്ടുകഥയല്ല. സഭയിലെ അംഗസംഖ്യ അനുദിനം വർധിക്കുമ്പോൾ ശുശ്രൂഷകരുടെ എണ്ണം കുത്തനെ താഴേക്കു പോകുന്ന സ്ഥിതിവിശേഷമാണ് ഇന്നു സഭയിലുള്ളത്, പ്രത്യേകിച്ചു ലത്തീൻ കത്തോലിക്കാസഭയിൽ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഫലമായി വിശ്വാസികളും സഭാശുശ്രൂഷകരും സഭയിൽ വളരെ പ്രതീക്ഷകൾ അർപ്പിച്ചു. പക്ഷേ, ചരിത്രപ്രധാനമായ ഈ സംഭവത്തിനുശേഷം ദൈവജനത്തിന് വെറും അപ്പക്കഷണങ്ങളാണ് ലഭിച്ചത്. അപ്പോൾ ദൈവജനം പ്രതീക്ഷിച്ചതും സംഘടിതസഭയിൽനിന്ന് അവർക്കു ലഭിച്ചതും തമ്മിൽ വലിയ വിടവു സൃഷ്ടിക്കപ്പെട്ടു. വൈദികരും സന്ന്യസ്തരും സഭാശുശ്രൂഷ വിട്ടുപേക്ഷിച്ചതിന്റെ കാരണം ഇവിടെ വ്യക്തമാണ്. കൗൺസിലിനുശേഷം വളർന്നുവന്ന യാഥാസ്ഥിതിക സംഘടിതസഭ ദൈവജനത്തെ വെറുപ്പിച്ചു. ദൈവജനത്തിനും ദൈവജനശുശ്രൂഷകർക്കും സഹിഷ്ണുത നഷ്ടപ്പെട്ടു. അവർ സംഘടിതമായിത്തന്നെ സഭയിൽനിന്നും സഭാശുശ്രൂഷയിൽനിന്നും പിന്മാറി.

കഴിഞ്ഞ 40 വർഷമായി പാശ്ചാത്യസഭയിൽ വൈദികരുടെ എണ്ണം സാരമായി കുറഞ്ഞുപോയി. കത്തോലിക്കരെയും അകത്തോലിക്കരെയും അത് ഒരുപോലെ അത്ഭുതപ്പെടുത്തി. എന്നിരുന്നാലും കാര്യങ്ങളെ വെറും ഉപരിപ്ലവമായി കണ്ടതിനാൽ പലർക്കും അതിന്റെ രൂക്ഷസ്വഭാവം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അമേരിക്കയിൽ 1965-ൽ 36000-ത്തോളം ഇടവക വൈദികർ ഉണ്ടായിരുന്നു. ഇന്നിപ്പോൾ 20,000 വൈദികരേ ഉള്ളൂ.[1]

## വൈദികക്ഷാമത്തിന്റെ കാരണങ്ങൾ:

1. ക്ലേർജികൾ പ്രായാധിക്യംമൂലം റിട്ടയർ ചെയ്യുന്നതനുസരിച്ചും സഭ വിട്ടുപോകുന്നതനുസരിച്ചും പുതിയ വൈദികർ സേവനത്തിനു ലഭിക്കുന്നില്ലെന്നതാണ് പ്രധാന കാരണം. പണ്ടത്തെപ്പോലെ 'ദൈവവിളി' ഇല്ല. 1965-നു ശേഷം അമേരിക്കയിൽ മാത്രം 20,000-ത്തോളം വൈദികർ ശുശ്രൂഷ ഉപേക്ഷിച്ചു പോയിട്ടുണ്ട്.

ഒരു ലക്ഷത്തിനുമേൽ വൈദികർ റോമൻ കത്തോലിക്കാസഭയിൽനിന്നു രാജിവച്ചു പോയിട്ടുണ്ട്. നാലു ലക്ഷത്തോളം വൈദികരാണ് 120 കോടി വരുന്ന ദൈവജനത്തിന് ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നത്.[2]

2. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ഭരണകാലത്തുമാത്രം 5000-ത്തോളം വൈദികർ സഭയിൽ കുറഞ്ഞുപോയി. നിസ്സാരമായ ഒരു കുറവായി ഒറ്റ നോട്ടത്തിൽ തോന്നിയേക്കാം. പക്ഷേ, അതേ കാലയളവിൽ വിശ്വാസികളുടെ എണ്ണം 25 കോടി വർധിച്ചു. വളർന്നുകൊണ്ടിരിക്കുന്ന വിശ്വാസിസമൂഹത്തിന് ആവശ്യമായ ശുശ്രൂഷകർ സെമിനാരികളിൽനിന്നു പുറത്തുവരുന്നില്ലെന്നതാണ് യാഥാർഥ്യം. മരണം, അനാരോഗ്യം, റിട്ടയർമെന്റ്, ശുശ്രൂഷ ഉപേക്ഷിക്കൽ തുടങ്ങിയ കാരണങ്ങളാൽ വൈദികക്ഷാമം രൂക്ഷസ്ഥിതിയിലേക്ക് മാറുകയാണ്.

കർമോദ്യുക്തനെന്ന് സ്വയം അഭിമാനിച്ചിരുന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പൗരോഹിത്യനവീകരണത്തെക്കുറിച്ച് കാര്യമായി ചിന്തിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർഥ്യം. ദൈവം ബ്രഹ്മചാരികളെ നമുക്കു തരും എന്നതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. യാഥാർഥ്യം മറ്റൊന്നാണ്. സ്വന്തം ബ്രഹ്മചര്യമാനസികാവസ്ഥയെ (Celibate Psychosis) അടിസ്ഥാനമാക്കി നിഗമനത്തിലെത്തിയതാണ് ഇതിനു കാരണം. ലോകമാസകലമെടുത്താൽ നാലിൽ ഒന്ന് ഇടവകകളിൽ സ്ഥിരവൈദികർ ഇല്ല.

3. പാശ്ചാത്യനാടുകളിൽ പണ്ടുണ്ടായിരുന്നതിൽ പകുതി വൈദികരേ ഇപ്പോൾ ഉള്ളൂ.[3]

വൈദികർ അവിവാഹിതർ ആയിരിക്കണമെന്നുള്ള സഭാചട്ടത്തെ മുറുകെ പിടിച്ചുകൊണ്ട് കൂടുതൽ ദൈവവിളികൾ ഉണ്ടാക്കാൻ പുരോഹിതരും വിശ്വാസികളും പരിശ്രമിക്കണമെന്നാണ് റോമിന്റെ ഉപദേശം. വൈദികക്ഷാമം സഭയിൽ രൂക്ഷമായ ഒരു പ്രശ്നമാണെന്ന് വത്തിക്കാൻ സമ്മതിച്ചതുതന്നെ ആശ്വാസകരം.

19,000 ഇടവകകളുള്ള അമേരിക്കയിൽ 3,000-ത്തിൽ കൂടുതൽ ഇടവകകളിൽ വികാരിമാരില്ല. എന്നാൽ യൂറോപ്പിലെ കാര്യം ഇതിലും രൂക്ഷമാണ്. ജർമനിയിൽ വിവാഹം മൂന്നിൽ രണ്ടായി കുറഞ്ഞു. ജ്ഞാനസ്നാനം സ്വീകരിക്കുന്നവരുടെ എണ്ണം നേർപകുതിയായി. വൈദികവൃത്തിക്കു പഠിക്കുന്നവരുടെ എണ്ണം എല്ലാക്കാലത്തെക്കാളും കുറവാണ്. അധികം താമസിയാതെ പകുതി ഇടവകകളിൽ വികാരിമാർ ഉണ്ടായിരിക്കയില്ല. ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയുടെ ചിത്രമാണിത്. ഈ സ്ഥിതിവിശേഷത്തിന് അടുത്ത ഭാവിയിൽ മാറ്റങ്ങൾ സംഭവിക്കുമെന്ന് പ്രതീക്ഷിക്കാൻ കാരണവും കാണുന്നില്ല. കേരളസഭയും ഈ സ്ഥിതിവിശേഷത്തിലേക്കു പതുക്കെപ്പതുക്കെ വഴുതിവീഴുമെന്ന് തീർച്ച. കുറെ വർഷങ്ങൾ കഴിയുമെന്നു മാത്രം.

അമേരിക്കയിലെ മൊത്തം ക്ലേർജികളിൽ ഇരുപത്തഞ്ചു ശതമാനം എഴുപതു വയസ്സിൽ കൂടിയവരാണ്. ക്ലേർജികളുടെ ശരാശരി പ്രായം 60 ആണെന്നു കേട്ടാൽ നമുക്ക് നടുക്കം ഉണ്ടാവുകയില്ലേ. ചെറുപ്പക്കാർ വൈദികവൃത്തിക്കുവേണ്ടി സെമിനാരികളിൽ എത്തുന്നില്ലാ എന്നുള്ളതാണ് ഇതിനു കാരണം. 30 ലക്ഷം കത്തോലിക്കരുള്ള ചിക്കാഗോ അതിരൂപതയിൽ 11 ഡീക്കന്മാരാണ് 2008-ൽ പൗരോഹിത്യപട്ടം സ്വീകരിച്ചത്. 11 പേരും പുറംരാജ്യത്തുകാരായിരുന്നു: പോളണ്ട്, ഫിലിപ്പയിൻസ്, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർ! മിൽവാക്കി അതിരൂപതയിൽ 2009-ൽ ഒരാളാണ് പട്ടമേറ്റത്. അദ്ദേഹത്തിന്റെ പ്രായം 60 വയസ്സ്!! 1965-ൽ അമേരിക്കൻ സെമിനാരികളിൽ മൊത്തം 49,000 ശെമ്മാശന്മാർ ഉണ്ടായിരുന്നു. ഇന്നത് വെറും 5000. നമ്മുടെ സഭാനേതാക്കന്മാർ യൂറോപ്പിലെയും അമേരിക്കയിലെയും വൈദികക്ഷാമത്തെപ്പറ്റി മനനം ചെയ്യുകയും അതു ചർച്ചാവിഷയമാക്കുകയും ചെയ്യണം. ഈ ദുരവസ്ഥ വരാതിരിക്കാൻ കേരളസഭ ഇന്നേ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1965-ൽ അമേരിക്കയിൽ മൂന്നേമുക്കാൽ ലക്ഷം സഹോദരികൾ (Sisters) സേവനം ചെയ്തിരുന്നു. ഇന്നത് 70,000 ആയി കുറഞ്ഞിരിക്കയാണ്. ആയിരക്കണക്കിന് കന്യാസ്ത്രീകൾ സന്ന്യസ്തജീവിതം ഉപേക്ഷിച്ചു. അവശേഷിക്കുന്ന സഹോദരികളിൽ അധികംപേരും പ്രായം ചെന്നവരാണ്. മഠങ്ങൾ വില്പനയ്ക്ക്. ആശുപത്രികളിൽ മുക്കാലും വിറ്റുകഴിഞ്ഞു. കന്യാസ്ത്രീകൾ നടത്തിയിരുന്ന സ്കൂളുകളും അതിനോടനുബന്ധിച്ചുള്ള വസ്തുക്കളും മെത്രാന്റെ സ്വത്താണെന്ന് മെത്രാന്മാർ അവകാശപ്പെടുന്നു. കന്യാസ്ത്രീകൾക്കെതിരായി ചില മെത്രാന്മാർ കോടതിയെ സമീപിച്ചിരിക്കയാണ്. 'ഞാറയ്ക്കൽ സംഭവം' അമേരിക്കയിലും സംഭവിക്കുന്നു. സന്ന്യാസസഹോദരന്മാരുടെ കാര്യവും തഥൈവ.

ദൈവവിളി രൂക്ഷമായ രീതിയിൽ കുറഞ്ഞിരിക്കുകയാണെന്ന് 2000-ാമാണ്ടിൽ ഇറ്റാലിയൻ കർദിനാൾ റൂയിനി (Ruini) പ്രസ്താവിക്കുകയുണ്ടായി. കമറിനോ സാൻ സെവരീനോ മാർച്ച് (Camerino San

Severino March) രൂപതയിൽ ഏകദേശം ഇരുപതു വർഷങ്ങളായി തദ്ദേശീയനായ ഒരു വ്യക്തിപോലും പൗരോഹിത്യം സ്വീകരിച്ചിട്ടില്ല. സെനിത്ത് (Zenith) മാധ്യമം വെളിപ്പെടുത്തിയിട്ടുള്ളതാണിത്.

ഇംഗ്ലണ്ടിലെയും വെയിൽസിലെയും (England and Wales) ക്ലേർജികളുടെ ശരാശരി പ്രായം 60 വയസ്സാണ്. യു.കെ. ഇൻഡിപ്പെൻഡന്റ് ന്യൂസിന്റെ (U.K. Independant News) കണക്കാണിത്.

ഹോൺഡുറാസിൽ (Honduras) 50 ലക്ഷം കത്തോലിക്കർക്ക് ശുശ്രൂഷ ചെയ്യാൻ വെറും 400 വൈദികരെ യുള്ളൂ. ദ ടാബ്ലറ്റ് (The Tablet) എന്ന പ്രസിദ്ധീകരണമാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

യൂറോപ്യൻ സിനഡിൽ വിവാഹിതരായവർക്ക് പൗരോഹിത്യം നല്കുന്നതിനെപ്പറ്റി ചർച്ച ഉണ്ടായെങ്കിലും സിനഡിന്റെ പ്രസ്താവനയിൽ ഇതിനെപ്പറ്റി യാതൊരു പരാമർശവും ഉണ്ടായിരുന്നില്ലെന്നും റോമൻ കൂരിയായിലെ മെത്രാന്മാരുടെ സ്വാധീനമാണ് ഇതിനു കാരണമെന്നും എഡിൻബറോ മെത്രാൻ കീത്ത് ഒബ്രെയിൻ 1999-ൽ പ്രസ്താവിക്കുകയുണ്ടായി.[4]

ഞായറാഴ്ച ദിവ്യബലി അർപ്പിക്കാൻ എല്ലാ ഇടവകകളിലും വൈദികർ ഉണ്ടാവുകയില്ലെന്നുള്ള വിവരം ഓസ്ട്രേലിയൻ ബിഷപ്പ് ജോൺ സാറ്റേർത്ത് വെയ്റ്റ് (Australian Bishop John Satterth Waite) ഒരു ഇന്റർനെറ്റ് ലേഖനം വഴി പ്രസിദ്ധം ചെയ്യുകയുണ്ടായി. ദൈവവിളി പ്രതിസന്ധിയാണ് ഇതിനു കാരണമെന്ന് അദ്ദേഹം വ്യക്തമാക്കി. 50 ലക്ഷം കത്തോലിക്കരുള്ള ഓസ്ട്രേലിയായിൽ 80-നു താഴെ സെമിനാരി വിദ്യാർഥികളേ പഠിക്കുന്നുള്ളൂ.

ഒരു ഏഷ്യൻ മെത്രാൻ ഒച്ചപ്പാടുകളൊന്നും കൂടാതെ രണ്ടു വിവാഹിതർക്ക് കുറെ വർഷം മുമ്പ് വൈദികപട്ടം നല്കുകയുണ്ടായി. ഈ വിവരം വെളിപ്പെടുത്തിയതു 'നാഷണൽ കാത്തലിക് റിപ്പോർട്ടർ' എന്ന പ്രസിദ്ധീകരണമാണ്. ഈ വിവാഹിതർക്കു പട്ടം നല്കിയില്ലായിരുന്നെങ്കിൽ രാജ്യത്തിലെ വലിയൊരു ഭാഗത്ത് അധിവസിക്കുന്ന വിശ്വാസികൾക്കു വിശുദ്ധ കുർബാന നിഷേധിക്കപ്പെടുമായിരുന്നു.

1965-ൽ 12,000-ത്തോളം സഹോദരന്മാർ (professed Brothers) ഉണ്ടായിരുന്നു. ഇന്നത് 5,000 ആയി കുറഞ്ഞിരിക്കുകയാണ്. വൈദികരെയും സന്ന്യസ്തരെയും ഉൾപ്പെടുത്തി മൊത്തത്തിൽ ചിന്തിച്ചാൽ 1,30,000 പേരുടെ സേവനമാണ് അമേരിക്കൻ സഭയ്ക്കിന്ന് നഷ്ടപ്പെട്ടിരിക്കുന്നത്. അത് ഗുരുതരമായ ഒരധോഗതിയാണെന്നുള്ളതിനു സംശയമില്ല.

ഇവിടെ പല ചോദ്യങ്ങളും ഉയർന്നുവരുന്നുണ്ട്. വിശ്വാസികൾക്കെന്തു തെറ്റുപറ്റി? വൈദികർക്കെന്തു തെറ്റു പറ്റി? സംഘടിതസഭയ്ക്കെന്തു തെറ്റു പറ്റി? കഴിഞ്ഞ നാല്പതുവർഷങ്ങൾ കൊണ്ട് സഭയും ദൈവജനവും ദുർബലപ്പെട്ടു എന്നതിനു സംശയമില്ല.

വൈദികർക്ക് ഭാഗികസമയജോലിക്കാർ (Part-time) ആകാൻ സാധിക്കുമോ? ആയുഷ്കാല പൗരോഹിത്യമല്ലാതെ നിശ്ചിതകാലത്തേക്ക്

(Term Priesthood) പുരോഹിതരാകാൻ സാധിക്കുമോ? പുരോഹിതർക്ക് ബ്രഹ്മചര്യനിയമം ഇല്ലാതെ വൈവാഹികാവസ്ഥയിൽ ജോലി ചെയ്യാൻ സാധിക്കുമോ? പൗരോഹിത്യം സ്ത്രീകൾക്ക് അനുവദിക്കുമോ? പൗരോഹിത്യം ഉപേക്ഷിച്ച് സഭയിൽനിന്നു പോയ പുരോഹിതരെ സഭാശുശ്രൂഷയിലേക്കു തിരിച്ചു കൊണ്ടുവരാൻ സാധിക്കുമോ? വിവാഹിതരായ സ്ഥിരഡീക്കന്മാർക്ക് (Permanent Deacons) വൈദികപരിശീലനവും പട്ടവും നല്കി പൗരോഹിത്യ ശുശ്രൂഷയ്ക്കു പ്രാപ്തരാക്കാൻ സാധിക്കുമോ?

ദൈവജനശുശ്രൂഷയാണ് (കൂദാശപരികർമങ്ങൾ) സഭയുടെ പരമപ്രധാനമായ ദൗത്യം. (ലത്തീൻ സഭയുടെ കാനോൻ നിയമം, No. 1752 കാണുക). ആ ദൗത്യനിർവഹണത്തിന് സഭാനിർമിതമായ നിയമങ്ങളിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ സഭ തയ്യാറാകണം.

# 7

# വത്തിക്കാനും അംബ്രോസിയാനൊ ബാങ്കും

**"I do not undervalue for a moment our material prosperity.... but we must keep steadily in mind that no people were ever benefited by riches if their prosperity corrupted their virtue."**

**- Theodore Roosevelt**

**ലോ**കമെമ്പാടുമുള്ള കത്തോലിക്കാരൂപതകളിലെ സാമ്പത്തിക ഇടപാടുകൾ രഹസ്യമാണ്. വിശ്വാസികളുടെ മുമ്പിൽ കണക്കുവയ്ക്കുന്ന ഒരു പാരമ്പര്യമോ സമ്പ്രദായമോ കത്തോലിക്കാസഭയിലില്ല. രൂപതാതല സ്ഥാനത്തെത്തുന്ന സമ്പത്ത് രൂപതാധികാരികൾ എങ്ങനെ എന്തിനു വേണ്ടി വിനിയോഗിക്കുന്നു എന്ന് ഒരു സാധാരണ വിശ്വാസിക്ക് അറിയാൻ പാടില്ല. അക്കാരണത്താൽ സഭയുടെ സാമ്പത്തികകാര്യങ്ങളെ വിശ്വാസികൾ എന്നും സംശയത്തോടെ വീക്ഷിക്കുന്നു. കഴിഞ്ഞ 40 വർഷങ്ങൾക്കിടെ വത്തിക്കാനിൽ നടന്ന ലജ്ജാവഹമായ സാമ്പത്തികക്കുഴച്ചിലും അതിന്റെ പരിണതഫലമായുണ്ടായ ധാർമികാധഃപതനവും സാമ്പത്തികപരാജയവും ഇവിടെ കുറിക്കട്ടെ.

## സംഭവസ്ഥലം ഇറ്റലി, സംഭവവേദി വത്തിക്കാൻ

1969-മുതൽ ഇറ്റാലിയൻ ഗവൺമെന്റ് വത്തിക്കാന്റെ ധനനിക്ഷേപത്തിൽനിന്നു ലഭിക്കുന്ന ലാഭവിഹിതത്തിന് പതിനഞ്ചു ശതമാനം നികുതി ഈടാക്കിത്തുടങ്ങി.[1] ഇറ്റാലിയൻ ഗവൺമെന്റ് യഥാർഥത്തിൽ 1929-ലെ കൊൺകൊർദാത്ത് (Concordat) അസാധുവാക്കുകയാണ് ഇക്കാര്യത്തിൽ ചെയ്തത്. പോൾ ആറാമൻ മാർപ്പാപ്പാ മാഫിയ ലീഡറായ മൈക്കിൾ സിൻഡോനയിലേക്ക് (Michale Sindona) സഹായത്തിനായി തിരിഞ്ഞു. മാർപ്പാപ്പാ മിലാനിലായിരുന്ന കാലത്ത് സിൻഡോനയെ പരിചയപ്പെട്ടിട്ടുള്ളതാണ്. സിൻഡോന റോമൻ കാര്യാലയത്തിന്റെ പ്രധാന ബാങ്കർ ആകാമെന്ന് മാർപ്പാപ്പായ്ക്ക് സമ്മതംമൂളി. 1922 ജനുവരി 22-ാം തീയതി ചിക്കാഗോയിൽ ജനിച്ച് 1947-ൽ പട്ടമേറ്റ ആറടി നാലിഞ്ചു പൊക്കവും 120 കിലോ തൂക്കവുമുള്ള ആജാനുബാഹുവായ ഫാദർ പോൾ മർസിങ്കസ് (Fr. Paul Marcinkus) സിൻഡോനയുടെ സഹായിയായി പ്രവർത്തിച്ചു. വത്തിക്കാനിൽ മർസിങ്കസ് 'ദ ഗോറില്ല' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഫാദർ മർസിങ്കസ് പിന്നീട് വത്തിക്കാൻ ബാങ്കിന്റെ (Institute of Religious Works) തലവനായി. (ബാങ്കിന്റെ പേര് വളരെ ശ്രദ്ധേയമാണ്). "നന്മനിറഞ്ഞ മറിയത്തിൽ പള്ളിയെ നടത്തിക്കൊണ്ടുപോകാൻ സാധിക്കയില്ല" എന്ന ചൊല്ലായിരുന്നു ഫാദർ മർസിങ്കസിന്റെ ഏറ്റവും ഇഷ്ടപ്പെട്ട പഴമൊഴി. മർസിങ്കസ് ഒരിക്കൽ മിലാനിൽവച്ച് പോൾ ആറാമൻ മാർപ്പാപ്പായെ കത്തികൊണ്ട് കുത്താൻ ശ്രമിച്ചയാളെ തട്ടിവീഴ്ത്തി. മർസിങ്കസിന്റെ കരബലംകൊണ്ട് മാർപ്പാപ്പാ അങ്ങനെ രക്ഷപ്പെട്ടു. 1970-ലാണ് ഈ സംഭവം. ഈ പുതിയ വത്തിക്കാൻ സംരക്ഷകന് വത്തിക്കാൻ ബാങ്കിന്റെ ഉന്നതപദവി നല്കി മാർപ്പാപ്പാ ബഹുമാനിച്ചു.

സിൻഡോനയ്ക്ക് മയക്കുമരുന്നു കച്ചവടവുമായി ബന്ധമുണ്ടായിരുന്നു. വത്തിക്കാനുമായുള്ള സാമ്പത്തികസഹപ്രവർത്തനം തന്റെ മയക്കുമരുന്നു കച്ചവടത്തിന് വമ്പിച്ച തുകകൾ മറിക്കുന്നതിന് സഹായകമാകുമെന്ന് അദ്ദേഹം കരുതി.

സഭ പലപ്രാവശ്യം നിന്ദിച്ചിട്ടുള്ള രഹസ്യസംഘടനയായ ഫ്രീമെയ്സൻസിലെ (Free Masons) അംഗമായിരുന്നു സിൻഡോന. 1918-ലെ കാനോൻ നിയമപ്രകാരം (കാനോൻ 2335) അദ്ദേഹം മഹറോൻ ശിക്ഷയിൽ പെട്ടിട്ടുള്ള ആളാണ്.[2, 3] 1983-ലെ പുതുക്കിയ കാനോൻ നിയമത്തിലും (കാനോൻ 1374) ഈ നിയമം ആവർത്തിച്ചിട്ടുണ്ട്.[4] വിശുദ്ധ കുർബാന സ്വീകരിക്കുന്നതിൽനിന്ന് അവരെ മുടക്കിയിട്ടുണ്ട്. അങ്ങനെ നല്ല കത്തോലിക്കനല്ലാത്ത സിൻഡോനയുമായി യോജിച്ച് പ്രവർത്തിക്കാൻ പോൾ ആറാമൻ മാർപ്പാപ്പാ തീരുമാനിച്ചു. കാരണം സമ്പത്തു വർധിപ്പിക്കാൻ അത്തരക്കാർക്ക് വളരെ കഴിവുണ്ടെന്ന് വത്തിക്കാനറിയാം. ലക്ഷ്യം മാർഗത്തെ നീതീകരിക്കുമെന്ന സിദ്ധാന്തം വത്തിക്കാൻ ഇതിനുമുമ്പും സ്വീകരിച്ചിട്ടുണ്ട്. കുരിശുയുദ്ധങ്ങളും ഇൻക്വിസിഷനുമൊക്കെ ഇതിന് ഉദാഹരണങ്ങളാണല്ലോ.

വത്തിക്കാന്റെ സാമ്പത്തികകാര്യങ്ങളിൽ സഹായിയായി വന്ന വേറൊരു വ്യക്തിയാണ് ലിച്ചിഒ ജെല്ലി (Licio Gelli). പലവിധ കുറ്റകൃത്യങ്ങൾ നടത്തി സമ്പത്തു ശേഖരിച്ച ഒരു വ്യക്തിയായിരുന്നു ലിച്ചിഒ. സിൻഡോനയെപ്പോലെ ലിച്ചിഒയും മെയ്സൻ സംഘടനയിലെ ഒരംഗമായിരുന്നു. പള്ളിനിയമത്തെ അവഗണിച്ചുകൊണ്ട് ഫാദർ മർസിങ്കസും മെയ്സൻ സംഘടനയിലെ അംഗമായി.

വത്തിക്കാന്റെ പ്രധാന ബാങ്കർ എന്ന നിലയിൽ ഫാദർ മർസിങ്കസ് വത്തിക്കാനുണ്ടായിരുന്ന ഇറ്റാലിയൻ കമ്പനികളുടെ ഓഹരികൾ സിൻഡോനയ്ക്ക് വിറ്റുതുടങ്ങി. ഇറ്റാലിയൻ ഗവൺമെന്റ് ഈടാക്കുന്ന നികുതി ഒഴിവാക്കാനായിരുന്നു ഈ വില്പന. സിൻഡോനയ്ക്ക് മാഫിയാ കുറ്റകൃത്യങ്ങൾകൊണ്ടും മയക്കുമരുന്നു കച്ചവടംകൊണ്ടും ഉണ്ടായ പണമാണ് ഈ ക്രയവിക്രയത്തിന് അദ്ദേഹം ഉപയോഗിച്ചത്. അങ്ങനെ വത്തിക്കാൻ ഇറ്റാലിയൻ കമ്പനികളിൽനിന്ന് ഓഹരി മാറ്റി വമ്പിച്ച അമേരിക്കൻ കമ്പനികളിൽ നിക്ഷേപിച്ചു. അതല്ലായിരുന്നെങ്കിൽ ഇറ്റാലിയൻ ഗവൺമെന്റിന് ലക്ഷക്കണക്കിന് ഡോളർ നികുതിയായി കൊടുക്കേണ്ടി വരുമായിരുന്നു.

ഈ സമ്പത്തിക കർമപരിപാടിക്ക് ഫ്രീ മെയ്സനും ബാങ്കറുമായ റൊബേർട്ടൊ കാൽവിയുടെ (Roberto Calvi) സഹായം ആവശ്യമായിരുന്നു. അദ്ദേഹം ബാങ്കോ അംബ്രോസിയാനൊയുടെ (Banco Ambrosiano) പ്രസിഡന്റായിരുന്നു. അങ്ങനെ ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയ്ക്ക് സാമ്പത്തികമായി ഗുണകരമായ ഈ മഹാകാര്യം ത്രിനായകത്വത്തിൽ മുന്നേറി. യു.എസ്. ഡിപ്പാർട്ടുമെന്റ് ഓഫ് ജസ്റ്റീസ് (U.S. Department of Justice) ഈ ത്രിനായകരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്നു.

ഈ ത്രിനായകന്മാർ റോമൻ കാര്യാലയത്തിലെ യുജിൻ കാർഡിനൽ തിസ്സറാങ്ങിന്റെ (Eugene Cardinal Tisserant) സഹായത്തോടെ കള്ള സർട്ടിഫിക്കറ്റുകൾ (Counterfeit Securities) വിദേശകമ്പനികൾക്ക് വിറ്റ് പണം സമ്പാദിക്കാൻ തുടങ്ങി. പള്ളിക്ക് പണമുണ്ടാക്കുന്ന പണിയായതിനാൽ വത്തിക്കാനിലെ നേതാക്കന്മാർ കണ്ണടച്ചു. അമേരിക്കൻ ഗവൺമെന്റ് വത്തിക്കാന്റെ പണമിടപാടിലെ വെട്ടിപ്പ് മനസ്സിലാക്കി, അന്വേഷണം ഊർജിതമാക്കി. ഫാദർ മർസിങ്കസിനും മറ്റു സഹകാരികൾക്കുമെതിരായി കുറ്റപത്രം തയ്യാറാക്കാൻ ആരംഭിച്ചു. പക്ഷേ അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സനെ (Richard Nixon) വത്തിക്കാൻ സ്വാധീനിച്ച് ആ നീക്കത്തിന് വിരാമമിട്ടു. നിക്സന് അമേരിക്കൻ കത്തോലിക്കരുടെ വോട്ടുകളായിരുന്നു പ്രധാനമായിരുന്നത്. അമേരിക്കൻ അന്വേഷണകാലത്ത് പലരും അന്വേഷണാധികൃതരോട് സഹകരിച്ചു. അവരിൽ ചിലരെയൊക്കെ മാഫിയ വധിക്കുകയുണ്ടായി. അങ്ങനെ വധിക്കപ്പെട്ടവരിലൊരു പ്രമുഖനാണ് ലൂയിസ് മിലൊ (Louis Milo).

1978-ൽ പോൾ ആറാമൻ മാർപ്പാപ്പാ അന്തരിച്ചു. ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പായായി. വത്തിക്കാനിലെ സാമ്പത്തികാര്യങ്ങളിലുള്ള ധാർമികത പുനഃസ്ഥാപിക്കണമെന്ന് പുതിയ പാപ്പാ തീരുമാനിച്ചു. ഫാദർ മർസിങ്കസിനെ പുതിയ മാർപ്പാപ്പാ വിശ്വസിച്ചിരുന്നില്ല. പുത്തൻ പൊന്റിഫ് വത്തിക്കാൻ പണമിടപാടിനെ സംബന്ധിച്ച് ഒരു പരിപൂർണ അന്വേഷണത്തിന് ഉത്തരവിട്ടു. മർസിങ്കസിനും കൂട്ടുകാർക്കും അതൊരു തലവേദനയായി. ഇതിനിടെ ഇറ്റാലിയൻ ഗവൺമെന്റ് ഇതുസംബന്ധമായി കുറ്റാന്വേഷണം നടത്തിക്കൊണ്ടിരുന്നു. അന്വേഷണജഡ്ജിമാരിലൊരാളായ എമിലിയോ അലെസ്സാൻഡ്രിനിയെ (Judge Emilio Allessandrini) മാഫിയ കൊലപ്പെടുത്തി. ഇറ്റലിയിലെ ദിനപത്രങ്ങൾ അമ്പ്രോസിയാനൊ ബാങ്കിന്റെ അപകീർത്തിപരമായ പ്രവർത്തനങ്ങളെപ്പറ്റി എഴുതിത്തുടങ്ങി. അക്കൂട്ടത്തിൽ വത്തിക്കാനിലെ ക്ലെറിക്കുകളിൽ ആരെല്ലാം വിലക്കപ്പെട്ട മെയ്സൻ സംഘടനയിലെ അംഗങ്ങളാണെന്ന് മിനൊ പെക്കൊറേലി (Mino Pecorelli) പരസ്യപ്പെടുത്തി.

ല ഒസ്സർവത്തോറെ പൊളിത്തിക്കൊയുടെ (L'Osservatore Politico) എഡിറ്റർ, ഫാദർ മർസിങ്കസ് കൂടാതെ അന്നത്തെ വത്തിക്കാന്റെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് (Secretary of State) ആയിരുന്ന കർദിനാൾ ജീൻ വില്ലോട്ട് (Cardinal Jean Villot) എന്നിവർ മെയ്സൻ ലിസ്റ്റിലുണ്ടെന്ന് വെളിപ്പെടുത്തി. പൊടുന്നനെ ദുരൂഹസാഹചര്യത്തിൽ മിനൊ കൊല്ലപ്പെട്ടു. ഫാദർ മർസിങ്കസിനെയും കർദിനാൾ വില്ലോട്ടിനെയും അവരുടെ ഔദ്യോഗികസ്ഥാനങ്ങളിൽനിന്ന് നീക്കം ചെയ്യുന്നതിനുമുമ്പ് ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പാ ദുരൂഹസാഹചര്യത്തിൽ പെട്ടെന്ന് നിര്യാതനായി. മാർപ്പാപ്പാ സംശയാസ്പദമായ സാഹചര്യത്തിൽ അപ്രതീക്ഷിതമായി മരണപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം മൃതദേഹപരിശോധനയ്ക്ക് വിധേയമാക്കിയില്ല. 'മാർപ്പാപ്പാ കൊല്ലപ്പെട്ടു' എന്നെല്ലാം മാധ്യമങ്ങളിൽ വന്നെങ്കിലും കാര്യമായ നടപടികൾ ഒന്നും ഉണ്ടായില്ല.

വത്തിക്കാന്റെ സാമ്പത്തിക ക്രമക്കേട് അതിന്റെ ഉച്ചകോടിയിലെത്തിയിരുന്ന ഈ അവസരത്തിലാണ് പോളണ്ടുകാരൻ ജോൺ പോൾ രണ്ടാമനെ മാർപ്പാപ്പായായി തെരഞ്ഞെടുത്തത്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വത്തിക്കാന്റെ ഈ സാമ്പത്തിക ഇടപാടുകൾ 'സാധാരണ ഒരു കച്ചവടം' എന്നമട്ടിൽ കണ്ട് കാര്യമായ നടപടികളൊന്നും കൈക്കൊണ്ടില്ല.

മർസിങ്കസും കാൽവിയും കൂടി എട്ട് വ്യാജനിർമിത കോർപ്പറേഷനുകൾ (Dummy Corporations) സ്ഥാപിച്ചു. ഈ വ്യാജകമ്പനികളുടെ നിയന്ത്രണം വത്തിക്കാനായിരുന്നു. കാൽവി വമ്പിച്ച തുകകൾ (130 കോടി ഡോളർ) ഈ വ്യാജകമ്പനികളിലേക്ക് അംബ്രോസിയാനൊ ബാങ്കിൽനിന്ന് നീക്കം ചെയ്തു. ഈ കൈമാറ്റത്തിന്റെ പ്രമാണരേഖകൾ ഇന്നുവരെയും കണ്ടുകിട്ടിയിട്ടില്ല. ഈ കള്ളത്തരത്തിന് ബഹുമാനം ചാർത്താൻ

വത്തിക്കാൻ ബാങ്കുവഴിയാണ് തുക നീക്കംചെയ്തത്. കാൽവിയെ ഒഴിവാക്കാൻ ഇറ്റാലിയൻ ഗവൺമെന്റ് വത്തിക്കാന്റെമേൽ സമ്മർദം ചെലുത്തി. എങ്കിലും മാർപ്പാപ്പാ അതിനു വഴങ്ങിയില്ല.

എട്ട് വ്യാജ കമ്പനികളും വത്തിക്കാന്റെ ഉടമസ്ഥതയിലാണെന്നു കാണിച്ച് വത്തിക്കാൻ ബാങ്കിന്റെ ഔദ്യോഗിക പ്രമാണരേഖ എഴുതിക്കൊടുക്കണമെന്ന് കാൽവി മർസിങ്കസിനോട് ആവശ്യപ്പെട്ടു. മർസിങ്കസ് അതിനു വഴങ്ങി. അംബ്രോസിയാനൊ ബാങ്കിന് എന്തു നഷ്ടം സംഭവിച്ചാലും വത്തിക്കാൻ ബാങ്ക് അതിന് ഉത്തരവാദിയല്ലെന്ന് കാണിച്ച് കാൽവി ഫാദർ മർസിങ്കസിനും ഔദ്യോഗിക പ്രമാണരേഖ തിരിച്ച് എഴുതിക്കൊടുത്തു.

1981-ൽ മാർപ്പാപ്പാ ഫാദർ മർസിങ്കസിനെ മെത്രാപ്പോലീത്തായായി ഉയർത്തി, വത്തിക്കാൻ സിറ്റിയുടെ ഗവർണർ പദവികൂടി നല്കി.

കാൽവിയെ എതിർത്ത രണ്ട് ബോർഡ് മെമ്പർമാരെ മാഫിയ കൊല ചെയ്തു. അവർ റൊബേർട്ടൊ ഓർസോനേ (Roberto Orsone) റൊബേർട്ടൊ റൊസോനേ (Roberto Rosone) എന്നിവരാണ്.

അംബ്രോസിയാനൊ ബാങ്കിന്റെ പണമിടപാടുകളിൽ സംശയം തോന്നിത്തുടങ്ങിയ നിക്ഷേപകർ അവരുടെ പണം തിരിച്ചെടുക്കാൻ തുടങ്ങി. അംബ്രോസിയാനൊ ബാങ്കിന് ആവശ്യത്തിന് പണമില്ലാതിരുന്നതിനാൽ വത്തിക്കാൻ ബാങ്ക് പണം കൊടുത്ത് സഹായിക്കണമെന്ന് കാൽവി മർസിങ്കസിനോട് ആവശ്യപ്പെട്ടു. പക്ഷേ, അദ്ദേഹം അതിന് വിസമ്മതിച്ചു. കാൽവി ഇറ്റലിയിൽനിന്ന് ഒളിച്ചോടി. കാൽവിയുടെ സെക്രട്ടറി ഗ്രസിയല്ലെ കൊറോച്ചർ (Graziella Corrocher) അംബ്രോസിയോനൊ ബാങ്കിന്റെ അഞ്ചാം നിലയിലെ ജനാലയിൽനിന്ന് എടുത്തുചാടി ആത്മഹത്യ ചെയ്തു. 1982 ജൂണിൽ കാൽവിയുടെ മൃതദേഹം ലണ്ടനിലെ ഒരു പാലത്തിൽ തൂങ്ങിക്കിടക്കുന്നതായി കണ്ടെത്തി. ലണ്ടനിലെ പോലീസ് അന്വേഷണത്തിനുശേഷം കാൽവിയുടെ മരണം ഒരു കൊലപാതകമാണെന്ന് സ്ഥിരീകരിച്ചു. ഇതുസംബന്ധമായി 2002-ൽ ദൈവത്തിന്റെ ബാങ്കുകാർ (God's Bankers) എന്ന പേരിൽ ഒരു ചലച്ചിത്രം പ്രദർശിപ്പിക്കുകയുണ്ടായി.

വത്തിക്കാന്റെ ഈ പ്രമാദമായ സാമ്പത്തിക അഴിമതിയുടെ ദുഷ്പേര് ഉടനെയൊന്നും തേഞ്ഞുമാഞ്ഞുപോവുകയില്ല.

എട്ട് വ്യാജകമ്പനികളിൽക്കൂടി വത്തിക്കാൻ മാറ്റിയെടുത്ത 10 കോടിയോളം ഡോളർ അർജന്റീനായിലെയും പെറുവിലെയും മിലിറ്ററി ജൺഡാകളെയും (Juntas) പോളണ്ടിലെ സൊളിഡാരിറ്റി (Solidarity) സംഘടനയെയും സഹായിക്കാനാണ് ഉപയോഗിച്ചത്.

അംബ്രോസിയാനൊ ബാങ്കിന് 25 കോടി ഡോളർ കൊടുത്തുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ബാങ്കിൽനിന്നുണ്ടാകാവുന്ന കോടതിക്കേസിൽനിന്ന് ഒഴിവായി. ബാങ്കിന് ഒരു ഡോളറിന് 25 സെന്റുവച്ച്

വാങ്ങി തൃപ്തിപ്പെടേണ്ടിവന്നു. നഷ്ടം സംഭവിച്ചത് ആർക്ക്? ബാങ്കിന്റെ ഓഹരി വാങ്ങിയ സാധാരണക്കാർക്ക്.

വത്തിക്കാൻ 130 കോടി ഡോളറിന് ഉത്തരവാദിയാണെന്ന് വിധിച്ച് ഇറ്റാലിയൻ ഗവൺമെന്റ് കുറ്റക്കാരനായ മർസിങ്കസ് മെത്രാപ്പോലീത്തയെ അറസ്റ്റു ചെയ്യാൻ ഉത്തരവിട്ടു. 1929-ലെ ലാറ്ററൻ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇറ്റാലിയൻ അധികൃതർക്ക് മർസിങ്കസിനെ മാർപ്പാപ്പാ വിട്ടുകൊടുത്തില്ല. സുരക്ഷിതമായ വത്തിക്കാനിൽനിന്ന് മർസിങ്കസിനെ ഇറ്റാലിയൻ അധികൃതർക്ക് തടവുകാരനായി എടുക്കാൻ കഴിഞ്ഞില്ല. 1991 വരെ അദ്ദേഹം വത്തിക്കാനിൽ കഴിഞ്ഞു. വത്തിക്കാനു പുറത്ത് അദ്ദേഹം അതുവരെ കാലുകുത്തിയിട്ടില്ല.

പുരോഹിതരെയും ക്ലേർജികളെയും സിവിൽ അധികാരികളിൽനിന്നു സഭ രക്ഷിക്കുന്നു. ഇതുതന്നെ നാം നമ്മുടെ കേരളത്തിലും അറിഞ്ഞുകൊണ്ടും അനുഭവിച്ചുകൊണ്ടും ഇരിക്കുന്നതാണ്. പ്രാഥമികനീതിപോലും എതിർകക്ഷിക്ക് ലഭിക്കാറില്ല. കത്തോലിക്കാ മനഃസാക്ഷിയുടെ മുമ്പിൽ എന്നും ഇത്തരം പ്രവൃത്തികൾ ചോദ്യചിഹ്നമായി നില്ക്കും. മധ്യകാലയുഗങ്ങളിൽ സഭയുടെ ഇത്തരം നടപടി ക്രമം 'ക്ലേർജിയുടെ നന്മയ്ക്ക്' (Benefit of Clergy) എന്നാണ് അറിയപ്പെട്ടിരുന്നത്. സഭയുടെ ഇത്തരം നിലപാട് അനീതിയാണ്. മാർസിങ്കസിനെ അദ്ദേഹം ചെയ്ത കുറ്റത്തിന് സഭ ശിക്ഷിച്ചതായി കേട്ടിട്ടില്ല.

വത്തിക്കാൻ ഇന്ന് ക്രിമിനൽസിന്റെ അഭയസ്ഥാനമായി മാറിയിരിക്കുകയാണ്. ബോസ്റ്റൻ അതിരൂപതാ മെത്രാപ്പോലീത്തയായിരുന്ന കാർഡിനൽ ബർനാർഡ് ലോയും (Bernard Law) നമ്മുടെ തട്ടുങ്കൽ മെത്രാനും വത്തിക്കാനിലാണല്ലോ ഇപ്പോൾ പാർക്കുന്നത്!

അമേരിക്ക മർസിങ്കസിനെ ഇറ്റലിയ്ക്ക് വിട്ടുകൊടുക്കുകയില്ല എന്ന് ഉറപ്പുവരുത്തിയശേഷം മർസിങ്കസ് റിട്ടയർ ചെയ്ത് അമേരിക്കയിലെ അരിസോണ സ്റ്റേറ്റിലെ (Arizona State) സൺ സിറ്റിയിലേക്ക് (Sun City) 1991-ൽ താമസംമാറ്റി. ഗോൾഫും കളിച്ച് സിഗാറും വലിച്ച് അദ്ദേഹം ജീവിച്ചു. 2008-ൽ അദ്ദേഹം ഈ ലോകത്തോടു വിടപറഞ്ഞു.

ബാങ്ക് വഞ്ചനയ്ക്കും കൊലപാതകത്തിനും വിധിച്ച് സിൻഡോന അമേരിക്കയിലെ ന്യൂയോർക്കിലുള്ള ഫെഡറൽ ജയിലിൽ കിടക്കേണ്ടിവന്നു. 1980-ൽ ആരോ അയാൾക്ക് ജയിലിൽ വച്ച് വിഷം കൊടുത്ത് കൊന്നു. ജെല്ലി കേസിൽ കുടുങ്ങി ടസ്ക്കനിയിൽ (Tuscany) വീട്ടുതടങ്കലിൽ കഴിഞ്ഞു.

സഭയുടെ അത്യുന്നത അധികാരംവരെ കുറ്റകൃത്യങ്ങളിൽ ഇടപെട്ടു. അഭിമാനമില്ലിവിടെ; നഗ്നമായ അപകീർത്തിയും മാനക്കേടും മാത്രം മിച്ചം.

അംബ്രോസിയാനൊ ബാങ്കുമായുള്ള സഭയുടെ അവിഹിതബന്ധത്തിന്റെ ഫലമായി കൊലപാതകങ്ങൾ, കൊലചെയ്യാൻ ശ്രമം, ആത്മഹത്യ, നിഗൂഢമരണം, ജയിൽവാസം എല്ലാം നടന്നു. സഭയുടെ അംബ്രോസിയാനൊ കച്ചവടത്തിന്റെ വിചിത്രരൂപങ്ങളാണിവ.

സാധാരണ കത്തോലിക്കന് വത്തിക്കാന്റെ ഇത്തരം അത്ഭുതകൃത്യങ്ങളെപ്പറ്റി അറിയില്ല. അവർ പള്ളിയിൽ പോകുന്നു; നേർച്ച ഇടുന്നു; സഭയ്ക്കുവേണ്ടി സന്നദ്ധസേവനം ചെയ്യുന്നു. അവരുടെ നേതാക്കൾ പള്ളിയുടെ ദൗത്യത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നവർ അന്ധമായി വിശ്വസിക്കുന്നു. സഭാനേതാക്കൾ സാമ്പത്തിക അപകീർത്തി സഭയ്ക്കു വരുത്തിവയ്ക്കുന്നതും ഗുരുതരമായ അധാർമിക പ്രവൃത്തികൾ ചെയ്യുന്നതും കാണുന്ന ദൈവജനത്തിനു സഭയോടുള്ള വിശ്വാസം നഷ്ടപ്പെടുത്തുമെന്നുള്ളതിന് സംശയമില്ല. സഭ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുമ്പോൾ അല്മായരെയും ഉൾപ്പെടുത്തണമെന്ന് അവർ ശഠിക്കുന്നതിന്റെ കാരണവും മറ്റൊന്നുമല്ല. പോപ്പും മെത്രാന്മാരും അല്മായരുമായി ആലോചിക്കാനും അധികാരം പങ്കുവയ്ക്കാനും തയ്യാറാകണം. ക്രിസ്തുവിന്റെ സഭ ജനാധിപത്യമല്ലെന്നവർ വാദിക്കുന്നു. പക്ഷേ, ക്രിസ്തുവിന്റെ സഭ ഒരു കൂട്ടായ്മയല്ലേ? ആ കൂട്ടായ്മയെ എല്ലാവിധത്തിലും അനുകൂലിക്കുകയും അത്താണിയായി നില്ക്കുകയും ചെയ്യുന്ന അല്മായർക്ക് ചില അധികാരങ്ങൾ വേണമെന്ന് അവർ ആവശ്യപ്പെടുന്നത് യുക്തിരഹിതമോ?

**അടുത്ത ആഗോളസഭാ കൗൺസിലിനുള്ള സമയമായി.**

ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്താൻ ആഗ്രഹിക്കുന്നവർക്ക് താഴെ കൊടുക്കുന്ന റെഫറൻസ് സഹായകമാകും:

1. R. John Kinkel, Chaos in the Catholic Church: A Call for Reform, Xlibris, 2005
2. Paul Williams, The Vatican Exposed, Prometheus Books, 2003
3. Richard Hammer, Vatican Connection, Charter Books, 1982
4. John Allen, Lessons from a 33-day Pontificate, National Catholic Reporter, September 5, 2003, p. 5
5. Richard Owen, 'Mafia' Four Face Murder Charges, London Times, July 24, 2003
6. David Yallop, In God's Name: An Investigation into the Murder of John Paul I, Bantam Books, 1994
7. Malachi Martin, Rich Church, Poor Church, G.P. Pulman's Sons, 1984
8. Jonathan Kwitny, Man of the Century, Henry Holt and Company, 1997
9. Richard Behar, Washing Money in the Holy See, Fortune, August 16, 1999, p. 134

# 8

# ആഗോളസഭാ മഹായോഗം

**"എമ്മാനുവേൽ" (ദൈവം നമ്മോടുകൂടെ).**

(യെശ. 7: 14; 8: 8; മത്താ. 1: 23)

**ക**ത്തോലിക്കാസഭയുടെ ചരിത്രം പരിശോധിച്ചാൽ സഭാകൗൺസിലുകൾ കൂടെക്കൂടെ നടന്നിട്ടില്ലായെന്ന് ഉടൻ വ്യക്തമാകും. ത്രെന്തോസ് കൗൺസിലും ഒന്നാം വത്തിക്കാൻ കൗൺസിലും തമ്മിലുണ്ടായ നീണ്ട കാലയകലം നമ്മെ പിടിച്ചുണർത്തുന്നതാണ്. ഒന്നാം വത്തിക്കാൻ കൗൺസിലും രണ്ടാം വത്തിക്കാൻ കൗൺസിലും തമ്മിൽ 100 വർഷത്തെ അകലമുണ്ട്.

അവിഞ്ഞോൺ (Avignon) പേപ്പസിക്കു ശേഷം സഭയിൽ വലിയ മതഭിന്നത (Schism) ഉണ്ടായപ്പോൾ അതിന് വിരാമമിട്ടത് 1414 നവംബർ മുതൽ 1418 ഏപ്രിൽ വരെ നടന്ന കോൺസ്റ്റൻസ് കൗൺസിലാണ്. ഈ കൗൺസിലിൽവച്ച് വിവേകപൂർണവും സുപ്രധാനവുമായ ഒരു തീരുമാനമുണ്ടായി. അതാണ് കൗൺസിൽ നിശ്ചിത കാലയളവിൽ കൂടിക്കൊണ്ടിരിക്കണം എന്നുള്ള ഡിക്രി (Decree of Frequency, October 1417). യാത്രാക്ലേശം പകർച്ചവ്യാധി മുതലായവ വ്യാപകമായിരുന്ന അന്നത്തെ ചുറ്റുപാടിൽ ഇടയ്ക്കിടെയുള്ള കൗൺസിൽകൂടൽ കുറെയൊക്കെ അപ്രായോഗികമായിരുന്നു. പക്ഷേ, അത് ഇന്ന് പുനഃസ്ഥാപിക്കേണ്ടതാണ്. ഓരോ മാർപ്പാപ്പായുടെയും ഇംഗിതത്തിനനുസരിച്ച് താലോലിക്കേണ്ട ഒരാശയമല്ല ഇത്. കാരണം ഇതൊരു പുതിയ ആശയമല്ല; പിന്നെയോ സഭയുടെ പഴയ പാരമ്പര്യത്തിന്റെ പുതുക്കലാണ്. റോമൻ കാര്യാലയങ്ങൾ വേണ്ട വിധത്തിലാണോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നു വിലയിരുത്താൻ ഈ നീക്കം സഹായകമാകും.

സഭയിൽ രൂക്ഷമായ പ്രശ്നങ്ങൾ ഒന്നുമില്ലായിരുന്നെങ്കിലും സഭയെ നവീകരിക്കുക അനിവാര്യമാണെന്ന് ജോൺ 23-ാമൻ മാർപ്പാപ്പാ മനസ്സിലാക്കി. രണ്ടാം വത്തിക്കാൻ കൗൺസിൽ അവസാനിച്ച് 45 വർഷങ്ങളെ ആയിട്ടുള്ളു. എങ്കിലും സഭയുടെ ഇന്നത്തെ സ്ഥിതിവിശേഷം നിരീക്ഷിക്കുമ്പോൾ അടുത്ത ആഗോളസഭാ മഹായോഗം (കൗൺസിൽ) നടത്താൻ സമയമായി എന്ന അഭിപ്രായമാണെനിക്കുള്ളത്.

ഈ മഹായോഗം കൂടുന്നതിനുള്ള മുഖ്യകാരണങ്ങളുടെ പട്ടിക ദൈർഘ്യമുള്ളതെങ്കിലും 10 സുപ്രധാന കാര്യങ്ങൾ ഇവിടെ എടുത്തു പറയട്ടെ.

## 1. പൗരോഹിത്യത്തിന്റെ ആപൽസന്ധി

കത്തോലിക്കാ പൗരോഹിത്യത്തിലെ പ്രതിസന്ധിഘട്ടം ആറാം അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. സഭാചരിത്രത്തിൽ ബ്രഹ്മചര്യത്തിന് അതിന്റേതായ സ്ഥാനം ഉണ്ടായിരുന്നു. ചിലർക്ക് ആ ജീവിതാന്തസ്സ് ഉചിതമാകാം. എന്നാൽ ബ്രഹ്മചര്യത്തിലേക്കും പൗരോഹിത്യത്തിലേക്കുമുള്ള രണ്ടു വിളികളും ഒന്നല്ല. ശുശ്രൂഷാപൗരോഹിത്യത്തിന് ബ്രഹ്മചര്യപ്രതിജ്ഞ എടുക്കുക ആദിമസഭ മുതൽ ഇന്നുവരെ അത്യാവശ്യ ഘടകമല്ല. ഒരു പുരോഹിതൻ ബ്രഹ്മചാരി ആയിരിക്കണമെന്ന് യേശു കല്പിച്ചിട്ടില്ല. സഭയുടെ ശിക്ഷണ സംബന്ധമായ ഒരു നിയമം മാത്രമാണത്. അത് വൈദികനാകുന്ന വ്യക്തിയുടെ തീരുമാനത്തിന് വിട്ടുകൊടുക്കണം. തന്നെയുമല്ല, ആദിമസഭ മുതൽ ഇന്നു വരെ വിവാഹിതരായ പുരോഹിതർ സഭാശുശ്രൂഷ ചെയ്യുന്നുമുണ്ട്. ഇപ്പോൾ നിലവിലുള്ള വൈദികർ വൈദികവൃത്തി ഉപേക്ഷിച്ചു പോകുന്നതും കൂടുതൽ വൈദികാർഥികളെ ലഭിക്കാതിരിക്കുന്നതും വൈദികർ ലൈംഗിക അതിക്രമങ്ങൾ ചെയ്യാൻ ഇടയാകുന്നതും ഒരു പരിധിവരെ വൈദികവൃത്തിക്ക് ബ്രഹ്മചര്യപ്രതിജ്ഞ എടുക്കണം എന്നുള്ള സഭയുടെ മർക്കടമുഷ്ടി മൂലമാണ്.

## 2. സ്ത്രീകളുടെ സഭയിലെ ധർമം

സ്ത്രീപൗരോഹിത്യത്തെ സംബന്ധിച്ച് 'ലൈംഗികതയും പൗരോഹിത്യവും' എന്ന എന്റെ മുൻഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ അതെല്ലാം ആവർത്തിക്കുന്നില്ല. പൂർവ നൂറ്റാണ്ടുകളിൽ സ്ത്രീകളോട് സഭ ചെയ്ത ഏറ്റവും വലിയ പാപം സ്ത്രീപീഡനവും സ്ത്രീകളെ സഭാശുശ്രൂഷയിൽനിന്ന് അകറ്റി നിർത്തിയതുമാണ്. സ്ത്രീകൾക്ക് സഭയിൽ ലിംഗനീതി (gender justice) ലഭിച്ചിട്ടില്ല. പുനരുത്ഥാന സദ്വാർത്ത ലോകത്തെ അറിയിക്കാൻ ക്രിസ്തുവിന് ഏതു വ്യക്തിയെ വേണമെങ്കിലും തിരഞ്ഞെടുക്കാമായിരുന്നു. ഒരു സ്ത്രീയെ അതിനായി തിരഞ്ഞെടുത്തു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

പൗലോസിന്റെ മേൽനോട്ടത്തിൽ ഉണ്ടായിരുന്ന സഭകളിൽ സ്ത്രീകൾക്ക് പ്രധാന സ്ഥാനം ഉണ്ടായിരുന്നു. പട്ടം കിട്ടിയ സ്ത്രീകളും ആദിമസഭയിൽ ഉണ്ടായിരുന്നു. കാലാകാലങ്ങളിൽ സഭയിൽ നഷ്ടപ്പെട്ടുപോയ സ്ത്രീകളുടെ അന്തസ്സുയർത്താൻ അടുത്ത ആഗോളസഭാ മഹായോഗം കടപ്പെടുന്നുണ്ട്. അതല്ലായെങ്കിൽ 'അവിവാഹിത പുരുഷസംഘ'ത്തെ വത്തിക്കാൻ വീണ്ടും അരക്കിട്ടുറപ്പിക്കുകയായിരിക്കും ചെയ്യുക.

## 3. വിവാഹമോചനം (Annulment)

ധാരാളം ഭാര്യാ ഭർത്താക്കന്മാർ സിവിൽ കോടതിയിൽനിന്ന് വിവാഹമോചനം നേടിയതിനു ശേഷം സഭാകോടതിയിൽ നിന്നും വിവാഹമോചനത്തിന് പരിശ്രമിക്കാറുണ്ട്. പള്ളിയിൽവച്ച് വീണ്ടും വിവാഹം ചെയ്യണമെങ്കിൽ സഭാകോടതിവഴിയും വിവാഹം റദ്ദു ചെയ്തിരിക്കണം എന്നുള്ള സഭാചട്ടമാണിതിനു കാരണം. ഇന്ന് പാശ്ചാത്യ രാജ്യങ്ങളിലാണ് അധികം വിവാഹമോചനവും നടക്കുന്നത്. കത്തോലിക്കാ ദമ്പതികളുടെ ഇടയിൽപ്പോലും 50-60 ശതമാനം വരെ വിവാഹമോചനം നടക്കുന്നതായാണ് സ്ഥിതിവിവരക്കണക്കുകളിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നത്. നമ്മുടെ നാട്ടിലും വിവാഹമോചനം അനുദിനം വർധിച്ചുകൊണ്ടാണിരിക്കുന്നത്. സഭാകോടതിവഴി വിവാഹം റദ്ദാക്കുക വളരെ ബുദ്ധിമുട്ട് പിടിച്ചതും കാലതാമസമെടുക്കുന്നതും ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം വേദനാജനകവുമാണ്. പാശ്ചാത്യ നാടുകളിൽ ഇതിനുള്ള നടപടിക്രമം കുറെയൊക്കെ ലളിതമാക്കിയിട്ടുണ്ട്. സീറോ മലബാർ സഭയിൽ വിവാഹമോചനം ലഭിക്കുക വളരെ പ്രയാസമുള്ള കാര്യമാണ്. വ്യക്തികളുടെ ബുദ്ധിമുട്ടുകളും സങ്കടങ്ങളും മനസ്സിലാക്കാനുള്ള മനസ്സ് നമ്മുടെ സഭാധികാരികൾ ക്കില്ലല്ലോ. സ്ത്രീ-പുരുഷബന്ധം (വിവാഹം) കാനോൻ നിയമത്തിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. 'മരിച്ച വിവാഹ'ത്തിൽ ഭാര്യയും ഭർത്താവും ഒരുമിച്ചു ജീവിക്കേണ്ട ഗതികേടാണിന്നുള്ളത്! അടുത്ത ആഗോള സഭാ കൗൺസിൽ വിവാഹം റദ്ദാക്കുന്ന നടപടിക്രമം വളരെ ലളിതമാക്കണം. പള്ളിയിൽവച്ച് വീണ്ടും വിവാഹം ചെയ്യണമെങ്കിൽ സഭാകോടതിയിൽ നിന്നുള്ള വിവാഹം റദ്ദാക്കൽ വേണ്ടെന്നുവയ്ക്കുന്നത് കൂടുതൽ ഉചിതമായിരിക്കും. എല്ലാവരെയും സഭയിലേക്ക് സ്വാഗതം ചെയ്യുവാൻ സഭ കടപ്പെട്ടവളാണ്.

## 4. കുമ്പസാരം

വൈദികനോട് പാപം ഏറ്റുപറഞ്ഞ് കുമ്പസാരിക്കുന്ന പാരമ്പര്യം നസ്രാണിസഭയിൽ ഇല്ലായിരുന്നു. ചെയ്ത പാപങ്ങളെപ്പറ്റി പശ്ചാത്താപിച്ചു പ്രായശ്ചിത്തം ചെയ്യുന്ന സമ്പ്രദായമായിരുന്നു ഉദയമ്പേരൂർ സൂനഹദോസിനു മുമ്പ് നസ്രാണിസമുദായത്തിൽ ഉണ്ടായിരുന്നത്. പിഴമൂളുക എന്ന പേരിലാണ് അത് അറിയപ്പെട്ടിരുന്നത്. പാശ്ചാത്യ

രീതിയിലുള്ള കുമ്പസാരം ഉദയമ്പേരൂർ സൂനഹദോസിൽ കൂടിയാണ് നസ്രാണിസഭയിൽ കടന്നുകൂടിയത്. നമ്മുടെ ലളിതമായിരുന്ന പിഴമൂള ലിനെ നൈയാമികവും യാന്ത്രികവും കർശനവുമായ അനുഷ്ഠാനമാക്കി മാറ്റി ഉദയമ്പേരൂർ സൂനഹദോസ്.[1]

പാശ്ചാത്യസഭയിൽ കുമ്പസാരം ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടി രിക്കുകയാണ്. ആഴ്ചയിൽ അരമണിക്കൂർ വൈദികൻ കുമ്പസാരക്കൂട്ടിൽ ഇരുന്നാൽ വാർധക്യത്തിലെത്തിയ നാലോ അഞ്ചോ പേർ കുമ്പസാരി ക്കാൻ എത്തിയാലായി! 2007-ൽ അമേരിക്കയിലെ വാഷിംഗ്ടൺ അതിരൂ പത കുമ്പസാര ബോധവൽക്കരണം പരസ്യപ്പെടുത്തുകയുണ്ടായി. ബസ്സ്, സബ് വേ ട്രെയിൻ, ഹൈവേയിലെ ബിൽബോർഡ്സ്, ലഘുലേഘ കൾ തുടങ്ങിയവകളാണ് പരസ്യപ്പെടുത്തലിന് ഉപയോഗിച്ച മാർഗങ്ങൾ. വളരെ അധികം ഡോളർ അതിനായി അതിരൂപത ചെലവഴിച്ചു. വിശ്വാസി കൾക്ക് കുമ്പസാരത്തിൽ വിശ്വാസമില്ലാതായി. തന്റെ തെറ്റുകൾക്ക് ദൈവ ത്തോട് മാപ്പു ചോദിക്കുന്നതിന് ഒരു ഇടനിലക്കാരന്റെ ആവശ്യമില്ലെന്നും ആ ഇടനിലക്കാരന് പാപം മോചിക്കാനുള്ള അധികാരം ക്രിസ്തു നല്കിയിട്ടില്ലെന്നുമാണ് ഇന്നത്തെ ചെറുപ്പക്കാരുടെ പൊതുഅഭിപ്രായം.

നിലവിലുള്ള കുമ്പസാരരീതി നിർത്തൽ ചെയ്യണം. വിശ്വാസികൾ ദൈവത്തോട് പാപം ഏറ്റുപറഞ്ഞും തെറ്റുചെയ്തവരോട് ക്ഷമയാചിച്ചും മനസ്സു ശുദ്ധമാക്കാൻവേണ്ടി സഭ പൊതുപാപമോചനശുശ്രൂഷ നടത്തണം. കുമ്പസാരം എന്ന കൂദാശ കാലോചിതമായ പരിവർത്തന ത്തിന് വിധേയമാക്കേണ്ടതാണ്. അടുത്ത ആഗോള സഭാ കൗൺസിലിൽ വച്ച് കുമ്പസാരമെന്ന കൂദാശയ്ക്കു പുനർനിർവചനം നല്കുമെന്നു പ്രതീക്ഷിക്കാം.

## 5. ലൈംഗിക സദാചാരം

20-ാം നൂറ്റാണ്ടിൽ ലോകമെമ്പാടും പ്രത്യേകിച്ച് പാശ്ചാത്യരാജ്യ ങ്ങളിൽ ഒരു ലൈംഗികവിപ്ലവം നടക്കുകയുണ്ടായി. സ്ത്രീവിമോചനവും ലൈംഗികവിപ്ലവവും ഒരേ കാലഘട്ടത്തിൽ മുന്നേറുകയായിരുന്നു. ലൈംഗികതയെയും ലൈംഗികസന്തോഷത്തെയും ലൈംഗിക സദാചാര ത്തെയുംപറ്റിയുള്ള മുൻകാലധാരണകളെ പുത്തൻ ലൈംഗിക പെരുമാറ്റ ങ്ങൾകൊണ്ട് ഈ കാലഘട്ടത്തിൽ മാറ്റി എഴുതി. ജറോം പുണ്യവാനെ പ്പോലുള്ളവരുടെ 'Marriage populates earth, Virginity populates heaven' എന്ന യുക്തിരഹിതമായ പഴഞ്ചൻ സന്മാർഗികത തള്ളപ്പെട്ടു. ഏതു സദാചാരനിയമങ്ങളാണ് മാനുഷിക സുഖാനുഭവങ്ങളെ പ്രോത്സാഹിപ്പി ക്കുന്നത് എന്ന അന്വേഷണത്തിലാണ് പുതിയ തലമുറ. സെക്സിനെ സംബന്ധിച്ചുള്ള അറിവില്ലായ്മ അപകടത്തെ വിളിച്ചുവരുത്തും. സൃഷ്ടികർത്താവും നമ്മുടെ ലൈംഗികജീവിതത്തിൽ തത്പരനാണ് എന്ന ബോധോദയം (enlightenment) പുത്തൻ ലൈംഗിക സദാചാരത്തെ

കണ്ടുപിടിക്കാൻ സഹായകമാകും. വ്യക്തിപരമായ ലൈംഗിക സന്തോഷം, ജനനേന്ദ്രിയങ്ങൾ വഴിയുള്ള ലൈംഗികത, സ്വയനിർവൃതി (self-fulfilment/masturbation), സദാചാരനിഷ്ഠ, വ്യഭിചാരം, വിവാഹ മോചനം, ലൈംഗികബന്ധങ്ങൾ, സ്വവർഗരതി (homosexuality), ജനനനിയന്ത്രണം, സാങ്കേതിക സഹായത്തോടെയുള്ള പുനരുത്പാദനം (technological procreation)[2], ക്ലോണിംഗ് (Cloning)[3] എല്ലാം ലൈംഗിക സദാചാരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ലൈംഗികസൃഷ്ടിയായ മനുഷ്യന്റെ ലൈംഗികത ഇന്ന് വ്യക്തിപരവും സ്വകാര്യവുമാണ്. അങ്ങനെ മനുഷ്യലൈംഗികത ശീഘ്രം മതേതരമായിക്കൊണ്ടിരിക്കുന്ന ഈ ഇലക്ട്രോണിക് യുഗത്തിൽ കാലോചിതമായ ലൈംഗിക സദാചാര പരിവർത്തനങ്ങൾക്കായി സഭ മുമ്പോട്ടുവരേണ്ട സമയമായി.

## 6. സ്വതന്ത്രസഭകൾ

കൊളോണിയൽ വാഴ്ചയുടെ കാലത്ത് പള്ളിയുടെ വ്യക്തിത്വം റോമൻ സഭയുടെ വ്യക്തിത്വമായിരുന്നു. ഇന്ന് അനേക രാജ്യങ്ങൾ കൊളോണിയൽ ഭരണത്തിൽനിന്നു വിമുക്തമായി. സ്വന്തം സംസ്കാരത്തെയും മൂല്യങ്ങളെയും വ്യക്തിത്വത്തെയും വളർത്തിക്കൊണ്ടുവരുവാൻ ആ രാജ്യങ്ങൾ അഹോരാത്രം പരിശ്രമിക്കുന്നു. ഇവിടെ മൗലികമായ ഒരു ചോദ്യം കൂടി ഉദിക്കുന്നു. സഭ എന്താണ്? ആരാണ് സഭയുടെ ഭാഗം? സ്വന്തം സംസ്കാരത്തിലും മൂല്യത്തിലും വ്യക്തിത്വത്തിലും അധിഷ്ഠിതമായ ഉൾക്കാഴ്ചനേടി വളരുന്ന മനുഷ്യകുടുംബത്തിന് അവരുടെ മൂല്യങ്ങൾക്കധിഷ്ഠിതമായ സഭയാണാവശ്യം. അപ്പോൾ സഭ മൗലികമായി തദ്ദേശമോ സാർവത്രികമോ എന്ന ചോദ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഉത്തരം സ്പഷ്ടം: കേന്ദ്രസ്ഥാനത്തോട് (Papacy) സംഘാതാത്മകതയുള്ള തദ്ദേശസഭ. വിവിധ സംസ്കാരങ്ങളും മൂല്യങ്ങളും വ്യക്തിത്വവുമുള്ള സഭകളെ കെട്ടിപ്പടുക്കാൻ സഹായകമാകണം. അടുത്ത ആഗോളസഭാ മഹായോഗത്തിൽ റോമൻ സംസ്കാരംമാത്രം കൈമുതലായിട്ടുള്ള ഇപ്പോഴത്തെ സഭയുടെയും കാനോൻ നിയമ സംഹിതയുടെയും മരണമണിയും ശവസംസ്കാരവും നടക്കണം.

## 7. സഭാഭരണം

കത്തോലിക്കാസഭയിലെ നിലവിലുള്ള ഹയരാർക്കിയൻ ഭരണസമ്പ്രദായത്തിൽനിന്ന് ജനായത്ത ഭരണസമ്പ്രദായത്തിലേക്ക് പൊളിച്ചുപണി നടക്കണം. അപ്പോൾ ആദ്യനൂറ്റാണ്ടിലെ സഭാഭരണസമ്പ്രദായം രണ്ടാം സഹസ്രാബ്ദിയിൽ വീണ്ടും ആരംഭിക്കുകയായിരിക്കും ചെയ്യുക. അതോടെ സംഘാതാത്മകതയ്ക്കും ഐകമത്യത്തിനും സഭയിൽ വീണ്ടും സ്ഥാനം ലഭിക്കും. ദൈവജനം ക്രിസ്തുവിൽ സ്നാപനം സ്വീകരിക്കുന്നതോടെ സമരായ ശിഷ്യരാണ്. അപ്പനും മക്കളും എന്ന

രീതിയിലുള്ള പദപ്രയോഗങ്ങൾ (Father, Holy Father, etc.) സഭാഭാഷ യിൽനിന്ന് നീക്കം ചെയ്യണം. ഇടവകപ്പള്ളി മുതൽ വത്തിക്കാൻ വരെയുള്ള പള്ളിഭരണം ജനായത്തരീതിയിൽ പുനരാരംഭിക്കണം. അനതിവിദൂരമായ ഭാവിയിൽ സഭാനേതാക്കൾക്ക് ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും സഭാഭാരണ സമ്പ്രദായം ജനകീയമായേ തീരു. മെത്രാന്മാർ ദൈവജനത്തെ ശ്രവിക്കണം. പള്ളിയുടെ ഭാവി കഷണ്ടിമൂത്ത ഓൾഡ് ബോയ്സ് ക്ലബ്ബിന് വിട്ടുകൊടുത്താൽ പ്രതീക്ഷയ്ക്ക് പിന്നെ കാര്യമില്ല. സഭ സ്നേഹത്തിന്റെ കൂട്ടായ്മ ആയിരിക്കണം. നിയമത്തിന്റെ ഘടനയാകാൻ പാടില്ല. രാജകീയഭരണം സഭയുടെ ഉത്തമസാക്ഷ്യമല്ല. അതുപോലെ അപ്രമാദിത്വം ന്യൂക്ലിയർ ബോംബു പോലെയാണ്. പന്തിയില്ലാത്ത കരങ്ങളിൽ അതു ചെന്നുപറ്റിയാൽ സഭയുടെ നിത്യനാശ ത്തിൽ കലാശിക്കും. രൂപതാധികാരികൾ വത്തിക്കാനെ എങ്ങനെ പ്രീതിപ്പെടുത്താം എന്ന ആകുലതയിലാണെപ്പോഴും. വത്തിക്കാന്റെ തീരുമാനങ്ങൾ അവരെ ഭരമേല്പിച്ചിരിക്കുന്ന 'കുഞ്ഞാടു'കളുടെ ഭാവിയ്ക്ക് നല്ലതാണോ എന്ന് അവർ ചിന്തിക്കാറില്ല. കാരണം ദൈവജന ത്തെ കണക്കുകൾ കേൾപ്പിക്കാനുള്ള കാര്യമവർക്കില്ലല്ലോ. സഭ ജനായത്തസ്വഭാവമുള്ളതാകുമ്പോൾ ഹയരാർക്കിയുടെ വക്രതകൾ വിലപ്പോകില്ല.

## 8. സാമ്പത്തിക സുതാര്യത

ലോകത്തിൽ ഏറ്റവുമധികം സമ്പത്ത് സമാഹരിച്ചിട്ടുള്ള മതസംഘടന യാണ് കത്തോലിക്കാസഭ. ലോകത്തിലെ ഏതു പട്ടണത്തിലും പള്ളിയും ആ പള്ളിയുടേതായ സ്വത്തും ഉണ്ട്. കാനോൻ നിയമത്തിന്റെ പിൻബല ത്താൽ, ഇടവകക്കാരുടെ അധ്വാനഫലമായി പള്ളിക്കുവേണ്ടി ആർജി ക്കുന്ന ഈ സ്വത്ത് ഭരിക്കുന്നത് റോമൻ മാർപ്പാപ്പായാൽ നിയമിത രാകുന്ന മെത്രാന്മാരാണ്. ആത്യന്തികമായി ഈ സ്വത്തുക്കൾ മുഴുവൻ റോമൻ മാർപ്പാപ്പാമാരുടെ അധികാരത്തിൻകീഴിൽ പെടുന്നു.

വിശ്വാസിസമൂഹത്തിന് യാതൊരു ഭാഗഭാഗിത്വവുമില്ലാതെ ഈ പള്ളിസ്വത്തുക്കൾ മെത്രാന്മാർ തന്നിഷ്ടംപോലെ ഭരിക്കുന്നു. കഴിഞ്ഞ പത്തു വർഷങ്ങളായി പാശ്ചാത്യസഭയെ ആകമാനം പിടിച്ചുലച്ച വൈദികലൈംഗിക അതിക്രമങ്ങൾ പുറത്തുവന്നപ്പോഴാണ് പള്ളി കോടിക്കണക്കിനു ഡോളർ പീഡിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരമായി നല്കിക്കൊണ്ടിരുന്ന വിവരം സാധാരണ വിശ്വാസികൾ അറിയുന്നത്. വൈദികലൈംഗിക പീഡനവും പീഡിതർക്ക് നഷ്ടപരിഹാരം നൽകി ക്കൊണ്ടിരുന്നതും സഭാധികാരികൾ വിശ്വാസികളിൽനിന്നു മറച്ചുവച്ചു. വിശ്വാസികളുടെ ഇടയിൽ വളരെ അധികം ഉതപ്പിന് അത് കാരണമായി. സാമ്പത്തികസുതാര്യത സഭയിൽ ഉണ്ടായിരുന്നെങ്കിൽ ഇപ്രകാരം സംഭവിക്കുകയില്ലായിരുന്നു. വൈദികലൈംഗിക പീഡന സംഭവങ്ങൾ

വർഷങ്ങൾക്കു മുമ്പുതന്നെ വെളിച്ചത്താകുമായിരുന്നു. നോട്ട്-ഫോർ-പ്രോഫിറ്റ് (Not-for-Profit) സംഘടനകളുടെയെല്ലാം കണക്കുകൾ ഗവൺമെന്റ് കൃത്യമായി പരിശോധിക്കേണ്ടതാണ്. അടുത്ത ആഗോള സഭാ മഹായോഗത്തിൽ സഭയുടെ സാമ്പത്തിക സുതാര്യത ഉറപ്പുവരുത്തുന്ന മാർഗരേഖകൾ ഉരുത്തിരിയേണ്ടതാണ്.

നമ്മുടെ നസ്രാണിസഭയിൽ പള്ളിസ്വത്തുക്കൾ പള്ളിക്കാരുടേതായിരുന്നു. കാലാകാലങ്ങളായി അതിന്റെ ഭരണം പള്ളിപ്രതിപുരുഷയോഗമായിരുന്നു നടത്തിക്കൊണ്ടിരുന്നത്. അത് മാർത്തോമ്മായുടെ മാർഗത്തിലധിഷ്ഠിതവും നസ്രാണിസഭയുടെ പൈതൃകവുമായിരുന്നു. എന്നാൽ 1991-ലെ പൗരസ്ത്യ സഭകൾക്കുള്ള കാനോൻ നിയമപ്രകാരം പള്ളിസ്വത്തുക്കൾ മുഴുവൻ പാശ്ചാത്യ റോമൻ സഭയുടെ മാതൃകയിൽ മെത്രാന്റെ അധീനതയിലായി. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമപരിഷ്കരണ കമ്മീഷൻ രൂപംകൊടുത്ത് ഗവൺമെന്റിനു സമർപ്പിച്ച The Kerala Christian Church Properties and Institutions Act എന്ന നിയമം എത്രയുംവേഗം നടപ്പാക്കാൻ ഓരോ ക്രിസ്ത്യാനിയും ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതാണ്.

## 9. തദ്ദേശ മെത്രാന്മാരെ തെരഞ്ഞെടുക്കുക

ആദിമസഭയിൽ ഓരോ പ്രദേശത്തെയും സഭാക്കൂട്ടായ്മയിലെ പ്രമുഖർ പ്രെസ്ബിറ്റർ (Presbyter) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പിന്നീട് മെത്രാന്മാരെ തദ്ദേശവാസികൾ തെരഞ്ഞെടുത്തു തുടങ്ങി. ഉദാഹരണത്തിന് മിലാനിലെ വിശുദ്ധ അംബ്രോസ് (St. Ambrose of Milan, 337-397), ഹിപ്പോയിലെ വിശുദ്ധ ആഗസ്തീനോസ് (St. Augustine of Hippo, 354-430). 313-ൽ ക്രൈസ്തവസഭ റോമാസാമ്രാജ്യ ത്തിന്റെ ഔദ്യോഗികമതമായി. അപ്പോൾ മെത്രാൻ, സാമ്രാജ്യത്തിലെ സിവിൽ അധികാരി കൂടിയായി. മതേതരമായ (secular) ആസ്ഥാന ത്തിന്റെ അടയാളമായി പാല്ലിയം (pallium), തൊപ്പി (hat), സിംഹാസനം (throne), മോതിരം (ring) തുടങ്ങിയവ ധരിച്ച് സാമ്രാജ്യത്തിന്റെ ശ്രേഷ്ഠവിഭാഗമായി മാറി. ക്രൈസ്തവ സഭാദ്ധ്യക്ഷസ്ഥാനം ഡയസിസ് (diocese) ആയി. ബിഷപ്പിന്റെ ആസ്ഥാനം സീ (See) ആയി. സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമിലെ മെത്രാൻ മെത്രാന്മാരുടെ ഇടയിലെ മുഖ്യനായി. സാമ്രാജ്യപ്രാമാണ്യംവഴി അപ്പോസ്തല പിൻതുടർച്ചാവകാശം സ്ഥാപിച്ചെടുത്തു.

5-ാം നൂറ്റാണ്ടിൽ പോപ്പ് സെലസ്റ്റീൻ ഒന്നാമനും (Pope Celestine I) ലെയോ ഒന്നാമനും (Leo I) ജനഹിതമറിയാതെ മെത്രാനെ നിയമിക്കുന്നതിനെതിരായിരുന്നു. ബൈസൻറൈൻ (Byzentine) ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിലെ (Constantinople) മെത്രാനെ നാമനിർദേശം ചെയ്തിരുന്നു. മറ്റു മെത്രാന്മാരെ ക്ലേർജികളും

ഉന്നതസ്ഥാനികളും കൂടി തെരഞ്ഞെടുത്തു. പാശ്ചാത്യ ലത്തീൻ സഭയിൽ രാജാക്കന്മാർ മെത്രാന്മാരെ നാമകരണം ചെയ്തു തുടങ്ങി. 12-ാം നൂറ്റാണ്ടോടെ മെത്രാന്മാർ വൻപിച്ച ജന്മികളും നാടുവാഴികളുമായി. എല്ലാ മെത്രാന്മാരെയും ഏകാധിപതികൾ (Monarchs) നിയമിച്ചു തുടങ്ങി. 1059-ൽ കർദ്ദിനാൾസംഘം സ്ഥാപിച്ചു. അതിന്റെ മുഖ്യ ഉദ്ദേശ്യം റോമിലെ മെത്രാനെ തെരഞ്ഞെടുക്കുകയായിരുന്നു.

11-ഉം 12-ഉം നൂറ്റാണ്ടുകളിൽ മെത്രാന്മാരെയും മഠാധിപതികളെയും (Abbots) നിയമിക്കുന്നതു സംബന്ധിച്ച് പോപ്പുമാരും ചക്രവർത്തിമാരും തമ്മിൽ കാതലായ അഭിപ്രായവ്യത്യാസങ്ങൾ (investiture conflict) ഉണ്ടായി. 1112-ലെ കൊൺക്രദാത്ത് ഓഫ് വോംസ് (Concordat of Worms) വഴി ആ അഭിപ്രായവ്യത്യാസം കുറെയൊക്കെ പരിഹരിക്കപ്പെട്ടു. പിന്നീട് കത്തീഡ്രൽ കാനൻസ് (Cathedral Canons) മെത്രാന്മാരെ തെരഞ്ഞെടുത്തു തുടങ്ങി. മെത്രാന്മാർ രൂപതയ്ക്ക് വിവാഹിതരായവർ/രൂപതയെ വിവാഹം ചെയ്തവർ (Bishop Wedded to the diocese) എന്ന ആശയം പ്രചരിപ്പിച്ചു തുടങ്ങി. അതിനെ ആധ്യാത്മിക വ്യഭിചാരം (Spiritual adultary) എന്ന് ചിലർ വിശേഷിപ്പിച്ചു. സ്പെയിൻ പോലുള്ള രാജ്യങ്ങളിലെ ഭരണാധികാരി മെത്രാന്മാരെ നാമനിർദേശം ചെയ്യുകയും മാർപ്പാപ്പാ ആ നാമനിർദേശത്തെ സ്ഥിരീകരിക്കുകയും ചെയ്യുക എന്നത് ഒരു സമ്പ്രദായമായി.

1485-ൽ ഇന്നസെന്റ് എട്ടാമൻ മാർപ്പാപ്പാ (Pope Innocent VIII) മെത്രാന്മാർ മാർപ്പാപ്പയോട് വിശ്വസ്തത (fidelity) പ്രതിജ്ഞ ചെയ്യണമെന്ന് കല്പിച്ചു. 16-ാം നൂറ്റാണ്ടിലെ ത്രെന്തോസ് സൂനഹദോസ് എല്ലാ കത്തോലിക്കരുടെയും മേൽ പോപ്പിനുള്ള അധികാരം പ്രഖ്യാപിച്ചു. രാജാക്കന്മാർ നാമനിർദേശം ചെയ്യുന്ന മെത്രാന്മാരെ പോപ്പ് സ്ഥിരീകരിക്കുക എന്നത് തുടർന്നു. കിഴക്കൻ പ്രദേശങ്ങളിൽ പോയി പിടിച്ചെടുക്കുന്ന രാജ്യങ്ങളിലെ മെത്രാന്മാരെ നിയമിക്കാൻ ആ രാജാവിന് അനുവാദം നല്കി. അങ്ങനെയാണ് പോർച്ചുഗീസ് രാജാവ് ഗോവയിൽ രൂപത സ്ഥാപിച്ചത്. ഒന്നാം വത്തിക്കാൻ കൗൺസിലിൽ വച്ച് (1870) ജനായത്തഭരണം പ്രചരിക്കാതിരിക്കാൻ പോപ്പിന്റെ അപ്രമാദിത്വവും ഒന്നാം സ്ഥാനവും സഭാസിദ്ധാന്തങ്ങളായി (Papal infallibility and primacy as doctrine) പ്രഖ്യാപിച്ചു. 1917-ലെ കാനോൻ നിയമം, സഭയുടെ അധികാരം കേന്ദ്രീകരിക്കാൻ വേണ്ടി, എല്ലാ മെത്രാന്മാരെയും നിയമിക്കുന്നതിനുള്ള അധികാരം മാർപ്പാപ്പായിൽ നിക്ഷിപ്തമാക്കി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ അത് വീണ്ടും സ്ഥിരീകരിക്കപ്പെട്ടു. 1983-ലെ കാനോൻ നിയമപ്രകാരം മെത്രാന്മാർക്ക് ഒരു മെത്രാനാകാനുള്ള സ്ഥാനാർഥിയെ നാമനിർദേശം ചെയ്യാമെങ്കിലും റോമൻ പാപ്പാ ആ നിർദേശപ്രകാരമുള്ള ആളെ മെത്രാനായി നിയമിക്കണമെന്ന് നിർബന്ധമില്ല. മാർപ്പാപ്പായ്ക്ക് ഇഷ്ടമുള്ള ആളെ മെത്രാനായി നിയമിക്കാം.

അദ്ദേഹം ഇക്കാര്യത്തിൽ സ്വതന്ത്രനാണ്.

അടുത്ത ആഗോളസഭാ മഹായോഗത്തിൽ ആദിമസഭയിലെ സമ്പ്രദായമനുസരിച്ച് സഭാകൂട്ടായ്മയ്ക്ക് മെത്രാന്മാരെ തെരഞ്ഞെടുക്കു വാനുള്ള അവകാശം പുനഃസ്ഥാപിക്കണം.

## 10. തദ്ദേശ സംസ്കാരം

സഭ തദ്ദേശസംസ്കാരത്തെ പ്രോത്സാഹിപ്പിക്കാനും സഭാജീവിതത്തിലേക്ക് ഉൾക്കൊള്ളാനും കടപ്പെട്ടവളാണ്. ആരാധനാക്രമം, ഭാഷ, നേതൃത്വം തുടങ്ങിയവ തദ്ദേശവാസികളുടെ സംസ്കാരത്തിൽനിന്ന് ഉൾക്കൊള്ളേണ്ടതാണ്. പൗലോസ് കുറേപ്പേരെ നേടേണ്ടതിന് എല്ലാവർക്കും എല്ലാമായി (1 കോറി. 9: 22–23). അതുപോലെ, അറെയോപഗസിന്നു മധ്യത്തിൽനിന്നുകൊണ്ട് പൗലോസ് 'അജ്ഞാതദേവനെ' ക്കുറിച്ചു പ്രസംഗിച്ചു (അപ്പോ. പ്രവ. 17: 22–31). പൗലോസിന്റെ ഈ മാതൃക റോമൻ പള്ളിയുടെ സംസ്കാര വിശേഷങ്ങൾ ലോകമെമ്പാടും അടിച്ചേല്പിക്കുക എന്നതല്ല. എല്ലാ സംസ്കാരത്തിലും ആ സംസ്കാരങ്ങളിലെ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് അനുതാപത്തിന്റെ ഭാഷ പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിലെ 'പ്രേഷിതപ്രവർത്തനം' എന്ന പ്രമാണരേഖയിൽ പ്രാദേശിക സഭകളുടെ വളർച്ചയ്ക്ക് സഭ സ്ഥലത്തെ സംസ്കാരങ്ങളുമായി അലിഞ്ഞുചേരണമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്.[4] അപ്പോൾ ദൈവശാസ്ത്രജ്ഞരുടെ ഗവേഷണങ്ങൾക്ക് തടയിടുന്നതും അവരെ നിശ്ശബ്ദരാക്കുന്നതും ക്രിയാത്മകമായ പ്രതിഷേധങ്ങളെ നിന്ദിക്കുന്നതും വിശ്വസ്തത സത്യപ്രതിജ്ഞ ചെയ്യാൻ നിർബന്ധിക്കുന്നതും, നിരുപാധികമായ അനുസരണം ആവശ്യപ്പെടുന്നതും അക്രൈസ്തവ മാണ്. അടുത്ത ആഗോളസഭാമഹായോഗത്തിൽ സഭ തദ്ദേശസംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് വളരാനുള്ള മാർഗരേഖകൾക്ക് രൂപം നല്കണം.

## മൂന്നാം വത്തിക്കാൻ കൗൺസിലിൽ ചർച്ചാവിഷയമാക്കേണ്ട പൊതുവായ ചില കാര്യങ്ങൾ:

1. ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലുമെല്ലാം ഉപരിപഠനങ്ങൾ നടത്താൻ ആവശ്യമായ സഹായങ്ങൾ സഭ അല്മായർക്കും ചെയ്തു കൊടുക്കണ്ടേ?

2. സ്ത്രീകളെ സഭാശുശ്രൂഷയിൽനിന്ന് അകറ്റി നിർത്തിയിരിക്കുന്ന കാര്യത്തിലും ജനനിയന്ത്രണ കാര്യത്തിലും വൈദികബ്രഹ്മചര്യ വിഷയത്തിലും സഭയ്ക്ക് തെറ്റുപറ്റിയിട്ടില്ലേ? സാധാരണക്കാർ ഈ വിഷയങ്ങളെപ്പറ്റിയുള്ള സഭാധികാരികളുടെ നിർദേശങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ് എന്നതല്ലേ വസ്തുത?

3. ഒരു മാർപ്പാപ്പയോ, മെത്രാനോ 15 വർഷത്തിൽ കൂടുതലോ 75–ാം

ജന്മദിനം കഴിഞ്ഞോ അവരുടെ ഉദ്യോഗത്തിൽ തുടരാൻ പാടില്ല. ഒരു ജനതയുടെ ഭാവിയും ഭാഗ്യവും ഒരു മാർപ്പാപ്പയെയോ ഒരു മെത്രാനെയോ ആശ്രയിച്ചാകുന്നത് ശരിയാണോ?

4. അടിമത്തത്തെ ബൈബിൾ ഉദ്ധരിച്ച് ന്യായീകരിച്ച ഒരു കാലമുണ്ടായിരുന്നു. അടിമകളുടെ മുതലാളിക്ക് അടിമകളായ സ്ത്രീകളെ ബലാത്സംഗം ചെയ്യുന്നതിന് അനുവാദമുണ്ടായിരുന്നു. ഈ അടിമത്ത മനഃസ്ഥിതിയിൽനിന്ന് ഉരുത്തിരിഞ്ഞതാണ് സ്ത്രീകളെ സഭയിൽ രണ്ടാംതരം പൗരത്വം മാത്രമുള്ളവരായി കാണാൻ സഭാധികാരികളെ പ്രേരിപ്പിച്ചത്. ഉദയമ്പേരൂർ സൂനഹദോസിൽ (1599) നസ്രാണികളുടെ സാമൂഹ്യപുരോഗമനത്തെ ഉദ്ദേശിച്ച് പല പരിഷ്കാരങ്ങളും വരുത്തിയെങ്കിലും അടിമപ്രവൃത്തി നിർത്തൽ ചെയ്യാനുള്ള ഒരു കാനോനയും കാണുന്നില്ല. അടിമകളായ ആണുങ്ങളെയും പെണ്ണുങ്ങളെയും (വെള്ളാട്ടികൾ) പിള്ളേരെയും കുമ്പസാരിപ്പിക്കാൻ മൂപ്പൻ പാതിരിയുടെ (പട്ടക്കാരൻ) അടുക്കൽ പറഞ്ഞുവിടാൻ വീട്ടുകാരണവരെ ചുമതലപ്പെടുത്തുന്നതായി ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ കാണാം.[5] പാപവും വിശുദ്ധിയും (sin and holiness) കലർന്നതാണ് സഭ. പ്രചോദനവും അപകീർത്തിയും (inspiration and scandal) കലർന്നതാണ് സഭ. ഇതിങ്ങനെതന്നെ തുടർന്നാൽ മതിയോ?

5. ദാരിദ്ര്യം, യുദ്ധം, അക്രമപ്രവർത്തനം, രോഗം, അവഗണന, വിഭവങ്ങളുടെ അന്യായമായ വിതരണം, ഈ ഗ്രഹത്തെ ഹൃദയശൂന്യമായി ചൂഷണം ചെയ്യൽ മുതലായ കാരണങ്ങളാൽ ഈ ലോകം നിമിഷം തോറും മരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ സഭയ്ക്ക് സൃഷ്ടിപരമായി ചിലതെല്ലാം ചെയ്യാൻ കഴിയില്ലേ?

6. നമ്മുടെ സീറോ മലബാർ മെത്രാന്മാർക്ക് റോമിനോടുള്ള വിധേയത്വം റോമാക്കാർക്കുള്ളതിലും കൂടുതലാണ്. ഇതെങ്ങനെ മാറ്റാൻ കഴിയും?

7. 6000 വർഷങ്ങൾക്കു മുമ്പ് സൃഷ്ടികർമ്മം നടന്നെന്നും ഭൂമി ഈ പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നുമുള്ളത് വെറും കെട്ടുകഥയാണ്. ഈ പ്രപഞ്ചം 12-15 ബില്യൻ വർഷം പ്രായമുള്ളതാണെന്നും ഭൂമി ആകാശഗംഗയിലെ വെറുമൊരു തരി മാത്രമാണെന്നും ശാസ്ത്രജ്ഞന്മാർ തെളിയിച്ചുകഴിഞ്ഞു. ശാസ്ത്രത്തെ അവഗണിച്ച് കെട്ടുകഥകളെ മുറുകെപ്പിടിക്കുന്നത് വിഡ്ഢിവേഷം കെട്ടുന്നതിന് തുല്യമാണെന്ന് സഭ മനസ്സിലാക്കണ്ടേ?

8. സഭ ആധുനികയുഗത്തിൽ മാധ്യമം, ഗവൺമെന്റ്, ബിസിനസ്, പണ്ഡിതസഭ തുടങ്ങിയ കാര്യങ്ങളിൽ പുത്തൻ ഉണർവുണ്ടാക്കി ശക്തമാക്കാൻ ശ്രമിക്കണം. ഈ കാര്യത്തിൽ സഭ യഹൂദരെ കണ്ടു പഠിക്കാൻ ശ്രമിക്കണ്ടേ?

9. പുതിയ ഒരു ക്രിസ്തീയസഭാശാസ്ത്രം (ecclesiology) പരിപോഷി

പ്പിച്ച് വളർത്താൻ സഭ തയ്യാറാകണ്ടേ?

10. പരിശുദ്ധ കുർബ്ബാനയുടെ ദൈവശാസ്ത്രത്തിന് പ്രാധാന്യം നല്കാതെ പട്ടത്തിന്റെ ദൈവശാസ്ത്രം മാത്രം പൊക്കിപ്പറയുന്ന സഭയുടെ ഭാഷ തിരുത്തപ്പെടണ്ടേ?

11. സ്ത്രീകളുടെയും കുടുംബങ്ങളുടെയും ഭാരിച്ച (കഠിന) പ്രയാസങ്ങളോട് അനുദിനം മല്ലടിക്കുന്നതിന് സഹായകമല്ല സഭയുടെ പഠനങ്ങൾ. സഭ ഈ വിഷയത്തിൽ പരാജയപ്പെട്ടു എന്ന നിഗമനത്തിൽ വിശ്വാസികൾ എത്തിക്കഴിഞ്ഞു. സഭയുടെ വിവാഹമോചന വ്യവഹാര രീതിയും ഘടനയും പുനശ്ചിന്തനവിധേയമാക്കണ്ടേ?

12. സഭാനിയമങ്ങൾ കാരണം 'മരിച്ച കല്യാണം' യാന്ത്രികമായി ജീവിച്ചുപോകുന്നു. തിരുവിവാഹം (Holy Matrimony) സഭാനിയമത്തിൽ തൂങ്ങിക്കിടക്കേണ്ട ഒന്നല്ല. വിവാഹം 'മരണംവരെ പിരിയാത്ത'തെങ്കിലും മനുഷ്യർ അപൂർണരും തെറ്റായ തീരുമാനങ്ങൾ എടുക്കുന്നവരും തെരഞ്ഞെടുപ്പിൽ തെറ്റുപറ്റുന്നവരുമാണെന്ന് സഭ തിരിച്ചറിയണം. അനുകമ്പയും സ്നേഹവും ഉപവിയുമല്ലേ ഇക്കാര്യത്തിൽ സഭയെ നയിക്കേണ്ടത്?

13. യൂറോപ്യൻ രീതിയിലുള്ള പ്രാർഥന, സഭാശിക്ഷണം, ഭരണം, ആരാധനക്രമം തുടങ്ങിയവ മാത്രമാണ് ശരി എന്ന ചിന്ത തിരുത്തപ്പെടണ്ടേ?

14. ക്ലേർജികൾ ബ്രഹ്മചര്യ (celibacy) പ്രതിജ്ഞ എടുക്കേണ്ടി വന്നത് ബ്രഹ്മചര്യം ദൈവദാനം ആയതുകൊണ്ടല്ല; മറിച്ച്, ക്ലേർജി കളുടെ മക്കളിലേക്ക് സ്വത്തുപോകാതെ അത് സഭയിൽ സമാഹരിക്കാൻ വേണ്ടിയായിരുന്നു. ബ്രഹ്മചാരികളായി കരുതപ്പെടുന്ന ചുവന്ന ളോഹ ഇട്ട വെള്ളക്കാരായ പാതിരിമാർ അന്നെടുത്ത, സഭയെ മുഴുവൻ വഷളാക്കിയ, തീരുമാനം വൈദികരെ വിവാഹം ചെയ്യാൻ അനുവദിച്ചുകൊണ്ട് മാത്രമേ നമുക്കിനിയും തിരുത്താനാവൂ. സഭ ഇന്നെങ്കിലും അതു തിരിച്ചറിയണ്ടേ?

15. സഭയുടെ മിഷൻ പ്രവർത്തനത്തിൽ സ്വന്തം അജണ്ട മാറ്റി ദൈവത്തിന്റെ അജണ്ട പുനഃസ്ഥാപിക്കണം. എങ്കിലേ മിഷൻ പ്രവർത്തനങ്ങൾ വിജയകരമാകൂ. എട്ടുംപൊട്ടും തിരിയാത്ത ചെറുപ്പക്കാരെ വൈദികവൃത്തിക്കെടുത്ത് സെമിനാരികളിൽ പഠിപ്പിച്ച് മിഷ്യൻ സ്ഥലത്തെ ഗ്രാമങ്ങളിലേക്ക് പറഞ്ഞുവിടുന്നത് അത്ര നല്ല കാര്യമാണോ?

16. പാശ്ചാത്യ രാജ്യങ്ങളുടെയും റോമൻ കത്തോലിക്കാസഭയുടെയും സാമ്പത്തിക അത്യാർത്തി ആഗോളസഭയെ തളർത്തിക്കൊണ്ടിരിക്കുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവനായി ജനിച്ച യേശുവിന്റെ സന്ദേശം പ്രചരിപ്പിക്കാൻ സമ്പത്തിൽ മുങ്ങിക്കിടക്കുന്ന സഭയ്ക്ക് എങ്ങനെ സാധിക്കും? പ്രസംഗിക്കുന്നതു പ്രവർത്തനങ്ങളിൽ കാണാതെ വരുമ്പോൾ ഒരു സാദാവിശ്വാസി ചിന്താക്കുഴപ്പത്തിൽപ്പെടുന്നു. സഭ

പാവങ്ങൾക്കു വേണ്ടിയുള്ള സഭയായിരിക്കണം. നീതിപൂർവകമായ വിഭവവിതരണത്തിന് സഭ എന്നും പോരാടണം. ലോകത്തിലെ മൂന്നിൽ രണ്ടു ഭാഗം ജനത ദാരിദ്ര്യവും വിശപ്പും അനുഭവിക്കുമ്പോൾ ജീവന്റെ അപ്പത്തിന് (Bread of Life) എന്തർഥമാണുള്ളത്?

## ഇതൊക്കെ നടപ്പിലാകാൻ നാമോരോരുത്തരും എന്താണു ചെയ്യേണ്ടത്?

യഥാർഥമായ ക്രൈസ്തവികത എന്താണെന്ന് സ്വയം മനസ്സിലാക്കി അതനുസരിച്ചു ജീവിക്കാൻ ശ്രമിക്കുക.

ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെ ഹനിക്കുന്നവനാകാതെ അനുകരിക്കുന്നവനാകണം. ക്രിസ്തു പത്തു പ്രമാണങ്ങളെ രണ്ടു പ്രമാണങ്ങളിൽ സംഗ്രഹിച്ചതിൽനിന്ന് നാം മനസ്സിലാക്കേണ്ടത് ക്രൈസ്തവനാകാൻ അവയനുസരിച്ചാൽ മാത്രം മതി എന്നുതന്നെയാണ്. ദൈവപരിപാലനയിൽ പൂർണമായി വിശ്വാസമർപ്പിക്കാനും ആ വിശ്വാസത്തിന്റെ പിൻബലത്തോടെ സഹജീവികളെ തന്നെപ്പോലെ സ്നേഹിക്കാനും കഴിയുന്നവർക്കു മാത്രമേ ക്രിസ്ത്യാനി എന്നു വിളിക്കപ്പെടാൻ യോഗ്യതയുള്ളൂ. ഈ ബോധ്യത്തോടെ അക്രൈസ്തവർക്ക് ഒരു മാതൃകയായി ജീവിക്കുക. ഇതാണ് എല്ലാ ക്രിസ്ത്യാനികളും ഏറ്റെടുക്കേണ്ട ഒന്നാമത്തെ സുവിശേഷപ്രവർത്തനം.

സമ്പത്തു കുന്നുകൂട്ടിവയ്ക്കുന്നത് ദൈവപരിപാലനയിലുള്ള വിശ്വാസമില്ലായ്മയാലാണ്. അയൽക്കാരുടെ ആവശ്യം കണ്ടറിഞ്ഞ് അവരെ സഹായിക്കാനുള്ള ബാധ്യത തനിക്കുണ്ടെന്നും അങ്ങനെ സഹായിക്കുമ്പോൾ അതിന്റെ ഫലമായി ആരും അലസരാകാൻ ഇടയാകരുതെന്നും മനസ്സിലാക്കി അതനുസരിച്ചു ജീവിക്കുക.

വ്യക്തിപരമായ ബലഹീനതയും തെറ്റിദ്ധാരണയും മൂലം ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കാൻ ക്രൈസ്തവർക്ക് കടമയുണ്ടെങ്കിലും അറിഞ്ഞുകൊണ്ട് അധികാരിവർഗം ചെയ്യുന്ന തെറ്റുകൾക്കെതിരേ പട പൊരുതേണ്ടതും ക്രൈസ്തവധർമമാണ്. കപടനാട്യക്കാരായ അധികാരികളോടുള്ള സ്നാപക യോഹന്നാന്റെയും യേശുവിന്റെ തന്നെയും സമീപനം മാതൃകയാക്കി ജീവിക്കുക.

കാനോൻനിയമം വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണെന്ന് സഭാചരിത്രകാരന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്. സഭാധികാരികൾക്ക് ഇക്കാര്യത്തിൽ ചില സ്ഥാപിത താത്പര്യങ്ങളു ണ്ടന്ന് നാം മനസ്സിലാക്കണം. പ്രധാനമായും അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണമാണത്. ഈ വസ്തുത സ്വയം മനസ്സിലാക്കുകയും കാനോൻനിയമത്തിലെ കാണാച്ചരടുകൾ മറ്റുള്ളവർക്കും കാണിച്ചുകൊടുക്കുകയും ചെയ്യുന്നത് യഥാർഥ സുവിശേഷ പ്രവർത്തനം തന്നെയാണ്.

സമൂഹത്തിലെ അനീതികൾക്കെതിരെയും വ്യക്തികളെയും

പരിസ്ഥിതിയെയും ചൂഷണം ചെയ്യുന്നതിനെതിരെയും ഉള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവുക. സത്യം നമ്മെ സ്വതന്ത്രരും നിർഭയരുമാക്കുമെന്നും ദൈവത്തിൽ വിശ്വസിക്കുന്നവൻ യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നും ഉള്ള വിശ്വാസത്തോടെ ഇന്നു മിക്ക ഇടവകകളിലും നിലവിലുള്ള പ്രാർഥനാകൂട്ടായ്മകളെ അടിസ്ഥാന സഭാസമൂഹങ്ങളായി വളർത്താൻ തന്നാലാവുന്നതു ചെയ്യുക. അടിസ്ഥാന സഭാസമൂഹങ്ങളുടെ ദൈവിക കൂട്ടായ്മകളിലൂടെ സഭാസംവിധാനത്തെ ജനകീയവുമാക്കുക. ഈ സഭാസംവിധാനത്തെ സജീവമാക്കാൻ എന്തെല്ലാം ചെയ്യാനാവും എന്ന് കേരളസഭയിൽ നടന്നുകൊണ്ടിരിക്കുന്ന സഭാനവീകരണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വ്യക്തമാക്കാനായി 'സഭാനവീകരണത്തിലേക്ക് ഒരു വഴി' എന്ന അടുത്ത പുസ്തകത്തിന്റെ രചനയിലേക്ക് ഞാൻ പ്രവേശിക്കുകയാണ്.

# സൂചിക
(REFERENCES)


### അധ്യായം ഒന്ന് : സ്ത്രീകൾ രണ്ടാംതരം പൗരരോ?

1. നീതിസാരം, വിദ്യാരംഭം പബ്ളിഷേഴ്സ്, ആലപ്പുഴ, 1983, p. 6
2. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, Indian Institute of Christian Studies, Hosana Mount, 1994, p. 233
3. John Paul II, Apostolic Letter Mulieris Dignitatem, Aug. 15, 1988
4. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, Oriental Institute of Religious Studies, Vadavathoor, Third Edition, August 15, 2009, p. 555

### അധ്യായം രണ്ട് : കത്തോലിക്കാസഭ

1. ക്രിസ്തീയ വേദോപദേശസംക്ഷേപം, St. Joseph's Press, Mannanam, 2003, p. 17
2. Catechism of the Catholic Church, URBI et ORBI Communications, Rome
3. സീറോമലബാർ സഭയുടെ പരിശുദ്ധ കുർബാന, കോതമംഗലം രൂപത, 1989, p. 63
4. പൗരസ്ത്യ സഭകളുടെ കനോനകൾ സഭാജീവിതത്തിൽ, Oriental Institute of Religious Studies, India, Vadavathoor, Third Edition, August 15, 2009, p. 198
5. Hans Kueng , The Catholic Church: A Short History, translated by John Bowden, Modern Library, 2001, p. 180
6. Decleration of Religous Freedom, Para. 15, Walter Abbott, S.J. (editor), The Documents of Vatican II, Herder and Herder, 1966
7. Avery Dulles, Models of the Church, Expanded Edition, Image Books, 1987, p. 53
8. Declaration of Religious Freedom, Ibid
9. Editorial, 'The Laity's Response', America, December 16, 2002, p. 3
10. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ളിക്കേഷൻസ്, 2004, p. 10

## അധ്യായം മൂന്ന് : അല്മായർ


1. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ളിക്കേഷൻസ്, ബാംഗ്ലൂർ, 9-ാം പതിപ്പ്, 2004, pp. 72-73
2. Catechism of the Catholic Church, URBI et ORBI Communications, Rome, pp. 237-241
3. Peter Phan, The Laity in the Early Church, The Catholic University of America, 1994, p. 3
4. English translation of Justin's Apology, See Early Christian Fathers, ed. Cyril Richardson, Macmillan, New York, 1970, pp. 242-289
5. Catechism of the Catholic Church, URBI et ORBI, No. 1120
6. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ളിക്കേഷൻസ്, 2004, തിരുസ്സഭ, No. 10
7. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, Indian Institute of Christian Studies, Hosana Mount, 1994, p. 108
8. പാലാക്കുന്നേൽ മത്തായി മറിയം കത്തനാർ, പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം, Palakunnel Mathai Mariam Death Centinary Commitee, 2000, p. 142
9. പാലാക്കുന്നേൽ മത്തായി മറിയം കത്തനാർ, Ibid, അവതാരിക
10. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, op.cit., p. 12
11. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, op.cit., p. 13
12. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, Oriental Institue of Religious Studies, Vadavathoor, ആഗസ്റ്റ് 15, 2009, മൂന്നാം പതിപ്പ്, p. 453-460
13. അസ്സീസി മാസിക, മെയ് 2008, p. 8
14. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, op.cit., p. 46
15. മാത്യു വെള്ളാനിക്കൽ, കത്തോലിക്കരും സഭാവിരുദ്ധ ഗ്രൂപ്പുകളും, p. 60
16. മാത്യു വെള്ളാനിക്കൽ, op.cit., p. 50
17. Mahatma Gandhi, Navajivan, 28 June 1925
18. Paul Lakeland, The Liberation of the Laity, Continuum, New York
19. അസ്സീസി മാസിക, മെയ് 2008, p. 15


## അധ്യായം നാല് : പേപ്പസി


1. John Cornwell, Hitler's Pope, 1999
2. Pope Pius XII, Decree against Communism and Fidel Castro, 1949
3. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, Oriental Institue of Religious Studies, Vadavathoor, ആഗസ്റ്റ് 15, 2009, മൂന്നാം പതിപ്പ്, p. 92
4. Pope John Paul II, Apostolic Constitution, Sacrae Disciplinae Leges, Jan 25, 1983
5. Varkey Vithayathil, Straight from the Heart, The Bombay Saint Paul Society, 2009
6. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ലിക്കേഷൻസ്, 2004, p. 200
7. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, Ibid, p. 203
8. Hans Kueng, Infallible? An Inquiry, Collins, 1971
9. Tissa Balasuria, Mary and Human Liberation, Trinity Press International, Harrisburg, 1997

10. National Catholic Reporter, Dissent is also a Catholic Tradition, Nov. 1, 2002
11. Hans Kueng, Christianity, Continuum, New York, 1996, p. 308
12. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, op.cit., p. 59
13. Justus George Lawler, Popes and Politics, Continuum, New York-London, 2002, p. 229
14. Peter Habblethwaite, The Next Pope, Harper, San Francisco, 2000, p. 71
15. R. J. Kinkel, Chaos in the Catholic Church : A Call for Reform, Xlibris, 2005, p. 113
16. Associated Press, June 30, 2004
17. Garry Wills, Why I am a Catholic, Mariner Books, New York, 2003, p. 290

## അധ്യായം ആറ് : പുരോഹിതപുറപ്പാട്

1. Official Catholic Directory, 2009
2. Garry Wills, review: Goodbye Father, in New York Times, Review of Books, Nov 24, 2002
3. Robert Blair Kaisar, Reflections of the Priesthood, 2008
4. The Tablet, August 1999

## അധ്യായം ഏഴ് : വത്തിക്കാനും അംബ്രോസിയാനോ ബാങ്കും

1. R. J. Kinkel, Chaos in the Catholic Church : A Call for Reform, Xlibris, 2005
2. Pope Clement XII, In Eminenti (Bull), April 28, 1738
3. The Code of Canon Law, Canon 2335, May 19, 1918
4. The Code of Canon Law, Canon 1374 (This replaced Canon 2335 of May 19, 1918 ), Nov. 27, 1983

## അധ്യായം എട്ട് : ആഗോളസഭാ മഹായോഗം

1. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, Indian Institute of Christian Studies, Hosana Mount, 1994, p. 14
2. Congregation of the Doctrine of Faith, Donum Vitae (Instruction on Respect for Human Life in its Origin and on the Dignity of Procreation, Replies to Certain Questions of the Day), January 16, 1980
3. Congregation of the Doctrine of Faith, Dignitas Personae, (Instruction on Certain Biological Questions), June 20, 2008
4. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ളിക്കേഷൻസ്, 2004, പ്രാദേശിക സഭകൾ, ഖണ്ഡിക 19
5. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, op.cit., p. 173